# VI ധനകാര്യം

## 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർഥന നമ്പർ XII - പോലീസ്

ധനാഭ്യർഥന നമ്പർ XIII - ജയിലുകൾ

ധനാഭ്യർഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും

ധനാഭ്യർഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും

ധനാഭ്യർഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെയും

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർഥന നമ്പർ | ധനാഭ്യർഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2025-2026 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XII | പോലീസ് | 5174,03,48,000 | 53,49,00,000 | 5227,52,48,000 |
| XIII | ജയിലുകൾ | 217,76,07,000 | -- | 217,76,07,000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും | 678,47,67,000 | 8,23,28,000 | 686,70,95,000 |
| XXIII | വാർത്താവിതരണവും പ്രചരണവും | 114,87,47,000 | 3,30,00,000 | 118,17,47,000 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 1989,58,00,000 | -- | 1989,58,00,000 |

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: അഞ്ച് ധനാഭ്യർഥനകളെയും സംബന്ധിച്ചുള്ള ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർഥന നമ്പർ XII - പോലീസ്**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:**

ശ്രീ. അനൂപ് ജേക്കബ് : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസുകാർക്കിടയിൽ വർധിച്ചുവരുന്നതായി പറയപ്പെടുന്ന ആത്മഹത്യാ പ്രവണത തടയേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങൾ തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ

നടത്തുന്ന സാമ്പത്തിക തട്ടിപ്പുകളും സൈബർ കുറ്റകൃത്യങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസുകാർക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരളത്തിൽ ക്രമസമാധാനം തകർന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന് </u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ് </u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങൾ തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ ഷംസുദ്ദീൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മയക്കുമരുന്നിന്റെയും മറ്റ് ലഹരിപദാർഥങ്ങളുടെയും വിപണനം തടയാൻ നടപടി

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസ് വകുപ്പിലെ വിവിധ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ ബാധ്യസ്ഥരായ ആഭ്യന്തരവകുപ്പും പോലീസും പരാജയമാണെന്നും നാട്ടിൽ കൊലപാതകങ്ങളും അക്രമങ്ങളും വർധിക്കുന്നതുമൂലം ജനങ്ങൾക്ക് മനസ്സമാധാനത്തോടെ ജീവിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗുണ്ടാസംഘങ്ങളും ലഹരി സംഘങ്ങളും വർധിച്ചുവരുന്നതായും അതിക്രൂരമായ കൊലപാതകങ്ങൾ ഉൾപ്പെടയുള്ള കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കണ്ണൂർ മുൻ എ.ഡി.എം.-ന്റെ

മരണത്തെക്കുറിച്ചുള്ള അന്വേഷണം അട്ടിമറിക്കാൻ ശ്രമം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസുകാർക്കിടയിൽ ആത്മഹത്യാ പ്രവണത വർധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങളിൽ പ്രതിയാകുന്നവർക്കും ശിക്ഷിക്കപ്പെടുന്നവർക്കും രാഷ്ട്രീയ പാർട്ടികൾതന്നെ സംരക്ഷണം നൽകുന്നതായും ഇതിലൂടെ നീതിന്യായ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന സ്ഥിതിവിഷയം സംജാതമായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോക്സോ കേസുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുന്നതായും നിയമപരിരക്ഷ നിലനിൽക്കുമ്പോഴും കുട്ടികൾ തുടർച്ചയായി ചൂഷണതിന് വിധേയരാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-യും ആർ.എസ് .എസ് . പ്രതിനിധികളും തമ്മിൽ കൂടിക്കാഴ്ച നടത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസ് സേനയുടെ അംഗബലം വർധിപ്പിക്കുകവഴി പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കാനും മാനസിക സംഘർഷം ലഘൂകരിക്കാനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുട്ടികളുടെ ആത്മഹത്യകൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ

മരണകാരണത്തെക്കുറിച്ച് പോലീസ് വസ്തുനിഷ്ഠമായ അന്വേഷണം നടത്തുകയും കണ്ടെത്തലുകൾ ക്രോഡീകരിച്ച് കുട്ടികളുടെ ആത്മഹത്യകൾ തടയുന്നതിനായി കാര്യക്ഷമമായ ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുകയും ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ്, കെ.എസ്.യു. പ്രവർത്തകരെ ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മർദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൂക്കോട് വെറ്ററിനറി കോളേജ് വിദ്യാർഥി സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ പ്രതികളുടെ താല്പര്യം

സംരക്ഷിക്കുന്ന സമീപനം സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൃശ്ശൂർപൂരം അലങ്കോലപ്പെട്ടതിന് പോലീസിന്റെ അനാവശ്യ ഇടപെടലുകൾ കാരണമായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (30-09-2024-ലെ 'ദി ഹിന്ദു' ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച മുഖ്യമന്ത്രിയുമായുള്ള അഭിമുഖത്തിൽ സ്വർണ്ണ കള്ളക്കടത്തുമായി മലപ്പുറം ജില്ലയെ ബന്ധപ്പെടുത്തിയുള്ള പരാമർശം ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന പോലീസ് സേനയിലെ അംഗങ്ങൾ ഗുണ്ട-ക്രിമിനൽ സംഘങ്ങളുമായി ബന്ധം പുലർത്തുന്നതായും തന്മൂലം ക്രമസമാധാന പരിപാലനത്തിൽ വിഴ്ചയുണ്ടാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ:**

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപയിൽ 5,22,752 രൂപ കുറവുചെയ്യേണ്ടതാണ് (സംസ്ഥാന പോലീസ് സേനയിലെ അംഗബലം വർധിപ്പിക്കുകവഴി പോലീസുകാരുടെ ജോലിഭാരം കുറയ്ക്കാനും മാനസിക സംഘർഷം ലഘൂകരിക്കാനും നിലവിലെ സി.പി.ഒ. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനും നടപടികൾ

സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ:**

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. പി. എ. മജീദ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. നജീബ് കാന്തപുരം
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. മഞ്ഞളാംകുഴി അലി

8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

9. ശ്രീ. പി. ഉബൈദുള്ള

10. ശ്രീമതി കെ. കെ. രമ

11. ശ്രീ. ടി. വി. ഇബ്രാഹിം

**ധനാഭ്യർഥന നമ്പർ XIII – ജയിലുകൾ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:**

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ കഴിയുന്ന കൊടുംകുറ്റവാളികൾക്ക് യഥേഷ്ടം ജാമ്യം അനുവദിക്കുന്നതിനുവേണ്ടി ശിപാർശ ചെയ്യുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് ലഹരി വസ്തുക്കൾ ലഭിക്കുന്ന സാഹചര്യം തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതക കേസുകളിൽ ശിക്ഷിക്കപ്പെട്ടവർക്കും പ്രതിചേർക്കപ്പെട്ടവർക്കും സംരക്ഷണവും നിയമ പരിരക്ഷയും ലഭിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ കഴിയുന്ന തടവുകാർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായും മാനദണ്ഡങ്ങൾ പാലിക്കാതെയും കോടതി വിധികൾ മാനിക്കാതെയും തടവുകാർക്ക് യഥേഷ്ടം പരോൾ

അനുവദിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിൽ വകുപ്പിൽ തനതുവരുമാനം വർധിപ്പിക്കുന്നതിനാവശ്യമായ നിർദേശങ്ങളും അധിക സാമ്പത്തിക ബാധ്യതയില്ലാതെ ചെയ്യാനാവുന്ന കാര്യങ്ങളും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിലെ വിവിധ ജോലികൾക്കുള്ള വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടി. പി. വധക്കേസിലെ പ്രതികൾക്ക് അനധികൃത പരോൾ അനുവദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുറ്റവാളികളിൽ മാനസിക പരിവർത്തനം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാർ ലഹരി ഉപയോഗിക്കുന്നത്

തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന പ്രതികൾക്ക് രാഷ്ട്രീയ താല്പര്യങ്ങളുടെ പേരിൽ പ്രത്യേക പരിഗണനയും തുടർച്ചയായി പരോളും ലഭിക്കുന്നത് പൊതുസമൂഹത്തിന് കുറ്റങ്ങൾ ചെയ്യുന്നതിനുള്ള പ്രേരണയും തെറ്റായ സന്ദേശവും നൽകുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെരിയ ഇരട്ടക്കൊലപാതക കേസിലെ പ്രതികൾക്ക് അനധികൃതമായി ജാമ്യം അനുവദിക്കാൻ ശ്രമം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടി. പി. വധക്കേസിലെ പ്രതികൾക്ക് അനധികൃതമായ ജാമ്യം അനുവദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (കാരണവർ വധക്കേസിലെ പ്രതി ഉൾപ്പെടെ ക്രിമിനൽ കേസുകളിലെ പ്രതികൾക്ക് ജയിലിൽ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതായും ശിക്ഷാ ഇളവ് അനുവദിക്കുവാൻ ശ്രമങ്ങൾ നടക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ക്രിമിനൽ കേസിലെ പ്രതികൾക്ക് ജയിലിൽ മൊബൈൽ ഫോൺ, ലഹരി വസ്തുക്കൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ജയിൽ ഉദ്യോഗസ്ഥർ നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകൾ കേന്ദ്രീകരിച്ച് ക്രിമിനലുകളുടെ നേതൃത്വത്തിൽ ലഹരിക്കടത്ത് സംഘങ്ങൾ പ്രവർത്തിക്കുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ:**

ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപയിൽ 21,77,607 രൂപ കുറവുചെയ്യേണ്ടതാണ് (കൂടുതൽ ജയിലുകളുടെയും കറക്ഷൻ ഹോമുകളുടെയും നിർമ്മാണത്തിനും നവീകരണത്തിനും തുക വകയിരുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ:**

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. ഷംസുദ്ദീൻ

2. ശ്രീ. കെ. പി. എ. മജീദ്

3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

4. ശ്രീ. യു. എ. ലത്തീഫ്

5. ശ്രീ. നജീബ് കാന്തപുരം

6. ശ്രീ. പി. അബ്ദുൽ ഹമീദ്

7. ശ്രീ. മഞ്ഞളാംകുഴി അലി

8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

9. ശ്രീമതി കെ. കെ. രമ

10. ശ്രീ. പി. ഉബൈദുള്ള

11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീ. റോജി എം. ജോൺ

13. ശ്രീ. അൻവർ സാദത്ത്

14. ശ്രീ. സജീവ് ജോസഫ്

15. ശ്രീ. ചാണ്ടി ഉമ്മൻ

16. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

17. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

18. ശ്രീ. ടി. ജെ. വിനോദ്

19. ശ്രീ. സണ്ണി ജോസഫ്

20. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

21. ശ്രീ. സി. ആർ. മഹേഷ്

**ധനാഭ്യർഥന നമ്പർ XIV – സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:**

ശ്രീ. മോൻസ് ജോസഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ അച്ചടിശാലകൾ ആധുനികവൽക്കരിക്കാത്തതായും സർക്കാർ ഡയറിപോലും സമയത്തിന് അച്ചടിച്ചുനൽകാൻ കഴിയാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളെ സാങ്കേതികമായി ശക്തീകരിക്കുന്നതിനുപകരം സ്വകാര്യ ഏജൻസികൾക്ക് കരാറുകൾ നൽകി അഴിമതിക്ക് കളമൊരുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരം, അളവ്, നിരക്ക് ഇവ ഉറപ്പാക്കുന്നതിനും അവയുടെ ദുർവിനിയോഗം തടയുന്നതിനും സംവിധാനമൊരുക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടും സ്റ്റേഷനറിയുടെ ഉപയോഗം കുറയ്ക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണത്തിന് സമയബന്ധിതമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി

കുറവുചെയ്യേണ്ടതാണ് (ഗുണനിലവാരമുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവിദ്യാലയങ്ങൾവഴി വിതരണം ചെയ്യുന്ന എല്ലാ പാഠപുസ്തകങ്ങളും സർക്കാർ പ്രസ്സുകൾ മുഖേന അച്ചടിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളും സർക്കാർ

പ്രസ്സുകളിൽനിന്ന് അച്ചടിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഉയർന്ന കെട്ടിടങ്ങളിൽ ഉണ്ടാകുന്ന അഗ്നിബാധ ശമിപ്പിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തീപിടുത്തങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിലും ഫയർ ഫോഴ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകൾ ആധുനികവൽക്കരിച്ച് സ്വയം പര്യാപ്തമാക്കാതിരിക്കുന്നതുമൂലം സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും അച്ചടി ജോലികൾക്കായി സ്വകാര്യ പ്രസ്സുകൾക്ക് പുറംകരാർ നൽകേണ്ടിവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളുടെ പ്രവർത്തനം

കടലാസുരഹിതമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഗ്നിശമനസേനയുടെ അംഗബലം വർധിപ്പിക്കുകയും കൂടുതൽ അഗ്നിശമനസേനാ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്ത് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ വകുപ്പുകളുടെ അച്ചടി ജോലികൾ സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഗസറ്റുകൾ കൃത്യമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണത്തിന് സമയബന്ധിതമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ:**

ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപയിൽ 6,86,709 രൂപ കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കടലാസുരഹിതമാക്കാനുള്ള നടപടികൾ പുരോഗമിക്കുമ്പോഴും കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ:**

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. ഷംസുദ്ദീൻ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. യു. എ. ലത്തീഫ്

4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

5. ശ്രീ. നജീബ് കാന്തപുരം

6. ശ്രീ. മോൻസ് ജോസഫ്

7. ശ്രീ. പി. അബ്ദുൽ ഹമീദ്

8. ശ്രീ. മഞ്ഞളാംകുഴി അലി

9. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

10. ശ്രീമതി കെ. കെ. രമ

11. ശ്രീ. പി. ഉബൈദുള്ള

12. ശ്രീ. ടി. വി. ഇബ്രാഹിം

13. ശ്രീ. എ. പി. അനിൽ കുമാർ

14. ശ്രീ. ടി. ജെ. വിനോദ്

15. ശ്രീ. പി. സി. വിഷ്ണുനാഥ്

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. സജീവ് ജോസഫ്

18. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

20. ഡോ. മാത്യു കുഴൽനാടൻ

21. ശ്രീ. സി. ആർ. മഹേഷ്

22. ശ്രീ. ചാണ്ടി ഉമ്മൻ

23. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

**ധനാഭ്യർഥന നമ്പർ XXIII – വാർത്താവിതരണവും പ്രചരണവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:**

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ പി.ആർ.ഡി. സംവിധാനങ്ങളുണ്ടായിട്ടും കോടികൾ മുടക്കി പി.ആർ. ഏജൻസികൾക്ക് കരാർ നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ നേട്ടങ്ങൾ പരസ്യപ്പെടുത്തുന്നതിന് സ്വകാര്യ പി.ആർ. ഏജൻസികളെ ആശ്രയിക്കുന്നതുമൂലം വൻ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും പരസ്യ പ്രചരണങ്ങൾക്കായി ഖജനാവിൽനിന്നും വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പത്രപ്രവർത്തക ക്ഷേമനിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്

(പത്രപ്രവർത്തകർക്കെതിരെ വർധിച്ചുവരുന്ന ആക്രമണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രസ്സ് ക്ലബ്ബുകൾക്കുള്ള ധനസഹായം വർധിപ്പിച്ചുനൽകാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പത്ര മാധ്യമങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നൽകുന്നതിൽ വിവേചനം കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പത്രപ്രവർത്തകർക്കുള്ള പെൻഷൻ തുക വർധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾ പ്രചരിപ്പിക്കാൻ പി.ആർ.ഡി. ഉണ്ടായിരിക്കെ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും പുറമേനിന്ന് പി.ആർ. ഏജൻസികളെ നിയമിക്കുന്നതായും തന്മൂലം വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ രേഖകളും റിപ്പോർട്ടുകളും നവമാധ്യമങ്ങൾ വഴി ദുരുപയോഗം ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിക്കിടയിലും സോഷ്യൽ മീഡിയ ടീമിന്റെ പ്രവർത്തനങ്ങൾക്കായി കോടികൾ ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്

(മാധ്യമപ്രവർത്തകരെ വേട്ടയാടുന്നതായും സെക്രട്ടറിയേറ്റിലുൾപ്പെടെ മാധ്യമപ്രവർത്തകർക്ക് പ്രവേശന നിയന്ത്രണം ഏർപ്പെടുത്തിയതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ നയപരിപാടികളും സമീപനങ്ങളും പ്രവർത്തനങ്ങളും ജനങ്ങളോട് വിശദീകരിക്കാൻ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഏത് സമയത്തും മാധ്യമ സമ്മേളനങ്ങൾ നടത്തുകയോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തുകയോ ചെയ്യാമെന്നിരിക്കെ 'നാം മുന്നോട്ട്' എന്ന പരിപാടിക്കുവേണ്ടി കോടികൾ ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന് നേതൃത്വം നൽകുന്ന പാർട്ടിയുടെ ആശയപ്രചരണങ്ങൾക്കായി പി.ആർ.ഡി.-യുടെ പ്ലാറ്റ്ഫോമുകളും ഖജനാവിലെ പണവും ദുരുപയോഗം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ:**

ശ്രീ. പി. ഉബൈദുള്ള: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപയിൽ 11,81,747 രൂപ കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകൾ ഡിജിറ്റൽ ആയി മാറിയശേഷവും രേഖകളുടെ ഹാർഡ് കോപ്പി സൂക്ഷിക്കാൻ ധാരാളം പേപ്പർ ഉപയോഗിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ:**

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000

രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. പി. എ. മജീദ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. കുറുക്കോളി മൊയ്തീൻ
6. ശ്രീ. നജീബ് കാന്തപുരം
7. ശ്രീ. പി. അബ്ദുൽ ഹമീദ്
8. ശ്രീ. മഞ്ഞളാംകുഴി അലി
9. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
10. ശ്രീമതി കെ. കെ. രമ
11. ശ്രീ. പി. ഉബൈദുള്ള
12. ശ്രീ. ടി. വി. ഇബ്രാഹിം

13. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

14. ശ്രീ. സി. ആർ. മഹേഷ്

15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

16. ശ്രീ. റോജി എം. ജോൺ

17. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

18. ശ്രീ. ടി. ജെ. വിനോദ്

19. ശ്രീ. പി. സി. വിഷ്ണുനാഥ്

20. ശ്രീ. എ. പി. അനിൽ കുമാർ

21. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

22. ശ്രീ. അൻവർ സാദത്ത്

23. ഡോ. മാത്യു കുഴൽനാടൻ

24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

25. ശ്രീ. സജീവ് ജോസഫ്

**ധനാഭ്യർഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:**

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസത്തിന് അനുവദിക്കുന്ന തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതയി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിദുരന്തങ്ങളിൽ വീടുകൾ തകർന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വയനാട് മുണ്ടക്കൈ-ചൂരൽമല ഉർൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്തനിവാരണ അതോറിറ്റിയിൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭങ്ങളിൽ സർവവും നഷ്ടപ്പെട്ടവർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിൽ വീഴ്ചയുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തങ്ങളിൽ വീടുകൾ നഷ്ടപ്പെടുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം പുതുക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്ത കാലയളവിൽ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തങ്ങളെ സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകുന്നതിൽ വീഴ്ച ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വയനാട്ടിലെ ചൂരൽമലയിലുണ്ടായ ഉരുൾപൊട്ടലിൽ

സർവതും നഷ്ടപ്പെട്ട് നിസ്സഹായരായ ജനങ്ങളുടെ പുനരധിവാസത്തിനും ചികിത്സയ്ക്കും സമയബന്ധിതമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനും ദുരിതാശ്വാസത്തിനും സമയബന്ധിതമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലം നാശനഷ്ടങ്ങൾ

അനുഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാര വിതരണം കാര്യക്ഷമമായി നടപ്പാക്കേണ്ടത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ പ്രകൃതിക്ഷോഭങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും നാശനഷ്ടങ്ങൾ നേരിട്ടവർക്കുള്ള നഷ്ടപരിഹാരത്തുക കുടിശ്ശിക തീർത്ത് വിതരണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ:**

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപയിൽ 19,89,580 രൂപ കുറവുചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും

ധനസഹായത്തിനുവേണ്ടിയുള്ള അപേക്ഷകൾ കാലതാമസംകൂടാതെ തീർപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ:**

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. യു. എ. ലത്തീഫ്
3. ശ്രീ. കെ. പി. എ. മജീദ്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. നജീബ് കാന്തപുരം
6. ശ്രീ. കുറുക്കോളി മൊയ്തീൻ

7. ശ്രീ. പി. അബ്ദുൽ ഹമീദ്

8. ശ്രീ. മഞ്ഞളാംകുഴി അലി

9. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

10. ശ്രീമതി കെ. കെ. രമ

11. ശ്രീ. പി. ഉബൈദുള്ള

12. ശ്രീ. ടി. വി. ഇബ്രാഹിം

13. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

14. ശ്രീ. പി. സി. വിഷ്ണുനാഥ്

15. ശ്രീ. സണ്ണി ജോസഫ്

16. ഡോ. മാത്യു കുഴൽനാടൻ

17. ശ്രീ. അൻവർ സാദത്ത്

18. ശ്രീ. റോജി എം. ജോൺ

19. ശ്രീ. ടി. ജെ. വിനോദ്

20. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

21. ശ്രീ. സി. ആർ. മഹേഷ്

22. ശ്രീ. ചാണ്ടി ഉമ്മൻ

23. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

24. ശ്രീ. സജീവ് ജോസഫ്

25. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ചർച്ച**

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ ഈ അഞ്ച് ധനാഭ്യർത്ഥനകളെയും പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു. കേരളത്തിൽ സമാധാനപൂർണ്ണമായ ജീവിത സാഹചര്യം ഉറപ്പുവരുത്തുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആഭ്യന്തര വകുപ്പിന്റെ ഭരണം ഏറ്റവും അഭിമാനകരവും സമർത്ഥവുമായി മുന്നോട്ടുപോകുകയാണ്. സയൻസ് ആൻഡ് ടെക്നോളജിയുടെ വളർച്ചയും സമൂഹത്തിലുണ്ടായിട്ടുള്ള പുതിയ മാറ്റങ്ങളെയുമെല്ലാം നേരിടാൻ സാധിക്കുന്ന നിലയിൽ പോലീസ്, ജയിൽ, ആഭ്യന്തര മേഖല എന്നിവയെ ആധുനികവത്കരിക്കാൻ സഹായകരമായ ഒട്ടേറെ പരിഷ്കാരങ്ങൾക്കാണ് കേരള ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നത്. ഇന്ത്യയിലെ പോലീസ് സംവിധാനത്തിലും അന്വേഷണ മികവിലും കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിലും

ഏറ്റവും മാതൃകയായ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഇത് നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് രാഷ്ട്രീയമായി പോലീസ് സേനയെ വേർതിരിക്കാനും അതിന്റെ ഭാഗമായി കേരളത്തിലുണ്ടായിട്ടുള്ള ഒട്ടേറെ വിഷയങ്ങളും നമുക്ക് അറിയാവുന്നതാണ്. കുറ്റകൃത്യം ചെയ്യുന്നത് ആരാണെങ്കിലും അത് ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളായാലും ഏത് സംഘടനയിൽപ്പെട്ട ആളാണെങ്കിലും ഒരു ദയാദാക്ഷിണ്യവുമില്ലാതെ 'will be prosecuted' എന്ന ശരിയായൊരു കാഴ്ചപ്പാടിനെ ഏറ്റവും സമർത്ഥമായി മുന്നോട്ടുവയ്ക്കാൻ ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. പോലീസിലെ രാഷ്ട്രീയവൽക്കരണത്തെ പരിപൂർണ്ണമായും തുടച്ചുനീക്കാൻ കഴിഞ്ഞുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നേട്ടം. സാമ്പത്തിക കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പ് ഒരു ഇക്കണോമിക് ഒഫൻസസ് വിങ് (Economic Offences Wing) രൂപീകരിച്ചു. 451 പേരടങ്ങുന്നൊരു വനിതാ ബറ്റാലിയൻ സംസ്ഥാനത്ത്

രൂപീകരിച്ചു. 4817 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഏതാണ്ട് 20014 നിയമനങ്ങൾ പോലീസിൽ നടത്തി.

നേരത്തെ സംസ്ഥാനത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ മാത്രമാണ് ഉണ്ടായിരുന്നത്. എല്ലാ പോലീസ് ജില്ലയ്ക്കുകീഴിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. 2021-ൽ സ്മാർട്ട് ഇന്ത്യ നടത്തിയിട്ടുള്ള ഏറ്റവും നല്ല അഴിമതി രഹിത പോലീസിങ് സംവിധാനത്തിന്റെ തലപ്പത്തേക്ക് കേരളം വന്നുവെന്നത് പോലീസിനെ എത്രമാത്രം ജനകീയമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോകുന്നത് എന്നതിന്റെ മാതൃകാപരമായ ഉദാഹരണമായി മാറുകയാണ്. ഇന്നത്തെ കാലത്തിന്റെ സവിശേഷമായ പ്രത്യേകത ഒരാൾ കുറ്റകൃത്യം ചെയ്യുന്നു, നിലവിൽ താമരശ്ശേരി സംഭവവും വെഞ്ഞാറമൂട് സംഭവവും നമുക്ക് മുന്നിലുണ്ട്. ആ സംഭവങ്ങൾ മുൻകൂട്ടി കണ്ട് പ്രവചിക്കുകയെന്നത് സാധാരണ നിലയിൽ സാധിക്കുന്ന കാര്യമല്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഉൾപ്പെടെ ഈ സഭയിൽതന്നെ അത്തരം കാര്യങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഏത് കുറ്റകൃത്യം നടന്നാലും ആ കുറ്റകൃത്യം നടന്ന വേളയിൽ പക്ഷപാതമില്ലാതെ മാതൃകാപരമായി ഏറ്റവും

ശരിയായ നിലപാട് സ്വീകരിക്കുന്ന പോലീസ് എന്ന നിലയിലേക്ക് കേരളത്തിലെ പോലീസ് മാറിക്കഴിഞ്ഞിരിക്കുന്നു. ഇതിന് ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കും. അർപ്പണ ബോധത്തോടെയും സത്യസന്ധമായും മാതൃകാപരമായും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒട്ടേറെ പോലീസുദ്യോഗസ്ഥരെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കേരളത്തിൽ എന്ത് കുറ്റകൃത്യം നടത്തിയാലും രക്ഷപ്പെടാൻ കഴിയില്ലെന്ന സന്ദേശം കേരളത്തിലെ പോലീസ് കൊണ്ടുവന്നു. എന്റെ നിയോജകമണ്ഡലത്തിൽ ഒരു അനുഭവമുണ്ട്. 'അരി എന്നാൽ അഷ്റഫാണ് അരി' എന്നൊരു പരസ്യം നിങ്ങളുടെയൊക്കെ ശ്രദ്ധയിലുണ്ടാകും. വളപട്ടണം പോലീസ് സ്റ്റേഷൻ പരിധിയിലാണ് ആ വ്യാപാരിയുടെ വീട്. അദ്ദേഹം വീട്ടിലില്ലാതിരുന്ന സമയത്ത് വീട് കുത്തിത്തുറന്ന് ഒരു കോടി രൂപയും ഏതാണ്ട് മുന്നൂറിലേറെ പവനും കവർച്ച ചെയ്തു. ഈ കേസിൽ യാതൊരു പഴുതും തെളിവും ഉണ്ടായിരുന്നില്ല. ഇതര സംസ്ഥാനത്തുനിന്ന് വന്നവരാണോ വലിയ മാഫിയകളാണോ ഇത് ചെയ്തതെന്ന് ജനങ്ങൾക്കിടയിൽ സ്വാഭാവികമായും വലിയ ആശങ്കയുണ്ടായി. നാല് ദിവസംകൊണ്ട്, വീടിന്റെ തൊട്ടടുത്തുള്ളൊരു

ഇലക്ട്രിക് വർക്കുകാരനെ പ്രസ്തുത കേസുമായി ബന്ധപ്പെട്ട് വളരെ സമർത്ഥമായി പോലീസ് പിടിച്ചു. ഇതുപോലെ നമ്മുടെ സംസ്ഥാനത്ത് ധാരാളം അനുഭവങ്ങളുണ്ട്. ചെരിപ്പ് കെട്ടിത്തൂക്കി പോയി പരിശോധിച്ച അനുഭവങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തവും ശാസ്ത്രീയവുമായി നമ്മുടെ പോലീസ് ഏറ്റവും സമർത്ഥമായി പ്രതികളെ പിടികൂടുന്നു.

ലഹരിവേട്ടയുടെ ഭാഗമായി തെലുങ്കാനയിലേക്ക് പോകുകയും അവിടെ രാസലഹരി നിർമ്മിക്കുന്ന കേന്ദ്രത്തിൽ പോയി ഉടമയെ അറസ്റ്റ് ചെയ്ത പോലീസിന്റെ പേര് കേരള പോലീസ് എന്നാണ്. പുതിയ തലമുറയ്ക്ക് ജീവിതത്തോടുള്ള മനോഭാവവും സമീപനവുമൊക്കെ നാം ഈ സഭയിൽ ചർച്ച ചെയ്തതാണ്. വളരെ അഡ്വാൻസായി പോലീസ് ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നുണ്ട്. തെലുങ്കാനയിൽ പോയി രാസലഹരി നിർമ്മിക്കുന്ന കേന്ദ്രത്തിന്റെ ഉടമയെതന്നെയാണ് പിടിച്ചത്. കാസർഗോഡ് ഏറ്റവും വലിയ എം.ഡി.എം.എ. വേട്ടയായ 3407 കിലോഗ്രാം എം.ഡി.എം.എ. കേരള പോലീസ് പിടികൂടുകയും പ്രതിയെ പിടിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തു.

പോലീസ്-എക്സൈസ് വകുപ്പുകൾ സംയുക്തമായി രൂപീകരിച്ച 'ഓപ്പറേഷൻ ഡി-ഹണ്ടി'ന്റെ ഭാഗമായി സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന രാസലഹരി മാഫിയയെ കീഴ്പ്പെടുത്താൻ പോലീസ് നടത്തിയ പരിശ്രമം വളരെയധികം വിജയകരമായി മാറി. ഇതിന്റെ ഭാഗമായി മുപ്പതിനായിരത്തിലേറെ കേസ്സുകളാണ് എടുത്തിട്ടുള്ളത്. ഒട്ടേറെ കാര്യങ്ങൾ അതിന്റെ ഭാഗമായി കണ്ടെത്താൻ കേരള പോലീസിന് കഴിഞ്ഞു. കേരളത്തിലെ പോലീസുകാരെ എപ്പോഴും വിമർശിക്കാനും കുറ്റപ്പെടുത്താനുമാണ് ഒരു വിഭാഗം വലതുപക്ഷ മാധ്യമങ്ങളും നിർഭാഗ്യവശാൽ കേരളത്തിന്റെ വലതുപക്ഷ രാഷ്ട്രീയ നേതൃത്വവും ശ്രമിക്കുന്നത്. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലുണ്ടായിരുന്ന സി. കെ. ശ്യാമപ്രസാദ് എന്ന പോലീസുദ്യോഗസ്ഥൻ ഡ്യൂട്ടി കഴിഞ്ഞുപോകുന്ന വഴി ഒരു സാധാരണ മനുഷ്യനെ ഒരു തെരുവ് ഗുണ്ട ആക്രമിക്കുന്നത് കാണുകയും അതിൽ അദ്ദേഹം ഇടപെടുകയും ആ തെരുവ് ഗുണ്ട സി. കെ. ശ്യാമപ്രസാദിനെ കുത്തിക്കൊലപ്പെടുത്തുകയും ചെയ്തു. ഈ സംഭവം ഒരാളും ചർച്ച ചെയ്തില്ല. ഒരു സാധാരണ പോലീസുകാരൻ അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കണം. ഒരുപക്ഷേ

അദ്ദേഹത്തിന് അവഗണിച്ച് പോകാൻ കഴിയുന്നതും താൻ ഡ്യൂട്ടിയിൽ അല്ലായിരുന്നെന്ന് പറയാൻ കഴിയുന്നതുമായ കാര്യമായിരുന്നു പ്രസ്തുത സംഭവം. കേരളത്തിലെ പോലീസുകാരുടെ ആത്മാർഥത, സത്യസന്ധത, അവർ സ്വീകരിക്കുന്ന നിഷ്പക്ഷമായ സമീപനത്തിന്റെ ഒരു രക്തസാക്ഷിയായി മാറുകയാണ് സി. കെ. ശ്യാമപ്രസാദ് എന്ന സാധാരണ പോലീസുദ്യോഗസ്ഥൻ. 'പോലീസ്' എന്ന വാക്കിന്റെ അർഥവും നിർവചനവുമാണ് ഇതിലൂടെ വ്യക്തമാകുന്നത്. പോലീസുകാർ എത്രമാത്രം ആത്മാർഥതയോടെയാണ് ഓരോ കാര്യങ്ങൾ ചെയ്യുന്നത്. ഒട്ടേറെ സംഭവങ്ങൾ കേരളത്തിൽ തന്നെ ചൂണ്ടിക്കാണിക്കാൻ കഴിയും. ഓരോ സ്ഥലങ്ങളിലും ഓരോ പ്രദേശത്തും എല്ലാ നിലയിലും സാധാരണ മനുഷ്യന് ഭയമില്ലാതെ ഏറ്റവും നന്നായി അവർക്ക് പോലീസ് സ്റ്റേഷനുകളിൽ പോയി പരാതി നൽകാൻ ഇന്ന് ജനകീയ സംവിധാനങ്ങളുണ്ട്. സൗഹൃദതലത്തിലേക്ക് പോലീസ് വരികയാണ്. രാഷ്ട്രീയം ലക്ഷ്യമാക്കി ഒറ്റപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പോലീസിനെ ആക്ഷേപിക്കുകയാണ്. മുഖ്യമന്ത്രിയാണ് ഇതിന്റെ സംരക്ഷകനെന്നും എസ്.എഫ്.ഐ.-യെ നിരോധിക്കണമെന്നും മുൻ

പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല കഴിഞ്ഞ സഭയിലും പുറത്തുമൊക്കെയായി പറയുകയുണ്ടായി. അദ്ദേഹം മുൻ ആഭ്യന്തര വകുപ്പുമന്ത്രിയും ഇന്ത്യയിലെ പ്രമുഖനായ കോൺഗ്രസ് നേതാവുമാണ്. ബഹുമാന്യരായിട്ടുള്ള മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാർ ഈ സഭയിൽതന്നെയുണ്ട്. കേരളത്തിലെ പോലീസ് ഏത് മേഖലയിലും ഏത് ഘട്ടത്തിലും സ്വീകരിക്കുന്ന അഭിമാനകരമായതും ഏറ്റവും ശക്തമായതും ഭരണമികവിന്റെ ഭാഗമായിട്ടുള്ളതുമായ ഇത്തരം സംവിധാനങ്ങളെ രാഷ്ട്രീയമായി വേർതിരിക്കാൻ ശ്രമിച്ചത് ആരാണ്? കേരളത്തിന്റെ മുഖ്യമന്ത്രി കസേരയിലിരിക്കുന്ന ആളെക്കുറിച്ച് സ്തുതി പാടുകയല്ല ചെയ്യുന്നത്, ഞങ്ങൾ ക്രിട്ടിക്കൽ ഇവാല്യുവേഷൻ പഠിച്ചവരാണ്. ശ്രീ. പിണറായി വിജയൻ എന്ന വ്യക്തി ആകാശത്തുനിന്ന് ഇറങ്ങിവന്ന് നേരെ മുഖ്യമന്ത്രി കസേരയിൽ ഇരിക്കുന്ന ഒരാളല്ല. രാഷ്ട്രീയ കേരളത്തിന്റെ ധാരാളം അനുഭവങ്ങൾ അദ്ദേഹത്തിനുണ്ട്. അനുഭവങ്ങളാൽ കരുത്തുള്ള ഏത് സാഹചര്യത്തെയും നേരിടാൻ ധൈര്യമുള്ള ഒരാളുടെ മുമ്പിലും അനാവശ്യമായി വഴങ്ങാത്ത ഒരു അഴിമതിയുടെയും ഭാഗമായി മാറാത്ത തെളിമയാർന്നൊരു ആഭ്യന്തര കാര്യ വകുപ്പുമന്ത്രിയും

മുഖ്യമന്ത്രിയുമാണ് ഇന്ന് കേരളം ഭരിക്കുന്നത്. രാഷ്ട്രീയ കേരളത്തിൽ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു തുടർഭരണത്തെക്കുറിച്ച് ചർച്ച ചെയ്യാൻ നിങ്ങൾക്ക് പ്രയാസമുണ്ടാകും. എന്നാൽ ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിൽ മൂന്നാമതും വരണമെന്ന ആഗ്രഹത്തിലേക്ക് ജനങ്ങൾ പോകുന്നു. എന്തുകൊണ്ടാണ് അത് സംഭവിക്കുന്നത്? ഏറ്റവും നന്നായി ഏത് രംഗമെടുത്താലും അതിലെല്ലാം മികവ് പുലർത്തുന്ന ഒരു സംവിധാനത്തിലേക്ക് കേരള പോലീസ് മാറിയിരിക്കുന്നു. ത്രികാല ജ്ഞാനികളായി വാദമുന്നയിക്കുന്നതിൽ അർഥമില്ല. ഒരു സംഭവമുണ്ടായാൽ ആ സംഭവത്തിന്മേൽ സ്വീകരിക്കുന്ന നിലപാടും നടപടിയുമാണ് ഏറ്റവും പ്രാധാന്യമുള്ള കാര്യം. ആ പ്രാധാന്യത്തോടുകൂടി ഏത് കാര്യമാണെങ്കിലും കക്ഷി രാഷ്ട്രീയ ഭേദമന്യേ ആര് നടത്തിയാലും അതിനെതിരെ ഏറ്റവും ശക്തിയേറിയ നിലപാടും നടപടിയും സ്വീകരിക്കുന്ന നിലയിലേക്ക് പോലീസ് സേന ഇന്ന് കേരളത്തിൽ മാറിക്കഴിഞ്ഞു. ഇതിനെ രാഷ്ട്രീയമായ അപവാദ പ്രചരണങ്ങൾകൊണ്ട് ഇല്ലാതാക്കാൻ കഴിയുമോ? അങ്ങനെ ഇല്ലാതാക്കാൻ കഴിയുന്നൊരു കാര്യമല്ലല്ലോ. അങ്ങനെ പ്രചരണങ്ങൾ

നടത്തിയാൽ അത് വിശ്വസിക്കാൻ കഴിയുമോ? ഒറ്റപ്പെട്ട, ഏതെങ്കിലും ഒരാളുടെ ഭാഗത്തുനിന്ന് ശരിയല്ലാത്ത നടപടിയുണ്ടായാൽ കേരളത്തിലെ ആഭ്യന്തര വകുപ്പ് കേരളത്തിലെ മുഖ്യമന്ത്രിയുൾപ്പെടെ അതിന്റെ തലപ്പത്തിരിക്കുന്നവർ എന്തെങ്കിലും ദയാദാക്ഷിണ്യം കാണിച്ചിട്ടുണ്ടോ? ആരെയെങ്കിലും സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ? നമ്മുടെ ആധുനിക സമൂഹത്തിന്റെ ഭാഗമായി അപരിഷ്കൃതമായ രീതികൾ ചിലരുടെ ഭാഗത്തുനിന്നുണ്ടായപ്പോൾ ആരാണെന്ന് മുഖം നോക്കാതെ ശക്തമായ നിലപാട് കേരളത്തിലെ പോലീസ് സ്വീകരിച്ചിട്ടില്ലേ, കുറ്റം പറയാൻ സാധിക്കുമോ, ആർക്കാണ് അതിന് കഴിയുന്നത്? പാതിവില തട്ടിപ്പിന്റെ ഭാഗമായി മൂവാറ്റുപുഴയിൽ ഡിവൈ.എസ്.പി. രജിസ്റ്റർ ചെയ്ത കേസിൽ അതിവേഗതിയിൽ നടപടി സ്വീകരിച്ചുവെന്ന് രാവിലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ഈ സർക്കാർ ആരോടെങ്കിലും മമത കാണിച്ചോ; പ്രസ്തുത കേസുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട മൂന്നുപേരെ അറസ്റ്റുചെയ്തു. ഇതിൽ പ്രധാനികളായ പലരുമുണ്ട്. അവർ പ്രധാനികളാണെന്നൊരു നിലപാട് അല്ല അക്കാര്യത്തിൽ സ്വീകരിച്ചത്.

തട്ടിപ്പോ, ശരിയല്ലാത്ത കാര്യങ്ങൾ നടന്നതോ ആയിക്കൊള്ളട്ടെ കുറ്റക്കാർക്കെതിരെ നടപടിയെടുത്തിരിക്കും. ചെന്താമരയുടെ വിഷയം നമുക്ക് അറിയാം. അതിന്റെ ഭാഗമായി അതിവേഗതയിലാണ് നടപടിയാണ് സ്വീകരിച്ചത്. പോലീസിനെ കഴിഞ്ഞ ഒൻപത് വർഷംകൊണ്ട് കേരളത്തിന്റെ അഭിമാനകരവും സമർഥവുമായ ഒരു സേനയാക്കി മാറ്റാൻ കഴിഞ്ഞുവെന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം. രാഷ്ട്രീയമായി, കക്ഷിരാഷ്ട്രീയമായി കുറ്റമോ തെറ്റോ ചെയ്താൽ ഒരു സംരക്ഷണവും ലഭിക്കില്ലെന്ന തരത്തിലുള്ള ഏറ്റവും ഉയർന്നൊരു നിലവാരത്തിലേക്ക് പോലീസ് എത്തിയിരിക്കുന്നു. എസ്.എഫ്.ഐ.-യെ നിരോധിക്കണം; കെ.എസ്.യു.-വിനെ നിരോധിക്കണമെന്ന് ഞാൻ പറയില്ല. ഒരു ജനാധിപത്യ വിദ്യാർഥി പ്രസ്ഥാനമാണ് കെ.എസ്.യു. യൂത്ത് കോൺഗ്രസിനെ നിരോധിക്കണമെന്നും ഞാൻ പറയില്ല. ദേവപാലൻ മുതൽ ധീരജ് വരെയുള്ള 35 പേരുടെ ജീവനെടുത്ത നഷ്ടപ്പെട്ടുപോയൊരു വിദ്യാർഥി പ്രസ്ഥാനത്തിന്റെ പേരാണ് സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം എന്ന് ആലേഖനം ചെയ്ത

ശുഭ്രപതാകയുമായി പോകുന്ന കുട്ടികളുടെ സംഘടന. ഞങ്ങളൊക്കെ അതിന്റെ പ്രവർത്തകരായിരുന്നു. കേരളത്തിലെ ഒരു രാഷ്ട്രീയ നേതാവിന്റെ വായിൽനിന്ന് ഒരിക്കലും വരാൻ പാടില്ലാത്ത അപകചവും അപകടകരവുമായ പ്രസ്താവനയാണ് വന്നത്. ഒരാൾ തെറ്റ് ചെയ്താൽ തിരുത്തിക്കണം. കേരളത്തിലെ കളമശ്ശേരി പോളിടെക്നിക്കിൽ നടന്ന സംഭവത്തിൽ പോലീസിന്റെ നർക്കോട്ടിക്ക് വിഭാഗമാണ് അവിടെപോയി പിടികൂടിയത്. ആരോ ആയിക്കോട്ടെ; എസ്.എഫ്.ഐ. എന്നത് തെറ്റായ ഒരു കാര്യം ചെയ്യുന്ന സംഘടനയല്ല. കേരളത്തിന്റെ തെരുവുകളിൽ വിദ്യാഭ്യാസ അവകാശ പോരാട്ടത്തിന്റെ ഭാഗമായി ചോറ്റുപാത്രവും പുസ്തകങ്ങളുമെല്ലാം ചിതറി ചോരയാൽ കുളിച്ച് കിടന്ന ഒട്ടേറെ സമരാനുഭവങ്ങളുണ്ട്. അതിന് നേതൃത്വം കൊടുത്ത അഭിമാനകരമായൊരു വിദ്യാർഥി പ്രസ്ഥാനത്തെപോലും ആക്ഷേപിക്കാൻ ശ്രമിക്കുന്നത് ഒട്ടും മര്യാദയില്ലാത്ത കാര്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് കേരളം എന്ന നാടിനെ ഏറ്റവും മികച്ച ഭരണ മികവിലേക്ക് മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന്റെ ധനാഭ്യർഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ കഴിഞ്ഞ ദിവസം പൂർത്തീകരിക്കാതിരുന്ന ചർച്ചയുടെ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് തുടങ്ങാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിനുമുമ്പ് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് തെറ്റായ കാര്യങ്ങൾ വലിയ സത്യമാണെന്ന രീതിയിൽ അവതരിപ്പിക്കാത്തത് നന്നായെന്നാണ്. തെറ്റായ കാര്യങ്ങൾ വലിയ തത്വശാസ്ത്രംപോലെ അവതരിപ്പിക്കാൻ കഴിവുള്ള ചില ആളുകൾ ഇവിടെയുണ്ടല്ലോ; സഭയിൽ അവർതന്നെ പല കാര്യങ്ങളും പല തവണ പറഞ്ഞ് സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ ഞങ്ങൾ കൗണ്ടർ ആർഗ്യുമെന്റ് പറയുമ്പോൾ അവിടെനിന്ന് എത്രയോ പ്രാവശ്യം മന്ത്രിമാർ പ്രതിപക്ഷത്തിനെ നോക്കി 'നിങ്ങൾ കേരളത്തിനെതിരാണോ' എന്നാണ് ചോദിക്കുന്നത്. ഈ സ്ട്രാറ്റജിയും ഫിലോസഫിയും ആരാണ് കൊണ്ടുവന്നതെന്നറിയാമോ? ഇത് അമേരിക്കയുടെ ഫിലോസഫിയാണ്. അമേരിക്ക ഇറാഖുമായി യുദ്ധം നടത്തുമ്പോൾ അവർ പ്രഖ്യാപിച്ചു, ഒന്നുകിൽ നിങ്ങൾ ഞങ്ങളുടെകൂടെ, ഞങ്ങളുടെകൂടെ അല്ലെങ്കിൽ

നിങ്ങൾ ഞങ്ങൾക്കെതിരാണെന്ന്. അതായത് നിങ്ങൾ ഇറാഖിന്റെ കൂടെയാണെന്ന്. ഇതാണ് അവരുടെ പ്രാകൃത തത്വം. അതുപോലെ നിങ്ങൾ പറയുന്നതിനെയെല്ലാം ഞങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ഞങ്ങളെല്ലാം കേരളത്തിനെതിരാണെന്നുള്ള നിലപാടും രീതിയുമൊന്നും ശരിയല്ല. ഞങ്ങൾ കൺസ്ട്രക്ടീവായ ഒരു പ്രതിപക്ഷമാകാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നവരാണ്. അത്തരം ആറ്റിറ്റ്യൂഡ് എപ്പോഴും കാണിച്ചിട്ടുള്ളവരാണ് യു.ഡി.എഫ്.-ഉം ഞങ്ങളുടെ മുതിർന്ന നേതാക്കന്മാരും. ഒരു ഉദാഹരണം പറയുകയാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോവിഡ് മഹാമാരി വന്നു. കോവിഡ് മഹാമാരിയെ ഗവൺമെന്റ് നേരിടാൻവേണ്ടി പരിശ്രമിക്കുന്നു. മുഖ്യമന്ത്രി അതിന്റെ മുന്നിൽനിന്ന് നയിക്കുന്നു, സ്വാഭാവികമായും കോവിഡ് മാനേജ്മെന്റിൽ ധാരാളം വീഴ്ചകളുണ്ടാകുന്നു. എന്നാൽ ഇവിടെനിന്നും നേതാക്കന്മാർ അറ്റാക്ക് ചെയ്യേണ്ടെന്ന് വിചാരിക്കുകയാണ്. കാരണം, അതൊരു മഹാമാരിയുടെ കാലമാണ് ആ സമയത്ത് ആളുകളിൽ ഒരു അവിശ്വാസമുണ്ടാക്കാൻ പാടില്ല. ഞാൻ ഇപ്പോഴും ഓർക്കുന്നു, ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റും മുൻ

പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ഏതാനും കാര്യങ്ങൾ സൂചിപ്പിച്ചതല്ലാതെ എല്ലാവരും മൗനം പാലിച്ചു. നിങ്ങൾ ആ അവസരം മുതലെടുത്ത് മികച്ച പി.ആർ. എക്സർസൈസ് നടത്തി. ലോകത്ത് ഏറ്റവും നല്ലനിലയിൽ കോവിഡിനെ മാനേജ് ചെയ്തത് ഞങ്ങളാണെന്ന വലിയ പ്രതീതിയുണ്ടാക്കി ആളുകളെ തെറ്റിദ്ധരിപ്പിച്ചു. അവസാനം, എങ്ങനെയാണ് കോവിഡിനെ നിങ്ങൾ ഇത്ര സമർത്ഥമായി നേരിടുന്നതെന്ന് അമേരിക്കയിൽനിന്ന് ഫോൺ ചെയ്തു ചോദിച്ചുവെന്ന് കേരളത്തിനോട് പറയുകയാണ്. ഈ കേരളം അതുവരെ ചർച്ച ചെയ്യേണ്ട സ്ഥിതിയുണ്ടായി. കോവിഡ് സമയത്ത് ഏറ്റവും കൂടുതൽ മരണനിരക്കുണ്ടായ സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്നാണ് ഇപ്പോൾ വരുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രസ്തുത കണക്കുകൾ മറച്ചുവച്ചു എന്നുള്ള കാര്യങ്ങൾ പുറത്തുവന്നു.

ഇപ്പോൾ പുതിയ നറേറ്റീവ് എന്നുപറയുന്നത്, വ്യവസായ മേഖലയിൽ നമ്മൾ എന്തോ വലിയ സംഭവമാണെന്നതാണ്. നിങ്ങൾ എത്രയോ അംഗങ്ങൾ പ്രസംഗിച്ചപ്പോൾ ഇക്കാര്യം ആവർത്തിച്ചു പറയുകയുണ്ടായി. കേരളത്തിന്

നമ്പർ വൺ റാങ്ക് ലഭിച്ചുവെന്നുള്ളത് നിങ്ങളിൽ പലരും ഇപ്പോഴും വിശ്വസിക്കുന്നുണ്ടെന്ന് എനിക്കറിയാം. കേന്ദ്ര സർക്കാർ കേരളത്തിന് നമ്പർ വൺ റാങ്ക് കൊടുത്തതിനുശേഷം ഞങ്ങൾ ഇവിടെനിന്ന് വെറുതെ പറയുന്നതാണെന്ന്. ഞാൻ അതുകൊണ്ടാണ് സൂചിപ്പിക്കുന്നത്. വസ്തുതകൾ ചർച്ച ചെയ്യുന്നതിൽ തെറ്റില്ലല്ലോ; കേരളം ഒട്ടും ഇംപ്രൂവ് ചെയ്തില്ലെന്നും ഒന്നുചെയ്തിട്ടില്ലെന്നും ഞങ്ങളാരും പറയുന്നില്ല. ഞാൻ വേറെ ആരുടെയും വാദത്തിലേക്ക് പോകുന്നില്ല. വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞൊരു കാര്യം ഞാൻ ഇവിടെ പറയാം, "This time, not only is Kerala in the 'Top Achievers' category, but we are also the state that has topped in nine of the 30 reform parameters, the most among all states in the country. In a sense, we can call ourselves the first among equals, Minister for Industries Shri P. Rajeev told in Delhi. ഇതാണ് ഇതിന്റെ യഥാർഥ്യം. ഇത് അദ്ദേഹം പറഞ്ഞാൽ ഞങ്ങളും അദ്ദേഹത്തിനോടൊപ്പം നിൽക്കും. കാരണം, In a sense, നമുക്ക് നമ്മളെ തന്നെ പറയാം, പക്ഷേ ഇതുപറഞ്ഞതിനുശേഷം പിന്നീട് അദ്ദേഹം ട്യൂൺ മാറ്റുകയാണ്. ഇതിനകത്ത്

ഒരു മിനിമം honesty ഉണ്ടായിരുന്നു. ഇതൊരു സത്യസന്ധമായ സ്റ്റേറ്റ്മെന്റാണ്. കൺസ്യൂമർ സെൻട്രിക്കും സിറ്റിസൺ സെൻട്രിക്കുമായ ഏഴ് റിഫോംസ് വിഭാഗങ്ങളിലും ബിസിനസ്സ് സെൻട്രിക്കായ രണ്ട് റിഫോംസ് വിഭാഗങ്ങളിലും നമ്മൾ വന്നിട്ടുണ്ട്. ബിസിനസ്സ് സെൻട്രിക്കിൽ ആന്ധ്രാപ്രദേശിന് അഞ്ച് റിഫോംസ് ലഭിച്ച ലിസ്റ്റ് എന്റെ കൈവശമുണ്ട്. അത് ഞാൻ അദ്ദേഹത്തിനോട് ചോദിച്ചു. അദ്ദേഹം അതിന് മറുപടി പറഞ്ഞില്ലല്ലോ. നമുക്ക് കൺസ്ട്രക്ടീവായും ക്രിയേറ്റീവായും ചർച്ച ചെയ്യുന്നതിൽ തടസ്സമില്ലല്ലോ. ഇതുകഴിഞ്ഞ് കേരളം റാങ്കിങ്ങിൽ നമ്പർ വൺ എന്ന് ആയിരം തവണ പറഞ്ഞു. അത് ഞങ്ങൾ സ്വാഭാവികമായി ചോദ്യം ചെയ്യേണ്ടി വരും. അതിനർത്ഥം ഞങ്ങൾ കേരളത്തിന് എതിരാണെന്ന് അല്ല. അങ്ങനെ കള്ളത്തരവും വ്യാജവും പ്രചരിപ്പിച്ച് പോകാമെന്ന് വിചാരിക്കരുത്. അങ്ങനെ ചെയ്താൽ ഞങ്ങൾക്ക് അത് ജനങ്ങളുടെ മുമ്പിൽ തുറന്നു കാണിക്കേണ്ടിവരും. എന്നാൽ അതിനർത്ഥം നിങ്ങൾ ചെയ്യുന്ന എല്ലാകാര്യങ്ങളും ഞങ്ങൾ deny ചെയ്യുന്നുവെന്നല്ല; ഉദാഹരണമായി, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് സഭയിലുണ്ട്. അദ്ദേഹത്തിന്റെ വകുപ്പിലുള്ള

രണ്ട് കാര്യങ്ങൾക്ക് പ്രസ്തുത സർട്ടിഫിക്കറ്റില്ലാതെ റഫറൻസ് വന്നിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റ് സ്ക്വാഡ് 2 ആണ്. ഇവയെല്ലാം ബിസിനസ്സ് സെൻട്രിക്ക് അല്ല, കൺസ്യൂമർ സെൻട്രിക്കാണെന്നുള്ളതാണ് പ്രശ്നം. ഇക്കാര്യങ്ങളെല്ലാം സൂചിപ്പിക്കുമ്പോൾ നിങ്ങളെന്തിനാണ് ഞങ്ങളുടെനേരെ ഇത്ര ബഹളമുണ്ടാക്കുന്നത്. ഇക്കാര്യങ്ങളെല്ലാം യഥാർഥ്യത്തോടെ കാണാൻ കഴിയണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. മാത്രമല്ല, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്നുപറഞ്ഞ് നിങ്ങൾ കൊണ്ടുവന്ന പല കാര്യങ്ങളും not ease of business but ease of corruption എന്നതാണ് ഇന്നത്തെ കേരളത്തിലെ അവസ്ഥ. ഇത് ഞാൻ പറഞ്ഞ എന്റെ വാചകങ്ങളല്ല. You all can read today' s newspaper. കേരള സർക്കാർ എങ്ങോട്ടാണ് പൊയ്ക്കൊണ്ടിരിക്കുന്നത്, എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കാൻവേണ്ടി പറയുകയാണ്, not ease of business but ease of corruption എന്നാണ് പലതിനെക്കുറിച്ചും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞാൻ പ്രസ്തുത ഭാഗം അവിടെ അവസാനിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളുടെ പ്രൊപ്പോസൽസ് കേൾക്കാൻ താൽപര്യമുണ്ടെങ്കിൽ പറയുകയാണ്, വ്യവസായ

മേഖലയിൽ എന്താണ് നമ്മൾ ചെയ്യേണ്ടിരുന്നത്; അല്ലെങ്കിൽ ഗവൺമെന്റിന്റെ പ്രോഗ്രസ്സ് വരുന്നതിനുവേണ്ടി എന്തായിരുന്നു ചെയ്യേണ്ടിരുന്നത്? ഇന്നത്തെ കാലഘട്ടം ഇൻഡസ്ട്രി 4.0 കഴിഞ്ഞ് ഇൻഡസ്ട്രി 5.0-യിലേക്ക് കടന്നിരിക്കുകയാണ്. നിങ്ങൾ കൊണ്ടുവന്ന റിഫോംസ് എന്താണ്? നിങ്ങൾ കൊണ്ടുവന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സിംഗിൾ വിൻഡോ ക്ലിയറൻസ് അല്ലെങ്കിൽ കെ-സ്വിഫ്റ്റ് വഴി എല്ലാ കാര്യങ്ങൾക്കും അനുമതി കൊടുക്കുന്നുവെന്നാണ് പറയുന്നത്. കെ-സ്വിഫ്റ്റ് വഴി അനിയന്ത്രിതമായി നിങ്ങൾ ഇൻഡസ്ട്രീസ് അനുവദിച്ചപ്പോൾ ഏത് ഇൻഡസ്ട്രിയാണ് വന്നതെന്ന് ആത്മാർഥമായി പറയണം? ഞങ്ങളുടെ ചുറ്റും കണ്ട കാഴ്ചകൾ പറയാം; അനിയന്ത്രിതമായി ധാരാളം പ്ലൈവുഡ് ഫാക്ടറികളും ടാർ പ്ലാന്റുകൾ പോലുള്ള ബിസിനസ്സുകളും വന്നു. ബഹുമാന്യനായ മുഖ്യമന്ത്രി സഭയിലുണ്ട്. എനിക്ക് അവസരം ലഭിച്ചപ്പോൾ അദ്ദേഹത്തിനോട് നേരിട്ട് പറഞ്ഞ ഒരേ ഒരു കാര്യം, അതായത് ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഒരു നിയമമില്ല എന്നതാണ്. ഒരു പ്ലൈവുഡ് ഫാക്ടറിക്കുവേണ്ട പാരാമീറ്റേഴ്സും നോംസും നമ്മൾ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ തൊട്ടടുത്ത് അടുത്തത് വന്നാൽ

അതിനെ നിയന്ത്രിക്കാനുള്ള പാരാമീറ്റേഴ്സ് ഇല്ല. കൂൺ മുളയ്ക്കുന്നതുപോലെ ചുറ്റുപാടും ഇതുപോലെയുള്ള സ്ഥാപനങ്ങൾ വരുമ്പോൾ ഒരു ക്ലസ്റ്റർ സിറ്റുവേഷൻ ഫോം ചെയ്യുമെന്നും അതിനെ അഡ്രസ്സ് ചെയ്യാനുള്ള നിയമം നമ്മുടെ കൈവശമില്ലെന്നും അത് ഗുരുതരമായ അപകടത്തിലേക്കും പരുക്കിലേക്കും നമ്മെ കൊണ്ടുപോകുമെന്നും ഏതാണ്ട് ഒന്നരവർഷം മുമ്പ് അങ്ങയോട് നേരിട്ട് സൂചിപ്പിച്ചിരുന്നു. We need a law. പക്ഷേ, കെ-സ്വിഫ്റ്റിലൂടെയാണ് ഇതെല്ലാം നടക്കുന്നത്. പക്ഷെ ചെയ്യേണ്ടത് എന്തായിരുന്നു? പ്രതിപക്ഷം എന്ന നിലയ്ക്ക് ഞങ്ങളോട് അഭിപ്രായം ചോദിച്ചിരുന്നുവെങ്കിൽ നിങ്ങൾ കെ-സ്വിഫ്റ്റിലൂടെ അനുമതി കൊടുക്കേണ്ടിയിരുന്നത് ഇൻഡസ്ട്രി 4.0 ആൻഡ് 5.0-ന് ആയിരുന്നുവെന്ന് ഒരുപക്ഷേ ഞങ്ങൾ പറയുമായിരുന്നു. ഇൻഡസ്ട്രി 4.0 ആൻഡ് 5.0 എന്നുപറയുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും റോബോട്ടിക്സിന്റെയും 3D പ്രിന്റിങും ഉൾപ്പെടെയുള്ളവയുടെ കാലഘട്ടമാണ്. അതുപോലെയുള്ളവയ്ക്ക് കെ-സ്വിഫ്റ്റ് വഴി അനുമതി കൊടുത്തിരുന്നുവെങ്കിൽ ഇവിടെ ധാരാളം ഇൻഡസ്ട്രീസ് വരും. നിങ്ങൾ ധാരാളം നിലപാടുകൾ മാറ്റി, ഓരോന്നിനെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ മാറ്റിയെന്ന് കഴിഞ്ഞ ദിവസം

ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ തന്നെ പറഞ്ഞില്ലേ. സ്വകാര്യ സർവകലാശാല നിങ്ങൾ അഭിമാനത്തോടുകൂടി അവതരിപ്പിക്കുന്നു. അഭിമാനത്തോടുകൂടി ഭൂപരിഷ്കരണ നിയമത്തിലെ നിയന്ത്രണം ലഘൂകരിക്കുന്നു. ഇതെല്ലാം സ്വാഗതാർഹമായ പരിഷ്കാരങ്ങളാണ്, ഞങ്ങൾ അതിനെ സപ്പോർട്ട് ചെയ്യുന്നു. പക്ഷെ അതിനുശേഷം അദ്ദേഹം പറഞ്ഞൊരു ഡയലോഗ് ഉണ്ട്. 'കാലം മാറുന്നത് അനുസരിച്ച് മാറാതിരിക്കാൻ കഴിയില്ലല്ലോ', ഞങ്ങൾക്കും എന്നും ഒരിടത്ത് തന്നെ നിൽക്കാൻ കഴിയുമോയെന്ന്. അപ്പോൾ നിങ്ങൾ നയം മാറ്റാൻ തീരുമാനിച്ചുവെന്നുള്ളതും നയങ്ങളിൽ കാതലായ മാറ്റം വരുത്തിയെന്നതും ശരിയാണ്. പക്ഷെ ഞങ്ങൾ പറയുന്നത് എന്താണെന്ന് വച്ചാൽ നിങ്ങൾ ഇക്കാര്യങ്ങൾ തിരിച്ചറിഞ്ഞു വന്നപ്പോഴേക്കും we lost the opportunity. ഒരു കാലഘട്ടം മുഴുവൻ കടന്നുപോയി. ഒരു യുവത്വത്തിനും തലമുറയ്ക്കും എല്ലാ അവസരവും നഷ്ടപ്പെട്ടു. അതുകഴിഞ്ഞ് നിങ്ങൾ മനസ്സിലാക്കിയിട്ട് എന്താണ് കാര്യം; കാലം മാറിയിട്ടല്ല മാറേണ്ടത്, കാലത്തിന് സംഭവിക്കാൻ പോകുന്ന മാറ്റം മുൻകൂട്ടി കണ്ട് മാറുന്നതിലാണ് ഒരു ഭരണാധികാരിയുടെയും പാർട്ടിയുടെയും

പ്രത്യയശാസ്ത്രത്തിന്റെയും വിജയം. അങ്ങനെയാണ് ചെയ്യേണ്ടത്. അല്ലാതെ കാലം മാറി കഴിഞ്ഞിട്ട് നമ്മൾ മാറിയിട്ട് കാര്യമുണ്ടോ? ‘ By the time the bus is gone’ . ഇക്കാര്യങ്ങൾ ഇവിടെ പറയണമെന്നുള്ളതുകൊണ്ട് സൂചിപ്പിച്ചതാണ്. കഴിഞ്ഞ ദിവസം ഇത്രയും കാര്യങ്ങൾ അവതരിപ്പിക്കാൻ സമയം പ്രോപ്പറായി ലഭിച്ചിരുന്നില്ല.

ഇന്നത്തെ ഡിമാൻഡ് ചർച്ചയിലേയ്ക്ക് വരുമ്പോൾ അങ്ങയോട് സൂചിപ്പിക്കണമെന്ന് ഉദ്ദേശിച്ച ഒന്നുരണ്ട് കാര്യങ്ങളുണ്ട്. രാജ്യത്തെ ഏറ്റവും അഭിമാനകരമായ പോലീസ് സേനയാണ് നമുക്കുള്ളത്. പക്ഷെ അവരുടെ ഇൻഫ്രാസ്ട്രക്ച്ചർ, അവർക്ക് നമ്മൾ കൊടുക്കുന്ന സപ്പോർട്ട്, മാൻ പവർ എന്നിവ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ നിർഭാഗ്യവശാൽ കേരള പോലീസിന്റെ എഫിഷ്യൻസിയിൽ ഇടിവ് സംഭവിക്കുന്നുവെന്ന് ഞാൻ പറയുന്നു. കാരണം We are not giving them sufficient support. I think we have the best police force in the country. But still പല സമയത്തും അവരെ നമ്മൾ പരിഹാസ പാത്രമാക്കുകയാണ്. ഒരിക്കലും അത് ചെയ്യരുത്. പോലീസിന്റെ യൂണിഫോമിനെ ജനം ബഹുമാനിക്കുന്നത് അവരുടെ

കർത്തവ്യവും അവർ നിർവഹിക്കുന്ന ഡ്യൂട്ടിയും അടിസ്ഥാനപ്പെടുത്തിയാണ്. ഞാൻ സൂചിപ്പിച്ച കാര്യങ്ങൾ അങ്ങേയ്ക്ക് വേണമെങ്കിൽ നിഷേധിക്കാം. പലപ്പോഴും അവർക്ക് വാഹനങ്ങളില്ല, ഉള്ള വാഹനങ്ങൾക്ക് ഡീസലടിക്കാൻ പൈസയില്ല, അവരുടെ വാഹനങ്ങൾ പലതും വർക്ക് ചെയ്യുന്നില്ല. തകരാറുകൾ കാരണം വർക്ക്ഷോപ്പിലേക്ക് കൊണ്ടുപോകുന്ന വാഹനങ്ങൾ അവിടെനിന്നും തിരിച്ചുകൊണ്ടുവരാൻ സാധിക്കുന്നില്ല. They are depending many, അവരെ കൊണ്ട് നമ്മൾ മറ്റ് ആളുകളുടെ കൈയിൽനിന്നും പണം പിരിക്കേണ്ട സ്ഥിതി വരുന്നു. അതുപോലെ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ഒരു മിനിട്ട് കൂടുതൽ അനുവദിച്ചാൽ,

<u>മി. സ്പീക്കർ</u>:ഒരു മിനിട്ട് കൂടുതൽ അനുവദിക്കാൻ കഴിയില്ല.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ശരി. കഴിഞ്ഞ ദിവസം നമ്മുടെ കെ.എസ്.യു. പ്രവർത്തകരെ, ആദിത്യൻ അടക്കമുള്ളവരെ അറസ്റ്റ് ചെയ്ത് നിങ്ങൾ ജയിലിൽ അടച്ചു. ഞാൻ ബോസ്റ്റൽ സ്കൂളിൽ പോകാൻ ഇടയായി. അവിടത്തെ കാര്യങ്ങൾ അന്വേഷിച്ചു. കാക്കനാടുള്ള ബോസ്റ്റൽ സ്കൂളിന്റെ കപ്പാസിറ്റി എന്നുപറയുന്നത് 66 ആണ്. നിലവിൽ അവിടെ 120 പേരുണ്ട്.

മൂവാറ്റുപുഴ സബ് ജയിലിൽ ഞാൻ അന്വേഷിച്ചു, അവിടെയുള്ള സൗകര്യങ്ങൾ 64 പേർക്കുള്ളതാണ്. നിലവിൽ അവിടെ 130 പേരാണ് താമസിക്കുന്നത്. ബോസ്റ്റൽ സ്കൂൾ പോലുള്ള കാര്യങ്ങളിൽ ഏറ്റവും ചെറുപ്രായത്തിൽ കുറ്റവാളികളായി വരുന്നവരെ നമ്മൾ റിഫോം ചെയ്യാൻ ശ്രമിക്കുമ്പോൾ അവർക്ക് വേണ്ട കാര്യങ്ങൾ ചെയ്യുന്നില്ലെങ്കിൽ അത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. പിന്നെ മറ്റൊരു കാര്യം അങ്ങയോട് ചോദിക്കാൻ ആഗ്രഹിക്കുന്നത് ഞാൻ മനസ്സിലാക്കിയത് ശരിയാണെങ്കിൽ, എണ്ണം വെളിപ്പെടുത്താതിൽ എന്തെങ്കിലും സ്ട്രാറ്റെജിക് വിഷയമുണ്ടോയെന്ന കാര്യം എനിക്കറിയില്ല. നമ്മുടെ കേരളത്തിൽ ധാരാളംillegal emigrants അല്ലെങ്കിൽ ബംഗ്ലാദേശിൽ നിന്നുള്ളവരെ അറസ്റ്റ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: യെസ്...യെസ്...പ്ലീസ് കൺക്ലൂഡ് .....

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ധാരാളം ബംഗ്ലാദേശുകാരെ ഇവിടെ അറസ്റ്റ് ചെയ്യുവെന്ന് കേൾക്കുന്നു. ശരിയാണോ ഇല്ലയോ എന്ന കാര്യം വ്യക്തമല്ല. അങ്ങനെയൊരു സാഹചര്യമുണ്ടോ; അങ്ങനെയുണ്ടെങ്കിൽ

എന്തുകൊണ്ടാണ്; How we are tackling the same? ഞാൻ ഈ ധനാഭ്യർഥനകളെ എതിർത്തുകൊണ്ട് നിർത്തുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഡിമാന്റ് ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളാണെങ്കിലും പ്രധാന സമയം വ്യവസായത്തെ കേന്ദ്രീകരിച്ച് പറഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. ഇപ്പോൾ തന്നെ വ്യക്തത വരുത്തി പോകാമെന്ന് വിചാരിച്ചാണ് പറയുന്നത്.

<u>മി. സ്പീക്കർ</u>: മറുപടി അവസാനമല്ലേ?

<u>ശ്രീ. പി. രാജീവ്</u>: സർ, അനുമതിയെങ്കിൽ കുഴപ്പമില്ല, ഇപ്പോൾ തന്നെ വ്യക്തത വരുത്തുന്നതിനുവേണ്ടി ആയിരിക്കുമല്ലോ അദ്ദേഹം പറയാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിച്ച് എനിക്ക് കുറിപ്പ് നൽകിയത്. അദ്ദേഹം ഉന്നയിച്ച ഭാഗം വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. റാങ്കിങ്ങിനെ സംബന്ധിച്ച് ഒന്നാമത്തെ ദിവസംതന്നെ ഞാൻ പത്രസമ്മേളനം നടത്തിയ കാര്യം അദ്ദേഹം പറഞ്ഞു. ഇതേ കാര്യത്തെക്കുറിച്ച് അങ്ങേയ്ക്ക് തന്നെ ഈ സഭയിൽ ഞാൻ കൃത്യമായി മറുപടി നൽകിയിട്ടുണ്ട്. 2015 മുതൽ ഇതേ സംവിധാനമായിരുന്നു. നമ്മെ പോലെതന്നെ കഴിഞ്ഞ തവണ ഏറ്റവും കൂടുതൽ ബിസിനസ്സ്,

സിറ്റിസൺ സെൻട്രിക്കിൽ ഒന്നാം റാങ്ക് ലഭിച്ചതിന് ആന്ധ്രാപ്രദേശ് പരസ്യപ്പെടുത്തിയത് അവരുടെ നേട്ടമായി കാണേണ്ടതുണ്ട്, അതുപോലെ കാണണം. അദ്ദേഹം സൂചിപ്പിച്ചത് പ്ലൈവുഡ് ഇൻഡസ്ട്രിയെ കുറിച്ചാണ്. ബഹുമാന്യരായ എം.എൽ.എ.-മാർക്ക് പുതുതായി തുടങ്ങിയിട്ടുള്ള വിവിധ സ്വഭാവത്തിലുള്ള ഇൻഡസ്ട്രികൾ പരിചയപ്പെടുത്താൻ വ്യവസായ വകുപ്പ് പ്രത്യേകമായ ടൂർ ഏർപ്പെടുത്താം. ഇന്നത്തെ ഇന്ത്യൻ എക്സ്പ്രസ്സിൽ എസ്.എൽ.ബി.സി.-യുടെ പ്രത്യേക വാർത്തയുണ്ട്. ലോണിന്റെ കാര്യത്തിൽ, 38 ശതമാനം വർധനയുണ്ട്. മുദ്ര ലോണിനെക്കുറിച്ച് പറയരുത്, അത് 2015-ൽ തുടങ്ങിയതാണ്. നല്ല രീതിയിൽ വർധനയുള്ളതിനാൽ കേരളത്തിലെ എം.എസ്.എം.ഇ.-കൾക്ക് നൽകുന്ന ബാങ്ക് വായ്പ ഈ വർഷം ഒരു ലക്ഷം കോടിരൂപയായി വർധിച്ചിരിക്കുകയാണെന്ന വാർത്തയും ഇന്നത്തെ മാധ്യമങ്ങളിലുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പോലീസ്, ജയിലുകൾ ഉൾപ്പെടെയുള്ള ഇന്നത്തെ ധനാഭ്യർഥനകളെ സംബന്ധിച്ച് അതിനെ പൂർണ്ണമായി അനുകൂലിച്ചുകൊണ്ട് ഏതാനും വാക്കുകൾ പറയുകയാണ്. പഴയ

കാലത്തിൽനിന്നും വ്യത്യസ്തമായ ഉത്തരവാദിത്വങ്ങളാണ് പോലീസിന് ഇന്ന് നിർവഹിക്കാൻ ഉള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പഴയ കാലത്ത് പോലീസ് ചെയ്തുകൊണ്ടിരുന്ന കാര്യങ്ങൾക്കും അപ്പുറത്ത് പുതിയ കാലഘട്ടത്തിലെ ഒട്ടേറെ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് ഇന്ന് പോലീസ് സേന പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ പോലീസ് സേന നടത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചില കാര്യങ്ങൾ മാത്രം ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സൈബർ കുറ്റകൃത്യങ്ങൾ അരങ്ങുവാണ ഒരു വർഷമാണ് കടന്നുപോയത്. ഓൺലൈൻ സേവനങ്ങളും ഇടപാടുകളും വർധിച്ചതോടെ തട്ടിപ്പുകളും ഹൈടെക്കായി. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം 2024-ലെ ആദ്യ ആറ് മാസങ്ങളിൽ രാജ്യത്ത് ഓൺലൈൻ തട്ടിപ്പുകളിലൂടെ നഷ്ടമായത് 11000 കോടി രൂപയാണ്. സൈബർ കുറ്റകൃത്യങ്ങളിൽ കൂടുതലും സാമ്പത്തിക തട്ടിപ്പുകളാണ്. പകുതിയിലേറെ സൈബർ ആക്രമണങ്ങളും വിയറ്റ്നാം, കമ്പോഡിയ, ചൈന, മ്യാൻമാർ

തുടങ്ങിയ രാജ്യങ്ങൾ കേന്ദ്രീകരിച്ചാണ് നടത്തുന്നതെന്നാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ടുള്ള തട്ടിപ്പുകളും 2024-ൽ വലിയ തോതിൽ നടന്നു. എ.ഐ. (നിർമ്മിത ബുദ്ധി)യിലൂടെ സൃഷ്ടിക്കുന്ന ഡീപ്ഫേക്ക് വീഡിയോസ്, വോയിസ് ക്ലോണിങ് എന്നിവ ഉപയോഗിച്ചുള്ള സ്കാമുകളിൽ പലരും ഇരയായിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്താനും തടയാനുമായി നിരവധി നടപടികളാണ് കേരള പോലീസ് സ്വീകരിച്ചത്. സൈബർ കുറ്റകൃത്യങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ അതിന് തടയിടുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് പ്രത്യേക സൈബർ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. കാലോചിതമായ മാറ്റമാണ് പോലീസ് രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് പ്രത്യേക സൈബർ ഡിവിഷൻ രൂപീകരിച്ചു. തട്ടിപ്പിനായി ഉപയോഗിച്ച 27680 ബാങ്ക് അക്കൗണ്ടുകളും 11999 സിം കാർഡുകളും 17734 വെബ്സൈറ്റുകളും സൈബർ ഡിവിഷന്റെ കീഴിൽ

പ്രവർത്തിക്കുന്ന സൈബർ ഫ്രോഡ് ആൻഡ് സോഷ്യൽ മീഡിയ വിങിന്റെ നേതൃത്വത്തിൽ പ്രവർത്തന രഹിതമാക്കി. 8369 സാമൂഹ്യ മാധ്യമ പ്രൊഫൈലുകളും 537 വ്യാജ മൊബൈൽ ആപ്ലിക്കേഷനുകളും കണ്ടെത്തി നിയമ നടപടി സ്വീകരിച്ചു. വിദേശ രാജ്യങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് കേന്ദ്രങ്ങളിലേക്ക് ഇന്ത്യയിൽനിന്ന് ആൾക്കാരെ നിയോഗിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ 17 കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. 16 ഏജന്റുമാരെ അറസ്റ്റ് ചെയ്തു. 'ഓപ്പറേഷൻ പി-ഹണ്ട്' പരിശോധനയിൽ 395 കേസ് രജിസ്റ്റർ ചെയ്യുകയും 37 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. 2347 പരിശോധനകളിലായി 881 ഇലക്ട്രോണിക് ഉപകരണങ്ങളാണ് പിടിച്ചെടുത്തത്. ഓൺലൈൻ തട്ടിപ്പിലൂടെ നഷ്ടപ്പെട്ട 201 കോടി രൂപയിൽ 37 കോടി രൂപ കണ്ടെടുക്കുകയുണ്ടായി.

സൈബർ കുറ്റകൃത്യങ്ങൾക്ക് എതിരായ പോരാട്ടത്തിൽ കേരള സൈബർ ഡിവിഷൻ അതിന്റെ സൈബർ ഫ്രോഡ് ആൻഡ് സോഷ്യൽ മീഡിയ വിഭാഗത്തിലൂടെ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മികച്ച പ്രകടനത്തിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അവാർഡ് കേരള പോലീസിനാണ് ഈ കാലയളവിൽ ലഭിച്ചത്.

ഓൺലൈൻ സാമ്പത്തിക കുറ്റങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി ഉദ്ദേശിച്ച ' 1930' എന്ന ഹെൽപ് ലൈൻ മുഖാന്തരം 2023-ൽ മാത്രം 23748 പരാതികൾ ലഭിച്ചു. തട്ടിപ്പിലൂടെ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട 201 കോടി രൂപയിൽ 37 കോടി രൂപ തിരിച്ചുപിടിച്ചു. 2024 ആഗസ്റ്റ് വരെ ലഭിച്ച 27723 പരാതികളിൽനിന്ന് നഷ്ടപ്പെട്ട 514 കോടി രൂപയിൽ 70 കോടി രൂപ തിരിച്ച് പിടിക്കാൻ പോലീസിന് കഴിഞ്ഞു.

രജിസ്റ്റർ ചെയ്യുന്ന കേസുകൾ അന്വേഷിച്ച് കുറ്റപത്രം സമർപ്പിക്കുന്നതിൽ കേരളം മുന്നിലെന്ന് ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2022-ൽ സംസ്ഥാനത്തെ ഇന്ത്യൻ ശിക്ഷാ നിയമം (ഐ.പി.സി.) പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ 96 ശതമാനത്തിലും പ്രത്യേക സംസ്ഥാന നിയമങ്ങൾ (എസ്.എൽ.എൽ.) പ്രകാരം രജിസ്റ്റർ ചെയ്ത 99 ശതമാനത്തിലും കുറ്റപത്രം സമർപ്പിച്ചുകഴിഞ്ഞു. 2022 ക്രൈം

റിപ്പോർട്ടിലാണ് വിവരങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണത്തിലും കേരളം വളരെ മുന്നിലാണ്. 2022-ൽ കേരളത്തിൽ 502311 പേർ ഐ.പി.സി. കേസുകളിൽ ശിക്ഷിക്കപ്പെടുകയുണ്ടായി.

ക്രിപ്റ്റോ കറൻസിയിലൂടെയുള്ള തട്ടിപ്പുകൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം തട്ടിപ്പുകൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും ഇത്തരം ഇടപാടുകൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുമായി കേരള പോലീസ് ക്രിപ്റ്റോ കറൻസി അനാലിസിസ് ടൂൾ ഉപയോഗിച്ചുവരുന്നുണ്ട്. ക്രിപ്റ്റോ കറൻസിയിലൂടെയുള്ള തട്ടിപ്പ് കേസുകളിൽ ക്രിപ്റ്റോ കറൻസി ട്രാൻസാക്ഷനുകൾ പരിശോധിച്ച് എക്സ്ചേഞ്ചുകളിലെ ഡെപ്പോസിറ്റ് വാലറ്റുകൾ കണ്ടെത്തി അവയുടെ വിവരങ്ങൾ ശേഖരിച്ച് പ്രതികളിലേക്ക് എത്തിപ്പെടാൻ കൂടി ഇപ്പോൾ സാധിച്ചിരിക്കുകയാണ്. പോലീസ് വകുപ്പിലെ സൈബർ ഭീഷണികളെ കണ്ടെത്തുന്നതിനും അവ പ്രതിരോധിക്കുന്നതിനും നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിലൂടെ ലോഗുകൾ നിരീക്ഷിക്കുകയും സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്തുകയും അതിൽ നിർമ്മിത ബുദ്ധി സംയോജിപ്പിച്ച്

അലെർട്ടുകൾ നൽകുകയും ചെയ്യുന്നു. എ.ഐ.-പവേർഡ് സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ നടപ്പാക്കുന്ന ഇന്ത്യയിലെ ആദ്യ പോലീസ് വിഭാഗമാണ് കേരള പോലീസ് എന്നത് നമുക്ക് അഭിമാനിക്കാവുന്നതാണ്. ഡിജിറ്റൽ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വർധിച്ചുവരുന്ന നൂതന സൈബർ തട്ടിപ്പുകളിൽനിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനുമായി കേരള പോലീസ് (സൈബർ വിഭാഗം) വിഭാവനം ചെയ്ത 'സൈബർ വാൾ' പദ്ധതി പ്രാരംഭഘട്ടത്തിലാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഫോൺ നമ്പറുകൾ, ഇ-മെയിൽ ഐ.ഡി.-കൾ, സോഷ്യൽ മീഡിയ പ്രൊഫൈലുകൾ, എക്സിക്യൂട്ടബിൾ ഫയലുകൾ, സ്ക്രീൻ ഷോട്ടുകൾ, എസ്.എം.എസ്., ഇ-മെയിൽ ഉള്ളടക്കമുള്ള മറ്റ് ഡിജിറ്റൽ വിവരങ്ങൾ എന്നിവ പരിശോധിച്ച് വിശകലനം ചെയ്ത് ഒരു ട്രസ്റ്റ് സ്കോർ നൽകി ഡിജിറ്റൽ ഇടങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തി സൈബർ തട്ടിപ്പുകളിൽനിന്നും പൊതുജനങ്ങളെ സംരക്ഷിക്കുക എന്നതാണ് 'സൈബർ വാൾ' പ്രോജക്ടിന്റെ ലക്ഷ്യം. ഇക്കാര്യങ്ങളെല്ലാം കാലോചിതമായി, ഈ കാലഘട്ടത്തിന്റെ പ്രത്യേകതയനുസരിച്ച്

നടപ്പാക്കിക്കൊണ്ടാണ് കേരള പോലീസ് ഇപ്പോൾ മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്, പഴയകാല പോലീസിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനോടൊപ്പം കാലാനുസൃതമായ, പ്രത്യേകിച്ച്, ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങളും ശാസ്ത്ര-സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് നടത്താവുന്ന പരീക്ഷണങ്ങളുമെല്ലാം നടത്തിക്കൊണ്ടാണ് പോലീസ് മുന്നോട്ടുപോകുന്നത്. കേരള പോലീസ് സൈബർ ഡിവിഷന്റെ കീഴിൽ പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലിന്റെ '1930' എന്ന ഹെൽപ്‌ലൈൻ നമ്പർ പോലീസ് ആസ്ഥാനത്ത് പബ്ലിക് ഔട്ട് റീച്ച് ഗ്രൂപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ നമ്പറിലൂടെ രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതിക്കാരുടെ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ബാങ്കുകളുടെ സഹായത്തോടെ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുന്നുവെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. ആളുകൾ അറിയാതെ അതായത്, സമ്പത്തിന്റെ

ഉടമയറിയാതെ അക്കൗണ്ട് നമ്പറുകൾ തെറ്റായ രീതിയിൽ ശേഖരിച്ച് അത് കൈകാര്യം ചെയ്തുകൊണ്ട് പണം പിടിച്ചെടുക്കുന്ന സംവിധാനങ്ങളാണ് ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുന്നത്.

മാരക ലഹരിമരുന്നുകൾ പിടിമുറുക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളവും അതിവേഗം മാറുകയാണ്. പിടിക്കപ്പെടുന്ന മയക്കുമരുന്നുകളുടെ അളവിലെ വർധന, വില്പനക്കാരുടെ എണ്ണത്തിലുണ്ടാകുന്ന വർധന, വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമിടയിലെ അതിവേഗവ്യാപനം എന്നിവ കേരളത്തെ ഭയപ്പെടുത്തുകയാണ്. എല്ലാ അർഥത്തിലും കേരളീയ സമൂഹം ഞെട്ടലോടുകൂടിയാണ് ഓരോ ദിവസവും പുറത്തുവരുന്ന രാസലഹരി മാഫിയയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അത് കണ്ടെത്തിക്കൊണ്ടുള്ള വാർത്തകളെക്കുറിച്ചുമൊക്കെ കേൾക്കുന്നത്. നിരവധി കുറ്റകൃത്യങ്ങളിൽ മയക്കുമരുന്ന് മുഖ്യകണ്ണിയായി മാറുകയും ചെയ്യുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സമീപകാലത്ത് കേരളത്തിലുണ്ടായ നിരവധി ആക്രമണങ്ങളിൽ പ്രതികളുടെ മയക്കുമരുന്ന് ഉപയോഗവും മയക്കുമരുന്ന് സംഘങ്ങളുമായുള്ള ബന്ധവും കാരണമായിട്ടുണ്ടെന്നത് ബോധ്യപ്പെട്ട്

കഴിഞ്ഞിട്ടുള്ളതാണ്. പ്രണയനൈരാശ്യത്തിന്റെ പകതീർക്കുന്ന ആക്രമണങ്ങളിലും കൊലപാതകങ്ങളിലും ഉൾപ്പെടെ മയക്കുമരുന്നിന്റെ പങ്ക് പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. മയക്കുമരുന്നും ക്വട്ടേഷൻ സംഘങ്ങളും തമ്മിലുള്ള ബന്ധം പലവിധത്തിൽ പുറത്തുവന്നിട്ടുണ്ട്. മയക്കുമരുന്നിന് അടിമകളാക്കപ്പെടുന്ന ചെറുപ്പക്കാരുടെ എണ്ണം കൂടുന്നതും അവർ മയക്കുമരുന്ന് വാഹകരായി മാറുന്നതും വ്യക്തമാക്കുന്ന കേസുകളേറെ ഇന്നുണ്ടായിക്കൊണ്ടിരിക്കുകയാണ്. എന്തുതരം ക്രൂരതയും ചെയ്യാൻ മടിയില്ലാത്ത സംഘങ്ങൾ ഇവരിലൂടെ രൂപപ്പെടുന്നുവെന്നത് ഇതിനെക്കുറിച്ച് അറിയാവുന്നവരുടെ ഉറക്കംകെടുത്തുന്ന കാര്യമായി മാറിയിരിക്കുകയാണ്. മയക്കുമരുന്നുകൾ അത്രമേൽ അവരുടെ തലച്ചോറിനെ സ്വാധീനിക്കുന്നുയെന്നത് വെറും നിരീക്ഷണമല്ല; മനോരോഗ വിദഗ്ധരുടെ കണ്ടെത്തലാണെന്നുകൂടി നാം മനസ്സിലാക്കണം. പോലീസും സൈക്യാട്രിസ്റ്റുകളും ഒരുപോലെ ഇതുചൂണ്ടിക്കാണിക്കുന്ന കാര്യമാണ്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കാലത്തിനനുസരിച്ച് ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുംവിധം പോലീസ് സംവിധാനങ്ങളെ ആധുനികവൽക്കരിക്കുക എന്ന

ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് അടിസ്ഥാനസൗകര്യ വികസനങ്ങൾക്കുപരിയായി സർക്കാർ നടപ്പിലാക്കിയത്. വിവിധ ആവശ്യങ്ങൾക്കായി സ്റ്റേഷനിൽ നേരിട്ടെത്തുന്ന രീതിക്ക് മാറ്റം വരുത്തുക എന്നത് പ്രധാനമായിരുന്നു. പരാതികൾ ഓൺലൈനായി സ്വീകരിക്കുന്ന പ്രത്യേക പോർട്ടൽ, 'തുണ' , ' POL-APP' എന്നിവ പ്രധാനമായും നമുക്ക് കാണാൻ കഴിയും. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ എത്തിച്ചേരുന്നവരെ സഹായിക്കുന്നതിന് ഒരു പി.ആർ.ഒ.-യെ നിയോഗിച്ചിട്ടുണ്ട്. പരാതിക്കാർക്ക് സ്വദേശത്തുനിന്നും വിദേശത്തുനിന്നും പരാതികൾ സമർപ്പിക്കാനാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ലഭിക്കുന്നുണ്ട്. അവയിൽ സ്വീകരിച്ച നടപടികൾ അറിയുന്നതിനായി ഒരു ഓൺലൈൻ/വെർച്വൽ പോലീസിങ് സംവിധാനം നിലവിലുണ്ട്. എല്ലാ പരാതികളും കൃത്യമായി രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്നതും ഇതിൽ പ്രധാനമാണ്. അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികൾക്ക് ഓൺലൈനായി വീഡിയോ കോൺഫറൻസിങ് സംവിധാനത്തിലൂടെ മൊഴി രേഖപ്പെടുത്തുന്നതിനും

കഴിയുന്നുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങളും സൈബർ കുറ്റകൃത്യങ്ങളും വർധിച്ചുവരുന്ന ഇക്കാലത്ത് കുറ്റവാളികളെ കണ്ടെത്തുകയെന്നത് പോലീസിന് വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഫെയ്സ് റെക്കഗ്നിഷൻ സിസ്റ്റം ഏത് കുറ്റവാളിയെയും തിരിച്ചറിയുന്നതിന് സഹായകരമായ സംവിധാനമാണ്. 33 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പുതുതായി നിലവിൽ സംസ്ഥാനത്ത് നിർമ്മിക്കുന്നുണ്ട്. സമൂഹത്തിലെ മുതിർന്ന പൗരൻമാരുടെ സുരക്ഷ മുൻനിർത്തി വയോജനങ്ങൾക്കും കിടപ്പ് രോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും സഹായകരമായി ജനമൈത്രി ബീറ്റ് ഓഫീസർമാരും കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് പുതുതായി 70 സ്കൂളുകളിൽ എസ്.പി.സി. അനുവദിച്ചിട്ടുണ്ടെന്നുള്ളതും ഈ കാലഘട്ടത്തിലെ പ്രത്യേകതയായി നമുക്ക് കാണാൻ കഴിയും. 15-03-2025-ന് ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പോലീസ് സബ്ഡിവിഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് ഏറ്റവും വലിയ സംഘടിതമായ പ്രവർത്തനം താഴെനിലയിൽതന്നെ നടത്താൻ കഴിയുന്ന

കുടുംബശ്രീയുമായി ചേർന്നുകൊണ്ട് 'സ്നേഹിത' എന്ന പദ്ധതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. അതിന്റെ ഭാഗമായി പോലീസിൽ എത്തുന്ന കുടുംബ ബന്ധങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്ന അല്ലെങ്കിൽ കെട്ടുപിണഞ്ഞുകിടക്കുന്ന വിഷയങ്ങൾക്കുകൂടി പരിഹാരമുണ്ടാക്കുന്നതിന് പോലീസ് മാത്രമല്ല, എല്ലാതരത്തിലും ഇവരുമായി സംസാരിക്കാൻ കഴിയുന്ന സൈക്യാട്രിസ്റ്റുകളെക്കൂടി ഉൾപ്പെടുത്തി കൗൺസിലിങ് സംവിധാനമുണ്ടാക്കാനാവശ്യമായ കാര്യങ്ങൾകൂടി നടക്കുന്നുണ്ട്. ഈ രീതിയിലുള്ള വലിയ മാറ്റങ്ങളാണ് ഈ കാലഘട്ടത്തിൽ പോലീസ് മേഖലയിൽ നമുക്ക് കാണാൻ കഴിയുന്നതെന്നുകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കാലോചിതമായ മാറ്റങ്ങൾ, പുതിയ കാലഘട്ടത്തിന്റെ സൗകര്യങ്ങളുപയോഗിച്ച് ജയിലുകളുടെ പ്രവർത്തനംകൂടി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾക്ക് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. കെ. വി. സുമേഷ് കേരള പോലീസിന്റെ മികവിനെക്കുറിച്ചും കഴിവുകളെക്കുറിച്ചും കേരള പോലീസ് തുമ്പുണ്ടാക്കിയ കേസുകളെക്കുറിച്ചും പ്രതിപാദിച്ചിരുന്നു. അതിൽ ഞങ്ങൾക്കാർക്കും ഒരു അഭിപ്രായ വ്യത്യാസവുമില്ല. കേരള പോലീസ് കഴിവുള്ള വിഭാഗമാണ്. അവർ നല്ല മികവ് കാണിക്കുന്നുണ്ട്. നിരവധി കേസുകൾ തെളിയിച്ചിട്ടുമുണ്ട്. എല്ലാ ഭരണകാലത്തും പോലീസ് അവരുടെ കഴിവുകൾ തെളിയിച്ചിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. രാഷ്ട്രീയ ഇടപെടലുകൾ ഇപ്പോൾ കേരളത്തിലില്ലെന്നുകൂടി അദ്ദേഹം പറയുകയുണ്ടായി. XXXXXXXX+ എന്ന് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതിന്റെ ശരിയായ അർഥം ശ്രീ. കെ. വി. സുമേഷിന്റെ പ്രസംഗം കേട്ടപ്പോഴാണ് എനിക്ക് മനസ്സിലായതെന്ന് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ചെയർപേഴ്സൺ: ആ പദം ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്... (ബഹളം)..... അങ്ങ് അത് പിൻവലിക്കണം.

---

\+ ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരള നിയമസഭയുടെ റിക്കാർഡ് പരിശോധിച്ചാൽ ഇതിനുമുമ്പും പല എം.എൽ.എ.-മാരും ആ പദം ഉപയോഗിച്ചിട്ടുള്ളതായി കാണാൻ സാധിക്കും.

ചെയർപേഴ്സൺ: ഉപയോഗിച്ചിട്ടുണ്ട്... പക്ഷെ ഇക്കാലത്ത് ആ വാക്ക് ഉപയോഗിക്കുന്നത് ശരിയല്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാനത് പിൻവലിച്ചു... ഒരു തർക്കവുമില്ല..... കഴിഞ്ഞദിവസം ഭരണപക്ഷത്തിരിക്കുന്ന ബഹുമാന്യനായ എച്ച്. സലാം എം.എൽ.എ., മുസ്ലീം ലീഗിന്റെ യോഗങ്ങളിൽ ചിക്കൻ ബിരിയാണി വിളമ്പുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. കാലം മാറിയിരിക്കുന്നുവെന്നാണ് എനിക്ക് അതുസംബന്ധിച്ച് പ്രിയപ്പെട്ട എച്ച്. സലാമിനോട് പറയാനുള്ളത്. ചിക്കൻ ബിരിയാണി വിളമ്പുന്നതൊക്കെ പഴയ രീതിയാണ്. നിങ്ങൾ കട്ടൻചായയും പരിപ്പുവടയും ഉപേക്ഷിച്ചതുപോലെ ഞങ്ങളും എന്നോ ഉപേക്ഷിച്ചതാണ് ബിരിയാണി. ഇപ്പോൾ ബിരിയാണിയെക്കാൾ മുന്തിയ ആഹാരങ്ങളാണ് ഞങ്ങളുടെ യോഗത്തിലൊക്കെ വിളമ്പുന്നത്. അതെന്താണെന്ന് പറഞ്ഞാൽ ശ്രീ. എച്ച്.

സലാം ഇപ്പോൾതന്നെ വണ്ടികയറി നേരെ പാണക്കാട്ടേക്കുപോയി മുസ്ലീം ലീഗിന്റെ മെമ്പർഷിപ്പ് ചോദിക്കും. ഇന്നുരാവിലെ ചോദ്യോത്തര വേളയിൽ ഓൺലൈൻ തട്ടിപ്പിനെക്കുറിച്ചായിരുന്നു ചർച്ച ചെയ്തത്. അതിൽ സൈബർ പോലീസിനെ ശക്തമാക്കണമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എന്നാൽ ഈ ഓൺലൈൻ തട്ടിപ്പുസംഘം അധികവും വിഹരിക്കുന്നത് ഉത്തരേന്ത്യയിലാണ്. കേരളത്തിൽനിന്ന് കേസന്വേഷണവുമായി ബന്ധപ്പെട്ട് നമ്മുടെ സൈബർ പോലീസ് വിങ്ങിന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പോകണമെങ്കിൽ വലിയ ചെലവുവരുമെന്ന് നമുക്കെല്ലാവർക്കും അറിയാം. സർക്കാർ ടി.എ. നൽകുന്നുണ്ടെങ്കിലും അത് ലഭിക്കണമെങ്കിൽ വർഷങ്ങളോളം അവർക്ക് കാത്തിരിക്കേണ്ടി വരും. മാത്രമല്ല, ഒരു ദിവസത്തെ ഡി.എ. എന്നത് 600 രൂപയാണ്. ഉത്തരേന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്തുപോയി ഒരു ദിവസം താമസിക്കണമെങ്കിൽ ഈ 600 രൂപ കൊണ്ട് സാധിക്കുകയില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. അവരുടെ താമസസൗകര്യം, ഭക്ഷണം തുടങ്ങിയവയ്ക്ക് 600 രൂപ തികയില്ല. അതുകൊണ്ട് ആ തുക വർധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

നേരിട്ട് പങ്കെടുക്കേണ്ട ഒരു പരിപാടി ഈ അടുത്തകാലത്ത് കാസർഗോഡ് ജില്ലയിൽ നടന്നിരുന്നു. അവിടെ സൈബർ ക്രൈം പോലീസ് സ്റ്റേഷന്റെയും വനിതാ പോലീസ് സ്റ്റേഷന്റെയും ഒരു ടർഫിന്റെയും ഉദ്ഘാടനം കഴിഞ്ഞു. കാസർഗോഡ് ജില്ലയ്ക്ക് ഇങ്ങനെയുള്ള സംവിധാനങ്ങൾ നൽകിയതിന് ഞാൻ ആഭ്യന്തര വകുപ്പിനെ അഭിനന്ദിക്കുകയാണ്. പക്ഷെ ഇതിന്റെയെല്ലാം ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈനിലൂടെയാണ് നിർവഹിച്ചത്. എല്ലാ എം.എൽ.എ.-മാരും ആ പരിപാടിയിൽ പങ്കെടുത്തതുകൊണ്ട് പോലീസ് ഉദ്യോഗസ്ഥർക്ക് വളരെയധികം സന്തോഷമായി. പക്ഷെ മുഖ്യമന്ത്രിയുടെ സാന്നിധ്യം അവിടെയുണ്ടായില്ല. അതുകൊണ്ട് ഇതുപോലുള്ള പരിപാടികളിൽ നേരിട്ട് പങ്കെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. 'ഓൺലൈൻ' എന്നത് കോവിഡ് സമ്മാനിച്ച ഒരു സംഗതിയാണ്. കോവിഡിന്റെ ഒരു ശേഷിപ്പാണ് ഓൺലൈൻ പരിപാടി/ഓൺലൈൻ ഉദ്ഘാടനം. കോവിഡിന്റെ ഏറ്റവും വലിയ ശത്രു ആരാണെന്ന് ചോദിച്ചാൽ അത് കേരളത്തിലെ മുഖ്യമന്ത്രിയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, സംസ്ഥാനത്തുനിന്ന്

കോവിഡിനെ ആട്ടിപ്പായിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച ഒരാൾ നമ്മുടെ മുഖ്യമന്ത്രിയാണെന്നാണല്ലോ പറയുന്നത്; ആ മുഖ്യമന്ത്രി കോവിഡിന്റെ ഈ ശേഷിപ്പിനെ ഒരിക്കലും അംഗീകരിക്കാൻ പാടില്ല. കോവിഡിന്റെ മുഖ്യശത്രുവാണെങ്കിൽ കോവിഡിന്റെ പ്രോഡക്റ്റായ ഈ ഓൺലൈൻ ഉദ്ഘാടനത്തെയും അദ്ദേഹം അംഗീകരിക്കാൻ പാടില്ലെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്.

മയക്കുമരുന്ന് തടയുന്നതിനെക്കുറിച്ച് സഭയിലൊക്കെ കുലങ്കഷമായി ചർച്ച ചെയ്തു. പോലീസ് സ്റ്റേഷനുകളിൽ അതിനൊത്ത് എന്ത് സജ്ജീകരണങ്ങൾ ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നതിനെക്കുറിച്ചാണ് നമ്മൾ ചിന്തിക്കേണ്ടത്. മയക്കുമരുന്ന് കേസ് കൈകാര്യം ചെയ്യാൻ മാത്രം ഒരു പ്രത്യേക വിങ് വേണമെന്നാണ് എനിക്ക് നിർദേശിക്കാനുള്ളത്. ഓരോ ജില്ലയിലും നാർക്കോട്ടിക് ഡിവൈ.എസ്.പി.-യും അദ്ദേഹത്തിന് ഒരു ഓഫീസും അവിടെ നാലഞ്ച് കസേരയും ഒന്നുരണ്ട് ഉദ്യോഗസ്ഥരുമുണ്ടാകും. അവർക്കവിടെ ഒരു പണിയുമില്ല. അതുകൊണ്ട് എല്ലാ ജില്ലകളിലും പ്രത്യേക വിങ് വേണമെന്നാണ് എന്റെ ഒരു നിർദേശം. അതുപോലെ, സ്ത്രീകളെയും കുട്ടികളെയും ഉപയോഗിച്ച്

മയക്കുമരുന്ന് കടത്തുന്നത് വ്യാപകമായിരിക്കുന്നു. അതിനാൽ സ്ത്രീ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർധിപ്പിക്കേണ്ടതും വളരെ അത്യാവശ്യമാണ്. മയക്കുമരുന്ന് ലഹരിയുടെ മൂലകാരണം കണ്ടുപിടിക്കണം. അതിനുവേണ്ടി ഓരോ പോലീസ് സ്റ്റേഷനും സീക്രറ്റ് ഫണ്ട് അനുവദിക്കണമെന്നതാണ് എന്റെ മറ്റൊരു നിർദേശം. നാം അറിയാത്ത, നമ്മുടെ ചർച്ചകളിലൊന്നും ഉൾപ്പെടാത്ത, നമുക്ക് ചിന്തിക്കാൻപോലും കഴിയാത്ത മാഫിയയാണ് ഈ മയക്കുമരുന്നിന് പിന്നിൽ പ്രവർത്തിക്കുന്നത്. ഒരു മാഫിയാ സംഘത്തെക്കുറിച്ച് മറ്റൊരു മാഫിയയ്ക്ക് മാത്രമേ അറിയാൻ കഴിയുകയുള്ളൂ. ഈയിടെ കാസർഗോഡ് ജില്ലയിൽ ഒരാൾ ഒരു പോലീസ് ഉദ്യോഗസ്ഥനെ വിളിച്ച് വൻ മാഫിയാ സംഘത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് വിവരം നൽകിയാൽ പകരം എനിക്ക് എന്തുകിട്ടുമെന്ന് ചോദിക്കുകയുണ്ടായി. അക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്, ഇൻഫോർമർ നൽകുന്ന ഇൻഫർമേഷന്റെ അടിസ്ഥാനത്തിലാണ് കസ്റ്റംസ് ഡിപ്പാർട്ട്മെന്റ് പലപ്പോഴും സ്വർണ്ണവേട്ട നടത്തുന്നത്. അതിന്റെ ഭാഗമായി ആ ഇൻഫോർമർക്ക് അവർ റിവാർഡ് നൽകുകയും ചെയ്യും. അതുപോലെ, മയക്കുമരുന്നുമായി ബന്ധപ്പെട്ട്

ഇൻഫർമേഷൻ നൽകുന്ന ആളുകൾക്ക് റിവാർഡ് നൽകുന്നതിനെക്കുറിച്ച് സർക്കാർ ചിന്തിക്കേണ്ടതുണ്ട്. കൂടാതെ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിക്കേണ്ടതും നാർക്കോട്ടിക് ഡിറ്റക്ഷൻ കിറ്റ് എല്ലാ ജില്ലകളിലും ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യേണ്ടതുമുണ്ട്. എല്ലാ മയക്കുമരുന്ന് കേസുകളിലും ശരിയായ ഇൻവെസ്റ്റിഗേഷൻ നടക്കുന്നില്ല. ഇക്കാര്യത്തിൽ പോലീസിന് ട്രെയിനിങ് നൽകേണ്ടതും പോലീസിന്റെ അംഗബലം വർധിപ്പിക്കേണ്ടതുമുണ്ട്. ഈ സാമ്പത്തിക പ്രതിസന്ധിക്കിടയിലും ധനകാര്യ വകുപ്പ് ഉൾപ്പെടെ നിരവധി .......

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും സഭയിൽനിന്ന് അല്പം മാറിനിൽക്കേണ്ടി വരും. എന്നാൽ ആഭ്യന്തര വകുപ്പിന്റെ ചർച്ച നടക്കുന്ന വേളയിൽ ആഭ്യന്തര വകുപ്പിൽനിന്നുമുള്ള ഒരു ഉദ്യോഗസ്ഥൻപോലും നമ്മുടെ ഗാലറിയിൽ ഹാജരല്ലെന്നത് ശരിയല്ല. വകുപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു ഉദ്യോഗസ്ഥൻപോലും ഇവിടെ സന്നിഹിതരല്ല. ഇത് അത്യന്തം പരാജയമാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ ഗവൺമെന്റ് ഗൗരവമായി കാണേണ്ട പ്രശ്നമാണിത്. ഇത്തരത്തിൽ

ഈ സഭയിൽ ഇതിനുമുമ്പ് ഒരിക്കലുമുണ്ടായിട്ടില്ല. എന്തൊരു നിരുത്തരവാദപരമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അങ്ങേയ്ക്ക് ഇതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ചെയർപേഴ്സൺ: അങ്ങയുടെ സമയമാണ് പോകുന്നത്. മന്ത്രി പറയുന്നുണ്ട്. മന്ത്രിക്ക് മൈക്ക് കൊടുക്കൂ....

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇവിടത്തെ ചർച്ച മുഴുവൻ ഞാൻ ശ്രദ്ധിക്കുന്നുണ്ട്. സർക്കാരിനുവേണ്ടി പാർലമെന്ററികാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ ഞാൻ ഈ സഭയിലുണ്ടല്ലോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഈ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേണമെന്നില്ല. പക്ഷെ ഈ വിഷയം അങ്ങ് ഉൾപ്പെടെ പരിശോധിക്കേണ്ടതുണ്ട്. എത്രയോ കാലമായി നമ്മളെല്ലാവരും ഈ സഭയിലുള്ളതാണ്.

ചെയർപേഴ്സൺ: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉണ്ടോ ഇല്ലയോ എന്നുള്ളത് പരിശോധിക്കാം.

ശ്രീ. മോൻസ് ജോസഫ്: സർ, ഒരു സെക്കന്റ് കൂടി അനുവദിക്കണം. ആഭ്യന്തര വകുപ്പിന്റെ ചർച്ചയിൽ കേരളത്തിലെ ഗൗരവമായ വിഷയം ചർച്ച ചെയ്യുമ്പോൾ വകുപ്പുദ്യോഗസ്ഥർ ഇതുപോലെ അനാസ്ഥ കാണിക്കുന്ന സാഹചര്യം മേലിൽ ആവർത്തിക്കാതിരിക്കാൻ ബഹുമാനപ്പെട്ട ചെയർ ഇടപെടണമെന്ന് അഭ്യർഥിക്കുന്നു.

ചെയർപേഴ്സൺ: തീർച്ചയായും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പറയാൻ ഉദ്ദേശിച്ച കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സാധാരണഗതിയിൽ ആഭ്യന്തര വകുപ്പിന്റെ, അല്ലെങ്കിൽ ഏത് വകുപ്പിന്റെ ചർച്ച വന്നാലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സഭയിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. ചെയർ എന്നുള്ള നിലയിൽ അങ്ങ് റൂളിങ് നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ചെയർപേഴ്സൺ: തീർച്ചയായും. പരിശോധിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സാമ്പത്തിക പ്രതിസന്ധിക്കിടയിലും ധനകാര്യ വകുപ്പ് ഉൾപ്പെടെ നിരവധി വകുപ്പുകൾ പുതിയ വാഹനങ്ങൾ

വാങ്ങിയെന്നുള്ള വാർത്ത കഴിഞ്ഞ ആഴ്ചയിലെ പത്രങ്ങളിൽ വന്നിരുന്നു. പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അവിടെ വാഹനങ്ങൾ കുറവാണ്. എന്നാൽ ഉള്ള വാഹനങ്ങളിൽ പ്രതികളെയും മോഷ്ടാക്കളെയുമൊക്കെ പിടികൂടാൻ പോയാൽ അവരൊക്കെ ഓടിരക്ഷപ്പെട്ടിട്ടുണ്ടാകും. ഹൈവേ പോലീസ് .....

ചെയർപേഴ്സൺ: അങ്ങയുടെ സമയം കഴിഞ്ഞു..... കൺക്ലൂഡ് ചെയ്യൂ... അങ്ങാണ് വഴങ്ങികൊടുത്തത്. അങ്ങ് വഴങ്ങുമ്പോൾ ആദ്യമേ ചെയർ പറഞ്ഞിരുന്നു...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട മന്ത്രിയും മുൻമന്ത്രിയും ഒക്കെ ചോദിക്കുമ്പോൾ ഞാൻ വഴങ്ങണ്ടേ...

ചെയർപേഴ്സൺ: കൺക്ലൂഡ് ചെയ്യൂ..... പ്രസംഗം കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഒരു രണ്ട് മിനിട്ടുകൂടി അനുവദിക്കണം. ഹൈവേ പോലീസ് വാഹനങ്ങളെകുറിച്ചാണ് എനിക്ക് പറയാനുള്ളത്. ഹൈവേ പോലീസ് വാഹനങ്ങളുടെ സ്ഥിതി അതിശോചനീയമാണെന്ന്

നമുക്കെല്ലാവർക്കും അറിയാം. സ്റ്റിയറിങ്ങും സീറ്റും കയറിട്ട് കെട്ടിയിട്ടാണ് ഹൈവേ പോലീസ് വാഹനങ്ങൾ പോകുന്നത്. ഹൈവേ പോലീസ് വാഹനങ്ങൾ പോഷ് ആയിരിക്കണം. നാഷണൽ ഹൈവേയുടെ പണി പൂർത്തിയാകുമ്പോൾ കൂടുതൽ ടൂറിസ്റ്റുകളെ നാം പ്രതീക്ഷിക്കുന്നു. അപ്പോൾ അതിലൂടെ സഞ്ചരിക്കുന്ന ടൂറിസ്റ്റുകൾ നമ്മുടെ ഹൈവേ പോലീസ് വാഹനങ്ങൾ കണ്ടാൽ അവർക്ക് എന്ത് ഫീലിങ്ങായിരിക്കുമുണ്ടാകുന്നത്; അതുകൊണ്ട് ആ കാര്യത്തിൽക്കൂടി സർക്കാർ ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുകയാണ്. അതുപോലെ, പോലീസിൽ എട്ട് മണിക്കൂർ ജോലി എന്നത് നമ്മൾ കുറേക്കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണ്. ഉത്സവങ്ങളും കുടുംബപരിപാടികളുമൊക്കെ ആഘോഷിക്കാൻ സാധിക്കാത്ത ഒരു വിഭാഗമാണ് കേരളത്തിലെ പോലീസുകാർ. ഓണം, വിഷു, പെരുന്നാൾ, ക്രിസ്തുമസ് തുടങ്ങിയവയൊക്കെ കുടുംബസമേതം ആഘോഷിക്കുകയെന്ന നമ്മുടെയെല്ലാം ആനന്ദമാണ് പോലീസുകാർക്ക് ഇല്ലാതാകുന്നത്...... (മൈക്ക് ഓഫ്)

ശ്രീ. ജോബ് മൈക്കിൾ: സർ, പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും, വാർത്താവിതരണവും പ്രചരണവും, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്നീ ധനാഭ്യർഥനകളെ ഞാൻ പിന്തുണക്കുകയാണ്. നമ്മുടെ പോലീസ് സേന നവീകരണത്തിന്റെ പാതയിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിൽ വലിയ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. ഏകദേശം 5000 സ്ഥിരനിയമനങ്ങൾ നൽകിയതോടൊപ്പം പോലീസ് വകുപ്പിൽ മാത്രം 850-ൽപ്പരം താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുകയും പി.എസ്.സി. മുഖേന 20000-ത്തിലധികം നിയമനങ്ങൾ നടത്തുകയും ചെയ്ത സർക്കാരാണ് ഇവിടെ ഭരിക്കുന്നത്. ഞാൻ ഈ സർക്കാരിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. വനിതാ പോലീസ് ബറ്റാലിയൻ നടപ്പാക്കി പാസിങ് ഔട്ട് പരേഡും നടത്തി കേരളത്തിൽ വനിതകൾക്ക് മാത്രമായി ഒരു ബറ്റാലിയനുണ്ടാക്കിയ സർക്കാരാണ് ഇവിടെയുള്ളത്. കേന്ദ്രം നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി

പ്രതിസന്ധിയിലാക്കുമ്പോഴും വികസനമുരടിപ്പുണ്ടാകാതെ സംസ്ഥാനത്തിന് വരുമാനം വർധിപ്പിക്കുന്നതിനും വികസനങ്ങൾ ഉണ്ടാക്കുന്നതിനും സാധിച്ചുവെന്നുള്ളത് ചെറിയ കാര്യമല്ല. കോവിഡ് കാലത്ത് എന്ത് സംഭവിച്ചുവെന്ന് ഇവിടെ ഡോ. മാത്യു കുഴൽനാടൻ അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയ്ക്ക് ചോദിക്കുകയുണ്ടായി. കോവിഡ് കാലത്ത് മുഖ്യമന്ത്രി മാത്രമല്ല ഇടപെട്ടത്, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ രംഗത്തുള്ളവരും കേരളത്തിലെ ജനങ്ങളും ഒറ്റക്കെട്ടായി നിന്നുകൊണ്ടാണ് പ്രവർത്തിച്ചത്. അതിന്റെ ഫലമായി, കേരളത്തിലും ഇന്ത്യയിലും മാത്രമല്ല ലോകത്തുതന്നെ ഏറ്റവും നല്ല കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ സംസ്ഥാനം കേരളമാണെന്നുള്ള അംഗീകാരം ലഭിച്ചു. ഇവിടെ അങ്ങ് ഓർക്കുന്നുണ്ടാകും, കോവിഡ് കാലത്ത് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ നടത്തരുതെന്ന് പറഞ്ഞുകൊണ്ട് അന്നത്തെ പ്രതിപക്ഷം കോടതിയിൽ പോകുകയുണ്ടായി. എന്നാൽ കോടതി പരീക്ഷ നടത്തണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തിയിരുന്നു. അന്ന് ആ പരീക്ഷ നടത്താതിരുന്നെങ്കിൽ കേരളത്തിലെ പാവപ്പെട്ട വിദ്യാർഥികളുടെ ഒരു വർഷം

പുറകോട്ടുമാറുമായിരുന്നുവെന്നുള്ളകാര്യം പ്രത്യേകമായി ഓർക്കണം. ഇവിടെ കാലത്തിന്റെ മാറ്റമാണ് നയമാറ്റം. അതല്ലാതെ പ്രത്യേകിച്ച് ആരും കൊണ്ടുവന്നതല്ല. കാലത്തിനനുസരിച്ച് നയം മാറുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും നമുക്കാർക്കുമില്ല. ശ്രീ. ഇ. ചന്ദ്രശേഖരൻ സൂചിപ്പിച്ചതുപോലെ, മാർച്ച് മാസം 15-ാം തീയതി കേരളത്തിന്റെ പോലീസ് വകുപ്പ് മുഖ്യമായ ഒരുകാര്യം ഏറ്റെടുത്തു. കേരളത്തിലെ കുടുംബശ്രീകളെ കൂട്ടുപിടിച്ചുകൊണ്ട് എല്ലാ ഡിവൈ.എസ്.പി. ഓഫീസിനുകീഴിലും 'സ്നേഹിത' എന്ന പേരിൽ വനിതകൾക്കും കുട്ടികൾക്കും പരാതിയുമായി കടന്നുചെല്ലാൻ സാധിക്കുന്ന ഒരു സെന്റർ ആരംഭിച്ചു. ചങ്ങനാശ്ശേരി ഡിവൈ.എസ്.പി. ഓഫീസിനുകീഴിലുള്ള സെന്റർ ഞാനാണ് ഉദ്ഘാടനം ചെയ്തത്. പ്രത്യേകമായ സജ്ജീകരണത്തോടുകൂടി സ്ത്രീകൾക്കും കുട്ടികൾക്കും ആഴ്ചയിൽ രണ്ട് ദിവസം അവിടെ വന്ന് പരാതികൾ പറയാനും അവർക്ക് കൗൺസിലിങ് ലഭ്യമാക്കാനുമുള്ള സംവിധാനത്തിലേക്ക് വന്നിരിക്കുന്നു. ഈ മാറ്റമൊന്നും നമ്മൾ കണ്ടില്ലെന്ന് വയ്ക്കരുത്. ഇവിടെ സൈബർ കേസുകളുടെ അന്വേഷണത്തെ സംബന്ധിച്ച് സൂചിപ്പിച്ചല്ലോ; സൈബർ കേസുകളിൽ

ഇത്രയധികം ശക്തമായി...., അക്കാര്യത്തിൽ ശ്രീ. മനോജ് എബ്രഹാം ഉൾപ്പെടെ അതിന് നേതൃത്വം നൽകുന്ന എല്ലാ പോലീസ് ഓഫീസർമാരെയും ഞാൻ അനുമോദിക്കുകയാണ്. വളരെ ശക്തമായി ഇടപെട്ടുകൊണ്ട് സൈബർ രംഗത്ത്..., നമുക്കറിയാം ഈ രാജ്യത്തെ മാത്രമല്ല നൈജീരിയയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള ആളുകൾ, കേരളത്തിലെ പാവപ്പെട്ട കോളേജ് പ്രൊഫസർമാർ, ഡോക്ടർമാർ ഉൾപ്പെടെ എല്ലാവരെയും സൈബർ തട്ടിപ്പിന് വിധേയമാക്കിക്കൊണ്ടിരിക്കുന്ന കാഴ്ച നാം കണ്ടു. അതിനൊരു അറുതി വരുത്താൻ കേരളത്തിലെ പോലീസിന് സാധിച്ചുവെന്ന് പറയുമ്പോൾ കേരളത്തിലെ മുഖ്യമന്ത്രിയെയും അദ്ദേഹത്തിന്റെ വകുപ്പായ പോലീസ് സേനയെയും ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. സൈബർ കുറ്റവാളികളെ പിടിച്ച് തുറങ്കിലടയ്ക്കാൻ വളരെ ശക്തമായ നടപടികളുണ്ടായി. സംസ്ഥാന പോലീസ് സേനയിലെ 25 പോലീസ് ഉദ്യോഗസ്ഥർക്ക് ഡാർക്ക് വെബ് മേഖലയിലും 75 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി മേഖലയിലും 50 പോലീസ് ഉദ്യോഗസ്ഥർക്ക് ക്രിപ്റ്റോ കറൻസിയിലും പ്രമുഖ ഏജൻസി മുഖാന്തരം ആധുനിക പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാന

പോലീസിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 20 സബ് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ട് സൈബർ കമാൻഡോ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന പോലീസ് സേനയിലെ 360 ഓഫീസർമാർ ഉൾപ്പെടെ 860 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും തടയുന്നതിനുംവേണ്ടി പരിശീലനം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ സൈബർ കുറ്റവാളികൾ ഓടിമറയുകയാണ്.

നമ്മുടെ അടുത്ത ലക്ഷ്യം ലഹരിക്കെതിരെയുള്ള പോരാട്ടമാണ്. ഇന്നലെ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി ‘ 24 ന്യൂസ്' ചാനലിൽ ശ്രീ. ആർ. ശ്രീകണ്ഠൻനായരുമായുള്ള അഭിമുഖത്തിൽ പറഞ്ഞത്, "ലഹരിക്കെതിരെ വളരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ അടുത്ത മാസം മുതൽ ലഹരി മാഫിയയെ പിടിച്ചുകെട്ടുമെന്നും ആ ലഹരി മാഫിയയെ ഇനി കേരളത്തിൽ മുന്നോട്ടുപോകാൻ അനുവദിക്കില്ല" എന്നുമാണ്. ഇവിടെ പ്രതിപക്ഷമാണെങ്കിലും ഭരണകക്ഷിയാണെങ്കിലും യുവജന സംഘടനയാണെങ്കിലും വിദ്യാർത്ഥി സംഘടനയാണെങ്കിലും ആരൊക്കെ ലഹരിയിൽ ഏർപ്പെടുന്നുണ്ടോ അവരുടെയൊക്കെ മുഖം നോക്കാതെതന്നെ

നടപടി സ്വീകരിക്കണം. പ്രതിപക്ഷത്തിനെതിരെയാണെങ്കിലും ഭരണകക്ഷിയിൽപ്പെട്ടയാളാണെങ്കിലും ഇനി എന്റെ പാർട്ടിയിൽപ്പെട്ട ആളാണെങ്കിലും ശക്തമായ നടപടികളുണ്ടാകണം. അങ്ങനെ മുഖം നോക്കുന്ന പോലീസല്ലാത്തതുകൊണ്ടാണ് കളമശ്ശേരിയിൽ കൃത്യമായ അറസ്റ്റും റിമാൻഡും ഉണ്ടായതും അതിനുശേഷം അവരെ കൽതുറുങ്കിലടച്ചതും. അതിൽ ആരൊക്കെയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് നിങ്ങൾ ആലോചിച്ച് പറഞ്ഞാൽ മതി. നമുക്കറിയാം ഇന്ന് sniffer dog-കൾക്ക് പരിശീലനം നൽകുന്നു. വിദേശ എയർപോർട്ടിലും സ്വദേശ എയർപോർട്ടിലും പോകുമ്പോൾ ഒരു നായ വന്ന് നമ്മുടെ ബാഗുകളൊക്കെ മണത്ത് നോക്കുന്നത് കാണാറുണ്ട്. പോലീസ് ഇത്തരം sniffer dog-കളെ പരിശീലിപ്പിച്ചുകൊണ്ട് ഗ്രാമഗ്രാമാന്തരം ഓരോ ജില്ലയിലും ഓരോ സബ് ഡിവിഷനുകളിലും അതുപോലുള്ള കാര്യങ്ങൾ ചെയ്തുകൊണ്ട് പോലീസിനെയും എക്സൈസിനെയും കൂടുതൽ കാര്യക്ഷമമാക്കി വളരെ ശക്തമായി ലഹരിക്കെതിരെയുള്ള പോരാട്ടം നടത്തണം. നമുക്കറിയാവുന്നതുപോലെ ഇവിടെ ബസ് ടെർമിനലുകളിൽ, റെയിൽവേ സ്റ്റേഷനുകളിൽ, പാർസൽ സർവീസ് സെന്ററുകളിൽ അതുപോലെതന്നെ

ചരക്കുഗതാഗതം നടത്തുന്നിടങ്ങളിലൊക്കെ ശക്തമായ പരിശോധന നടത്തിക്കൊണ്ട് ലഹരിയെ അമർച്ച ചെയ്യാൻ നമുക്ക് സാധിക്കണം. കോവിഡ് വ്യാപനത്തിനെതിരെ നടത്തിയ ശക്തമായ പ്രവർത്തനത്തിന് എത്രയോ പോലീസ് ഉദ്യോഗസ്ഥർക്കും പോലീസ് സ്റ്റേഷനുകൾക്കും അവാർഡ് ലഭിച്ചു. അന്ന് ജീവൻ പണയം വച്ചുകൊണ്ട് പോലീസ് പ്രവർത്തിച്ചെങ്കിൽ ലഹരിക്കെതിരെയുള്ള പോരാട്ടത്തിലും കേരളത്തിലെ പോലീസ് കേരളത്തിന്റെ മുഖ്യമന്ത്രിക്കൊപ്പം ശക്തമായിട്ടുണ്ടാകും. ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ മതസംഘടനയെന്നോ അല്ലെങ്കിൽ സാമൂഹ്യ പ്രവർത്തകരെന്നോ വ്യത്യാസമില്ലാതെ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ലഹരിക്കെതിരെ പോരാടാൻ രംഗത്തിറങ്ങണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, ഇവിടെ അവതരിപ്പിച്ച മുഴുവൻ ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. ഒരു നിയമസഭ സാമാജികനെന്ന നിലയിൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു

പാർട്ടിയെന്ന നിലയിലും ഒരാശയത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമെന്ന നിലയിലുമാണ് ഞാൻ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ നോക്കികണ്ടിരുന്നത്. എന്നാൽ കാസർഗോഡ് മണ്ഡലത്തിലെ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ പറഞ്ഞത് ഞങ്ങളുടെ പ്രത്യയശാസ്ത്രവും ഞങ്ങളുടെ ആശയവുമെല്ലാം ഭക്ഷണമാണ് എന്നാണ്. ആ ഭക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ കാമ്പയിന്റെ ഭാഗമായി ആളുകളെ ക്ഷണിക്കുന്നതെന്ന രൂപത്തിലാണ് അദ്ദേഹമിവിടെ സംസാരിച്ചത്. എന്തുകൊണ്ടാണ് അങ്ങനെയൊരു മാറ്റം വന്നതെന്ന് എനിക്ക് അറിയില്ല. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെപോലെയുള്ളൊരു പാർട്ടിയുടെ പ്രത്യയശാസ്ത്രവും ആശയവും ബിരിയാണിചെമ്പാണ് എന്നുപറയുന്നതിന് മടിയില്ലാത്ത അംഗങ്ങളുണ്ടാകുന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വലിയ സങ്കടവും ആശങ്കയും ഉളവാക്കുന്ന കാര്യമാണ്. മറ്റൊന്ന് എനിക്ക് മുമ്പേ ഇവിടെ സംസാരിച്ച മൂവാറ്റുപുഴ അംഗം, ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ച കാര്യങ്ങളിൽ പ്രധാനപ്പെട്ട കാര്യം, ഇടതുപക്ഷത്തിന് വൈകിയാണ് ബുദ്ധി വരുന്നതെന്നും അതിന്റെ ഭാഗമായി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരുപാട്

കാലതാമസമുണ്ടാകുന്നുവെന്നും അതുകൊണ്ട് കേരളത്തിന് വലിയ നഷ്ടമാണുണ്ടായതെന്നുമാണ്. അദ്ദേഹം എന്തുകൊണ്ടാണ് അങ്ങനെപറയുന്നതെന്ന് ഞാൻ ചിന്തിച്ചു. അപ്പോൾ കോൺഗ്രസിന്റെ നിലപാടെന്താണെന്ന് സ്വാഭാവികമായും പരിശോധിക്കേണ്ടതുണ്ട്. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന കോൺഗ്രസ് പാർട്ടിയുടെ നിലപാട് ഇന്നത്തെ കാലഘട്ടത്തിനുതകുന്ന വികസന കാഴ്ചപ്പാടുകളെ ഉൾക്കൊള്ളാൻ കഴിയുന്ന നിലയിലാണെങ്കിൽ എന്തുകൊണ്ടാണ് കെ-റെയിൽ വരുമ്പോൾ കെ-റെയിലിന്റെ മഞ്ഞക്കുറ്റി ഉയർത്തിപ്പിടിച്ചുകൊണ്ട് ആഹ്ലാദ നൃത്തം നടത്തുന്ന കോൺഗ്രസ് പ്രവർത്തകരെ കാണാൻ കഴിയുന്നത്; കാലഘട്ടത്തിന്റെ മാറ്റത്തെ ഉൾക്കൊള്ളാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് കഴിയുന്നുണ്ടോ? ആ പ്രസ്ഥാനത്തിന് കഴിയുന്നില്ല. അതുകൊണ്ടാണല്ലോ ദേശീയ പാതയുടെ വികസനം കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ച് അംഗീകരിച്ച് 30 മീറ്റർ എങ്കിൽ 30 മീറ്റർ നടത്താൻ ഞങ്ങൾ തയ്യാറാണെന്ന പ്രഖ്യാപനം നടത്തിയിട്ടും മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ദേശീയ പാതയുടെ വികസനം ഒരിഞ്ചുപോലും

മുന്നോട്ടുപോകാൻ കഴിയാതെ ദേശീയ പാത അതോറിറ്റിക്ക് ഓഫീസ് പൂട്ടിപ്പോകേണ്ട ഗതികേടുണ്ടായത്. നിങ്ങളുടെ കാഴ്ചപ്പാട് എന്ത് കാഴ്ചപ്പാടാണ്? കെ-റെയിൽ പോലെതന്നെ ഏറ്റവും പ്രധാനപ്പെട്ടൊരു പദ്ധതിയായിരുന്നു ഗെയിൽ പൈപ്പ് ലൈൻ പദ്ധതി. അത് നടപ്പാക്കാൻ ശ്രമിക്കുമ്പോൾ ഞങ്ങൾ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പറയുന്നത് എന്തുതരം രാഷ്ട്രീയ വികസന കാഴ്ചപ്പാടാണ്; എന്റെ നാട്ടിലൂടെ കടന്നുപോകുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത വയനാട് ജില്ലക്കാർക്ക് ഏറ്റവും ആവശ്യമായ ആ പദ്ധതി, ഞങ്ങളനുവദിക്കുകയില്ലെന്ന് പറയുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ഏതു തരം നിലപാടാണ്; ദേശീയ പാതയുടെ വികസനം വരുമ്പോൾ വയൽകിളികൾക്കൊപ്പം വയൽ സംരക്ഷിക്കണമെന്ന് പറഞ്ഞ് സമരം നടത്തുന്ന കോൺഗ്രസിന്റെ നിലപാട് ഈ കാലഘട്ടത്തിനുതകുന്ന നിലപാടാണോയെന്ന് ആത്മാർത്ഥതയോടുകൂടി പരിശോധിക്കേണ്ടത് ഡോ. മാത്യു കുഴൽനാടനും അദ്ദേഹത്തിന്റെ പാർട്ടിയുമാണെന്ന കാര്യം സാന്ദർഭ്യവശാൽ ഇവിടെ സൂചിപ്പിക്കുകയാണ്. കേരളം വ്യവസായ രംഗത്ത് ഒന്നാമതാണെന്നത് അദ്ദേഹത്തിന് അംഗീകരിക്കാനേ കഴിയുന്നില്ല. കഴിഞ്ഞദിവസങ്ങളിലൊക്കെ

നടത്തിയ ചർച്ചയുടെ ഭാഗമായി അദ്ദേഹം ഉന്നയിക്കുന്നത് കേരളം ഒന്നാമതല്ല എന്നാണ്. ഞങ്ങൾ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. രാജ്യത്തെ ഏറ്റവും പ്രമുഖരായ വ്യവസായികൾ കേരളത്തിൽവന്ന് നിക്ഷേപം നടത്തി കേരളത്തെ അഭിനന്ദിച്ചുകൊണ്ട് കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴും കേരളം പിറകിലാണെന്ന് പറയുന്ന മാനസികാവസ്ഥ ഈ കേരളത്തിന്റെ വളർച്ചയ്ക്ക് സഹായകരമാകുന്നതാണോയെന്നുള്ളത് നിങ്ങളാണ് പരിശോധിക്കേണ്ടതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതെല്ലാം നിലയിലുള്ള വലിയ വികസന പ്രവർത്തനങ്ങളാണ് വ്യവസായ മേഖലയിൽ നമുക്ക് കൊണ്ടുവരാൻ കഴിഞ്ഞത്. ഓട്ടോമേഷൻ രംഗത്ത് പ്രതിനിധികളായ ജർമൻ കമ്പനി ഡി സ്പേസ്-ന്റെ പ്രവർത്തനം കേരളത്തിലാണ് ആരംഭിച്ചത്. മാരിടൈം മേഖലയിൽ ലോകോത്തര കമ്പനിയായ കോങ്സ്ബർഗ് കേരളത്തിൽ ഓഫീസ് ആരംഭിച്ചു. 300 കോടി രൂപ മുതൽമുടക്കിൽ കേരളത്തിലെ ആദ്യ ക്രെയിൻ നിർമ്മാണ യൂണിറ്റ് തൃശ്ശൂരിലാണ് ആരംഭിച്ചത്. ഇങ്ങനെ ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ...., ലോകത്തിലെതന്നെ എയ്റോസ്പേസ് ഡിഫൻസ് മേഖലയിലെ പ്രധാനികളായ

സഫ്രാൻ കേരളത്തിൽ അവരുടെ ആദ്യത്തെ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 20 കോടി രൂപ ചെലവിൽ കൊച്ചി സർവകലാശാലയിൽ സിന്തൈറ്റ് സ്ഥാപിക്കുന്ന ഇന്നവേഷൻ ലാബിന്റെ പ്രഖ്യാപനം നടത്തി. ഇങ്ങനെ എണ്ണിയെണ്ണി പറയാൻ കഴിയുന്ന ലോകത്തിലെ പ്രമുഖരായ വ്യവസായികൾ കേരളത്തിന്റെ അഭിമാനകരമായ നേട്ടങ്ങൾ കൊയ്ത ശ്രീ. യൂസഫലിയെപോലെ, ശ്രീ. രവിപിള്ളയെ പോലെയുള്ള നമ്മുടെ നാടിന്റെ ബിസിനസ് രംഗത്തെ കൈപിടിച്ചുയർത്തുന്ന നിരവധി നിക്ഷേപകർ ഈ കേരളത്തെക്കുറിച്ച് അഭിമാനബോധത്തോടുകൂടി സംസാരിക്കുമ്പോൾ കേരളത്തെ മുന്നോട്ടുനയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കേണ്ട ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഭാഗമായിട്ടുള്ള ആളുകൾ, യു.ഡി.എഫ്.-ന്റെ ഭാഗമായിട്ടുള്ള ആളുകൾ, കേരളം പിറകിലാണെന്ന് സ്ഥാപിക്കാൻവേണ്ടി നടത്തുന്ന വ്യഗ്രത അത് എന്തിന്റെ ഭാഗമായിട്ടാണെന്നുള്ളത് വളരെ ഗൗരവത്തോടുകൂടിത്തന്നെ ഈ സഭ ചർച്ച ചെയ്യണമെന്നുള്ളതാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ രാജ്യത്ത് ഏറ്റവും മികച്ചനിലയിൽ പോലീസിന്റെ പ്രവർത്തനം നടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. രാജ്യത്തെ

ക്രമസമാധാനപാലന രംഗത്ത് ഏറ്റവും മികച്ചനിലയിൽ പ്രവർത്തനം സംഘടിപ്പിച്ചുകൊണ്ട്, പോലീസിന്റെ ആത്മാർഥതയെയും അർപ്പണബോധത്തെയും ഏറെ സ്നേഹത്തോടെ ചേർത്തുപിടിക്കുന്ന ഒരു നാടായി കേരളം മാറിയിട്ടുണ്ട്. പോലീസുകാർക്കിടയിൽ തെറ്റായ പ്രവണതകളുണ്ടാകാറുണ്ട്. എന്നാൽ അത്തരം പ്രവണതകളോട് മുഖംതിരിഞ്ഞ സമീപനമല്ല ഈ സർക്കാർ സ്വീകരിക്കുന്നത്. കേരള ഗവൺമെന്റിന്റെ ചരിത്രത്തിൽ 108 പേരെ സർവീസിൽനിന്നും പിരിച്ചുവിട്ട ഒരു ഗവൺമെന്റാണ് പിണറായി വിജയൻ ഗവൺമെന്റ്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. തെറ്റുകാരായ ആളുകളെ സേനയിൽ വച്ചുപൊറുപ്പിക്കുന്ന സ്വഭാവം ഞങ്ങൾക്കില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ പോലീസ് സേനയിലുള്ള വനിതകളുടെ അംഗബലം കേവലം 6 ശതമാനം മാത്രമായിരുന്നത് ഇപ്പോൾ പതിനൊന്ന് ശതമാനമായിരിക്കുന്നു. ഇരുപതിനായിരത്തോളം വരുന്ന ആളുകളെ കഴിഞ്ഞനാളുകളിലായി കേരളത്തിലെ പോലീസ് സേനയിലേക്ക് പുതിയതായി റിക്രൂട്ട് ചെയ്തിരിക്കുകയാണ്. ഇത്തരത്തിൽ എല്ലാനിലയിലും പോലീസ് സേനയെ

കാര്യക്ഷമമാക്കുന്നതിനും രാജ്യം നേരിട്ടുകൊണ്ടിരിക്കുന്ന സൈബർ ക്രൈം പോലെയുള്ള പ്രതിസന്ധികളിൽ ഏറ്റവും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുകൊണ്ടും രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ പോലീസ് സംവിധാനത്തെ മുന്നോട്ടുകൊണ്ടുപോകുന്ന ഒരു ഗവൺമെന്റായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാറുകയാണ്. എല്ലാവർക്കും ഓർമ്മയുള്ളതുപോലെ കേരളത്തിന്റെ മുൻആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കോടിയേരി ബാലകൃഷ്ണനാണ് കേരളത്തിലെ പോലീസിനെ ജനകീയമാക്കണമെന്ന ആശയം മുന്നോട്ടുവച്ചത്. ജനകീയ പോലീസ് സംവിധാനം കൊണ്ടുവരുന്നതിനായി ജനമൈത്രി പോലീസ് എന്ന ആശയം അദ്ദേഹമാണ് കൊണ്ടുവന്നത്. കുട്ടിപ്പോലീസ് എന്നതും അദ്ദേഹത്തിന്റെ ആശയമായിരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ന പദ്ധതി കേരളത്തിന്റെ അഭിമാനകരമായ പദ്ധതിയായി മാറിക്കഴിഞ്ഞു. ഈ പദ്ധതികളെല്ലാം ഉയർത്തിപ്പിടിച്ചുകൊണ്ട് ഏതൊരു മനുഷ്യനും ഏതവസരത്തിലും പോലീസ് സ്റ്റേഷനിലേക്ക് കയറിച്ചെല്ലാനും അവരുടെ ആവശ്യങ്ങളും സങ്കടങ്ങളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ധൈര്യസമേതം പറയാനും കഴിയുന്ന

അവസ്ഥയിലേക്ക് പോലീസ് സ്റ്റേഷനുകൾ മാറിയിട്ടുണ്ടെങ്കിൽ, അത്തരത്തിലുള്ള മാറ്റങ്ങൾ പോലീസ് സ്റ്റേഷനുകളിൽ വന്നിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും നിർണ്ണായകമായ പങ്ക് വഹിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണെന്ന് നിസ്സംശയം പറയാൻ സാധിക്കും. വയനാട് പോലെയുള്ള ഒരു പ്രദേശത്ത് കഴിഞ്ഞ ജൂലൈ മാസം 30-ാം തീയതി ഉണ്ടായിട്ടുള്ള വലിയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽക്കൂടിയാണ് നാം നിൽക്കുന്നതെന്ന് ഈ അവസരത്തിൽ ഓർക്കുകയാണ്. ഈ വരുന്ന മാർച്ച് മാസം 27-ാം തീയതി കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി ദുരന്തബാധിതരായ ആളുകൾക്കായി അവിടെ നിർമ്മിക്കുന്ന ടൗൺഷിപ്പിന്റെ തറക്കല്ലിടാൻ പോകുകയാണ്. വളരെ സന്തോഷകരമായ കാര്യമാണ് മാർച്ച് 27-ന് നടക്കുന്നത്. ജൂലൈ മാസം 30-ാം തീയതി ഉണ്ടായിട്ടുള്ള ദുരന്തത്തിന്റെ ഭാഗമായി ആ നാടിനെ ചേർത്ത് പിടിക്കുന്നതിനായി കേരളത്തിന്റെ ഗവൺമെന്റ് കാണിച്ച അത്യുജ്ജ്വലമായ പ്രവർത്തനം ഇതിനുപിന്നിലുണ്ട്. അതിനെ എങ്ങനെയൊക്കെ ഇകഴ്ത്താൻ കഴിയുമെന്ന ശ്രമം യു.ഡി.എഫ്.-ഉം

മാധ്യമങ്ങളുമുൾപ്പെടെ എല്ലാവരുംചേർന്ന് നടത്തിയാലും ഈ നാട്ടിലെ ജനങ്ങൾ ഏറ്റെടുക്കുന്ന ഒരു പ്രവർത്തനമുണ്ടെന്ന് ഓർമ്മപ്പെടുത്തുകയാണ്. രാജ്യത്തിലേക്ക് കടന്നുവന്ന പ്രധാനമന്ത്രി, വയനാട്ടിലെത്തി ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട "നൈസമോളെ" എടുത്തുചേർത്തുപിടിച്ചുകൊണ്ട് അവളുടെ സ്വപ്നങ്ങളെല്ലാം കേട്ടപ്പോൾ വലിയ പ്രതീക്ഷയായിരുന്നു, ആ ദുരന്തമുഖത്തേക്ക് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭ്യമാകുമെന്ന് കരുതിയിരുന്ന നാളുകളാണ് കഴിഞ്ഞുപോയത്. എന്നാൽ നൈസമോൾക്ക് ഒരു പുത്തൻ ഉടുപ്പ് വാങ്ങിക്കൊടുക്കാനുള്ള പണം അനുവദിക്കാത്തവരായി കേന്ദ്രഗവൺമെന്റ് മാറുന്ന സാഹചര്യത്തിലാണ്, ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സംസ്ഥാന ഗവൺമെന്റ് ഏറ്റവും ക്രിയാത്മകമായ ഇടപെടൽ നടത്തുന്നത്. രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള പുനരധിവാസം നടപ്പാക്കാൻ ഈ ഗവൺമെന്റിന് സാധിക്കും. അതിനാവശ്യമായ ക്രിയാത്മകമായ ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നുതന്നെയാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ ഗവൺമെന്റ് നടത്തുന്ന

വികസന പ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും സഹായകരമാകുന്ന നിലയിൽ എല്ലാവരും ചേർന്ന് കൈകോർത്ത് നിന്നതുപോലെ ദുരിതം അനുഭവിക്കുന്ന ഒറ്റമനുഷ്യനെയും വിട്ടുപോകാതെ എല്ലാ മനുഷ്യരുടെയും ദുരിതങ്ങളും പ്രയാസങ്ങളും കണ്ടുകൊണ്ട് അവരെ ചേർത്തുപിടിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. എല്ലാവരെയും കാത്തുസംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് നമ്മൾ മുന്നോട്ടുപോകും. അങ്ങനെ മുന്നോട്ടുപോകുന്ന ഘട്ടത്തിലും കേന്ദ്രഗവൺമെന്റ് നമുക്ക് ഒന്നും തരുന്നില്ല എന്നുമാത്രമല്ല, ബഹുമാനപ്പെട്ട ഹൈക്കോടതിക്കുപോലും വിമർശിക്കേണ്ട സ്ഥിതിയിലേക്കുള്ള നടപടിയാണ് സ്വീകരിച്ചത്. ഞങ്ങൾ ഹെലികോപ്റ്ററിൽ അവിടെവന്നു, ഞങ്ങൾ നിങ്ങളെ സഹായിച്ചു എന്നെല്ലാം പറഞ്ഞുകൊണ്ട് അതിന്റെ ഭാഗമായി 132 കോടി രൂപ അവർക്ക് വേണമെന്ന് ആവശ്യപ്പെട്ടു.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ലിന്റോ ജോസഫ്: ഇത്തരത്തിൽ തെറ്റായ നടപടികൾ സ്വീകരിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് മുന്നോട്ടുപോകുമ്പോഴും ദുരിതമേഖലയായ

വയനാടിനെ ചേർത്തുപിടിച്ച് വളരെ സ്നേഹത്തോടെയും കരുതലോടെയും ആ പ്രദേശത്തെ ഉൾക്കൊണ്ടുകൊണ്ടാണ് നമ്മുടെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഈ നാടിന്റെയാകെ പിന്തുണ ഉണ്ടാകണമെന്നമാത്രം അഭ്യർഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ ധനാഭ്യർഥനകളെ ഞാൻ എതിർക്കുകയാണ്. ക്രമസമാധാനം ഇതുപോലെ തകർന്ന ഒരു കാലഘട്ടം കേരളത്തിൽ ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോ? ഉറങ്ങാൻ കിടന്നാൽ പിറ്റേദിവസം ഉണർന്നെണീക്കുമ്പോൾ തലയുണ്ടോയെന്ന് ഉറപ്പിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുള്ള ഏറ്റവും ഭയാനകമായ ഒരു സാഹചര്യത്തിലൂടെയാണ് കേരളം ഇന്ന് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ കേരളത്തിൽ ഏകദേശം 75 കൊലപാതകങ്ങൾ നടന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ കൊലപാതകങ്ങളുടെയൊക്കെ ഉറവിടം അന്വേഷിച്ചുപോകുമ്പോൾ ആഭ്യന്തര വകുപ്പിന്റെ പരാജയം നിഴലിച്ച് കാണാൻ

സാധിക്കും. ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്നത് ലഹരി, ലഹരിമാഫിയ, ലഹരിക്കെതിരെയുള്ള സർക്കാരിന്റെ കാമ്പയിൻ എന്നിവയെക്കുറിച്ചാണ്. സംസ്ഥാനത്തെ എക്സൈസ്, പോലീസ് സംവിധാനങ്ങളുടെ സമ്പൂർണ്ണ പരാജയം ഇവിടെ കാണാൻ സാധിക്കുന്നുണ്ട്. അടുത്ത ഘട്ടംമുതൽ ഞങ്ങൾ ലഹരിക്കെതിരെയുള്ള ശക്തമായ നടപടികളുമായി മുന്നോട്ടുപോകുകയാണെന്ന് ഇപ്പോൾ നിങ്ങൾ പറയുമ്പോൾ അതിന്റെ അർത്ഥം ലഹരിവിഷയത്തിൽ ഇത്രയുംകാലം നിങ്ങൾ ഒന്നുംചെയ്തിട്ടില്ല എന്നുള്ളതല്ലേ; പൂർണ്ണപരാജയമായിരുന്നു ഈ രംഗം എന്നുള്ളതല്ലേ ഇത് കാണിക്കുന്നത്? ഇവിടെയുള്ള എക്സൈസ് സംവിധാനം ഇന്നലെയും ഇന്നുമൊന്നും പൊട്ടിമുളച്ചതല്ല. അപ്പോൾ ഇത്രയുംകാലം നിങ്ങൾ എവിടെയായിരുന്നു; ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന റെയ്ഡ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വളരെ നേരത്തേതന്നെ തുടങ്ങേണ്ടതായിരുന്നില്ലേ? ഈ ലഹരി മാഫിയാസംഘങ്ങൾ ഇവിടെ വിലസിക്കൊണ്ടിരിക്കുന്നത് നിങ്ങളുടെ തണലിലാണ്. ഈ മാഫിയാ സംഘങ്ങൾക്കെതിരെ ഒരു ചെറുവിരലനക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. ലഹരിവസ്തുക്കളുടെ ഉറവിടം എവിടെയാണെന്ന് കണ്ടെത്തണ്ടേ; ഉറവിടം

കണ്ടെത്താനായി ഏതുതരത്തിലുള്ള പരിശോധനകളാണ് നടത്തുന്നത്; ഇതിനായി നിങ്ങൾ നൽകുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്? ഇത്തരം കേന്ദ്രങ്ങളിൽ ലഹരി പാർട്ടികൾ നടത്തുമ്പോൾ അവിടെ നിങ്ങൾ നിശ്ശബ്ദരാകുകയാണ്. കേരളത്തിലെ ഇന്റലിജൻസ് സംവിധാനത്തിന് ഈ കാര്യങ്ങളൊന്നും അറിയാനുള്ള സാഹചര്യങ്ങളില്ലേ; ഇതൊന്നും അറിയാൻ സാധിക്കുന്നില്ലെങ്കിൽ ഈ ഇന്റലിജൻസ് സംവിധാനം എന്തിനാണ്? ലഹരിയുമായി ബന്ധപ്പെട്ടുകൊണ്ട് സംഘട്ടനങ്ങൾ നടക്കുന്നു, ലഹരിപാർട്ടികൾ നടത്തുന്നു, എന്നിട്ടും ലഹരി വസ്തുക്കൾ എവിടെനിന്ന്, ആര് കൊണ്ടുവരുന്നു, ഉറവിടം ഏതാണ് എന്നുള്ള വിവരങ്ങളൊന്നും ഇന്റലിജൻസിന് ലഭ്യമാകുന്നില്ലെങ്കിൽ ഈ സംവിധാനംകൊണ്ട് എന്ത് അർഥമാണുള്ളത്? ഈ നാട് നമ്മുടെ നാട് എന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ പ്രസംഗങ്ങളിലും ആവർത്തിക്കുന്ന ഒരു കാര്യമാണ്. പക്ഷേ നമ്മുടെ ഈ നാട് കഴിഞ്ഞ പത്ത് വർഷമായി കൊലപാതകികളുടെയും അക്രമികളുടെയും ക്രിമിനലുകളുടെയും മയക്കുമരുന്ന് സംഘങ്ങളുടെയും സ്ത്രീപീഡകരുടെയും കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം വന്നുചേർന്നിട്ടുണ്ട്. ക്രമസമാധാനം തകർന്നു

എന്നുമാത്രമല്ല, സേനയിൽ അങ്ങേയറ്റം വർഗീയ ചേരിതിരിവ് ഉണ്ടാകുന്ന പ്രവർത്തനങ്ങളും ഇവിടെ നടക്കുകയാണ്. ക്രമസമാധാനച്ചുമതലയുള്ള എ.ഡി.ജി.പി., ആർ.എസ്.എസ്. നേതാക്കളുമായി മണിക്കൂറുകൾ ചർച്ചനടത്തി എന്നുപറയുമ്പോൾ, എന്തിനെക്കുറിച്ചാണ് ചർച്ച നടത്തിയതെന്ന് ഈ സഭയെ ബോധ്യപ്പെടുത്തിയോ; പ്രസ്തുത പോലീസ് ഓഫീസർക്ക് വർഗീയശക്തികളുമായുള്ള ബന്ധം എന്താണ്? തൃശ്ശൂർപൂരം കലക്കിയതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിലും പ്രസ്തുത വ്യക്തി പങ്കാളിയാകുന്നു. ഇതിലെല്ലാം ഗവൺമെന്റ് എതുതരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? സംസ്ഥാനത്തിന്റെ ക്രമസമാധാനച്ചുമതലയുള്ള എ.ഡി.ജി.പി.ക്ക് വർഗീയ ശക്തികളുമായി ബന്ധമുണ്ടായിട്ടും ഡി.ജി.പി സ്ഥാനത്തേക്കുള്ള ലിസ്റ്റിൽ അദ്ദേഹത്തെ ഉൾപ്പെടുത്തിയിരിക്കുന്നു എന്നാണ് കേട്ടിരിക്കുന്നത്. അപ്പോൾ ഈ വർഗീയശക്തികളുമായി നിങ്ങൾ എത്രമാത്രം ബന്ധപ്പെട്ടുപോകുന്നു എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ് ഈ സംഭവം. ഇത്തരത്തിൽ അനേകം പ്രശ്നങ്ങൾ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

മദ്യനയത്തെക്കുറിച്ച് നോക്കുകയാണെങ്കിൽ ഇവിടെ ഇഷ്ടംപോലെ മദ്യമൊഴുക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. സ്ത്രീകളെയും കുട്ടികളെയും തീരാവേദനയിലേക്ക് തള്ളിവിടുന്ന ഒരു സാഹചര്യം ഇവിടെ ഉണ്ടാകുകയാണ്. ഈ നാട്ടിലെ സ്ത്രീകൾ അങ്ങേയറ്റം ദുരിതമനുഭവിക്കുകയാണ്. മദ്യ നിരോധനമല്ല, മദ്യവർജ്ജനമാണ് നയമെന്ന് ആണയിടുകയും അതോടൊപ്പം ഇഷ്ടംപോലെ മദ്യശാലകൾ തുറക്കുകയുംചെയ്യുന്ന സമീപനം സ്വീകരിക്കുകയാണ്. ടൂറിസം, ടൂറിസം വികസനമെന്ന് നാൾക്കുനാൾ പറഞ്ഞുകൊണ്ടിരിക്കുന്ന, ഏതുനേരവും അതുതന്നെ ഉരുവിട്ടുകൊണ്ടിരിക്കുന്ന ഒരു സർക്കാരായിട്ടും അതിലെ മന്ത്രിമാർ ടൂറിസം എന്ന ലേബലിൽ യാതൊരു മടിയുമില്ലാതെ മദ്യക്കമ്പനികളെ ഇവിടേയ്ക്ക് ആനയിക്കുകയാണ്. കുടിവെള്ളം മുടങ്ങിയാലും മദ്യം വിളമ്പുമെന്ന യുക്തി ഏത് കമ്മ്യൂണിസത്തിന്റേതാണ്? ആ കമ്മ്യൂണിസ്റ്റുകാരാണ് മദ്യക്കമ്പനികളെ ഇവിടേക്ക് ആനയിക്കുന്നത്. സി.പി.ഐ.(എം.)-കാർ മദ്യം കുടിച്ചില്ലെങ്കിലും നാട്ടുകാർ മദ്യം കുടിച്ച് മരിക്കട്ടേ എന്നതാണോ സർക്കാരിന്റെ നയം എന്നറിയാൻ ആഗ്രഹമുണ്ട്.

കേരളത്തിലെ ജയിലുകളെക്കുറിച്ച് പറയുകയാണെങ്കിൽ കുറ്റവാളികളെക്കൊണ്ട് നിറഞ്ഞിരിക്കുന്ന ജയിലുകളാണ് ഇവിടെയുള്ളത്. എന്നാൽ അതിന് ആനുപാതികമായി ഉദ്യോഗസ്ഥർ ഉണ്ടാകുന്നില്ല എന്നതാണ് ജയിലുകളിലെ അവസ്ഥ. അട്ടക്കുളങ്ങര വനിതാ ജയിൽ അവിടെനിന്നും മാറ്റാൻപോകുന്നുവെന്നും അതിനുള്ള നിർദേശമുണ്ടായതായും കേൾക്കാനിടയായി. സ്ത്രീകൾമാത്രം തടവുകാരായുള്ള ജയിലുകൾ പുരുഷ തടവുകാർ താമസിക്കുന്ന ഇടങ്ങളിലേക്ക് മാറ്റിക്കഴിഞ്ഞാൽ സ്ത്രീ തടവുകാരും ജീവനക്കാരും വളരെയധികം ദുരിതമനുഭവിക്കുന്ന സാഹചര്യമുണ്ടാകും. ജയിലുകളിലെല്ലാം അങ്ങേയറ്റം മോശമായ സാഹചര്യമാണ് നിലനിൽക്കുന്നത്. വിവിധ കേസുകളിലെ പ്രതികൾക്ക് ജാമ്യം അനുവദിക്കുന്നതിലെ വീഴ്ച ആഭ്യന്തര വകുപ്പിന്റെ പരാജയമാണ്. പ്രതികൾക്കെല്ലാം ഇഷ്ടംപോലെ പരോൾ അനുവദിക്കപ്പെടുകയാണ്. ടി. പി. ചന്ദ്രശേഖരൻ വധക്കേസുമായി ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്ന് ഇരുപത്തിനാല് മണിക്കൂറും ആണയിടുന്ന ഒരു സർക്കാർ, ഈ കേസിലെ പ്രതികൾക്ക് ഞങ്ങൾ ഇഷ്ടംപോലെ പുറത്തുകടക്കാനുള്ള അനുവാദം നൽകുമെന്ന് കാണിക്കുകയാണ്. ആ കേസിലെ

കുറ്റവാളികളെ ജയിലിൽ കിടത്താൻ ഞങ്ങൾക്ക് സൗകര്യമില്ല, അവരെ ജയിലിനുപുറത്തുതന്നെ താമസിപ്പിക്കുമെന്നാണ് സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇങ്ങനെ ഇഷ്ടംപോലെ പരോൾ കിട്ടുന്നത് എങ്ങനെയാണ്? എത്രയോ ക്രിമിനൽ കേസുകളിൽ അകപ്പെട്ട ജയിൽപ്പുള്ളികൾ ജയിലുകളിലുണ്ട്. അവർക്കൊക്കെ ഇത്തരത്തിൽ പരോൾ അനുവദിച്ചുകൊടുത്തിട്ടുണ്ടോ? ഇക്കാര്യം പരിശോധിക്കപ്പെടണം. ഏതെങ്കിലും കേസിലെ പ്രതികൾക്ക് ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെപ്പോലെ പരോൾ ലഭ്യമായിട്ടുണ്ടോ? പ്രസ്തുത കേസിലെ പ്രതി കെ.സി. രാമചന്ദ്രന് 1308 ദിവസം പരോൾ ലഭിച്ചു. ഇത് ആറ് മാസം മുമ്പുള്ള കണക്കാണ്. 1308 ദിവസം ഒരു കേസിലെ പ്രതിക്ക് പരോൾ കിട്ടുകയാണ്! ഈ കേസിലെ ടി. കെ. രജീഷ് എന്ന പ്രതിക്ക് 1167 ദിവസവും ട്രൗസർ മനോജ് എന്ന പ്രതിക്ക് 1295 ദിവസവും അണ്ണൻ സിജിത്ത് എന്ന പ്രതിക്ക് 1305 ദിവസവും പരോൾ ലഭിച്ചിരിക്കുകയാണ്. ആയിരവും ആയിരത്തി മുന്നൂറ്റിയഞ്ചും ദിവസങ്ങൾ പരോൾ നൽകിക്കൊണ്ട് നിങ്ങൾ ഈ പ്രതികളെ സംരക്ഷിക്കുന്നത് എന്തിനാണെന്നത് വളരെ വ്യക്തമല്ലേ? ഈ

കൊലപാതകത്തിനുപിന്നിൽ, നിങ്ങൾ പറഞ്ഞ ആജ്ഞ നിറവേറ്റുക എന്നതാണ് അവർ ചെയ്തത്. അതുകൊണ്ട് അവരെ നിങ്ങൾക്ക് സംരക്ഷിക്കേണ്ടിയിരിക്കുന്നു. അതിന്റെ ഭാഗമായാണ് പ്രസ്തുത നടപടി സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യങ്ങൾ ജയിൽ വകുപ്പ് പരിശോധിക്കുന്നുണ്ടോ? ഇക്കാര്യങ്ങൾക്കെല്ലാം ജയിൽ മേധാവികൾ മറുപടി പറയണം. ഈ പ്രതികൾക്കുമാത്രം ജയിൽ മേധാവികൾ ഇത്രമാത്രം സംരക്ഷണമൊരുക്കുന്നത് എന്തുകൊണ്ടാണ്? കേരളത്തിലെ ആഭ്യന്തര വകുപ്പിൽ തീർച്ചയായും നല്ല മിടുക്കരായ പോലീസുകാരുണ്ടെന്ന് നമുക്കറിയാം.

ചെയർപേഴ്സൺ: പ്ലീസ്... കൺക്ലൂഡ്....

ശ്രീമതി കെ. കെ. രമ: സർ, പക്ഷേ പോലീസിനെ രാഷ്ട്രീയ ചട്ടുകമാക്കി മാറ്റുമ്പോൾ ഇത്തരം പ്രവർത്തനങ്ങൾക്ക് കുടപിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കാഴ്ച കാണാൻ സാധിക്കുന്നു. അതിനെതിരായ പ്രവർത്തനം വകുപ്പിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഭാഗത്തുനിന്നുമുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു. "കാമ്പസിൽ കഞ്ചാവ് സ്റ്റാർട്ടപ്പോ" എന്നതൊരു പ്രധാന പത്രത്തിന്റെ തലക്കെട്ടായി വന്നിട്ടുള്ളതാണ്. പത്രത്തിൽ മാത്രമല്ല, ഒരു ചാനലിന്റെ ചർച്ചയിലും വന്നതാണ്. പിറ്റേദിവസം കെ.എസ്.യു.-വിന്റെ പ്രസിഡന്റ് ഈ വിഷയം രാഷ്ട്രീയവൽകരിക്കരുതെന്ന് പറഞ്ഞത് ഉടനെ അവർ ശിരസാൽ വഹിച്ചു. കാരണം കെ.എസ്.യു.വിന്റെ രണ്ട് വിദ്യാർഥികൾ പ്രതികളായിട്ടുണ്ടെന്നാണ് ഒരു പത്രവാർത്തയിൽ പറഞ്ഞിട്ടുള്ളത്. ഇത് പറയണമെന്ന് ഉദ്ദേശിച്ചതല്ല. അപ്പോൾ ഉടനെ ചർച്ചയുടെ വിഷയം മാറി. കാമ്പസിൽ വേണ്ടത് ഉരുക്കുമുഷ്ടിയോ കരുതലോ? ബഹുമാനപ്പെട്ട വടകര അംഗം, ഉരുക്കുമുഷ്ടി വേണമെന്ന് പറയുന്നില്ല. റെയ്ഡ് വേണമെന്നാണ് അദ്ദേഹം പറഞ്ഞത്. മുഖം നോക്കാതെ നടപടി സ്വീകരിക്കുമെന്നാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. അത്തരം നടപടികളുമായി മുന്നോട്ടുപോകുക തന്നെ ചെയ്യും. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിരവധി വർഗീയ കലാപങ്ങൾക്ക് ഈ കാലയളവിൽ

നമ്മൾ സാക്ഷ്യം വഹിച്ചു. കഴിഞ്ഞ ഒൻപത് വർഷം വർഗീയ കലാപങ്ങളുണ്ടായിരുന്നില്ല. ഇത് കേരളാ പോലീസിന്റെയും ആഭ്യന്തര വകുപ്പിന്റെയും കരുത്താണ്.

കഴിഞ്ഞ ദിവസങ്ങളിലാണ് ഹോളി ആഘോഷം നടന്നത്. യു.പി.-യിലുൾപ്പെടെ മുസ്ലീം ദേവാലയങ്ങൾ ടാർപ്പോളിൻ വച്ച് മറച്ചുകൊണ്ടാണ് പോലീസും ആഭ്യന്തര വകുപ്പും ഹോളി ആഘോഷങ്ങൾ നടത്തിയത്. തെലങ്കാനയിലും ചെയ്തു. ആ ദിവസങ്ങളിൽത്തന്നെയാണ് കേരളത്തിൽ ആറ്റുകാൽ പൊങ്കാല നടന്നത്. ആറ്റുകാൽ പൊങ്കാലയുടെ ഭാഗമായി എല്ലാ ആരാധനാലയങ്ങളും തുറന്നുകൊടുക്കുകയും അവിടെ വിശ്വാസികൾക്ക് കയറി താമസിക്കാനും പ്രാർഥിക്കാനും അവസരമുണ്ടാക്കികൊടുക്കുകയും ചെയ്തു. അതിന് വീടുകളിലുൾപ്പെടെ സൗകര്യമൊരുക്കി കൊടുത്തിരുന്നു. ഈയൊരു അവസ്ഥയിലേക്ക് നമ്മുടെ സംസ്ഥാനം മാറുന്നതിൽ സർക്കാരിനും ആഭ്യന്തര വകുപ്പിനും പ്രധാന പങ്കുണ്ട്. സാമൂഹ്യജീവിതത്തിൽ സാഹോദര്യവും ഐക്യവും രൂപപ്പെടുത്താൻ കേരളാ പോലീസ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഉത്തമ മാതൃകയാണ് കേരളത്തിലെ ഉത്സവങ്ങൾ.

നമ്മുടെ സംസ്ഥാനത്ത് 60 ശതമാനവും നഗരവൽകരണമാണ്. അതിന്റെ ഭാഗമായി തിരക്കുള്ള ജീവിതമാണ് ഇന്നുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി മനുഷ്യൻ കൂടുതൽ വ്യക്തികേന്ദ്രീകൃതമാകുന്ന നഗരവൽക്കരണത്തിനിടയിൽ സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കൂടാനുള്ള സാധ്യതയുണ്ട്. എന്നാൽ അതിവേഗം നഗരവൽക്കരിക്കപ്പെടുമ്പോഴും കേരളത്തിലെ ക്രമസമാധാനവും കുറ്റകൃത്യങ്ങളും കൂടുതൽ വളരാതെ പിടിച്ചുനിർത്തുന്നത് കേരളാ പോലീസിന്റെയും ആഭ്യന്തര വകുപ്പിന്റെയും മേന്മ തന്നെയാണ്. കേരളത്തിൽ അടുത്തിടെയുണ്ടായ ചില ദാരുണമായ സംഭവങ്ങളെ സാമാന്യവൽകരിച്ചുകൊണ്ട് കേരളത്തിലെ പുതുതലമുറയാകെ മോശക്കാരാണെന്ന തെറ്റായ സമീപനം കൊണ്ടുവരുന്നുണ്ട്. ലോകത്തിലെ മികച്ച വ്യവസായങ്ങൾ കേരളത്തെ തേടിവരുന്നുണ്ട്. പുതിയ തലമുറയിൽ വിശ്വാസമുള്ളതുകൊണ്ടാണ് അവർ കേരളത്തിലേക്ക് വരുന്നത്. നമ്മുടെ യുവതലമുറയുടെ കഴിവുകൊണ്ടാണ് ഏഷ്യയിലെ മികച്ച സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റമായി കേരളം തിരഞ്ഞെടുക്കപ്പെടുന്നത്. ആ കഴിവ് പ്രതിപക്ഷം അംഗീകരിക്കണം. പുതിയ തലമുറയുടെ കഴിവുകളും ആവശ്യങ്ങളും

മനസ്സിലാക്കികൊണ്ട് അവരെക്കൂടി വികസനത്തിന്റെ ഭാഗമാക്കുകയെന്ന സമീപനമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിലെ യുവജന സംഘടനകളുംകൂടി ഇത്തരം പുതിയ സമീപനമേറ്റെടുത്തിരിക്കുന്നു. കഴിഞ്ഞദിവസം ഡി.വൈ.എഫ്.ഐ. mawazo എന്ന സ്റ്റാർട്ടപ്പ് ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും സംരംഭങ്ങൾക്ക് പുതിയ ആശയങ്ങളും ചിന്തകളും പങ്കുവയ്ക്കുകയും ചെയ്തത് ഭാവിയെക്കുറിച്ച് നമുക്കേറെ പ്രതീക്ഷിക്കാനുണ്ടെന്ന സൂചനയാണ് നൽകുന്നത്. ആധുനികപരമായ വ്യവസായ സാധ്യതകളും തൊഴിലവസരങ്ങളും കേരളത്തിലേക്ക് കൊണ്ടുവരുന്ന പ്രവൃത്തികളാണ് നടക്കുന്നത്. ഇതിനാവശ്യമായ പശ്ചാത്തലസൗകര്യം രൂപപ്പെടുത്തുന്ന പ്രവർത്തനമാണ് കഴിഞ്ഞ ഒൻപത് വർഷമായി നടക്കുന്നത്. വിഴിഞ്ഞം, ഗെയിൽ, കിഫ്ബി, കെ-റെയിൽ, ദേശീയപാത, കെ-ഫോൺ, വയനാട് തുരങ്കം തുടങ്ങിയ പദ്ധതികളെല്ലാം അതിലുൾപ്പെടുന്നതാണ്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതിനെ വിമർശിക്കുകയല്ല, നടപ്പാക്കാൻ സമ്മതിക്കില്ലെന്നാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നിട്ടെന്തായി? വിഴിഞ്ഞത്ത് മദർഷിപ്പുകൾ ക്യൂവിലാണ്. കിഫ്ബി വഴിയുണ്ടാക്കിയ

റോഡുകളിലൂടെ യാത്ര ചെയ്യില്ലെന്ന് വാശി പിടിച്ചാൽ പറവൂരിലെ വീട്ടിൽനിന്ന് പുറത്തിറങ്ങാൻ അദ്ദേഹത്തിന് കഴിയില്ല. കൊച്ചിക്കാർക്കൊരു ചായ കുടിക്കണമെങ്കിൽ ഗെയിൽ ഗ്യാസ് വേണം. കെ-ഫോൺ കേരളത്തിന്റെ ഡിജിറ്റൽ ബാക്ക്ബോണായി മാറിയിരിക്കുകയാണ്. വയനാട് തുരങ്കത്തിന്റെ പണി ആരംഭിക്കാൻ പോകുന്നു. കെ-റെയിൽ വരുന്നതിന് നിങ്ങളുണ്ടാക്കിയ തടസ്സങ്ങൾ നീങ്ങുന്നുവെന്നാണ് മനസ്സിലാകുന്നത്. അതുമായി ബന്ധപ്പെട്ട പദ്ധതികൾ കേരളത്തിൽ നടപ്പാക്കിയിട്ടുവേണം ഇന്ത്യയിലാകെ നടപ്പാക്കാനെന്നാണ് കേന്ദ്രം ആലോചിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷനേതാവ് എന്തിനെയെല്ലാം എതിർത്തിട്ടുണ്ടോ, അതൊക്കെ പച്ച പിടിക്കുന്ന കാഴ്ചയാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. എന്തൊക്കെ നടപ്പാക്കാൻ കഴിയില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ, അതൊക്കെ കേരളത്തിൽ നടപ്പാക്കും. പ്രതിപക്ഷനേതാവിനെക്കൊണ്ട് ഗുണമുള്ള ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കലാണ് വികസനത്തിൽ താൽപര്യമുള്ള എല്ലാവരും ചെയ്യേണ്ടത്, എങ്കിൽ ആ പദ്ധതി തനിയേ വിജയിച്ചുകൊള്ളും. അതാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

കേരള ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഭാഗമായി ഇത്തരം പ്രവർത്തനങ്ങൾ നടക്കുമ്പോഴും, ഒന്നും നടക്കുന്നില്ലെന്ന് വരുത്തിത്തീർക്കാനുള്ള വലിയ പരിശ്രമം നടക്കുന്നുണ്ട്. പ്രകൃതിദുരന്തങ്ങൾ തുടർച്ചയായി നേരിടുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. 2017-ലെ ഓഖിയും 2018-ലെയും 2019-ലെയും പ്രളയവും 2024-ലെ വയനാട് ജില്ലയിലെ ചൂരൽമലയിലെ ദുരന്തവും നമുക്കറിയാം. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് വളരെ വേഗത്തിലുള്ള ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. വയനാട് ദുരന്തം നടന്ന് എട്ട് മാസമായിട്ടും പുനരധിവാസ പ്രവർത്തനങ്ങളൊന്നും നടന്നില്ലെന്ന് ഇവിടെ പറയുകയുണ്ടായി. അവിടെ ടൗൺഷിപ്പിന് തറക്കല്ലിടാൻ പോകുന്ന കാര്യം നേരത്തെ ഇവിടെ പറയുകയുണ്ടായി. അതിവേഗത്തിൽ നടത്തുന്ന ഈ പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റിന്റെ ഒരു സഹായവും ലഭ്യമല്ല. അത്തരത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായമില്ലാതെ ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരായിട്ടാണ് ജനങ്ങളെ സംഘടിപ്പിക്കുന്നതിനും അവരെ തെറ്റിദ്ധരിപ്പിക്കുന്നതിനുമുള്ള പരിശ്രമം നടത്തുന്നതെന്ന് നാം

മനസ്സിലാക്കണം. കേരളത്തിൽ എന്ത് നടന്നാലും അതെല്ലാം കാലാകാലങ്ങളായി തനിയേ സംഭവിക്കുന്ന ഒന്നാണ് എന്ന രീതിയിൽ പ്രചാരണം നൽകുന്നത് നമ്മുടെ നാട്ടിലെ മാധ്യമങ്ങളുടെയും പ്രതിപക്ഷത്തിന്റെയുമൊക്കെ ജോലിയാണ്. ഇത്തരത്തിൽ ഇവർ എല്ലാത്തിനെയും സാമാന്യവൽകരിക്കുകയാണ്. ഞങ്ങളൊന്ന് ചോദിക്കട്ടെ, ഇന്ത്യയിൽ കോൺഗ്രസ് ഭരിച്ച ഏതെങ്കിലും സംസ്ഥാനങ്ങളെ വെളിയിട വിസർജ്യ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അതൊരു ചെറിയ കാര്യമല്ല. അങ്ങനെ പ്രഖ്യാപിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? അവിടെയെല്ലാം സാധാരണക്കാരന് ഭൂമിയില്ലാത്തതുകൊണ്ടാണ് അതിന് കഴിയാത്തത്. ആ ഭൂമി കേരളത്തിൽ 1957-ൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് നൽകിയതോടുകൂടിയാണ് സംസ്ഥാനത്ത് സെപ്റ്റിക് ടാങ്കിന് കുഴിയെടുക്കാൻ കഴിഞ്ഞത്. ഇത്തരത്തിൽ ഭൂപരിഷ്കരണവും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ വരുന്ന ഗവൺമെന്റുകൾ മാറിമാറി നടപ്പാക്കുന്ന ജനോപകാരപ്രദമായ നടപടികളുമുണ്ട്. ആ നടപടികൾക്ക് എല്ലാ കാലത്തും നിങ്ങൾ തുരങ്കം വയ്ക്കാറുണ്ട്. നിങ്ങൾ വലിയ

സമരത്തിലൂടെ ആ നയങ്ങളെ പുറകോട്ടടിക്കുമ്പോൾ കേരള ജനത അത് തടഞ്ഞ് നിർത്തിയിട്ടുണ്ട്. ആ കാര്യത്തിൽ നിങ്ങൾക്ക് അത്രയെങ്കിലും പങ്കുണ്ട്. എന്നാൽ ഇക്കാര്യങ്ങളിലൊന്നും ഒരു പങ്കുമില്ലാത്തവരാണ് കേന്ദ്ര ഭരണകക്ഷിയായ ബി.ജെ.പി., കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് അവരിപ്പോൾ ഇടതുപക്ഷത്തിന്റെ പങ്കിനെ ചോദ്യം ചെയ്യാൻ ശ്രമിക്കുകയാണ്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, പ്രിയപ്പെട്ടവരേ, ഒരു കാര്യം മനസ്സിലാക്കണം. ഈ സഭ ഇന്ത്യയിലെ ജനങ്ങളുടെ സമരായുധമാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആ സമരായുധം അതിശക്തമായിത്തന്നെ പ്രവർത്തിപ്പിച്ച് മുന്നോട്ടുപോകും. മൂന്നാമതും ഈ സമരായുധം കേരളത്തിൽ അധികാരത്തിൽ വരുമെന്ന് സൂചിപ്പിക്കുന്നു. ഈ ധനാഭ്യർഥനകളെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പോലീസ് സേന ഇന്ത്യയ്ക്കും ലോകത്തിനുംതന്നെ മാതൃകയായിട്ടാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

ആഭ്യന്തര വകുപ്പ് ഏറ്റവും നല്ല രീതിയിൽ പോലീസ് സേനയെ മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനെയും നിലവിലെ ഇടതുപക്ഷ സർക്കാരിനെയും താരതമ്യപ്പെടുത്തിയാൽ, എല്ലാ രീതിയിലും എന്തായിരുന്നു ആ കാലമെന്നുള്ളത് വളരെ പേടിയോടെയാണ് ഓർക്കുന്നത്. ഉദാഹരണമായി ഒട്ടനവധി കാര്യങ്ങൾ നമ്മുടെ മുന്നിലുണ്ട്. വാളയാർ പെൺകുട്ടികളുടെ ദാരുണമരണം നമുക്ക് ഓർമയുണ്ടല്ലോ; യു.ഡി.എഫ്. അതിനെ മുതലെടുക്കുകയായിരുന്നു. വാളയാർ സംഭവത്തിൽ കേരളത്തിലുള്ള മുഴുവൻ ജനങ്ങളും ഞെട്ടിവിറച്ച ഒരു സമയമായിരുന്നു അത്. നമ്മുടെ ആഭ്യന്തര വകുപ്പ് ഏറ്റവും നല്ല രീതിയിലാണ് അതുമായി ബന്ധപ്പെട്ട അന്വേഷണവും മറ്റും നടത്തിയിട്ടുള്ളത്. എന്നാൽ യു.ഡി.എഫ്. എന്തായിരുന്നു ചെയ്തത്? യു.ഡി.എഫ്. ആ സംഭവം മുതലെടുപ്പ് നടത്തി ആഘോഷിക്കുകയായിരുന്നു. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുനേരെ എന്തൊക്കെയായിരുന്നു ആഞ്ഞടിച്ചത്? അദ്ദേഹത്തെ വളഞ്ഞിട്ട് അക്രമിക്കുന്ന രീതിയായിരുന്നു അവർ സ്വീകരിച്ചത്. സി.ബി.ഐ. അന്വേഷിക്കണമെന്ന് പറഞ്ഞു. ഈ സഭയിലുള്ള വനിതാ അംഗമടക്കം ഓരോ മുക്കിലും മൂലയിലുംപോയി പ്രസംഗിച്ചത് നമുക്ക്

ഓർമയുണ്ട്. വാളയാർ സംഭവവുമായി ബന്ധപ്പെട്ട് ആരെയൊക്കെയോ സംരക്ഷിക്കുന്നതിന് ആഭ്യന്തര വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പും ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും സി.പി.ഐ.(എം.) പ്രവർത്തകരും ഇതിൽ കുറ്റവാളികളാണെന്നുമെല്ലാം അവർ പറഞ്ഞു. കേസ് സി.ബി.ഐ. അന്വേഷിച്ചു. സി.ബി.ഐ. അന്വേഷണം എത്തിച്ചേർന്നത് എവിടെയായിരുന്നു? സംഭവത്തിലെ പ്രധാന കുറ്റവാളികളിൽ ഒരാളാണ് മരണപ്പെട്ട കുട്ടികളുടെ അമ്മ എന്നതായിരുന്നു സി.ബി.ഐ. എത്തിച്ചേർന്ന നിഗമനം. ഈ അമ്മയ്ക്ക് സപ്പോർട്ടായി നിങ്ങൾ എന്തൊരു പ്രസംഗമായിരുന്നു. ജനങ്ങളുടെ സഹതാപം നേടാൻ ആ അമ്മയെ മൊട്ടയടിപ്പിച്ചു, ധർമ്മടത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എതിരായി മത്സരിപ്പിച്ചു. ഇതൊന്നും മറക്കില്ല. ആരെയായിരുന്നു സംരക്ഷിച്ചിട്ടുള്ളത്? യു.ഡി.എഫ്.-ഉം അവരുടെ എം.എൽ.എ.-മാരും പറയുന്നത് പച്ച നുണയാണ് എന്നുള്ള കാര്യം നമുക്ക് വ്യക്തമായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ മുതലെടുപ്പ് നടത്തിയിട്ടുണ്ട്. ഇതുമാത്രമാണോ? ജിഷ വധക്കേസുമായി ബന്ധപ്പെട്ട് എന്തായിരുന്നു യു.ഡി.എഫ്.-ന്റെ കാലത്ത് നടന്നത്? ഒരു ചെരിപ്പ് കിട്ടി, അത് മരത്തിന്റെ മുകളിൽ കെട്ടിത്തൂക്കി, ഈ

ചെരിപ്പെട്ടുക്കാൻ ആൾ വരും, അപ്പോൾ നമുക്ക് അറസ്റ്റ് ചെയ്യാമെന്നാണ് അന്ന് പറഞ്ഞത്. ചെരിപ്പെട്ടുക്കാൻ ആരെങ്കിലും വരുന്നുണ്ടോയെന്ന് ആഭ്യന്തര വകുപ്പുമന്ത്രി നോക്കിയിരുന്നു. അങ്ങനെ ചെരിപ്പെട്ടുക്കാൻ വരികയാണെങ്കിൽ അയാളെ അറസ്റ്റ് ചെയ്ത് ഇതിൽ പ്രതിയാക്കാം എന്നാണ് പറഞ്ഞത്. അങ്ങനെയല്ലായിരുന്നോ? ഈ കേരളത്തിലുള്ള ജനങ്ങൾ ഇതൊന്നും മറക്കില്ല. എന്നിട്ട് എന്താണുണ്ടായത്? എൽ.ഡി.എഫ്. അധികാരത്തിൽവന്നു, കേസ് ശാസ്ത്രീയമായി അന്വേഷിച്ചു, പ്രതികളെ പിടിച്ചു, തുറുങ്കിലടച്ചു. നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് ശിക്ഷിച്ചില്ലേ? ഇതാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം. ഇത് മനസ്സിലാക്കണം. ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് പരോൾ കൊടുത്തുവെന്ന് ഇവിടെ പറയുകയുണ്ടായി. കുറ്റവാളികളെ ജയിലിലിലടയ്ക്കുമ്പോൾ പരോൾ കൊടുക്കണമെന്നുള്ളത് അവരുടെ അവകാശമാണ്; ആ അവകാശത്തെ ആർക്കും നിഷേധിക്കാൻ കഴിയില്ല. അങ്ങനെയാണ് പരോൾ കൊടുത്തിട്ടുള്ളത്. എല്ലാ കാലവും തുറുങ്കിലടയ്ക്കുക എന്നുള്ളതല്ല. ടി വധക്കേസിലെ പ്രതിക്ക് ആദ്യം പരോൾ കൊടുത്തത് ആരായിരുന്നു? യു.ഡി.എഫ്.-ന്റെ അന്നത്തെ ആഭ്യന്തര

വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയായിരുന്നു ആദ്യം പരോൾ കൊടുത്തത്. എന്നിട്ട് ഇപ്പോൾ ഇവിടെവന്ന് ചോദ്യം ചെയ്യുന്നു. ഒരു വിരൽ എൽ.ഡി.എഫ്.-നെതിരായി ചൂണ്ടുമ്പോൾ, നാലുവിരൽ തന്റെ നേരെതന്നെ ചൂണ്ടുന്നുവെന്നുള്ളതാണ് നാം കാണുന്നത്. അവരും നമ്മളും തമ്മിലുള്ള വ്യത്യാസം ഇതാണ്. ഓരോ കാര്യത്തിലും മുതലെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ആഭ്യന്തര വകുപ്പ് കേരളാ പോലീസിനെ ഏറ്റവും നല്ല രീതിയിലേക്ക് കൊണ്ടുപോകുകയാണ്. ഓരോ കാര്യങ്ങളിലും നമ്മുടെ പോലീസ് സ്റ്റേഷൻ ഏറ്റവും ജനസൗഹൃദമാക്കിയിരിക്കുന്നു. ആദ്യമായി സ്ത്രീകളുടെ പോലീസ് സ്റ്റേഷൻ വന്നത് കോഴിക്കോട് ജില്ലയിലാണ് എന്ന കാര്യത്തിൽ അഭിമാനമുണ്ട്. സ്ത്രീകളുടെ പോലീസ് സ്റ്റേഷനിലേക്ക് ഇപ്പോൾ കൂടുതൽ പോലീസുകാരെയും സ്റ്റാഫിനെയും നിയമിച്ചുകൊണ്ടിരിക്കുകയാണ്. സ്ത്രീ സൗഹൃദ, ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ പദ്ധതി സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്നുണ്ട്. ഇപ്പോൾ 148 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നു.

ഇടതുപക്ഷം ഭരിക്കുമ്പോഴുണ്ടാകുന്ന എന്തോ ഒരു സംഗതിയാണെന്നാണ് ലഹരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ യു.ഡി.എഫ്. ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. എല്ലാ കാലങ്ങളിലും ഇതുണ്ട്. ഇന്ന് ഈ വിപത്തിന്റെ പിടിയിൽ കേരളം അകപ്പെട്ടിട്ടുണ്ട് എന്നുള്ളത് ശരിയാണ്. ഇതിന്റെ ഹബ്ബായി പ്രവർത്തിക്കുന്നത് ഗുജറാത്താണ് എന്നുള്ളത് നമുക്കറിയാമല്ലോ. ബീഹാറിൽ ഏറ്റവും കൂടുതൽ മയക്കുമരുന്ന് ഉപയോഗിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നു. സമയമില്ലാത്തതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട കണക്കുകൾ ഞാനിവിടെ പറയുന്നില്ല. കണക്കുകൾ അതെല്ലാം രേഖപ്പെടുത്തുന്നുണ്ട്. ചെറുപ്പക്കാർവരെ ലഹരിക്ക് അടിമപ്പെടുന്നു എന്നുള്ളതുകൊണ്ടുതന്നെ വിവിധ സ്കീമുകൾ തയ്യാറാക്കി, എല്ലാ ഭാഗങ്ങളിലും ശ്രദ്ധയുണ്ടാകണമെന്ന് പോലീസ് സേനയ്ക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. പോലീസിൽ ഇതുമായി ബന്ധപ്പെട്ട് ധാരാളം കണക്കുകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. പോലീസുകാർ വെറുതെയിരിക്കുന്നില്ല. ലഹരിയുപയോഗങ്ങൾ പിടിക്കപ്പെടുന്നുണ്ട്. ഇതൊന്നുംതന്നെ കേരളത്തിൽ മാത്രമുള്ള ഒരു പ്രതിഭാസമല്ലല്ലോ? ഇതിനെതിരായി ഐക്യത്തോടെ,

ഒറ്റക്കെട്ടായി നിൽക്കണം. ഉരുക്കുമുഷ്ടികൊണ്ട് നേരിടേണ്ടത് ആ രീതിയിൽത്തന്നെ നേരിടണമെന്ന് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. യു.ഡി.എഫ്., എൽ.ഡി.എഫ്. എന്നുള്ളതല്ല. എസ്.എഫ്.ഐ.-യുടെ കൊടികൾ എന്ന് നേരത്തെ ഇവിടെനിന്ന് ആരോ വിളിച്ചുപറയുന്നത് കേട്ടു. കെ.എസ്.യു.-ന്റെ ഓഫീസിൽ കഴിഞ്ഞ ദിവസം സംഭവിച്ചതെന്താണ് എന്നുള്ളത് നമുക്കറിയാം. പോളിടെക്നിക്കിൽ സംഭവിച്ച കാര്യങ്ങളെല്ലാം നമുക്കറിയാം. അതിൽ കെ.എസ്.യു. ആണ്. നമ്മൾ കെ.എസ്.യു., എസ്.എഫ്.ഐ. എന്നൊന്നും പറയുന്നില്ല. നമ്മുടെ കുട്ടികൾ ഇതിൽ അകപ്പെട്ടുപോകുന്നുണ്ടെങ്കിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ പോലീസിനെ നിയമിച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മീറ്റിങ് വിളിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ രീതിയിൽ കാര്യങ്ങൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2021-22 സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി എൺപത് പോലീസ് സ്റ്റേഷനുകളിൽ ഫർണിച്ചറും

അടിസ്ഥാന സൗകര്യങ്ങളുമുണ്ടാക്കി. എന്റെ നിയോജകമണ്ഡലത്തിലടക്കം പുതിയ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള തീരുമാനമുണ്ട്. ഇത്തരത്തിൽ എൺപതോളം പോലീസ് സ്റ്റേഷനുകൾ ഇപ്പോൾ നിർമ്മിച്ചിട്ടുണ്ട്. പോലീസുകാരുടെ സ്ഥിതി നമുക്കറിയാം. അവരെ ഏതുനേരവും കുറ്റപ്പെടുത്തുകയും അക്രമിക്കുകയും ചെയ്യുന്ന രീതിയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. കോവിഡിന്റെ കാലത്ത് ഇപ്പോഴും നാം ഓർക്കാൻ ഇഷ്ടപ്പെടാത്ത സാഹചര്യമാണുണ്ടായിരുന്നത്. പൊരിയുന്ന വെയിലത്തും കാവൽ നിൽക്കുന്ന രീതിയാണ് പോലീസിനുണ്ടായിരുന്നത്. നമ്മുടെ ആഭ്യന്തര വകുപ്പും ആരോഗ്യ വകുപ്പും ചുമതലപ്പെടുത്തിയതുപ്രകാരം ജനങ്ങളെ സംരക്ഷിക്കാൻ പോലീസുണ്ടായിരുന്നു. എവിടെയെങ്കിലും ഒരു മെഡിസിൻ എത്തിയിട്ടില്ലെങ്കിൽ അവിടെ അത് എത്തിച്ചുകൊടുക്കുന്ന രീതിയാണ് അന്ന് പോലീസുകാർ സ്വീകരിച്ചത്. ഇതൊന്നും നമുക്ക് മറക്കാൻ കഴിയില്ല.

വയനാട് ജില്ലയിലെ ചൂരൽമലയിലുണ്ടായ ദാരുണമായ സംഭവം നമുക്ക് ഓർമയുണ്ട്. ഇതിനെയെല്ലാംതന്നെ നിഷേധിച്ചുകൊണ്ട്, കേരളം മഹാവിപത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു, ഒരു കാര്യങ്ങളും ചെയ്യാൻ

കഴിയാത്ത ഒരു ഗവൺമെന്റായി മാറിയിരിക്കുന്നു എന്നൊക്കെയാണ് പറയുന്നത്. മൂന്നാമതും ഞങ്ങൾ അധികാരത്തിൽ വരുമെന്നുള്ളത് തീർച്ചയാണ്. രണ്ട് തവണ അധികാരത്തിൽ വന്നു. ചരിത്രത്തിൽ ആദ്യമായായാണ് തുടർച്ചയായി ഒരു പാർട്ടിക്ക് അധികാരം കിട്ടിയിട്ടുള്ളത്. മൂന്നാമതും ഞങ്ങൾ അധികാരത്തിൽ വരുമെന്നുള്ളത് തീർച്ചയാണ്. ആ രീതിയിലേക്കുള്ള ഓരോ പദ്ധതികളും.....

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്..... സമയം കഴിഞ്ഞു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. യു.ഡി.എഫ്. ഈ വികസനത്തിനെല്ലാം എതിരായി നിൽക്കുന്നു എന്നുള്ളതാണ് ഇപ്പോൾ കാണുന്നത്. എന്റെ മണ്ഡലത്തിൽക്കൂടിയാണ് തീരദേശ റോഡ് കടന്നുപോകുന്നത്. കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് പ്രസംഗിച്ചത് 'ഇത് ഞങ്ങൾ അനുവദിക്കില്ല' എന്നുപറഞ്ഞുകൊണ്ടാണ്. ഇതുപോലെ ഓരോ വികസനവും എതിർക്കുന്ന രീതിയിലാണ് യു.ഡി.എഫ്. പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഏറ്റവും നല്ല രീതിയിൽ മുന്നോട്ടുപോകുന്ന പോലീസ് സേനയെ

പിന്തുണച്ചുകൊണ്ടുള്ള ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞമാസം തലശ്ശേരിയിൽ നടന്ന ഒരു ക്ഷേത്രോത്സവത്തിൽ സി.പി.ഐ.(എം.)-ന്റെയും ബി.ജെ.പി.-യുടെയും ആളുകൾ തമ്മിൽ ഏറ്റുമുട്ടി. അവിടെ ക്രിമിനൽ പശ്ചാത്തലമുള്ള ആളുകളും ഗുണ്ടകളുമുണ്ടായിരുന്നു. അവസാനം പോലീസ് വന്ന് സി.പി.ഐ.(എം.)-ന്റെയും ബി.ജെ.പി.-യുടെയും ആളുകളെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചു. 'ഞങ്ങളാണ് കേരളം ഭരിക്കുന്നത്, നിന്നെ കാണിച്ചുതരും, നീയൊന്നും ഇവിടെ ഉണ്ടാകുകയില്ല' എന്ന വാക്കുകൾ വളരെയധികം ഉച്ചത്തിൽ സി.പി.ഐ.(എം.)-ന്റെ ആളുകൾ അവിടെ പ്രഖ്യാപിച്ചു. പോലീസ് ടി ആളുകളെ കസ്റ്റഡിയിലെടുത്തു. കസ്റ്റഡിയിലെടുത്ത ഗുണ്ടകളെ അവിടെനിന്നും മോചിപ്പിക്കാൻ സി.പി.ഐ.(എം.)-ന്റെ ക്രിമിനലുകൾ നേതൃത്വം നൽകി. പോലീസ് കേസ് രജിസ്റ്റർ ചെയ്തു...... ആഭ്യന്തര വകുപ്പുമന്ത്രിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെ ഇല്ലെങ്കിലും നിങ്ങൾ കേൾക്കൂ. പോലീസ് കേസ് രജിസ്റ്റർ ചെയ്തു. ഗുണ്ടകളുടെ

പ്രഖ്യാപനം പാഴ്‌വാക്കായില്ല. കേസ് രജിസ്റ്റർ ചെയ്ത എസ്.ഐ.-യെ പാലക്കാട് ജില്ലയിലേക്ക് സ്ഥലം മാറ്റി. സി.പി.ഐ.(എം.)-ന്റെ ഭരണത്തിൽ rule of law/നിയമവാഴ്ചയല്ല, പാർട്ടി ക്രിമിനൽ വാഴ്ചയാണ് കേരളത്തിൽ നടക്കുന്നത് എന്നതിന് ഇതിൽപരം തെളിവ് ആവശ്യമുണ്ടോ? എന്റെ നിയോജകമണ്ഡലത്തിൽ നടന്ന വളരെ വേദനാജനകമായ ഒരു കേസ്സിനെ സംബന്ധിച്ച് പറയാം. ഞാൻ ആ വീട്ടിൽ പോയിരുന്നു. സലീമിന്റെയും റജ്നയുടെയും രണ്ട് മക്കളിൽ ഒരാളായ ഒൻപതാം ക്ലാസിൽ പഠിക്കുന്ന മിഹിർ അഹമ്മദ് എന്ന കൊച്ചുമിടുക്കൻ പഠിച്ചത് എറണാകുളത്തെ ഗ്ലോബൽ പബ്ലിക് സ്കൂളിലാണ്. 15-01-2025-ന് ഫ്ലാറ്റിലെ 26-ാം നിലയിലെ സ്വന്തം വീട്ടിൽനിന്ന് ആ പയ്യൻ ചാടി ആത്മഹത്യ ചെയ്തു. ആ കുട്ടിക്കെതിരെ അവൻ പഠിച്ച സ്കൂളിലും ബസ്സിലും നടന്ന പീഡനമാണ് ആ കുട്ടി ആത്മഹത്യ ചെയ്തതിനുള്ള യഥാർത്ഥ കാരണം. ഞാൻ ബഹുമാന്യരായ ഡി.ജി.പി.-യെയും കൊച്ചിൻ പോലീസ് കമ്മീഷണറെയും പുത്തൻകുരിശ് ഡിവൈ.എസ്.പി.-യെയും വിളിച്ച് ഈ കേസ്സിനെ സംബന്ധിച്ച ഓരോ കാര്യങ്ങളും അറിയിക്കുകയും ഗൗരവത്തോടുകൂടി അന്വേഷിക്കണമെന്ന് പ്രത്യേകം

പറയുകയും ചെയ്തു. ആ കുട്ടി മരിച്ചതിനുശേഷം ആ കേസുമായി ബന്ധപ്പെട്ട് വിദ്യാർഥികൾ 'ജസ്റ്റിസ് ഫോർ മിഹിർ' എന്ന പേരിൽ ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയിരുന്നു. ആ വാട്സ്ആപ് ഗ്രൂപ്പിലെ ഒരു സന്ദേശം ഞാൻ ഇവിടെ വായിക്കാം. ഇന്ന് കേരളത്തിലെ കോളേജുകളിൽ മാത്രമല്ല, സ്കൂളുകളിലടക്കം നടക്കുന്ന അതീവ ഗുരുതരമായ പ്രശ്നത്തെ നമ്മുടെ പോലീസ് എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണത്. ആ സന്ദേശത്തിൽ രണ്ട് കുട്ടികളുടെ പേര് പറയുന്നുണ്ടെങ്കിലും ഞാൻ ആ കുട്ടികളുടെ പേര് ബോധപൂർവം പറയാതിരിക്കുകയാണ്. ‘ They made Mihir play a game where he spread his fingers out and instead of using a pencil to hit between the gaps of his fingers, they made him use a knife.’ ഒരു കളി കളിക്കാൻ ആ കുട്ടിയെ പ്രേരിപ്പിച്ച്, പെൻസിൽ ആ ഫിംഗറിനിടയിൽ ഇടുന്നതിനുപകരം കത്തിയിട്ടുകൊണ്ട് ആ കുട്ടിയെ കളിപ്പിച്ചു. അതിനുശേഷം, ‘ They also made him lick toilet seats and pushed his head into toilets and flushed them.’ ടോയ്‌ലെറ്റിന്റെ സീറ്റ്ബെൽറ്റിൽ ആ കുട്ടിയെ നാവുകൊണ്ട് നക്കിച്ചു. അതിനുശേഷം ആ കുട്ടിയുടെ തല

ടോയ്ലെറ്റിലേക്ക് അമർത്തുകയും ഫ്ലഷ് ചെയ്യുകയും ചെയ്തു. ആ കുട്ടി 26-ാം നിലയിൽനിന്നും ചാടി ആത്മഹത്യ ചെയ്തുവെന്ന വാർത്തയാണ് പിറ്റേദിവസം ഞാനും നിങ്ങളും കേൾക്കുന്നത്. ജ്യേഷ്ഠനോടും സുഹൃത്തുക്കളോടും ഈ കുട്ടി കാര്യം പറഞ്ഞിരുന്നു. ഇത് ആ കുട്ടികളുടെതന്നെ വാട്സ്ആപ്പ് ഗ്രൂപ്പാണ് (വാട്സ്ആപ്പ് ഗ്രൂപ്പുമായി ബന്ധപ്പെട്ട പേപ്പർ ഉയർത്തിക്കാണിച്ചു). മരണത്തിനുശേഷമുള്ള വാട്സ്ആപ്പ് ഗ്രൂപ്പാണ്. പുത്തൻകുരിശ് പോലീസ് ഈ റാഗിങ് കേസ് അന്വേഷിച്ച് ഒരു പ്രതിയെപ്പോലും പിടിച്ചില്ലെന്നുമാത്രമല്ല, ആ കുട്ടി സ്വന്തം ജ്യേഷ്ഠനോട് പറഞ്ഞ കാര്യവും വാട്സ്ആപ്പ് ചാറ്റുകളും പരിശോധിക്കാത്തത് എന്തുകൊണ്ടാണെന്ന് പോലീസിനോട് ചോദിച്ചപ്പോൾ അതെല്ലാം ഞങ്ങൾ അന്വേഷിക്കാമെന്ന് പറഞ്ഞ് ആ കേസ് ഇന്ന് മൂടുന്ന അവസ്ഥയിലാണ്. എവിടെ നീതി ലഭിക്കും? ഞാൻ ബഹുമാനപ്പെട്ട ചെയറിനോടും മുഖ്യമന്ത്രിയോടും പറയുന്നു, കൊച്ചുകുട്ടികൾവരെ ആത്മഹത്യ ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഗുരുതരമായ അപരാധം ചെയ്തിരിക്കുന്ന ആളുകളെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്ന് മരണാനന്തരനീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് ഈ സർക്കാർ നേതൃത്വം നൽകണമെന്ന്

വിനീതമായി ആവശ്യപ്പെടുന്നു. ക്യാമ്പസുകളും സ്കൂളുകളും ഈ രീതിയിൽ മുന്നോട്ടുപോകാൻ പാടില്ല. ഏറെ ഗൗരവതരമായ സാഹചര്യത്തിലൂടെ നമ്മുടെ സംസ്ഥാനത്തെ ക്യാമ്പസുകൾ കടന്നുപോകുകയാണ്.

ജയിലുകളുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് നിങ്ങൾ ആലോചിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ജയിലിനകത്ത് പരിശോധന നടത്തിയപ്പോഴാണ് മരിച്ച രക്തസാക്ഷികളുടെ പേരുകൾവച്ച രക്തസാക്ഷി സ്തൂപം ജയിലിനകത്ത് നിൽക്കുന്നത് കണ്ടെത്തിയത്. ജയിലിൽ വച്ച് സ്വർണ്ണക്കടത്ത്, ഫേസ്ബുക്ക് പോസ്റ്റ് ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയ, ലഹരിക്കടത്ത്, ഫോൺ ഉപയോഗം, ജയിലിലേക്ക് പോകുന്ന ആളുകൾക്ക് യാത്രയയപ്പുകൾ ഇതെല്ലാമാണ് കേരളത്തിൽ നടക്കുന്നത്. ജയിലിലേക്ക് പോകുന്നവർക്ക് നൽകുന്ന സ്വീകരണം വേറെ......... ശരത്‌ലാൽ-കൃപേഷ് കൊലപാതക കേസ്സിലെ പ്രതികൾ ജയിലിലേക്ക് പോകുമ്പോൾ യാത്ര അയച്ചത് ആരാണ്; ഒരു കൊലപാതക കേസ്സിലെ പ്രതികൾ ജയിലിലേക്ക് പോകുമ്പോൾ നിങ്ങളുടെ ഉത്തരവാദിത്വപ്പെട്ട നേതാക്കന്മാർ ആ പ്രതികളെ

യാത്ര അയയ്ക്കുമ്പോൾ ഇവിടെ നിയമ വാഴ്ചയാണോ നടക്കുന്നത് അതല്ല, ക്രിമിനൽ വാഴ്ചയാണോയെന്ന് ഞാൻ ചോദിക്കുന്നു. കേരളത്തിൽ ആ ക്രിമിനലുകൾക്ക് സംരക്ഷണം നൽകുന്നത് നിങ്ങളാണെന്ന് സ്വയം പ്രഖ്യാപിക്കുകയല്ലേ? ഇതിനേക്കാൾ വലിയ മര്യാദകേടും ജനാധിപത്യ വിരുദ്ധപ്രവർത്തനവും വേറെ ഏതെങ്കിലുമുണ്ടോ? നിങ്ങൾ ആലോചിക്കണം. ചില കേസ്സുകൾ holy crimes ആണ്. പാർട്ടി തീരുമാനിച്ച് നടത്തുന്ന കൊലപാതകം holy crimes ആണ്. അതിന്റെ ഭാഗമായ കാര്യങ്ങൾ പ്രിയപ്പെട്ട കെ. കെ. രമ ഇവിടെ പറഞ്ഞു. കെ. സി. രാമചന്ദ്രന് 1308 ദിവസം പരോൾ നൽകിയതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അതിന് കാരണം എന്താണ്? കെ. സി. രാമചന്ദ്രൻ, കിർമാണി മനോജ്, വായപ്പടച്ചി റഫീഖ് ഉൾപ്പെടെയുള്ള ഓരോ പ്രതികൾക്കും 1038, 1044, 962 പരോൾ ദിവസങ്ങളാണ് നിങ്ങൾ നൽകിയത്. പരോൾ അനുവദിക്കുന്നതിനുള്ള കാരണം എഴുതിയതാണ് ഏറ്റവും രസകരം. ‘ Time to spend with family members’ എന്നാണ് കാരണം എഴുതിയിരിക്കുന്നത്. ഇങ്ങനെ എഴുതാൻ നിങ്ങൾക്ക് നാണമുണ്ടോ? ഒരു കൊലപാതകത്തിന് നേതൃത്വം കൊടുത്ത, 52

വെട്ടുവെട്ടി കൊലപാതകത്തിന് നേതൃത്വം നൽകിയ, ഒരു പൊതുപ്രവർത്തകനെ കൊന്ന് കശാപ്പുചെയ്ത ആ പ്രതികൾക്ക് കുടുംബത്തിനൊപ്പം താമസിക്കാൻ എന്നുപറഞ്ഞ് ആയിരവും ആയിരത്തിയഞ്ഞൂറ് ദിവസവും പരോൾ നൽകുന്ന ഈ സർക്കാരിന് നിയമവാഴ്ചയോട് പുല്ലിന്റെ വിലയാണുള്ളത്. ഈ സർക്കാരിന് മാന്യതയും ജനാധിപത്യ നീതിന്യായ ബോധവുമുണ്ടോ? ഓരോ കാര്യവും നിങ്ങൾ പരിശോധിക്കണം. ഇതെല്ലാം കാണുമ്പോൾ എന്താണ് ഞങ്ങൾക്ക് ഓർമ്മ വരുന്നതെന്ന് ചോദിച്ചാൽ, യഥാർഥത്തിൽ നിയമ വാഴ്ച ഇവിടെ നടക്കുകയില്ല. ശ്രീ. പി. ജയരാജനെ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ ഉൾപ്പെടുത്താതെ നിങ്ങൾ പുറത്താക്കിയപ്പോൾ അദ്ദേഹത്തിന്റെ മകൻ ഒരു ഫേസ്ബുക്ക് പോസ്റ്റും വാട്ട്സ്ആപ്പ് സ്റ്റാറ്റസുമിട്ടു. 2019-ലെ ശ്രീ. എം. സ്വരാജിന്റെ ഒരു ഫേസ്ബുക്ക് പോസ്റ്റിലെ വരികളാണ് അദ്ദേഹത്തിന്റെ മകൻ പോസ്റ്റ് ചെയ്തത്. ശ്രീ. എം. സ്വരാജിന്റെ ഫേസ്ബുക്ക് പോസ്റ്റിലുള്ളതായിരുന്ന വാചകത്തിൽ 'രാജ്യം' എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഞാൻ അതിനെ കേരളം എന്നാക്കുന്നു, 'ഈ കേരളം ഇവർ ഭരിക്കുമ്പോൾ ഇങ്ങനെയൊക്കെ അല്ലാതെ മറ്റ് വല്ലതും സംഭവിക്കുമെന്ന്

നിങ്ങൾക്ക് വല്ല ധാരണയുമുണ്ടോ' എന്നുള്ളതാണ്; ഇതിൽപ്പരം മറ്റുവല്ലതും സംഭവിക്കുമോ; ഇന്ന് പോലീസിന്റെ അവസ്ഥ എന്താണ്? പോലീസിന് ഡീസൽ അടിക്കാൻ കാശില്ല, പോലീസിന്റെ കൈയിൽ പുതിയ വാഹനമില്ല, ഉപകരണങ്ങളില്ല. മുഖ്യമന്ത്രിയുടെ മൂക്കിന് താഴെയുള്ള കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെ ടെലിഫോണിന്റെ ബിൽ അടയ്ക്കുന്നതിനുപോലും കാശില്ല. പിന്നെ എങ്ങനെയാണ് എൻഫോഴ്സ്മെന്റിന് പോലീസ് നേതൃത്വം നൽകുന്നത്? പോലീസ് സേനയിലെ നവീകരണത്തിന്റെ കാര്യത്തിലേയ്ക്കോ സ്റ്റൈപ്പൻഡുമായി ബന്ധപ്പെട്ട കാര്യത്തിലേയ്ക്കോ ഞാൻ കടക്കുന്നില്ല. 1991-ൽ എം. കെ. ജോസഫ് റിപ്പോർട്ടിൽ കൃത്യമായി എട്ട് മണിക്കൂർ ജോലിയെന്ന് പറയുന്നുണ്ട്. എന്നാൽ ഇപ്പോൾ പോലീസിന് എത്രയാണ് ജോലി? പതിനാറ് മണിക്കൂർ മുതൽ ഇരുപത്-ഇരുപത്തിനാല് മണിക്കൂർവരെ തുടർച്ചയായി അവർ ജോലി ചെയ്യുകയാണ്. അഞ്ഞൂറ് ആളുകൾക്ക് ഒരു പോലീസാണ് ആവശ്യമായിട്ടുള്ളത്. നിങ്ങൾ ആധുനിക ലോകക്രമത്തെ പരിശോധിക്കണം. കേരളത്തിന്റെ അവസ്ഥ എന്താണ്? വളരെ മോശമായ അവസ്ഥയാണ്. കേരളത്തിൽ 150 പോലീസുകാർ VRS (Voluntary Retirement Scheme)

എടുത്തു. 118-ഓളം പോലീസുകാർ വേണ്ടിടത്ത് 44 പേരുമായി ഒരു പോലീസ് സ്റ്റേഷൻ ചലിക്കുകയാണ്. നിങ്ങൾ അലോചിക്കണം, കേരളാ പോലീസിൽ എട്ട് വർഷത്തിനുള്ളിൽ ജീവനൊടുക്കിയ പോലീസുകാരുടെ എണ്ണം 140 ആണ്. ഇങ്ങനെയൊരു പോലീസ് സംവിധാനത്തെ നമുക്ക് കൊണ്ടുനടക്കാൻ സാധിക്കുമോ? പോലീസിന് stress ആണ്. എന്റെ നിയോജകമണ്ഡലമായ കൽപ്പറ്റയിൽ വിനീത് എന്നുപറയുന്ന അരീക്കോട് ട്രെയിനിങ് സെന്ററിൽ ജോലി ചെയ്യുന്ന മിടുക്കനായ പോലീസുകാരൻ, അരിക്കോട്ടെ സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് ക്യാമ്പിലെ കമാൻഡോ...

ചെയർപേഴ്സൺ: യെസ്.... അങ്ങേയ്ക്ക് അനുവദിച്ച സമയം അവസാനിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ അവസാനിപ്പിക്കാം. ആ വിനീത് എ.കെ. 47 തോക്കെടുത്ത് ടോയ്ലെറ്റിൽപോയി തന്റെ കഴുത്തിന് താഴെ നിറയൊഴിച്ചു. കാഞ്ചി വലിച്ചപ്പോൾ ആ ചെറുപ്പക്കാരന്റെ മസ്തിഷ്കം/ബ്രെയിൻ തകർന്ന് തലയോട്ടി പൊട്ടി ആ വെടിയുണ്ട പുറത്തുപോയി. അങ്ങനെ എത്ര വിനീതുമാർ കേരളത്തിലുണ്ട്? കേരളത്തിലെ പോലീസുകാർക്ക് രക്ഷയില്ല. ഈ

ആഭ്യന്തര വകുപ്പിന്റെ ഭരണത്തിനുകീഴിൽ കേരളത്തിലെ ജനങ്ങൾക്ക് രക്ഷയില്ല, പോലീസുകാർക്കുപോലും രക്ഷയില്ലെന്ന് ഞാൻ പറയുന്നു. മൂന്നാമതും ഭരണത്തിൽ വരുമെന്ന് പറഞ്ഞു. ഈ പാർട്ടി ഇങ്ങനെ പോയാൽ ഉണ്ടാകില്ല. അതുകൊണ്ട് ഈ ഭരണം അവസാനിപ്പിക്കണമെന്ന് പാർട്ടി പ്രവർത്തകർ തീരുമാനമെടുത്ത സാഹചര്യമാണ് കേരളത്തിലുള്ളത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ ധനാഭ്യർഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുകയാണ്. ഇവിടെ കല്പറ്റ അംഗം സംസാരിച്ച് അവസാനമൊരു പ്രവചനവും നടത്തിയാണ് ഇരുന്നത്. അതൊരു ആശ്വാസത്തിന് കൊള്ളാം. ഞങ്ങൾ മൂന്നാമതും അധികാരത്തിൽ വരുമെന്ന് പറഞ്ഞത് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും ഡോ. ശശി തരൂരുമാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അവർ എവിടെ പറഞ്ഞു? ...(മൈക്ക് ഓഫ്).

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, അവർ രണ്ടുപേരും പറഞ്ഞത് നോക്കിയാൽ മതി ശ്രീ. എം. വിൻസെന്റേ; അവർ പറഞ്ഞത്

ബഡ്ജായിയാണെന്ന് വേണമെങ്കിൽ നിങ്ങൾക്ക് പറയാം. ഞാൻ അതിലേയ്ക്കല്ല വരുന്നത്. കേരളത്തിലെ പോലീസ് സേനയെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് ഇന്നുള്ള ഏറ്റവും വലിയ ആത്മവിശ്വാസം എന്താണ്? ഏത് ആപത്ഘട്ടത്തിലും പോലീസ് ജനങ്ങളോടൊപ്പമുണ്ടെന്ന തിരിച്ചറിവ് കേരളത്തിൽ സഖാവ് പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടമായി ഞങ്ങൾ ഉയർത്തിക്കാണിക്കുന്നത്. ഇവിടെ ഏറ്റവും അവസാനം ചർച്ച ചെയ്തപ്പോൾ കേരളത്തിലെ ചില കേസുമായി ബന്ധപ്പെട്ട് പറഞ്ഞിരുന്നു. കേരളാ പോലീസിന്റെ മികവ് എത്രത്തോളം മികച്ചതാണെന്ന് കാണിക്കുന്ന മൂന്ന് കേസുകൾ ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സി.ബി.ഐ.-ക്ക് വിടണമെന്നുപറഞ്ഞ് ഇവിടെ വലിയ സമരങ്ങൾ നടന്നതാണല്ലോ; ഒന്ന്, നേരത്തെ ഇവിടെ സൂചിപ്പിച്ച വാളയാർ പെൺകുട്ടികളുടെ കേസ്. വടകര അംഗം ഇപ്പോൾ സഭയിൽ ഇല്ല. കൂടെ കൊണ്ടുനടക്കുകയായിരുന്നല്ലോ? ധർമ്മടത്ത് മുഖ്യമന്ത്രിയെ പരാജയപ്പെടുത്താൻ വാളയാർ അമ്മയെ തന്നെയാണല്ലോ നിർത്തിയത്. ആ

ആശാന്മാർ ഇപ്പോൾ ഒന്നും മിണ്ടുന്നില്ല. അതോടൊപ്പം പ്രശസ്തനായ വയലിനിസ്റ്റ് ബാലഭാസ്കറിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്, ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട കേസ്. കേരളത്തിലെ പോലീസ് എന്താണോ അന്വേഷിച്ച് കണ്ടെത്തിയത് അതാണ് ശരിയെന്ന് സി.ബി.ഐ. തന്നെ പറഞ്ഞില്ലേ; ആ വാദത്തെ പൂർണ്ണമായി അംഗീകരിക്കുവാനല്ലേ തയ്യാറായത്? ഇവിടെ കാണേണ്ട പ്രശ്നം എന്താണ്; ഇന്ന് കേരളത്തിലെ പോലീസും എക്സൈസും രാജ്യത്തിനും ലോകത്തിനും മാതൃകയാകുന്ന നിലയിലുള്ള ഇടപെടലല്ലേ നടത്തിക്കൊണ്ടിരിക്കുന്നത്? ഇവിടെ ചിലർ പറയുന്നത് കേട്ടാൽ കേരളത്തിലാണ് ലഹരിയെന്ന് തോന്നും. ഇന്ന് ലോകത്തുതന്നെ ലഹരി ഒരു ആഗോള പ്രതിഭാസമായി മാറുകയല്ലേ? അടുത്ത കാലത്ത് വന്നിരിക്കുന്ന റിപ്പോർട്ടനുസരിച്ച് 2024-ൽ ഏതാണ്ട് 25,000/- കോടി രൂപയുടെ മയക്കുമരുന്നാണ് ഇന്ത്യയിൽ പിടികൂടിയിരിക്കുന്നത്. അതിൽ 100 കോടിയിൽ താഴെയാണ് കേരളത്തിലുള്ളത്. രാജ്യാന്തരമായി നടന്നുകൊണ്ടിരിക്കുന്നതാണിത്. ഏറ്റവും കൂടുതൽ വരുന്നത് മഹാരാഷ്ട്രയിൽനിന്നും ഗുജറാത്തിൽ നിന്നുമാണ്. കേരളത്തിൽ

നടത്തിക്കൊണ്ടിരിക്കുന്ന റെയ്ഡുകളും അന്വേഷണങ്ങളും ചെറുതാണോ? 2021 മുതൽ 2024 വരെ ഏതാണ്ട് 15193 കേസ്സുകളാണ് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. അതിൽത്തന്നെ 2021-ൽ 2083, 2022-ൽ 3638, 2023-ൽ 4998, 2024-ൽ 4474 എന്നിങ്ങനെ രജിസ്റ്റർ ചെയ്ത് കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടില്ലേ; ആകെ പിടിക്കുന്ന കേസുകളിൽ 2 ശതമാനത്തിൽ താഴെ മാത്രമാണ് രക്ഷപ്പെട്ട് പോകുന്നത്. ഇത്രയും ശക്തമായി ഇവിടെ പോലീസും എക്സൈസും ഇടപെടുന്നതുകൊണ്ടാണ് ഈ കേസുകളിൽ പ്രതികളെ പിടിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. 150789 എക്സൈസ് റെയ്ഡാണ് ഇവിടെ നടന്നത്. നിങ്ങൾ പ്രസംഗിക്കുന്നുണ്ടല്ലോ; കേരളത്തിൽ ഇത്രയും ശക്തമായി ഇടപെട്ടിട്ടുള്ള കാലമുണ്ടായിട്ടുണ്ടോ? ഈ സംസ്ഥാനത്ത് ഏറ്റവും അവസാനം 2025 ജനവരി-ഫെബ്രുവരി മാസത്തിലായിമാത്രം 3112 അറസ്റ്റുകളാണ് നടത്താൻ കഴിഞ്ഞിട്ടുള്ളത്. ലഹരിക്കെതിരായി ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് പിണറായി സർക്കാർ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. അതിശക്തമായ നടപടിയാണ് ലഹരിക്കെതിരായി ഈ സർക്കാർ ചെയ്യുന്നത്. ആ സർക്കാരിനെയാണ് ഇവിടെ ആക്ഷേപിക്കാനും

കുറ്റംപറയാനുംവേണ്ടി പ്രതിപക്ഷം തയ്യാറാകുന്നത്. നിങ്ങൾ വല്ലാത്ത വേവലാതിയിലാണ്. നേരത്തെ ചർച്ചയിൽ ആദ്യം തുടങ്ങിവച്ച യു.ഡി.എഫ്. നേതാവ് മൂവാറ്റുപുഴ അംഗം സംസാരിച്ചപ്പോൾ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട കാര്യത്തിലേക്ക് കടന്നില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അതുമായി ബന്ധപ്പെട്ട് പറഞ്ഞു. കാരണം അവരെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസത്തിലാണ്. കേരളം വ്യവസായ സൗഹൃദത്തിന്റെ കാര്യത്തിൽ 28-ാം സ്ഥാനത്ത് നിന്നപ്പോൾ കേരളത്തിലെ യു.ഡി.എഫ്.-ന് വലിയ സന്തോഷമായിരുന്നു. ഇപ്പോൾ ഒന്നാം സ്ഥാനത്ത് വന്നുകഴിഞ്ഞപ്പോൾ അവർ വല്ലാത്ത വിഷമത്തിലും വിരോധത്തിലുമാണ്. എന്തിനാണ് നിങ്ങൾ ഇങ്ങനെ വിരോധം കാണിക്കുന്നത്; കേരളത്തിന്റെ വളർച്ച നിങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ലേ? ഇവരുടെ കാലത്ത് 2003 ജനുവരി മാസത്തിൽ GIM (Global Investors Meet) സംഘടിപ്പിക്കുകയുണ്ടായി. അന്ന് ഗൾഫ് സെന്ററിൽ വച്ചാണ് GIM നടത്തിയതെന്ന് നമുക്കറിയാം. 26,000/- കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരുമെന്നാണ് പറഞ്ഞത്. എന്നിട്ട് എന്ത് വന്നു? അന്ന് GIM നടന്നപ്പോൾ പറഞ്ഞത്, കൊറിയൻ കമ്പനി കപ്പലിന്റെ എഞ്ചിൻ റിപ്പയർ

ചെയ്യുന്നതിനുവേണ്ടി വരുന്നുവെന്നാണ്. അവസാനം എന്താണ് സംഭവിച്ചത്? ജോയ് ആലൂക്കാസിന്റെ രണ്ട് സ്വർണ്ണക്കടയും ഒരു ജൗളിക്കടയുമാണ് ആകെ വന്നത്. ഇന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തിയ വ്യവസായ നിക്ഷേപത്തിലൂടെ നേടാൻ കഴിഞ്ഞിട്ടുള്ളത് അതാണോ? 2012 ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലം സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിങ് കേരള നടത്തി. 45,000 കോടി രൂപയാണ് പറഞ്ഞിരുന്നത്. എമർജിങ് കേരളയ്ക്കായി 13 കോടി രൂപ ചെലവഴിച്ചു. വലിയ ജർമ്മൻ കമ്പനിയായ ഫോക്സ്‌വാഗന്റെ 2000 കോടി രൂപയുടെ മുതൽമുടക്കാണ് ഇവിടെ വരുന്നതെന്ന് പറഞ്ഞു. എവിടെ വന്നു? ഈ തട്ടിപ്പുകളാണ് നിങ്ങൾ നടത്തിയിട്ടുള്ളത്. അന്ന് 99 വർഷക്കാലത്തേക്ക് ഭൂമി പാട്ടത്തിന് കൊടുക്കാനെടുത്ത തീരുമാനം ഓർക്കുന്നുണ്ടല്ലോ. ഇന്നത്തെ പ്രതിപക്ഷ നേതാവടക്കമുള്ള ആൾക്കാർ അന്ന് ഹരിത എം.എൽ.എ.-മാർ എന്ന നിലയിൽ അതിനെതിരായി നടത്തിയിട്ടുള്ള കലാപങ്ങളും കേരളം കണ്ടിട്ടുള്ളതാണ്. യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ഇന്ന് ക്രമസമാധാന നിലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടമായാലും വ്യവസായിക മേഖലയുമായി

ബന്ധപ്പെട്ട് വന്നിട്ടുള്ള നേട്ടമായാലും പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അവർക്ക് അംഗീകരിക്കാൻ കഴിയാത്തൊരു മാനസിക നിലയിലാണ്. എന്തും പറയുന്നവെന്നതിനപ്പുറം എന്തെങ്കിലും അടിസ്ഥാനപരമായ കാര്യമുണ്ടോ? കേരളത്തിലെ പോലീസിന്റെ ഇന്നത്തെ ശോചനീയാവസ്ഥയെക്കുറിച്ചാണ് ഒരംഗം ഇവിടെ പറഞ്ഞത്. പോലീസ് സേനയിൽ ഇത്രയധികം നവീകരണം നടന്നൊരു കാലമുണ്ടോ; അടിസ്ഥാന സൗകര്യങ്ങൾ ഇത്രയധികം വികസിപ്പിക്കാനായി ഗവൺമെന്റ് ഇടപെട്ടൊരു കാലമുണ്ടോ? ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് 126 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയത്. അതിനകത്ത് അത്യാധുനികമായ സൗകര്യങ്ങളാണ് പോലീസ് സേനയ്ക്ക് ഒരുക്കി നൽകിയിട്ടുള്ളത്. പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ, വിവിധ സ്റ്റേഷനുകളുടെ ശിശുസൗഹൃദ ഇടങ്ങൾ, പോലീസ് ബാരക്കുകൾ, ഫോറൻസിക് സയൻസ് ലാബുകൾ, ജില്ലാ പരിശീലന കേന്ദ്രങ്ങൾ, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ ആസ്ഥാന മന്ദിരം, ജില്ലാ കൺട്രോൾ റൂമുകൾ, ക്രൈംബ്രാഞ്ച് ഓഫീസുകൾ, ആന്റി ടെററിസ്റ്റ് ഓഫീസുകൾ, പോലീസ് ഗവേഷണ കേന്ദ്രം, നീന്തൽക്കുളം, പി.ടി. നഴ്സറി ഇതെല്ലാം ഈ ഗവൺമെന്റ്

വന്നതിനുശേഷമുള്ള കാലഘട്ടത്തിൽ പോലീസ് സേനയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുള്ള കാര്യങ്ങളാണ്. 61 പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഇതെല്ലാം ഏത് കാലഘട്ടത്തിലാണ് നടന്നിട്ടുള്ളത്; പോലീസിനെ സംബന്ധിച്ചിടത്തോളം ഇത്രയുമധികം ആത്മവിശ്വാസത്തോടുകൂടി അവർക്ക് അവരുടെ ചുമതല നിർവഹിക്കാൻ കഴിയുന്ന കാലഘട്ടമുണ്ടായിട്ടുണ്ടോ; ഏതെങ്കിലും ബാഹ്യമായ ഇടപെടലുകൾ നടക്കുന്നുണ്ടോ; തലശ്ശേരി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ സി.പി.ഐ.(എം)-കാർ എന്തൊക്കെയോ പ്രശ്നമുണ്ടാക്കിയെന്ന് ഇവിടെ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ അംഗം പറഞ്ഞു. പണ്ട് മണൽ മാഫിയയ്ക്കുവേണ്ടി നിങ്ങളുടെ ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനിൽപോയി നടത്തിയിട്ടുള്ള ബഹളവും അന്നുണ്ടാക്കിയിട്ടുള്ള സംഭവങ്ങളുമെല്ലാം ഈ കേരളം മറന്നിട്ടില്ലെന്ന് നിങ്ങൾ ഓർത്തിരിക്കണം. ഞങ്ങളെ സംബന്ധിച്ച് അധികാരം ഉപയോഗിച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരല്ല ഞങ്ങൾ. അധികാരമുണ്ടെങ്കിലും ഇല്ലെങ്കിലും ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനങ്ങൾ

നടത്തുന്നവരാണ്. പോലീസിനെ ദുർവിനിയോഗം ചെയ്യേണ്ട ഒരാവശ്യവും ഞങ്ങൾക്കില്ല. പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന അവസരം സൃഷ്ടിച്ചുകൊടുക്കാനാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തയ്യാറായിട്ടുള്ളതെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. എന്തെല്ലാം ദുരാരോപണങ്ങളാണ് ഈ കാലയളവിൽ ഉയർത്തിയിട്ടുള്ളത്. ചില കാര്യങ്ങൾ വലിയ പെരുമഴപോലെയല്ലേ നിങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളത്. പക്ഷേ അതെല്ലാം കേരള നാട് അംഗീകരിക്കാതെ തള്ളിക്കളഞ്ഞുവെന്നത് വളരെ യാഥാർഥ്യമല്ലേ; പൊതുവെ ശുദ്ധനായ ഒരു അംഗമാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന്. അദ്ദേഹം യു.ഡി.എഫ്.-ലെ ഒരംഗമാണെങ്കിലും ഒരു ശുദ്ധനായിട്ടേ അദ്ദേഹത്തെ ഞങ്ങൾ കണ്ടിട്ടുള്ളൂ. കേരളത്തിന്റെ മുഖ്യമന്ത്രിയെക്കുറിച്ച് അദ്ദേഹം സഭയിൽ സത്യസന്ധമായൊരു കാര്യം പറഞ്ഞു. അങ്ങനെയൊരു നല്ല വാക്ക് അദ്ദേഹത്തിന്റെ വായിൽനിന്ന് വീണതിൽ അദ്ദേഹത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അദ്ദേഹം പറഞ്ഞു, കോവിഡ് തടഞ്ഞുനിർത്താൻ മറ്റാരേക്കാൾ മാതൃകാപരമായി നേതൃത്വവും നിർവഹിച്ചത്....

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോയിന്റ് ഓഫ് ഓർഡർ....

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എന്റെ പ്രസംഗത്തെ അദ്ദേഹം ദുർവ്യാഖ്യാനം ചെയ്തിരിക്കുകയാണ്. ഞാൻ പറഞ്ഞത്, മുഖ്യമന്ത്രി കോവിഡിന്റെ ശത്രുവാണെന്ന് പറയുന്നു, അതേ മുഖ്യമന്ത്രിതന്നെ കോവിഡ് ബാക്കിവച്ചിട്ടുള്ള ചില സംവിധാനങ്ങളെ ഇപ്പോൾ വാരിപുണരുകയും ചെയ്യുന്നുവെന്നാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അദ്ദേഹം ആദ്യം പറഞ്ഞിട്ടുള്ള കാര്യങ്ങൾ സഭാരേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. സഭയ്ക്ക് പുറത്തേയ്ക്ക് പോയി തിരിച്ചുവന്നപ്പോൾ അദ്ദേഹത്തെ ആരൊക്കെയോ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹം ഇപ്പോൾ മാറ്റിപ്പറഞ്ഞതാണ്. അദ്ദേഹം ശുദ്ധനാണ്. അദ്ദേഹം ആദ്യം പറഞ്ഞത് രേഖകളിലുണ്ട്.

ചെയർപേഴ്സൺ: അങ്ങയുടെ സമയം പോകുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, എന്റെ അരമണിക്കൂർ സമയം പോയാലും കുഴപ്പമില്ല, എങ്കിലും ഞാൻ അദ്ദേഹത്തെ മോശക്കാരനാക്കുന്നില്ല.

അദ്ദേഹം നല്ല കാര്യമാണ് പറഞ്ഞത്. ഞങ്ങൾ അതിനെ അഭിനന്ദിക്കുകയാണ്. ലീഗിന്റെ യോഗങ്ങളിൽ നൽകുന്ന ബിരിയാണിയുടെ കാര്യമൊഴികെ ബാക്കിയെല്ലാം കൃത്യമാണ്. ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് രണ്ട് കാലഘട്ടങ്ങളിലായി ഒൻപത് വർഷക്കാലം പൂർത്തീകരിക്കുകയാണ്. ഈ ഒൻപത് വർഷക്കാലത്തെ സംബന്ധിച്ച് എന്തെല്ലാം ദുരാരോപണങ്ങളാണ് വന്നിട്ടുള്ളത്. നിങ്ങളെ സഹായിക്കാൻ എത്ര മാധ്യമങ്ങളാണ് മത്സരിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങളല്ലാതെ വേറെ ആരെങ്കിലും ആയിരുന്നെങ്കിൽ പപ്പടം പൊടിയുന്നതുപോലെ പൊടിഞ്ഞുപോകില്ലേ; വേറെ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനമോ മുന്നണിയോ ആയിരുന്നെങ്കിൽ ഇവിടെ കാണുമോ; നിങ്ങൾ രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുകയല്ലല്ലോ; നിങ്ങൾക്കുവേണ്ടി ലക്ഷക്കണക്കിനുവരുന്ന കോപ്പികളിൽ വ്യാജവാർത്തകൾ ചമച്ചും വൈകുന്നേരമാകുമ്പോൾ അന്തിചർച്ചകൾ സംഘടിപ്പിച്ചും നിങ്ങൾക്ക് എങ്ങനെയെങ്കിലും ഉത്തേജകം നൽകാൻ ശ്രമിച്ചിട്ടും നിങ്ങൾ രക്ഷപ്പെടില്ല. കാരണം, ജനങ്ങൾക്ക് നിങ്ങളെ

വിശ്വാസമില്ല. ജനങ്ങൾക്ക് ഭക്ഷണം, വസ്ത്രം, കിടപ്പാടം എന്നിവ നൽകുമെന്ന വാഗ്ദാനം നിറവേറ്റിയാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോയികൊണ്ടിരിക്കുന്നത്.

"അന്ന വസ്ത്രാദി മുട്ടാതെ

തന്നു രക്ഷിച്ചു ഞങ്ങളെ

ധന്യരാക്കുന്ന നീയൊന്നു-

തന്നെ ഞങ്ങൾക്കു തമ്പുരാൻ' '

എന്ന് ശ്രീനാരായണ ഗുരുദേവൻ ദൈവദശകത്തിൽ പറഞ്ഞതുപോലെ കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ രാജ്യത്തെയും സംസ്ഥാനത്തെയും ജനങ്ങൾക്ക് ഇതെല്ലാം പ്രദാനം ചെയ്തുകൊണ്ടുപോകുകയാണ്. അതിനാൽ എന്തൊക്കെ ദുരാരോപണം ഉന്നയിച്ചാലും എന്തൊക്കെ കള്ളപ്രചാരണം നടത്തിയാലും അതൊന്നും ഈ കേരളത്തിന്റെ മണ്ണിൽ ചെലവാകില്ല. മൂന്നാം ഇടതുപക്ഷ ഗവൺമെന്റും കേരളത്തിൽ അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ലെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണക്കുകയാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും മികച്ച ക്രമസമാധാന നിലയുള്ള സംസ്ഥാനമാണ് കേരളമെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ല. കഴിഞ്ഞ ഒന്നാം പിണറായി ഗവൺമെന്റിന്റെയും ഈ സർക്കാരിന്റെയും കാലത്ത് (2016 മുതൽ 15-6-2024 വരെ) ഏതാണ്ട് 20014 നിയമനങ്ങളാണ് കേരള പോലീസിലേക്ക് നടത്തിയിട്ടുള്ളത്. ഓരോ പാസിങ് ഔട്ട് പരേഡ് കഴിയുമ്പോഴും ആ ലിസ്റ്റിൽ ഉൾപ്പെട്ട അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ കണക്ക് പത്രങ്ങൾ റിപ്പോർട്ട് ചെയ്യാറുണ്ട്. ഏറ്റവും കൂടുതൽ ഉന്നത വിദ്യാഭ്യാസവും അഭ്യസ്തവിദ്യരുമായ ചെറുപ്പക്കാർ ഈ സേനയിലേക്ക് കടന്നുവന്ന ഒരു കാലഘട്ടംകൂടിയാണിത്. അതിനനുസരിച്ച് സേനയിൽ വലിയ മാറ്റമുണ്ടായിട്ടുണ്ട്. ആ സേനയ്ക്കാണ് കേരളത്തിലെ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നതെന്നത് വളരെ അഭിമാനകരമായ കാര്യമാണ്. കേരളത്തിലെ പോലീസ് സേന ക്രമസമാധാന പാലനം മാത്രമല്ല നടത്തുന്നത്. പ്രളയം, കോവിഡ് പോലുള്ള സന്ദർഭങ്ങളിൽ പോലീസ് സേന ക്രമസമാധാന പാലനത്തിനുപുറമെ ജനങ്ങളുടെ സംരക്ഷകരായി മാറിയ ചിത്രമല്ലേ നമ്മൾ

കണ്ടത്; ആ സന്ദർഭങ്ങളിലെല്ലാം അവരുടെ ജീവൻപോലും മാറ്റിവച്ച് കൃത്യനിർവഹണത്തിന്റെ ഭാഗമായി ആരോഗ്യ സേവനമടക്കം ഏറ്റെടുത്തുകൊണ്ട് പോലീസ് സേന രംഗത്തുവന്നത് നമ്മളെല്ലാം കണ്ട കാര്യമാണ്. അതൊരു ലോകമാതൃകയായി മാറിയ സംഗതികൾ നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. പ്രളയത്തിന്റെയും കോവിഡിന്റെയും നാളുകളിൽ പോലീസ് സേന നടത്തിയിട്ടുള്ള ആ പരിശ്രമം എല്ലാവരാലും ശ്രദ്ധിക്കപ്പെട്ട ഒന്നാണെന്ന് എടുത്തുപറയേണ്ടൊരു കാര്യമായി ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അത് മാത്രമല്ല, കോവിഡ് കാലഘട്ടത്തിൽ കേരളത്തിലെ മുഖ്യമന്ത്രി ഓരോ ദിവസവും വൈകുന്നേരങ്ങളിൽ ടെലിവിഷൻ ചാനലുകളിൽ വന്ന് പറയുന്ന കാര്യങ്ങൾ എന്താണെന്ന് കാണുന്നതിനും കേൾക്കുന്നതിനുമായി എല്ലാ വിഭാഗം ആളുകളും ഒരുമിച്ച് വന്നത് നമ്മൾ കണ്ടതല്ലേ; ജനങ്ങളുടെ മനസ്സിൽ പരിഭ്രാന്തിയില്ലാതാക്കാനും ആത്മവിശ്വാസം ഉയർത്തുന്നതിനും മുഖ്യമന്ത്രി നടത്തിയിട്ടുള്ള ഇടപെടലുകൾ എല്ലാവരാലും സ്വീകരിക്കപ്പെട്ട ഒന്നല്ലേ; അതിന്റെയൊക്കെ ഭാഗമായാണ് ജനങ്ങളിൽ വലിയ ആത്മവിശ്വാസം

വരുത്തുന്നതിനുവേണ്ടി ഇടയായതെന്നുകൂടി വളരെ അഭിമാനപുരസ്സം പറയാൻവേണ്ടി ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ലഹരി ഉപയോഗം അടുത്തകാലത്തായി കൂടിവരുന്നുവെന്നത് സാർവദേശീയ പ്രതിഭാസമാണ്. പ്രത്യേകിച്ച് കോവിഡ് കഴിഞ്ഞപ്പോൾ, ആ രോഗം സൃഷ്ടിച്ച ഏകാന്തതയും മറ്റ് പ്രശ്നങ്ങളും കാരണം പല ആളുകളും ലഹരിയുടെ ഭാഗമായിപ്പോകുന്നുവെന്നത് നമ്മൾ കാണുകയാണ്. ഇവിടെ പ്രതിപക്ഷനേതാവ് എന്താണ് പറഞ്ഞത്? കേരളത്തിൽ പോലീസും എക്സൈസ് വിഭാഗവും നടത്തുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി കുറച്ചേറെ കേസുകൾ പിടിക്കുന്നതും കൃത്യമായി എൻഫോഴ്സ്മെന്റ് നടപടികൾ നടത്തുന്നതും കേരളത്തിലാണ്. എന്നാൽ അദ്ദേഹം അതിനെ തിരിച്ച് പറയുകയാണ്. കേരളത്തിൽ ഇടതുപക്ഷം ലഹരിയെ പ്രോത്സാഹിപ്പിക്കുകയാണ്. വിദ്യാർഥി സംഘടനകൾ ലഹരിയെ പോത്സാഹിപ്പിക്കുകയാണ് എന്നെല്ലാമാണ് പറയുന്നത്. പ്രതിപക്ഷനേതാവ് എന്ന ഉത്തരവാദിത്വപ്പെട്ട സ്ഥാനത്ത് ഇരിക്കുന്ന ഒരാൾക്ക് അത്തരത്തിൽ പറയാമോ; ലഹരി ഉപയോഗിക്കുന്നതിൽ എല്ലാ വിഭാഗത്തിലെയും

ആളുകളുണ്ട്. ആ ലഹരി ഉപയോഗത്തെ കണ്ടെത്തി അത്തരം ആളുകളെ തിരിച്ച് കൊണ്ടുവരാനും ലഹരിയിൽനിന്ന് മോചിപ്പിക്കുന്നതിനാവശ്യമായ പരിശ്രമങ്ങൾ ഒറ്റക്കെട്ടായി നടത്തുന്നതിനുപകരം നിരുത്തരവാദപരമായ പ്രസ്താവനയാണ് പ്രതിപക്ഷനേതാവ് നടത്തിയതെന്നുള്ളത് അങ്ങേയറ്റം ഖേദകരമായ കാര്യമാണ്. പറഞ്ഞ പ്രസ്താവന തിരുത്താനെങ്കിലും അദ്ദേഹം തയ്യാറാകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. പ്രതിപക്ഷനേതാവ് എസ്.എഫ്.ഐ.-യെ കുറ്റപ്പെടുത്തുകയാണ്. ശ്രീ. രമേശ് ചെന്നിത്തലയും ആ നിലയിലൊരു പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു. കേരളത്തിലെ ക്യാമ്പസുകളിൽ ലഹരി ഇല്ലാതാക്കാനും റാഗിങ് തടയാനുമായി ഏറ്റവും ഉജ്ജ്വലമായ പ്രക്ഷോഭവും സമര പരമ്പരകളും നടത്തിയിട്ടുള്ള പ്രസ്ഥാനമാണ് എസ്.എഫ്.ഐ.. ആ പ്രസ്ഥാനത്തെ ഇല്ലാതാക്കി കേരളത്തിലെ ക്യാമ്പസുകളെ ആർക്ക് വിട്ടുകൊടുക്കാനാണ് വാദിക്കുന്നത്; ക്യാമ്പസുകളിൽ രാഷ്ട്രീയം പാടില്ലെന്നുള്ള സ്ഥിതി വന്നപ്പോൾ എന്താണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്; കാമ്പസുകളിൽ ഗ്യാങ്ങുകളുടെ അതിപ്രസരം വന്നുകൊണ്ടിരിക്കുകയാണ്. ആ ഗ്യാങ്ങുകളുടെ അതിപ്രസരത്തിലേക്ക്

കോളേജ് ക്യാമ്പസുകളെ വിട്ടുകൊടുക്കാനാണ് ഈ അരാഷ്ട്രീയവാദികൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. എസ്.എഫ്.ഐ. പ്രസ്ഥാനം അതിന്റെ പങ്ക് എല്ലാകാലത്തും കൃത്യമായി നിർവഹിക്കും. കോളേജുകളിൽ ഇപ്പോൾ റാഗിങ് വന്നിട്ടുണ്ടെങ്കിൽ അതിനെ ചെറുക്കാനാവശ്യമായ പരിശ്രമങ്ങൾ എസ്.എഫ്.ഐ. നടത്തും. ലഹരി അടക്കമുള്ള കാര്യങ്ങളിൽനിന്നും ക്യാമ്പസുകളെ മോചിപ്പിക്കുന്നതിനാവശ്യമായ പരിശ്രമങ്ങൾ എസ്.എഫ്.ഐ. നടത്തുമെന്നുള്ള കാര്യത്തിൽ ആർക്കും ഒരു തർക്കവുമില്ല. ലോകത്ത് ഇന്ന് ആശങ്ക ഉണർത്തുന്ന നിലയിലാണ് ലഹരി ഉപയോഗം വർധിച്ചിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കോവിഡിന് ശേഷമുള്ള സാഹചര്യമാണത്. ഭീകര പ്രസ്ഥാനങ്ങളെ ഒളിഞ്ഞും തെളിഞ്ഞും പ്രോത്സാഹിപ്പിക്കുന്ന പല രാജ്യങ്ങളും ഇന്ന് ലഹരി ഉൽപാദക കേന്ദ്രങ്ങളായി മാറിയിരിക്കുന്നത് നമ്മൾ കാണുകയാണ്. ഇന്നലെ ഗുവാഹത്തിയിലും ബാംഗ്ലൂരിലും വലിയ റെയ്ഡ് നടന്നപ്പോൾ ഏതാണ്ട് 88 കോടി രൂപയുടെ ലഹരി വസ്തുക്കളാണ് പിടിച്ചെടുത്തത്. ആ റെയ്ഡിന് ചാർജ് വഹിച്ച ഉദ്യോഗസ്ഥരെ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി അഭിനന്ദിക്കുകയും ചെയ്തിരുന്നു.

നരേന്ദ്ര മോദി സർക്കാർ വില്പന നടത്തിയിട്ടുള്ള വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവ വഴി നടത്തിയിട്ടുള്ള ലഹരിവേട്ടകളുടെ വാർത്തകൾ നമ്മൾ കണ്ടതല്ലേ; എത്രയധികം കോടി രൂപയുടെ ലഹരി വസ്തുക്കളാണ് തുറമുഖങ്ങളും എയർപോർട്ടും വഴി കടന്നുപോയതെന്ന് നമ്മൾ കണ്ടതാണ്. ഗോവ, കർണാടക, ഗുജറാത്ത്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നാണ് പ്രധാനമായും ലഹരി വസ്തുക്കൾ എത്തുന്നത്. ഇത്തരം ഉറവിടങ്ങൾ അടയ്ക്കാനും ക്യാരിയർമാരെ പിടികൂടാനും സ്കൂൾ/കോളേജുതലത്തിൽ നിരീക്ഷണം നടത്താനും ഒറ്റക്കെട്ടായ ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ലഹരി കച്ചവടത്തെ തുരത്തുന്നതിനുവേണ്ടി സർക്കാർ സംവിധാനങ്ങളും ജനങ്ങളും ഉൾപ്പെടുന്ന കൂട്ടായ പരിശ്രമങ്ങൾക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്. ലഹരി കച്ചവടം പിടികൂടുന്നതിന് കേരള പോലീസ് നടത്തിയിട്ടുള്ള ഓപ്പറേഷൻ ഡി-ഹണ്ടിൽ ഏതാണ്ട് 2762 കേസുകൾ രജിസ്റ്റർ ചെയ്യുകയും 2854 പേരെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹൈദരാബാദിലെ വൻകിട മയക്കുമരുന്ന് നിർമ്മാണശാല

നടത്തുന്ന വെങ്കിട നരസിംഹ രാജു എന്ന വ്യക്തിയെ അദ്ദേഹത്തിന്റെ നാട്ടിൽപോയല്ലേ തൃശ്ശൂർ സിറ്റി പോലീസ് അറസ്റ്റ് ചെയ്തത്; ഇത് എന്താണ് കാണാതെ പോകുന്നത്? ലഹരിയുടെ ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രം നിങ്ങൾ തേടിപിടിക്കും അതിന്റെ ഉറവിടം തേടിപ്പോകുന്നില്ലെന്ന് ചില ആളുകൾ പറയുന്നു. അങ്ങനെ ലഹരിയുടെ ഉറവിടം തേടിപ്പോയപ്പോഴാണ് ഹൈദരാബാദിൽനിന്ന് ലഹരി കച്ചവടത്തിന്റെ തലവനെ പിടിച്ചത്. കേന്ദ്ര ഗവൺമെന്റ് രാജ്യസഭയിൽ നൽകിയ കണക്കനുസരിച്ച് സംസ്ഥാനത്തെ മയക്കുമരുന്ന് കേസുകളുടെ ശിക്ഷാനിരക്ക് കേരളത്തിൽ 98.19 ശതമാനവും ദേശീയതലത്തിൽ 78.1 ശതമാനവുമാണ്. 2024-ൽ NDPS കേസുകളിൽ ഏകദേശം 4474 പേരെ കോടതി ശിക്ഷിക്കുകയും 161 പേരെ വെറുതെവിടുകയും ചെയ്തു. 2023-ൽ 4998 പേർക്ക് ശിക്ഷ ലഭിച്ചപ്പോൾ 100 പേരെ മാത്രമാണ് ആ സന്ദർഭത്തിൽ കോടതി വെറുതെവിട്ടത്. കേന്ദ്ര സർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ കണക്കുപ്രകാരം 2023-ൽ 16100 കോടി രൂപയുടെയും 2024-ൽ ഏകദേശം 25000 കോടി രൂപയുടെയും മൂല്യമുള്ള മയക്കുമരുന്നാണ് വിവിധ സംസ്ഥാനങ്ങളിൽനിന്നും പിടിച്ചെടുത്തത്.

ദേശീയതലത്തിൽ ഒരു വർഷക്കാലയളവിനുള്ളിൽ മയക്കുമരുന്ന് കച്ചവടത്തിൽ 50 ശതമാനത്തിന്റെ വർധനവുണ്ടായെന്ന് കാണാൻ സാധിക്കും. കേരളത്തിൽ ഈ കാലയളവിൽ ഏതാണ്ട് 100 കോടി രൂപയ്ക്ക് താഴെയുള്ള മയക്കുമരുന്നും ലഹരിപദാർത്ഥങ്ങളുമാണ് പൊലീസ് പിടിച്ചെടുത്തത്. ഇങ്ങനെ പിടിച്ചെടുത്ത കേസുകളിന്മേൽ രാജ്യത്തെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന ശിക്ഷാനടപടി സ്വീകരിച്ചതും കേരളത്തിലാണെന്ന് കാണാൻ സാധിക്കും. പൊലീസ്-എക്സൈസ്-എൻഫോഴ്സ്മെന്റ് ഡ്രൈവുകളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളം ഈ ലഹരിവ്യാപനത്തെ പിടിച്ചുകെട്ടുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

കേരളത്തിലെ മാതാപിതാക്കൾ ഈ ഗവൺമെന്റിനെ വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. കേരളത്തിൽ സഖാവ് പിണറായി വിജയൻ ഭരിക്കുമ്പോൾ ഈ ലഹരിക്കച്ചവടക്കാർക്ക് ഉയർന്നുവരാൻ കഴിയില്ലെന്ന ധാരണ അവർക്കുണ്ട്. കേരളത്തിലെ ജനങ്ങളെ മുഴുവൻ അണിനിരത്തി ലഹരിക്കച്ചവടക്കാരെയും ഏജന്റുമാരെയും നിയമത്തിനുമുന്നിൽ കൊണ്ടുവരാനാവശ്യമായ പരിശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്.

കോവിഡ് മഹാമാരി സൃഷ്ടിച്ച മറ്റൊരു പ്രശ്നമാണ് മൊബൈൽ അഡിക്ഷനടക്കമുള്ള ഓൺലൈൻ അഡിക്ഷൻ. ഇന്നത്തെ കാലത്ത് ഓൺലൈൻ തട്ടിപ്പുകൾ വർധിച്ചുവരികയാണ്. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ഏറ്റവും മികച്ച സംവിധാനമാണ് കേരളത്തിലെ പൊലീസ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഏകദേശം 41426 സൈബർ പരാതികൾ പൊലീസിന് ലഭിച്ചതിൽ 736 കോടി രൂപ നഷ്ടപ്പെട്ടതിൽ ഏതാണ്ട് 107.40 കോടി രൂപ കേരളാ പൊലീസ് വീണ്ടെടുത്ത് നൽകിയിട്ടുണ്ട്. തട്ടിപ്പിലകപ്പെട്ട ആളുകളെ സംരക്ഷിച്ച് തുക വീണ്ടെടുക്കുന്നതിൽ കേരളം രാജ്യത്തുതന്നെ നാലാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ്. എറണാകുളത്തെ കാക്കനാട് എന്ന സ്ഥലത്ത് ഒരു റിട്ടയേർഡ് പ്രൊഫസറിൽനിന്നും ഓൺലൈനിലൂടെ തട്ടിയെടുത്ത 4.11 കോടി രൂപയിൽ ഒരു കോടി രൂപ വീണ്ടെടുക്കാൻ കേരളാ പൊലീസിന് സാധിച്ചു. തിരുവനന്തപുരത്ത് ഞാനടക്കം അറിയുന്ന, സൈബർ കേസുകളും ഓൺലൈൻ തട്ടിപ്പുകേസുകളും കൈകാര്യം ചെയ്യുന്ന പ്രഗല്ഭനായ അഭിഭാഷകനിൽ നിന്നും ഒരു കോടി രൂപ തട്ടിയെടുത്തതുമായി ബന്ധപ്പെട്ട

കേസിൽ അന്വേഷണം നടക്കുകയാണ്. ഡിജിറ്റൽ അറസ്റ്റെന്ന പേരിലാണ് ഇത്തരം തട്ടിപ്പുകളൊക്കെ നടക്കുന്നത്. ഇതിനോടകം മുന്നൂറിലധികം കുറ്റവാളികളെ പൊലീസ് അറസ്റ്റുചെയ്തിട്ടുണ്ടെന്ന് മാത്രമല്ല, രാജ്യത്തുതന്നെ ഏറ്റവും കൂടുതൽ സൈബർ കുറ്റവാളികളെ കുടുക്കിയ സംസ്ഥാനവും കേരളമാണ്.

തിരുവനന്തപുരത്ത് ഇതിന് മറ്റൊരു ഉദാഹരണം കൂടിയുണ്ട്. തിരുവനന്തപുരത്തുള്ള ഒരു കൊച്ചുമിടുക്കനായ അശ്വഘോഷ് സൈന്ധവിനെ സൈബർ കുറ്റവാളികൾ ഓൺലൈനിലൂടെ വിളിച്ച് സൈബർ അറസ്റ്റ് നടത്തിയിരിക്കുകയാണ്. സൈബർ അറസ്റ്റ് നടത്തുമെന്ന് പറഞ്ഞ് വിളിച്ച തട്ടിപ്പുകാരെ ഏകദേശം ഒരു മണിക്കൂറോളം ഓൺലൈനിൽ നിർത്തി വിവരങ്ങൾ മുഴുവൻ റെക്കോർഡ് ചെയ്ത് പൊലീസ് സംവിധാനത്തെ അറിയിച്ച കൊച്ചുമിടുക്കനാണ് അശ്വഘോഷ് സൈന്ധവ്. അങ്ങനെ കൃത്യമായ ബോധവൽക്കരണം നടത്തി മുന്നോട്ടുപോകാൻ പൊലീസിന് സംവിധാനത്തിന് കഴിയുന്നുണ്ടെന്നത് വളരെ സന്തോഷകരമായ കാര്യമാണ്.

പൊലീസിന്റെ സോഷ്യൽ മീഡിയഗ്രൂപ്പുകൾപ്പടെ വളരെ കൃത്യമായി കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ, ഒരു എഫ്.എം. ചാനൽകൂടി ആരംഭിച്ച്

നിയമപരമായ ക്ലാസുകളും പഠന ബോധവൽക്കരണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ഞാൻ പ്രതിനിധാനം ചെയ്യുന്ന വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽപ്പെടുന്ന മ്യൂസിയം പൊലീസ് സ്റ്റേഷനിൽ നിരവധി പൊലീസുകാർ ജോലി ചെയ്യുകയാണ്. പണ്ടുകാലത്ത് നിർമ്മിച്ചൊരു കെട്ടിടത്തിലാണ് ടി പൊലീസ് സ്റ്റേഷൻ ഇപ്പോഴും സ്ഥിതിചെയ്യുന്നത്. സ്ഥലപരിമിതിമൂലം അവിടത്തെ ജീവനക്കാർ വളരെ പ്രയാസം അനുഭവിക്കേണ്ടിവരുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ സംവിധാനം കൂടിയുണ്ടാകണമെന്ന് ഞാൻ ഈ ചർച്ചയുടെ ഭാഗമായി ഉന്നയിക്കുകയാണ്.

പട്ടം കേന്ദ്രീകരിച്ച് പുതിയൊരു പൊലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എസ്.എ.പി (special armed police) ക്വാർട്ടേഴ്സിലുൾപ്പെടെ ആവശ്യമായ അഴുക്കുചാൽ സംവിധാനങ്ങളും

മറ്റുകാര്യങ്ങളും കൂടിയുണ്ടാക്കണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. മ്യൂസിയം പൊലീസ് സ്റ്റേഷന്റെ സ്ഥലപരിമിതി പരിഹരിക്കുന്നതിന്റെ ഭാഗമായി, നന്ദാവനത്തെ കാന്റീൻ പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്ക് മ്യൂസിയം പൊലീസ് സ്റ്റേഷൻ മാറ്റുന്നകാര്യംകൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. 2023 ജനുവരി 12-ാം തീയതി എന്റെ നിയോജകമണ്ഡലത്തിൽ വേദനാജനകമായ ഒരു മരണമുണ്ടായി. 14 വയസ്സുള്ള 9-ാം ക്ലാസിൽ പഠിക്കുന്ന ഒരു പെൺകുട്ടി വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. പോസ്റ്റുമോർട്ടം നടന്നപ്പോഴാണ് ആ പെൺകുട്ടി ലൈംഗികമായി പീഡിപ്പിക്കപ്പെട്ടിരുന്നുവെന്ന ഭീകരമായ യാഥാർത്ഥ്യം ബോധ്യമായത്. 14 വയസ്സുകാരിയായ ഈ പെൺകുട്ടി തൂങ്ങിമരിച്ചിട്ട് ഇന്നേയ്ക്ക് രണ്ടുവർഷം കഴിഞ്ഞിരിക്കുകയാണ്. ഇന്ന് പെരിന്തൽമണ്ണ കോടതിയിൽ ആ കേസ്

നടക്കുകയാണ്. നമ്മുടെ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ആ കേസ് സംബന്ധിച്ച് നൽകിയിട്ടുള്ള സാമ്പിളുകൾ ഇതുവരെ പരിശോധിച്ച് ഫലം ലഭിച്ചിട്ടില്ലെന്ന കാരണത്താൽ കോടതിയിൽ വിചാരണപോലും ആരംഭിക്കാതെ ആ കേസ് ഇന്നും നീട്ടിവച്ചിരിക്കുന്നു. നമ്മൾ പൊലീസിംഗിന്റെ മികവിനെയും പൊലീസ് സംവിധാനത്തിന്റെ നേട്ടങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ കെട്ടിക്കിടക്കുന്ന ഫയലുകൾകൊണ്ട് കേസുകൾ തുടങ്ങാൻപോലും കഴിയാത്ത ഒരു പൊലീസ് സംവിധാനമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നതെന്നത് എത്ര ലജ്ജാകരമാണ്. നമ്മുടെ നാട് ഇത്രയേറെ പുറകോട്ട് നടക്കുകയാണ്. ഏറ്റവും നല്ല ടെക്നോളജി ലോകത്ത് മുഴുവൻ പൊലീസിംഗിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന ഒരു കാലമാണിത്. Data-driven policing-ന്റെ കാലമാണ്. Predictive Analytics-ന്റെ കാലമാണ്. Real-Time Crime Centers (RTCC)-ഉണ്ടാകുന്ന കാലമാണ്. Intelligence-നെ ഏറ്റവും നന്നായി കൊണ്ടുപോകാനുള്ള സംവിധാനങ്ങളുണ്ടാകുന്ന ഈ കാലത്ത് നമ്മുടെ ടെക്നോളജിയുടെ

ഇൻഫ്രാസ്ട്രക്ച്ചറിന് എന്തെങ്കിലുമൊരു മികവുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോയെന്നത് വളരെ സങ്കടകരമാണ്.

Crime No. 34/2023-ആയി രജിസ്റ്റർ ചെയ്യപ്പെട്ട ആ കേസിൽ ഇപ്പോൾ ആരോപിക്കപ്പെട്ട പ്രതിക്കെതിരെ നടപടിയെടുക്കാൻ കഴിയാതെ, കോടതിയിൽ ഒരടിപോലും മുന്നോട്ടുപോകാൻ കഴിയാതെ നിൽക്കുമ്പോൾ, നമ്മുടെ പൊലീസ് സംവിധാനത്തിലെ ഇൻഫ്രാസ്ട്രക്ച്ചറിന്റെ പരാജയമാണ് ഇവിടെ ബോധ്യപ്പെടുന്നത്. Crime Mapping സംവിധാനവും Data-driven policing സംവിധാനവും സംസ്ഥാനത്ത് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ? മികവുറ്റ പൊലീസ്, മികവുറ്റ സംവിധാനം, മികവുറ്റ ടെക്നോളജി എന്ന് പറയുന്ന വായ്ത്താരികൾ എന്തൊരു അബദ്ധമാണ്. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. കെ. വി. സുമേഷ് പ്രസംഗിച്ചപ്പോൾ യാതൊരുതരത്തിലുള്ള പക്ഷപാതവുമില്ലാതെ മുഖംനോക്കാതെയാണ് പ്രതികൾക്കെതിരെ ശിക്ഷ നടപ്പാക്കുന്നതെന്ന് പറയുകയുണ്ടായി. ഈ സർക്കാർ മുഖംനോക്കാതെ പ്രതികൾക്കെതിരെ നടപടിയെടുക്കുന്നത് ശരിയാണ്; പക്ഷേ കൊടി നോക്കിയാണ് നടപടിയെടുക്കുന്നതെന്നത് വലിയ യാഥാർത്ഥ്യമാണ്. ഇത് Political Patronage

ആണ്. ഏത് ക്രൈമിനാണ് നിങ്ങൾ Political Patronage കൊടുക്കാത്തത്. ഇവിടെ എസ്.എഫ്.ഐ.-യുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി എസ്.എഫ്.ഐ.-യുടെ ഒരു പരിപാടിയിൽ പങ്കെടുത്ത് കുട്ടികൾക്കുമുന്നിൽ അതിഗംഭീരമായി പ്രസംഗിച്ചത് രക്തസാക്ഷിത്വത്തിന്റെ പവിത്രതയെക്കുറിച്ചാണ്. എസ്.എഫ്.ഐ.-യുടെ കുട്ടികൾപോലും കൊല്ലപ്പെടാത്ത ഒരു കാമ്പസാണ് നമുക്ക് വേണ്ടത്. ഒരു കുട്ടിയും രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ കൊല്ലപ്പെടാത്ത കാമ്പസാണുണ്ടാകേണ്ടത്. രക്തസാക്ഷിത്വം ആഘോഷിക്കുകയും അങ്ങനെ ആദർശവൽക്കരിക്കുകയും ചെയ്ത് കൂടുതൽ രക്തസാക്ഷികളെ ഉണ്ടാക്കാൻ മത്സരിക്കുന്ന രാഷ്ട്രീയം ഉപേക്ഷിക്കാനാണ് നിങ്ങൾ തയ്യാറാകേണ്ടത്. ഞങ്ങളൊരിക്കലും കാമ്പസിൽ എസ്.എഫ്.ഐ.-യോ മറ്റേതെങ്കിലും രാഷ്ട്രീയപാർട്ടിയോ വേണ്ടെന്ന് പറയുന്നില്ല. രാഷ്ട്രീയത്തെ സർഗ്ഗാത്മകമാക്കി മാറ്റാൻ കഴിയുന്ന കാമ്പസുകളുണ്ടാകണമെന്ന് പറയുന്നവരാണ് ഞങ്ങൾ. കാരണം നിങ്ങൾ ആ സർഗ്ഗാത്മകതയെയാണ് തള്ളിക്കളയുന്നത്. ഈയടുത്ത കാലങ്ങളിൽ എത്രയെത്ര ക്രൈമുകളാണ്

കാമ്പസുകളിൽ നിന്നുമുണ്ടായതെന്ന് ഇവിടെ പ്രസംഗിച്ച പലരും സൂചിപ്പിച്ചു. എന്തുകൊണ്ടാണ് നമ്മൾ ആ കാമ്പസുകളിലെ അക്രമങ്ങൾക്ക് പിന്നിലെല്ലാം ഒരു വിദ്യാർത്ഥി രാഷ്ട്രീയ സംഘടനയുടെ പ്രതിനിധികളെ പ്രതികളായി കാണുന്നുവെന്ന കാര്യം അന്വേഷിക്കണം. എസ്.എഫ്.ഐ.-യുടെ പോക്ക് നേരായ പാതയിലല്ലെന്നും അത് തിരുത്തണമെന്നുമാണ് സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റിപോലും പറഞ്ഞിരിക്കുന്നത്. ഇവിടെ മുൻ എസ്.എഫ്.ഐ.-യുടെ നേതാക്കന്മാരുണ്ടല്ലോ; നിങ്ങൾ പ്രവർത്തിച്ച കാലത്തെ എസ്.എഫ്.ഐ.-യാണോ ഇന്നുള്ളത് എന്നതിന് നിങ്ങൾ ക്രിട്ടിക്കലായുള്ള ഒരു ആത്മവിമർശനത്തിന് തയ്യാറാകണം. ആ സംഘടനയെ തിരിച്ചുകൊണ്ടുവരാൻ നിങ്ങൾക്ക് സാധിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. നിങ്ങൾ മൂന്നാം വരവിനെക്കുറിച്ച് പറയുന്നു. രണ്ടാം വരവായപ്പോഴേയ്ക്കും നിങ്ങളുടെ വിദ്യാർത്ഥി സംഘടനയും യുവജനസംഘടനയുമൊക്കെ ഫ്രീസറിൽവച്ച സ്ഥിതിയിലാണ്. പിന്നെ നിങ്ങൾക്കെന്ത് മൂന്നാമൂഴം? ഈ നാട്ടിൽ ജനങ്ങളോട് നിങ്ങൾക്കൊരു നീതിയും കാണിക്കാൻ കഴിയുന്നില്ല. കാരണം എല്ലാ കാര്യത്തിലും രാഷ്ട്രീയമായി മാത്രം നിങ്ങൾ പ്രതികളെ

നോക്കിക്കാണുകയാണ്. രാഷ്ട്രീയമായി നിങ്ങൾക്ക് എന്ത് ലാഭമുണ്ടാകുമെന്ന് നോക്കുകയാമാണ്. കുറ്റവാളിയുടെ രാഷ്ട്രീയം മാത്രമാണ് നിങ്ങൾ നോക്കുന്നതെന്നത് ഏറ്റവും അപകടകരമായ കാര്യമാണ്. കളമശ്ശേരിയിലെ ലഹരിയുമായി ബന്ധപ്പെട്ട വിഷയത്തിൽ, ആദ്യം എസ്.എഫ്.ഐ. ആ പ്രതികളെ നെഞ്ചോടുചേർത്ത് സംസാരിച്ചുവെങ്കിലും അവസാനം എസ്.എഫ്.ഐ.-യുടെ ഗതികേടുകൊണ്ട് അവരെ പുറത്താക്കേണ്ട സാഹചര്യമുണ്ടായി. പ്രതികൾ അങ്ങനെയുണ്ടാകണമെന്ന് ഞങ്ങളൊരിക്കലും പറയുകയല്ല; പക്ഷേ ഇവിടെ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്താണ്? പൊലീസ് സംവിധാനങ്ങൾക്കകത്തുനിന്ന് നന്നായി പ്രവർത്തിക്കുന്ന പൊലീസുകാർക്കുപോലും പ്രവർത്തിക്കാൻ സാധിക്കുന്നില്ല. പാർട്ടിയുടെ ഏരിയ സെക്രട്ടറിമാരുടെ ഭീഷണിക്ക് വഴങ്ങിയില്ലെങ്കിൽ നാളെ കട്ടപ്പനയിലേയ്ക്ക് വണ്ടി കയറേണ്ടി വരുമെന്ന ഭയമാണ് അവരുടെ മനസ്സിലുള്ളത്. ഏതെങ്കിലും ഒരു റിമോർട്ട് ഏരിയയിലേക്ക് സ്ഥലംമാറ്റം കിട്ടുമെന്ന ഭീതിയാണ് അവർക്കുള്ളത്. പാർട്ടിയുടെ Political Patronage കാരണം പൊലീസുകാർക്കും ഏതുസമയത്തും ആക്രമിക്കപ്പെട്ടുമെന്ന ഭയമാണുള്ളത്. ആ Political

Patronage-നെതിരെ നിലപാടെടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ലെങ്കിൽ ക്രൈമിന്റെ എണ്ണം ഇനിയും കൂടും. ഇവിടെ എല്ലാം വർധിച്ചിരിക്കുകയാണ്. 2016-ൽനിന്ന് 2024-ൽ എത്തുമ്പോൾ കൊലപാതകങ്ങളും അക്രമങ്ങളും മാനഭംഗ കേസുകളുമെല്ലാം കൂടിയിരിക്കുന്നു. എന്നാൽ ആകെ കുറഞ്ഞ ഒരു കാര്യം മാത്രമേയുള്ളൂ; അത് കിഡ്നാപ്പിംഗ് ആണ്. ഇങ്ങനെ ദിനംപ്രതി ക്രൈം കൂടുന്നൊരു സാഹചര്യമുണ്ടാക്കിയ, പൊലീസ് മാനേജ്മെന്റ് അറിയാത്ത, Political Patronage കൊണ്ടുമാത്രം പൊലീസിംഗിനെ കൊണ്ടുപോകാൻ ശ്രമിക്കുന്ന, പൊലീസിന്റെ ഒരു പുതിയ സംവിധാനത്തിലും ശാസ്ത്രീയമായി മുന്നോട്ടുപോകാൻ കഴിയാത്ത, പൊലീസിനുപോലും സംരക്ഷണം നൽകാത്ത ഈ ഗവൺമെന്റിന്റെ ധനാഭ്യർഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ അനുകൂലിക്കുകയാണ്. സംസ്ഥാനത്തോട് കേന്ദ്രം കാണിക്കുന്ന കടുത്ത സാമ്പത്തിക ഉപരോധത്തിനിടയിലും കേരളത്തെ നവകേരളത്തിലേയ്ക്ക് നയിക്കുകയാണ് പിണറായി സർക്കാർ. ഒരു ഉപരോധത്തിനും കേരളത്തെ തകർക്കാൻ സാധിക്കില്ലെന്ന് കേരളം ലോകത്തോട് പ്രഖ്യാപിക്കുകയാണ്.

പൊലീസ് വകുപ്പിനെ ആധുനികവൽക്കരിക്കാൻ 104 കോടി രൂപയാണ് ആഭ്യന്തര വകുപ്പ് പ്രത്യേക നടപടിക്രമത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ലോക ചരിത്രത്തിൽ ക്രൂരമായ ഉപരോധങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന നാടാണ് ക്യൂബ. ക്യൂബയുടെ ദേശീയ കവിയായ നിക്കോളാസ് ക്രിസ്റ്റോബൽ ഗില്ലെൻ ബാറ്റിസ്റ്റയുടെ അതിമനോഹരമായ കവിതയുണ്ട്. അതിലെ പ്രധാനപ്പെട്ട രണ്ട് വരികളാണിവ; "ഞങ്ങൾ തോറ്റ ജനതയല്ല, ഞങ്ങൾ മുന്നോട്ടുതന്നെ കുതിക്കും" എന്നതാണ്. തീർച്ചയായും ഈ വരികളെന്ന പോലെ കേരളം ഏത് സാമ്പത്തിക ഉപരോധത്തിനിടയിലും മുന്നോട്ടുകുതിക്കുക തന്നെയാണ്, നവകേരളം സൃഷ്ടിക്കുക തന്നെയാണ് ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒൻപത് വർഷംകൊണ്ട് കേരള പൊലീസ് നിരവധിയായ നേട്ടങ്ങൾ കൈവരിച്ചു. ഇന്ന് പ്രതിപക്ഷ നിരയിൽനിന്ന് ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ച കേട്ട എല്ലാവർക്കും അറിയാം, കേരളാ പൊലീസിനെതിരായും ആഭ്യന്തര വകുപ്പിനെതിരായും പങ്കുവയ്ക്കാനില്ലാത്ത വിധത്തിൽ വിഷയത്തിൽനിന്നും മറികടന്ന് മറ്റ് ചില വിഷയങ്ങളും ചേർത്തുവച്ച് സംസാരിക്കേണ്ടിവന്നുവെന്ന്. പൊലീസ്,

ആഭ്യന്തരം എന്നീ വകുപ്പുകളിൽ ഒൻപത് വർഷംകൊണ്ട് മികവുറ്റ നേട്ടങ്ങൾ കൈവരിച്ചുവെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണിത്. കുറ്റാന്വേഷണരംഗത്ത് വലിയ മുന്നേറ്റങ്ങളുണ്ടാക്കാൻ കേരളത്തിന് സാധിച്ചു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽനിന്നും വരുന്ന വാർത്തകൾ എന്താണ്? ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ആൾ ക്കൂട്ടകൊലപാതകങ്ങളും വർഗ്ഗീയ കലാപവും ഭീകരാന്തരീക്ഷവും നിലനിൽക്കുമ്പോൾ ലോകത്തിന് മാതൃകയായ വിധത്തിൽ വർഗ്ഗീയ കലാപങ്ങളോ സംഘർഷങ്ങളോ ആൾക്കൂട്ട കൊലപാതകങ്ങളോ ഭീതിതമായ സാഹചര്യമോ ഇല്ലാത്തൊരു നാടായി കേരളത്തെ മാറ്റാൻ പ്രിയങ്കരനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ആഭ്യന്തര വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ആലപ്പുഴയിലും പാലക്കാടും എത്രയെത്ര ശ്രമങ്ങളാണ് വർഗ്ഗീയ വാദികൾ നടത്തിയത്. കേരളത്തിന്റെ ആഭ്യന്തര വകുപ്പും പൊലീസ് സംവിധാനവും ഇച്ഛാശക്തിയോടെ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി അവയെല്ലാം അടിച്ചമർത്താൻ സാധിച്ചുവെന്നതാണ് യാഥാർഥ്യം.

കുറ്റാന്വേഷണത്തിലും കേരള പൊലീസ് ഒന്നാമതാണ്. പണ്ട് കാലത്ത് മുത്തശ്ശിക്കഥകൾ, പ്രേതകഥകൾ പറഞ്ഞ് പേടിപ്പിക്കുന്നതുപോലെ പൊടിപ്പും തൊങ്ങലും ചേർത്തുകൊണ്ട് ചില നുണക്കഥകൾ പ്രചരിപ്പിക്കുന്നതിലൂടെ എത്രയോ അപകടകരമാണ് കേരളത്തിന്റെ സ്ഥിതിയെന്ന് വരുത്തിത്തീർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. യാഥാർഥ്യങ്ങളുടെയോ കണക്കുകളുടെയോ വസ്തുതകളുടെയോ അടിസ്ഥാനത്തിലല്ല അവർ കാര്യങ്ങൾ പറയുന്നത്. ലോകത്തിലെ ഏത് പൊലീസ് സംവിധാനത്തോടും കിടപിടിക്കുന്ന ഒന്നാണ് കേരള പൊലീസ് എന്നത് നമുക്ക് അഭിമാനപൂർവം പറയാൻ സാധിക്കും. കുറ്റകൃത്യങ്ങൾ തടയുന്നതിലും തെളിയിക്കുന്നതിലും നീതി നിർവഹണത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സേന നമ്മുടെതാണ്. അതോടൊപ്പം പല സംസ്ഥാനങ്ങളിലും ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് മാത്രമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. കേരളത്തിൽ കേസുകൾ കൂടുതലാണെന്ന് നിങ്ങൾ പറയുന്നത് എന്തുകൊണ്ടാണ്; കേരള ജനതയ്ക്ക് നിയമസാക്ഷരതയിലും പൊലീസിലുള്ള വിശ്വാസവും കൊണ്ട് ഏറ്റവും ചെറിയ കുറ്റകൃത്യങ്ങൾപോലും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ഈ കണക്കുകൾ

ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പ്രതിപക്ഷം ഉൾപ്പെടെ കേരളത്തിലെ ആഭ്യന്തര വകുപ്പിനെയും പൊലീസ് സംവിധാനത്തെയും വിമർശിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതെല്ലാം സമൂഹം തിരിച്ചറിയുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെയും കുറ്റകൃത്യങ്ങളെയും പ്രതിരോധിക്കാൻ സർക്കാർ മുന്തിയ പരിഗണനയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തെപ്പോലെ സമാധാന പൂർണ്ണമായി നിൽക്കുന്ന മറ്റൊരു സംസ്ഥാനം ഇന്ത്യയിലുണ്ടോ; ഇത്രയും സമാധാന അന്തരീക്ഷം കോൺഗ്രസ് ഭരിക്കുന്ന ഒരു സംസ്ഥാനത്തെ പ്രതിപക്ഷ അംഗങ്ങൾക്ക് കാണിച്ച് തരാൻ സാധിക്കുമോ? ക്രമസമാധാന നിലയിൽ നമ്പർ വൺ ആണ് കേരളം. അത് ക്രമസമാധാന നിലയുടെ പ്രവർത്തനത്തിൽ മാത്രമല്ല പൊലീസ് പ്രവർത്തിക്കുന്നത്. നേരത്തെ ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ചൂരൽമലയിൽ ദുരന്തമുണ്ടായപ്പോൾ പ്രളയവും കോവിഡും നിപയുമുണ്ടായപ്പോൾ ഏതൊരു അപകടഘട്ടത്തിലും പൊലീസ് സേന ഉണർന്ന് പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിന്റെ ഒരോ മേഖലയിലെയും നേട്ടത്തിന് പൊലീസിന്റെ പ്രവർത്തനങ്ങൾകൂടി പൊൻതൂവലായി നിൽക്കുന്നുണ്ടെന്നതും

വളരെ പ്രധാനപ്പെട്ടതാണ്. സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേകം പരിശീലനം ലഭിച്ച നിരവധി ഉദ്യോഗസ്ഥർ കേരളത്തിലുണ്ട്.

രാജ്യത്ത് ഓൺലൈൻ തട്ടിപ്പിൽ ഏറ്റവും കൂടുതൽ പ്രതികളെ അറസ്റ്റ് ചെയ്ത സംസ്ഥാനം കേരളമാണ്. സമയപരിമിതികൊണ്ട് അതിന്റെ കണക്കുകൾ ഞാൻ വിശദീകരിക്കുന്നില്ല. കണക്കുകൾ വച്ചുകൊണ്ടുതന്നെ നമുക്ക് ചർച്ച ചെയ്യാം. ഇത്തരം കേസുകളിൽ ഓൺലൈൻ ട്രേഡിങ് തട്ടിപ്പ് തടയാൻ കർശന നടപടിയാണ് കേരള പൊലീസ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം 748 പേർക്കാണ് കേരള പൊലീസ് സൈബർ ഡിവിഷൻ പണം തിരികെ പിടിച്ച് നൽകിയത്. ഈ വർഷം നൂറോളം കേസുകൾ പണം പിടിച്ച് തിരിച്ച് നൽകിയിട്ടുണ്ടെന്നത് അഭിമാനകരമായ പ്രവർത്തനത്തിന്റെ ഭാഗമായിട്ടല്ലേ; പൊലീസ് വകുപ്പിൽ ഏറ്റവും കൂടുതൽ തസ്തിക സൃഷ്ടിച്ചതും പി.എസ്.സി നിയമനം നടത്തിയതും ഈ ഒരു കാലഘട്ടത്തിലാണ്. ഇങ്ങനെ കേരളം മുന്നോട്ടുപോകുമ്പോൾ കേരളത്തിന്റെ ഏറ്റവും ശക്തമായ ക്രമസമാധാനനിലയെ കൃത്യമായി ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുന്നുണ്ട്. നിരവധി അംഗീകാരങ്ങൾ കേരള പൊലീസിനെയും ആഭ്യന്തരവകുപ്പിനെയും

തേടിയെത്തുകയാണ്. ഇതൊന്നും ചർച്ച ചെയ്യാനല്ല ഇവർ തയ്യാറാകുന്നത്. പ്രതിപക്ഷ നേതാവ്, മുൻ പ്രതിപക്ഷ നേതാവ്, ശ്രീ. നജീബ് കാന്തപുരം ഉൾപ്പെടെയുള്ളവരെല്ലാം എസ്.എഫ്.ഐ.-യെ കുറിച്ചാണ് പറയുന്നത്. എസ്.എഫ്.ഐ.-യെ നിരോധിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. ആദ്യം നിങ്ങൾ നിങ്ങളുടെ വിദ്യാർത്ഥി സംഘടനയെ കുറിച്ച് പഠിക്കൂ. 1970-ൽ രൂപീകരിച്ച എസ്.എഫ്.ഐ. ഈ രാജ്യത്തെ വിദ്യാഭ്യാസ മേഖലയിൽ ഐതിഹാസികമായ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത് വിദ്യാർത്ഥി ഹൃദയങ്ങൾ കീഴടക്കിയ പ്രസ്ഥാനമാണ്. രക്തസാക്ഷികളെക്കുറിച്ച് നിങ്ങൾ പറഞ്ഞില്ലേ. എസ്.എഫ്.ഐ.യുടെ കൊടി പിടിച്ചതിന്റെ പേരിൽ കെ.എസ്.യു.കാരും യൂത്ത് കോൺഗ്രസ്സുകാരും എം.എസ്.എഫ്.-കാരും ആർ.എസ്.എസ്.-കാരും ചേർന്ന് 35 എസ്.എഫ്.ഐ.-ക്കാരെയാണ് കേരളത്തിന്റെ കലാലയങ്ങളിൽ കൊല ചെയ്തത്. നിങ്ങൾ കഠാര താഴെവയ്ക്കാൻ പറഞ്ഞാൽ തന്നെ കേരളത്തിന്റെ കാമ്പസുകളിൽ സമാധാന അന്തരീക്ഷമുണ്ടാകുമെന്ന് നിങ്ങൾ തിരിച്ചറിയണം. ലഹരിയുടെ കാര്യം പറയുകയാണെങ്കിൽ അതിൽ ഞങ്ങൾ രാഷ്ട്രീയം പറയാൻ

ആഗ്രഹിക്കുന്നില്ല. പക്ഷേ ലഹരിയുടെ കാര്യത്തിൽ നിങ്ങൾ എസ്.എഫ്.ഐ. ആണോ പഴിക്കേണ്ടത്. നിങ്ങൾ ആദ്യം കെ.എസ്.യു.ന് അകത്തുള്ള ലഹരി കലാപത്തെ അവസാനിപ്പിക്കാൻ ശ്രമിക്കണം. കെ.എസ്.യു.-ന്റെ പ്രവർത്തനങ്ങൾ കാമ്പസിനകത്തുണ്ടെന്ന് ദിവസങ്ങൾക്കുമുമ്പ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതുകൂടി കണ്ടുകൊണ്ട് നിങ്ങൾ ആദ്യം നിങ്ങളുടെ വിദ്യാർഥി സംഘടനയെയാണ് കാര്യങ്ങൾ പഠിപ്പിക്കേണ്ടത്. നിങ്ങൾക്ക് എസ്.എഫ്.ഐ.-യുടെ ക്ലാസ് വേണ്ട. ആർക്കും കയറി കൊട്ടാൻ പറ്റുന്ന ചെണ്ടയാണ് എസ്.എഫ്.ഐ. എന്ന് നിങ്ങൾ ധരിച്ചും പോകരുത്. ലഹരിക്കെതിരായി അതിശക്തമായ പോരാട്ടങ്ങൾ ഏറ്റെടുത്തുകൊണ്ട് എസ്.എഫ്.ഐ. ഉണ്ട്; ഡി.വൈ.എഫ്.ഐ. ഉണ്ട്; മവാസോ പോലുള്ള മികച്ച കാമ്പയിനുകൾ ഏറ്റെടുക്കുന്നുണ്ട്. ലഹരിക്കെതിരായി ശക്തമായ കാമ്പനുകൾ മുന്നോട്ടുവയ്ക്കുന്നുണ്ടെന്ന യാഥാർഥ്യം നമ്മുടെ മുന്നിലുണ്ട്. എല്ലാ കാലത്തും പൊലീസ് മികച്ചതാണെന്നാണ് പ്രതിപക്ഷ അംഗങ്ങൾ ഇവിടെ സംസാരിക്കുമ്പോൾ പറഞ്ഞത്. നിങ്ങളുടെ കാലത്തുള്ള കേരളത്തിലെ പൊലീസ് സംവിധാനം എന്താണ്; ജിഷ വധത്തെക്കുറിച്ച് ഇവിടെ

സംസാരിച്ചല്ലോ; ചെരുപ്പ് ഉൂക്കിയിട്ട് നടത്തിയ നാടകങ്ങൾ, ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി ആയതിനുശേഷമാണ് ആ കേസ് കൃത്യമായി തെളിയിച്ചതെന്ന് നമ്മുടെ മുന്നിലുണ്ട്. വാളയാറിന്റെ അമ്മയോട് മാപ്പ് പറഞ്ഞ പ്രതിപക്ഷാംഗങ്ങൾ ഇവിടെയുണ്ടല്ലോ; നിങ്ങൾ വാളയാർ കേസുപറഞ്ഞ് ആരെയാണ് വേട്ടയാടാൻ ശ്രമിച്ചത്? കേരളത്തിന്റെ ജനപ്രിയനായ മുഖ്യമന്ത്രിയെയാണ്. ധർമ്മടത്ത് കുഞ്ഞുട്ടപ്പ് ചിഹ്നത്തിൽ മത്സരിക്കാൻ നിങ്ങൾ ആ അമ്മയെ കൊണ്ടുവന്നു. ഇന്ന് കാര്യങ്ങൾ തെളിഞ്ഞിരിക്കുന്നു. വാളയാർ അമ്മയ്ക്കുവേണ്ടി പ്രസംഗിച്ച ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ നിങ്ങൾ കേരളത്തിന്റെ മുഖ്യമന്ത്രിയോട് മാപ്പ് പറയണം. നിങ്ങൾ വാളയാർ അമ്മയോട് മാപ്പുപറഞ്ഞ് നടത്തിയ നാടകം ഉണ്ടല്ലോ; കുഞ്ഞുട്ടപ്പുണ്ടല്ലോ, നിങ്ങൾ മാപ്പ് പറയാൻ തയ്യാറാകുമോ? മാപ്പ് പറയുകയെന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. അതോടൊപ്പം നിങ്ങൾ കേരളത്തിന്റെ പൊലീസ് സംവിധാനത്തെ എങ്ങനെയാണ് ഉപയോഗിച്ചത്? നിങ്ങൾ ഇപ്പോൾ എസ്.എഫ്.ഐ.-യെക്കുറിച്ച് പറഞ്ഞില്ലേ; ആ എസ്.എഫ്.ഐ.-യുടെ സമരത്തിനുനേരെ വെടിയുതിർത്ത എ.സി.പി.

രാധാകൃഷ്ണ പിള്ള നിങ്ങളുടെ ഭരണകാലത്തുണ്ടായിരുന്നു. നിങ്ങൾ അങ്ങനെയാണ് കേരളത്തിലെ പൊലീസിനെ ഉപയോഗിച്ചത്. അതിർത്തിയിലെ ശത്രുവിനെപോലെ ഗ്രനേഡ് ഉപയോഗിച്ച് സമരത്തെ അടിച്ചമർത്തിയവരാണ് യു.ഡി.എഫ്.-ന്റെ കാലത്തെ പൊലീസ്. ആർ.എസ്.എസ്.-മായുള്ള ബന്ധത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ആരാണ് ആർ.എസ്.എസ്.-മായി ചേർന്നുനിന്നത്? തിരുവനന്തപുരം എം.ജി. കോളേജിലെ ആർ.എസ്.എസ്. സംഘം സി.ഐ.-യെ ബോംബ് എറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച കേസ് തള്ളിക്കളഞ്ഞത് ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോഴാണെന്ന് നിങ്ങൾ മറന്നുപോകരുത്. ഞങ്ങളിലേയ്ക്ക് നിങ്ങൾ ചാർത്തേണ്ട. മുഖം നോക്കാതെ, ക്രിമിനലുകൾക്കെതിരായി ഏറ്റവും ശക്തമായ നടപടിയുമെടുക്കുന്ന ഒരു സംവിധാനമാണ് കേരളത്തിലെ പൊലീസ്. അതിന് കരുത്തുറ്റ നേതൃത്വമാണ് കേരളത്തിന്റെ പ്രിയപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുന്നത്. നമ്പർ വൺ ആണ് കേരളാ പൊലീസ്. നമ്പർ വൺ ആണ് കേരളത്തിന്റെ ആഭ്യന്തര വകുപ്പ് എന്നത് നിങ്ങൾക്കുതന്നെ

സമ്മതിക്കേണ്ടതായി വരുന്നുണ്ട്. എന്തുകൊണ്ടാണ് ഞങ്ങൾ കേരളത്തിന് എതിരാണെന്ന് മൂവാറ്റുപുഴ അംഗം ഇവിടെ ചോദിച്ചല്ലോ? കേരളത്തിനെ നിങ്ങൾ എപ്പോഴാണ് സഹായിച്ചിട്ടുള്ളത്; കേന്ദ്രം സാമ്പത്തിക ഉപരോധം തീർത്തപ്പോൾ, നിങ്ങൾ ആ ബി.ജെ.പി.-ക്കൊപ്പം ചേർന്നുനിൽക്കുകയല്ലേ ചെയ്തത്; അതോടൊപ്പം നിങ്ങൾ കെ-റെയിലിനെ എതിർത്തു. വയനാട് ദുരന്തഘട്ടത്തിൽ, ഗെയിൽ പദ്ധതി, ഹൈവേയ്ക്കെതിരെ നിങ്ങൾ സമരം നടത്തിയവരല്ലേ; കേരളത്തിന്റെ മുന്നേറ്റത്തെ തകർത്ത് ബി.ജെ.പി.-യോട് കൂട്ടുചേർന്നുകൊണ്ടാണ് നിങ്ങൾ പ്രവർത്തിക്കുന്നത്. ഇതിനൊക്കെ കേരളത്തിലെ ജനങ്ങൾ നിങ്ങളോട് മറുപടി പറയും. മൂന്നാമതും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, XII, XIII, XIV, XXIII, XXVI എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കഴിഞ്ഞ രണ്ട് ടേമുകളിലായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ആഭ്യന്തരം കൈകാര്യം ചെയ്യുന്നതാകട്ടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും. കേരളാ

പൊലീസിനെക്കുറിച്ച് ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട, അന്വേഷണ മികവിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന, അഴിമതിരഹിതമായ ഒരു സേനയായി ഉയർത്തിക്കൊണ്ടുവരാൻ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ വളരെ ശ്ലാഘനീയമാണ്. ഇവിടെ നിരവധി പ്രവർത്തനങ്ങൾ പൊലീസിന്റെ ഭാഗത്തുനിന്നും പുതുതായി ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളിൽ പലരും അക്കാര്യങ്ങൾ സൂചിപ്പിച്ചതുകൊണ്ട് അവയിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ സോഷ്യൽ മീഡിയ വഴി വ്യാജപ്രചാരണം നടത്തുന്ന ധാരാളം ആളുകളുണ്ട്. വ്യാജ പ്രൊഫൈൽ നിർമ്മിച്ച് ബുദ്ധിമുട്ടിക്കുന്ന/പ്രയാസപ്പെടുത്തുന്ന ധാരാളം ആളുകളുണ്ട്. ഇതിനെല്ലാം എതിരായ നല്ല നിലപാട് ഇപ്പോൾ പൊലീസിന് സ്വീകരിക്കാൻ സാധിക്കുന്നുണ്ടെന്നത് പ്രശംസ അർഹിക്കുന്നതാണ്. സൈബർ കേസുകളുടെ അന്വേഷണം, അതിന് ഉദ്യോഗസ്ഥർക്കുവേണ്ട പരിശീലനം, സൈബർ കമാൻഡോകളുടെ പരിശീലനം എന്നിങ്ങനെ ഇന്നത്തെ ആധുനികമായ കാലഘട്ടത്തിൽ പൊലീസിനെ സജ്ജമാക്കുന്നതിന് ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ട്. നേരത്തെ പല ആപ്പുകൾ പൊലീസ്

പ്രചരിപ്പിച്ചിരുന്നു. എന്നാൽ അതെല്ലാം കൂടിച്ചേർത്ത് ഒരൊറ്റ ആപ്പ് 'POL-APP' എന്നൊരു മൊബൈൽ ആപ്പ് പൊലീസ് ഇപ്പോൾ പുറത്തുവിട്ടുണ്ട്. സ്വഭാവികമായും ഇതിലൂടെ കൂടുതൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. അന്വേഷണ മികവ് എന്ന് നാം പറയുമ്പോൾ, ഏതെങ്കിലും ചില കാര്യങ്ങൾമാത്രം അടർത്തിയെടുത്ത് പ്രതിപക്ഷം അതിനെതിരായി പറയുന്നത് രാഷ്ട്രീയ ദൃഷ്ടലാക്കോടുകൂടിയാണ്. 12 ദിവസം മാത്രം പ്രായമായൊരു കുട്ടിയെ കാണാതായിട്ട് യാതൊരു തുമ്പുമുണ്ടായിരുന്നില്ല. പക്ഷെ കേരള പൊലീസിന്റെ ശാസ്ത്രീയ പരിശോധനയിലൂടെയും കാര്യക്ഷമമായ ഇടപെടലിലൂടെയും ആ കുട്ടിയെ വളരെ വേഗം കണ്ടെത്താനും അവശയായ കുട്ടിക്ക് മുലപ്പാൽ ആവശ്യമാണെന്ന് തോന്നിയപ്പോൾ അത് നൽകാനും തയ്യാറായതാണ് കേരള പൊലീസ് എന്നത നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഇവിടത്തെ നർക്കോട്ടിക് വിങിനെ കൂടുതൽ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ  സൂചിപ്പിക്കുകയാണ്. അതിന്റെ ഭാഗമായി 'സ്നേഹിത' പോലുള്ള ധാരാളം പദ്ധതികൾ നിലവിലുണ്ട്.

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല. ലഹരിക്കെതിരായ പോരാട്ടത്തിൽ ഒരു കാര്യം സൂചിപ്പിക്കുകയാണ്. സ്കൂൾ കുട്ടികളിലാണ് ലഹരിയുടെ ഉപയോഗം കൂടുതലായി കണ്ടുവരുന്നത്. അതുകൊണ്ടുതന്നെ വിദ്യാർഥികളുടെ അഡ്മിഷൻ സമയത്ത് ഒരു ബ്ലഡ് ടെസ്റ്റ് നടത്താൻ സാധിക്കുമോയെന്നതിനെക്കുറിച്ച് ആലോചിക്കണം. അങ്ങനെ കുട്ടികളുടെ രക്തപരിശോധന നടത്തിയാൽ അതിലൂടെ കുറേയേറെ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. അങ്ങനെ മനസ്സിലാക്കപ്പെട്ടാൽ അവരെ നേരായ മാർഗത്തിലേയ്ക്ക് കൊണ്ടുവരാനുള്ള നല്ല പരിശ്രമം നടത്താൻ സാധിക്കുമെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

പ്രതിപക്ഷത്തുനിന്നും ചർച്ച ആരംഭിച്ച ശ്രീ. മാത്യു കുഴൽനാടന് ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച് ഒരക്ഷരമെങ്കിലും മിണ്ടാൻ സാധിച്ചോ; ആഭ്യന്തര വകുപ്പിനെതിരെ കാതലായ ഏതെങ്കിലും ഒരു വിഷയം ഉന്നയിക്കാൻ ശ്രീ. കുഴൽനാടന് സാധിച്ചോ? സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല. അതാണ് ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനമെന്ന് പറയുന്നത്. ഈസ് ഓഫ് ഡൂയിങ് ബിസിനസുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് ശ്രീ. കുഴൽനാടൻ ഇവിടെ

ആവർത്തിച്ച് പറയുന്നത്. എന്നാൽ അത് വെറും പുകമറ സൃഷ്ടിക്കാൻ വേണ്ടി മാത്രമാണ്. മകൻ മരിച്ചാലും വേണ്ടില്ല, മരുമകളുടെ താലിയറ്റാൽ മതിയെന്ന ദുഷ്ടലാക്കോടെയുള്ള ചില ആളുകളുണ്ട്. അവരുടെ രീതിയാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ ഇവിടെ കണ്ടതെന്ന് നാം മനസ്സിലാക്കണം. ഏറ്റവും അവസാനമായി ഞാനൊരു കാര്യം അവരെ ഓർമ്മപ്പെടുത്തുന്നത്, ഈ വിഷയത്തിലെന്നല്ല, വിഷയം ദാരിദ്ര്യം വരുമ്പോൾ യു.ഡി.എഫ്.-നെയും കോൺഗ്രസിനെയും സഹായിക്കുന്ന മലയാള മനോരമ പറയുന്നതെങ്കിലും ശ്രീ. കുഴൽനാടനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റംഗങ്ങളും മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 2025 ഫെബ്രുവരി 20-ന് പത്താം പേജിൽ മലയാള മനോരമ ഒരു വാർത്ത നൽകിയിരുന്നു. അതിന്റെ തലവാചകം ഇപ്രകാരമായിരുന്നു, 'നിക്ഷേപ സമാഹരണത്തിനുമുമ്പേ പരിഷ്കരണം തീർത്ത് കേരളം'. തൊട്ടുതാഴെ ഒരു സബ്ടൈറ്റിൽകൂടി അതോടൊപ്പമുണ്ടായിരുന്നു 'ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ ഇക്കൊല്ലവും ടോപ്പ് അച്ചീവറാകാൻ കേരളം'. ഇത് ആരുടെയും സ്റ്റേറ്റ്മെന്റല്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവിന്റെ സ്റ്റേറ്റ്മെന്റ് അല്ല. മലയാള മനോരമയുടെ ലേഖകൻ

മനസ്സിലാക്കിയ കാര്യങ്ങൾ വച്ചാണ് ഫെബ്രുവരി 20-ാം തീയതിയിലെ ഈ വാർത്ത വന്നിരിക്കുന്നത്. അതിന്റെ അവസാന വരികൂടി ഒന്നുനോക്കൂ, 'കഴിഞ്ഞവർഷം 9 വിഭാഗങ്ങളിലെ പരിഷ്കരണത്തിന് കേരളം ഒന്നാമത് എത്തിയപ്പോഴാണ് സംസ്ഥാനങ്ങളിൽ ഒന്നാം റാങ്ക് ലഭിച്ചത്.' ഇത് കൃത്യമായി മലയാള മനോരമ അടയാളപ്പെടുത്തിരിക്കുകയാണ്. അതുപോലും വിശ്വസിക്കാതെ വീണ്ടുംവീണ്ടും കേരളം പുറകിലാണ്, കേരളം മോശമാണെന്ന് വരുത്തിത്തീർക്കാൻവേണ്ടിയുള്ള വലിയ പരിശ്രമമാണ് ശ്രീ. കുഴൽനാടൻ നടത്തിക്കൊണ്ടിരിക്കുന്നത്. ചില മൃഗങ്ങളുടെ വാൽ ഈ കുഴലിനകത്ത് കയറ്റി പന്തീരാണ്ടുകൊല്ലം വച്ചിരുന്നാലും ആ കുഴൽ ഊരിയെടുക്കുമ്പോൾ അത് വീണ്ടും പഴയ ആകൃതിയിൽത്തന്നെ വരുമെന്നുള്ളത് ഒരു ചരിത്ര സത്യം മാത്രമാണെന്നുള്ളത് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>ചെയർപേഴ്സൺ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ മൂവാറ്റുപുഴ അംഗത്തെയും അദ്ദേഹത്തിന്റെ പേരിനോട് ചേർന്ന കുടുംബപ്പേരിനെയുമൊക്കെ അധിക്ഷേപിച്ചുകൊണ്ട് അപ്പുറത്തുനിന്നും സംസാരിക്കുന്നത് ഓർഡറിലാണോ?

ചെയർപേഴ്സൺ: അദ്ദേഹം അങ്ങനെ ഉദ്ദേശിച്ചിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. (...ബഹളം....) കുടുംബപ്പേര് ഉദ്ദേശിച്ചല്ല അദ്ദേഹം അങ്ങനെ പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. വി. ജോയി: സർ, ഒരു മിനിട്ട് അധികം പോയി.

ചെയർപേഴ്സൺ: സംസാരിക്കൂ... കണ്ടിന്യൂ..

ശ്രീ. വി. ജോയി: സർ, ധാരാളം കാര്യങ്ങളിൽ കേരള പൊലീസിന്റെ മികവ് നമ്മൾ കണ്ടതാണ്. വാളയാർ കേസിൽ അതായത്, 13-ഉം 9-ഉം വയസായ രണ്ട് പെൺകുട്ടികൾ ആത്മഹത്യ ചെയ്തൊരു സംഭവം വാളയാറിലുണ്ടായി. ആ വാളയാർ സംഭവവുമായി ബന്ധപ്പെട്ട കേരള പൊലീസ് കാര്യക്ഷമമായ അന്വേഷണം നടത്തി. പക്ഷെ അത് തെറ്റാണ്; അതിൽ വേറെ ആരെയോ പ്രതി ചേർക്കുന്നതിന് വേണ്ടി അവർ വലിയ കോലാഹലം ഇവിടെ നടത്തി. ഇപ്പോൾ നിയമസഭാംഗമായ പാലക്കാട് എം.എൽ.എ.-യും

നേരത്തേ നിയമസഭാംഗമായിരുന്ന മറ്റൊരാളുമൊക്കെ ചേർന്ന് യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ വാളയാർ മുതൽ വണ്ടിപ്പെരിയാർ വരെ പകൽപ്പന്തം എന്ന പുതിയൊരു സമരരൂപം ആവിഷ്കരിച്ചു. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീമതി കാനത്തിൽ ജമീല സൂചിപ്പിച്ചതുപോലെ ഇതെല്ലാം കഴിഞ്ഞതിനുശേഷം കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ തല മൊട്ടയടിച്ച് വാളയാർ അമ്മയെ ധർമ്മടത്തുകൊണ്ടുപോയി മത്സരിപ്പിച്ചു. മാത്രമല്ല, നാടായ നാട് മുഴുവൻ കൊണ്ടുനടന്ന് കേരളത്തിന്റെ മുഖ്യമന്ത്രിക്കെതിരായി പ്രചാരണം നടത്തി, ആക്ഷേപങ്ങൾ ചൊരിഞ്ഞു. എന്നിട്ട് ഇപ്പോൾ എന്തായി; പാലക്കാട് എം.എൽ.എ. ദൈവത്തിന്റെ മുമ്പിൽ കൈകൂപ്പി നിൽക്കുന്നതുപോലെ തലമുണ്ഡനം ചെയ്ത വാളയാർ പെൺകുട്ടികളുടെ അമ്മയുടെ മുമ്പിൽ കൈകൂപ്പി നിൽക്കുന്ന ചിത്രം ഇന്ന് ലക്ഷക്കണക്കിന് ആളുകൾ കണ്ടിരിക്കുന്നു. കേരളത്തിന്റെ മുഖ്യമന്ത്രിക്കെതിരായി എന്തെല്ലാം വാർത്തകളാണ് ഇവിടെ പ്രചരിപ്പിക്കുന്നത്? നിങ്ങൾ ഭരിക്കുന്ന സംസ്ഥാനത്തെ മുഖ്യമന്ത്രിക്കെതിരായി ഇങ്ങനെ പറയാൻ നിങ്ങൾക്ക് സാധിക്കുമോ; പത്രമാധ്യമങ്ങൾക്ക് പറയാൻ സാധിക്കുമോ; ഞാനൊരു കാര്യം

ഓർമ്മപ്പെടുത്തുകയാണ്. തെലങ്കാന മുഖ്യമന്ത്രി ശ്രീ. എ. രേവന്ത് റെഡ്ഡിയെ വിമർശിച്ച പൾസ് ന്യൂസ് ബ്രേക്ക് എന്ന മാധ്യമ പ്രവർത്തകയായ രേവതി പൊഡഗാനന്ദയെ തെലങ്കാന പൊലീസ് വീട്ടിൽനിന്നും അറസ്റ്റ് ചെയ്തു. എപ്പോഴെങ്കിലുമൊരു സന്ദർഭത്തിൽ സഖാവ് പിണറായി വിജയനെതിരായി അസഭ്യവർഷം ചൊരിയുകയും അപവാദപ്രചരണങ്ങളും നടത്തിയ ഏതെങ്കിലുമൊരു പത്രപ്രവർത്തകയെയോ പത്രപ്രവർത്തകനെയോ ഇവിടെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ നിരയായി ജയിലിൽ കിടന്നേനെ. പക്ഷെ അതുണ്ടായില്ല എന്നത് നമ്മൾ മനസ്സിലാക്കണം. മറ്റ് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. അതിലൊരു കാര്യം മയക്കുമരുന്നുമായി ബന്ധപ്പെട്ടാണ്. കേരളത്തിലെ പോലീസ് തെലങ്കാന സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഹൈദരാബാദിൽ ഒരു സിന്തറ്റിക് മയക്കുമരുന്ന് നിർമ്മാണ ലാബ് കണ്ടെത്തി. കേരള പോലീസാണ് ഉടമയായ സിനിമാനിർമ്മാതാവിനെ അറസ്റ്റുചെയ്തത്. തെലങ്കാന മുഖ്യമന്ത്രി ശ്രീ. രേവന്ത് റെഡ്ഡിയുടെ മൂക്കിന് താഴെനിന്നാണ് നിർമ്മാതാവിനെ അറസ്റ്റ് ചെയ്തുകൊണ്ടുവന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ചില കേസിലെ

പ്രതികൾക്ക് ആയിരക്കണക്കിന് ദിവസങ്ങളാണ് പരോളായി അനുവദിച്ചതെന്ന് ബഹുമാന്യയായ വടകര എം.എൽ.എ. സംസാരിച്ചപ്പോൾ പറയുകയുണ്ടായി. രണ്ട് മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാർ ഈ സഭയിലുണ്ട്. കേരള ജയിലുകളും സംശുദ്ധീകരണ സാന്മാർഗിക സേവനങ്ങളും നിർവഹണവുമായി ബന്ധപ്പെട്ട് 2014-ലെ നിയമമാണ് ഇവിടെ നടപ്പാക്കുന്നത്. അത് ആർക്കെങ്കിലും പ്രത്യേകമായി നൽകിയിട്ടുള്ളതാണോ? അല്ല. ജില്ലാകളക്ടർ ചെയർമാനും പോലീസ് കമ്മീഷണർ, സൂപ്രണ്ട് ഓഫ് പോലീസ്, മേഖലാ ജയിൽ ഡി.ഐ.ജി. തുടങ്ങിയവർ ചേർന്ന് തീരുമാനിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് പരോൾ അനുവദിക്കുന്നത്. ചട്ടപ്രകാരം ഒരു കലണ്ടർ വർഷം 60 ദിവസം പരോൾ ലഭിക്കാൻ അർഹതയുണ്ട്. 45 ദിവസത്തെ അടിയന്തര അവധിക്കും അർഹതയുണ്ട്. കോവിഡ്-19 മഹാമാരിക്കാലത്ത് എല്ലാവരെയും തുടന്നുവിടുന്ന സാഹചര്യമുണ്ടായി. കോവിഡ്-19-ന്റെ കാലത്ത് എല്ലാവരെയും തുറന്നുവിട്ട സാഹചര്യത്തിൽ, അതിന്റെ എണ്ണം കൂടി പരിഗണിച്ചാണ് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുന്നതെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു.

കോൺഗ്രസ് വാർഡുകൾതോറും ഗാന്ധിസ്മൃതി പരിപാടി നടത്തുകയാണ്. ഗാന്ധിസ്മൃതി പരിപാടി നടത്തുമ്പോൾ സ്വാഭാവികമായും മഹാത്മാഗാന്ധിയെ കൊലചെയ്യപ്പെട്ടവരെക്കുറിച്ച് പറയേണ്ടതായിവരും. നാഥൂറാം വിനായക് ഗോഡ്സെ-യെക്കുറിച്ച് പറയുമോയെന്ന് എനിക്കറിയില്ല, ഒരുപക്ഷേ പറയേണ്ടതായിവരും. അന്ന് ആർ.എസ്.എസ്.-ന്റെ സർസംഘചാലക് ആയിരുന്ന ഗുരുജി എം. എസ്. ഗോൾവൽക്കറെ ഗാന്ധിവധത്തിനുശേഷം നാലാമത്തെ ദിവസം അറസ്റ്റുചെയ്തു. ആറുമാസക്കാലം ഗോൾവൽക്കർ ജയിലിൽ കിടന്നു. അറസ്റ്റിന് വിധേയമായ കാര്യം 1947 ഡിസംബർ 8-ന്, രണ്ടായിരം ആർ.എസ്.എസ്.-കാരെ അഭിസംബോധന ചെയ്തുകൊണ്ട് ഗാന്ധിജിക്കെതിരായി സംസാരിച്ചുവെന്നതാണ്. ആ ഗോൾവൽക്കറുടെ മുമ്പിൽ ഒന്നല്ല രണ്ടുതവണ തിരികൊളുത്തിയ ഇങ്ങനെയുള്ള ആളുകളാണ്..., ഗാന്ധിസ്മൃതി പരിപാടിയിൽപോയി വിഷയങ്ങൾ അവതരിപ്പിക്കുന്നത്? ഇത് ഞാൻ പറഞ്ഞതല്ല, ആർ.എസ്.എസ്.-ന്റെ നേതാവ് ശ്രീ. ആർ. വി. ബാബു തന്നെയാണ് പറഞ്ഞത്.

ചെയർപേഴ്സൺ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വി. ജോയി: സർ, ഗാന്ധിസ്മൃതി പരിപാടി നടത്തുമ്പോൾ അണികൾക്ക് നൽകുന്ന സന്ദേശം എന്താണെന്നുകൂടി വ്യക്തമാക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ശ്രീ. ആന്റണി രാജു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ആഭ്യന്തര വകുപ്പിന്റെ ഇന്നത്തെ ചർച്ചയിൽ ആഭ്യന്തര വകുപ്പിനെക്കുറിച്ചൊന്നും പറയാനില്ലാതെ വിഷയദാരിദ്ര്യംമൂലം വല്ലാതെ ബുദ്ധിമുട്ടുന്ന പ്രതിപക്ഷത്തോട് സഹതാപം തോന്നുന്നു. പ്രതിപക്ഷത്തുള്ള മൂവാറ്റുപുഴ എം.എൽ.എ.-യുടെ പ്രസംഗം കേട്ടപ്പോൾ ഇന്നത്തെ ചർച്ച വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥനയാണെന്നുപോലും തോന്നി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് എഴുന്നേറ്റ് മറുപടി പറയേണ്ട അവസ്ഥവന്നു. എന്തൊരു ഗതികേടാണ് ഈ പ്രതിപക്ഷത്തിന്റേത്. ഇച്ഛാശക്തിയുള്ള ഒരു സർക്കാരിന്റെ ഇടപെടൽകൊണ്ട് മികച്ച ക്രമസമാധാനം പുലർത്തുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. വർഗ്ഗീയ കലാപങ്ങളില്ലാത്തതും പോലീസിന്റെ വെടിവയ്പ്പിൽ ഒരാൾ പോലും കൊല്ലപ്പെടാത്തതുമായ ഒൻപത് വർഷക്കാലമാണ് കടന്നുപോയത്. ഇത് വെറുതെ യാഥാർത്ഥ്യമായതല്ല.

സംസ്ഥാനത്തിന്റെ സ്വൈര്യജീവിതം തകർക്കാൻ ശ്രമിക്കുന്ന മതതീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സമയബന്ധിതമായി ശേഖരിക്കുവാനും അതുവഴി സമയോചിതമായി മുന്നറിയിപ്പുകൾ നൽകുന്നതിനും വർഗ്ഗീയ സ്വഭാവമുള്ള പ്രവർത്തനങ്ങളെ മുളയിലേ നുള്ളി സാമുദായിക ഐക്യം സംരക്ഷിക്കുന്നതിനും ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കുന്ന ഒരു സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളം ഭരിക്കുന്നതുകൊണ്ട് മാത്രമാണ് ഇത് യാഥാർത്ഥ്യമാകുന്നത്. മതതീവ്രവാദം, സൈബർ കുറ്റകൃത്യങ്ങൾ, സംഘടിത കുറ്റകൃത്യങ്ങൾ തുടങ്ങിയ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ ആശയവിനിമയങ്ങളെയും പ്രവർത്തനങ്ങളെയും നിരീക്ഷിക്കുന്നതിനും ഡിജിറ്റൽ ഡാറ്റാ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി ടെക്നിക്കൽ ഇന്റലിജൻസ് യൂണിറ്റ് രൂപീകരിച്ചുകൊണ്ട് ഇന്ത്യയ്ക്ക് മാതൃകയായ സംസ്ഥാനമായി കേരളം. കുറ്റകൃത്യങ്ങളെ ഫലപ്രദമായി തടയുന്ന (prevention of crime) സംസ്ഥാനമായി കേരളം മാറി. അതിനൊന്നും കേരളത്തിലെ പോലീസിന് അഭിനന്ദനവും വാർത്തയും ലഭിച്ചെന്നുവരില്ല. പക്ഷേ അതല്ല

യാഥാർഥ്യം. ലോകം മുഴുവൻ സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇതിനെ ഫലപ്രദമായി നേരിടുന്നതിന് കേരളത്തിലെ എല്ലാ പോലിസ് ജില്ലകളിലും സൈബർ ക്രൈം പോലിസ് സ്റ്റേഷനുകൾ ആരംഭിച്ചത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും കൊടുംകുറ്റകൃത്യങ്ങൾ നടത്തിയ എത്രയോ പ്രതികളെയാണ് കേരള പോലീസ് അവരുടെ താവളത്തിൽ പോയി പിടികൂടിയതെന്നത് ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? ഹൈദരാബാദിലെ മയക്കുമരുന്ന് നിർമ്മാണ കേന്ദ്രങ്ങൾ കണ്ടെത്തിയത് കേരള പോലീസാണ്. അതിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയുടെ പേര് ശ്രീ. പിണറായി വിജയൻ എന്നാണ്. അന്തർസംസ്ഥാന ലഹരിക്കടത്ത് തലവനെ ഒഡീഷയിൽനിന്ന് തൂക്കിയെടുത്തുകൊണ്ടുവന്നതും; ഹരിയാന സംസ്ഥാനത്തെ നൂഹ് ജില്ല താവളമാക്കി ഇന്ത്യയിലാകെ എ.ടി.എം. കൊള്ളനടത്തുന്ന പ്രൊഫഷണൽ സംഘത്തെ തുറുങ്കിലടച്ചതും; ചെറുവള്ളൂർ ജ്വല്ലറി കവർച്ച കേസ് പ്രതികളെ നേപ്പാൾ അതിർത്തിയിൽനിന്ന് സാഹസികമായി അറസ്റ്റ് ചെയ്തതും; സൈബർ തട്ടിപ്പിലൂടെ നാലുകോടി രൂപ അപഹരിച്ച പ്രതികളെ

രാജസ്ഥാനിൽനിന്നും തൂക്കിക്കൊണ്ടുവന്നതും; വെർച്ചൽ അറസ്റ്റ് തട്ടിപ്പിന്റെ മുഖ്യപ്രതിയെ പശ്ചിമ ബംഗാളിൽനിന്ന് റാഞ്ചിയെടുത്ത് കൊണ്ടുവന്നതും; ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഭീതിപടർത്തിയ കുറുവ സംഘത്തെ മണിക്കൂറുകൾക്കുള്ളിൽ കസ്റ്റഡിയിലെടുത്തതും കേരള പോലീസാണ്. അങ്ങനെ എണ്ണിപ്പറഞ്ഞാൽ ഇന്ത്യയ്ക്കാകെ അഭിമാനകരമായ എത്രയോ നേട്ടങ്ങളാണ് കേരള പോലീസിന്റെ തൊപ്പിയിലണിയാനുള്ളത്. ശ്രീ. എം. വിൻസെന്റിന് ഇപ്പോൾ അസഹിഷ്ണുത കാണും, അദ്ദേഹം ഇത് മാറ്റിപ്പറയും. ഇപ്പോൾ പ്രതിപക്ഷത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കാൻ ബുദ്ധിമുട്ടുണ്ടാകും. നാളെ ഇതിൽ പശ്ചാത്തപിച്ച് നിങ്ങൾ തന്നെ തിരുത്തിപ്പറയുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഒന്നാം പിണറായി സർക്കാരിൽ പി.ഡബ്ല്യു.ഡി. മന്ത്രിയായിരുന്ന സി.പി.ഐ.(എം.) നേതാവ് ശ്രീ. ജി. സുധാകരനെക്കുറിച്ച് കഴിഞ്ഞ ദിവസം പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ നൽകിയ ഒരു സർട്ടിഫിക്കറ്റുണ്ട്. എന്താണെന്ന് അറിയാമോ? കേരള ചരിത്രത്തിലെ നീതിമാനായ മന്ത്രിയാണ് ശ്രീ. ജി. സുധാകരനെന്നാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിലെ

മന്ത്രിയായിരുന്ന അദ്ദേഹത്തെക്കുറിച്ച് ഞങ്ങളല്ല, കേരളത്തിന്റെ പ്രതിപക്ഷ നേതാവാണ് പറഞ്ഞത്. ഭരണത്തിലിരുന്നപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. ജി. സുധാകരനെക്കുറിച്ച് പറഞ്ഞത് എന്താണെന്ന് ഞാൻ ഈ സഭയിൽ പറയുവാൻ ആഗ്രഹിക്കുന്നില്ല. ഇതേ പ്രതിപക്ഷ നേതാവ് നാളെ ശ്രീ. പിണറായി വിജയനെക്കുറിച്ചും പറയും. കേരള ചരിത്രത്തിൽ നീതിമാനായ ഒരു മുഖ്യമന്ത്രിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരാണ് ശ്രീ. പിണറായി വിജയൻ എന്നാണെന്ന് പറയും. ശ്രീ. ജി. സുധാകരനെ കോൺഗ്രസ്സുകാർ ക്ഷണിച്ചത് സി.പി.ഐ.(എം.)-ൽ എന്തെങ്കിലും കുത്തിത്തിരുപ്പുണ്ടാക്കാമെന്നുള്ള ധാരണയോടുകൂടിയാണ്. പക്ഷേ കെ.പി.സി.സി.-യുടെ വേദിയിൽ നിങ്ങളൊരുക്കിയ മൈക്കിലൂടെ നിങ്ങളെ സാക്ഷിയാക്കികൊണ്ട് നിങ്ങളുടെ ഗോദയിൽവച്ച് നിങ്ങളുടെ നേതാവായ കോൺഗ്രസിന്റെ വർക്കിങ് മെമ്പറെ എടുത്ത് അലക്കിയത് കേട്ട് നിങ്ങളൊക്കെ കൈയടിച്ചില്ലേ? ഊതിവീർപ്പിച്ച ബലൂണാണെന്ന് പറഞ്ഞവരൊക്കെ ഊറിച്ചിരിക്കുന്നത് കേരളം കണ്ടില്ലേ? എന്തിനും ഏതിനും പോലീസിനെ കുറ്റപ്പെടുത്തുന്ന പ്രതിപക്ഷം ഇനിയെങ്കിലും തിരുത്താൻ തയ്യാറാകണം.

അല്ലെങ്കിൽ നിങ്ങളുടെ ഗതി പരിതാപകരമായിരിക്കും. കഴിഞ്ഞ ദിവസത്തെ ചർച്ചയിൽ ലീഗിന്റെ പ്രതിനിധി ശ്രീ. എ. കെ. എം. അഷ്റഫ്..., ശ്രീ. പി. സി. ജോർജ്ജ് ജാമ്യവ്യവസ്ഥ ലംഘിച്ചതിന്റെ കുറ്റവും കേരള പോലീസിന് ചാർത്തിക്കൊടുത്തു. ഞാനൊരു കാര്യം ചോദിക്കട്ടെ..., ശ്രീ. പി. സി. ജോർജ്ജ് ജാമ്യവ്യവസ്ഥ ലംഘിച്ചതിന് പോലീസ് അറസ്റ്റ് ചെയ്യുന്നില്ലെന്നാണ് അദ്ദേഹം പരാമർശിച്ചത്. കോടതിയല്ലേ ജാമ്യം അനുവദിക്കുന്നത്; അദ്ദേഹത്തിന് ജാമ്യം അനുവദിച്ചത് കേരള പോലീസാണോ; ജാമ്യവ്യവസ്ഥ ലംഘിച്ചാൽ കോടതിക്ക് മാത്രമല്ലേ അതിനെതിരെ നടപടിയെടുക്കാൻ കഴിയുകയുള്ളൂ. എന്തിനും ഏതിനും കേരള പോലീസിന്റെയും ഭരണപക്ഷത്തിന്റെയും ആഭ്യന്തരവകുപ്പിന്റെയും മേൽ കുതിര കയറുന്ന നിങ്ങളുടെ ഇരട്ടത്താപ്പിന്റെ ഒരു ഉദാഹരണമാണ് ഞാനിവിടെ സൂചിപ്പിച്ചത്. മുമ്പൊരിക്കൽ, ശ്രീ. പി. സി. ജോർജ്ജിനെ വീട്ടിൽനിന്ന് കേരള പോലീസ് അറസ്റ്റ് ചെയ്തപ്പോൾ, കെ.പി.സി.സി.-യുടെ തലപ്പത്തിരിക്കുന്ന നിങ്ങളുടെ നേതാവ് പറഞ്ഞതെന്താണെന്ന് ഓർക്കുന്നുണ്ടോ..? ഒരു മുൻ ജനപ്രതിനിധിയെ വീട്ടിൽ കയറി അറസ്റ്റ് ചെയ്തത് ശരിയായില്ലെന്നാണ്. ഇത് പറഞ്ഞതും നിങ്ങൾ

തന്നെയല്ലേ; എന്തുകൊണ്ട് ഇപ്പോൾ അറസ്റ്റ് ചെയ്യുന്നില്ലെന്ന് ലീഗ് ചോദിക്കുന്നു? യു.ഡി.എഫ്.-ന്റെ ഈ ഇരട്ടത്താപ്പ് അവസാനിപ്പിക്കണം. നിങ്ങളുടെ ഇരട്ടത്താപ്പിന്റെ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കേരള ഹൗസിലെത്തി കേരള മുഖ്യമന്ത്രിയെ സന്ദർശിച്ചതിനെ 'മുർദ്ദാബാദ് ' എന്ന് വിമർശിച്ച നിങ്ങൾ..., മണിക്കൂറുകൾ കഴിഞ്ഞപ്പോൾ യു.ഡി.എഫ്. എം.പി.-മാർ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ അവരുടെ വീട്ടിലെ വരാന്തയിൽ പോയി 'സിന്ദാബാദ് ' എന്ന് വിളിച്ചു. 'നിങ്ങളിട്ടാൽ ബർമുഡ, ഞങ്ങളിട്ടാൽ വള്ളിക്കളസം' എന്ന നിലപാട് നിങ്ങൾ മാറ്റണം. യാഥാർത്ഥ്യത്തെ യാഥാർത്ഥ്യമായി കാണാൻ കഴിയണം. കേരള ഹൗസിലെത്തി കേരള മുഖ്യമന്ത്രിയെ, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കണ്ടതിനെ അഭിനന്ദിക്കുകയല്ലേ ചെയ്യേണ്ടത്. യു.ഡി.എഫ്.-ന്റെ ഏതെങ്കിലും ഒരു മുഖ്യമന്ത്രിയെ ഇതുപോലെ വന്നുകണ്ടിട്ടുണ്ടോ? അതാണ് ശ്രീ. പിണറായി വിജയൻ. നിങ്ങളത് കണ്ടുപഠിക്കണം, അതിന് വിഷമിച്ചിട്ട് കാര്യമില്ല. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കാണുന്നതിനെ സംഘി എന്നൊക്കെ പറയാമോ; കർണ്ണാടക മുഖ്യമന്ത്രി കേന്ദ്രത്തിലെത്തി ബി.ജെ.പി.-യുടെ കേന്ദ്രമന്ത്രിമാരെ

കാണുന്നതിനെ ഏത് സംഘിയെന്നാണ് പറയുന്നത്; ഇങ്ങനെ അവസരോചിതമായി അവസരവാദമായി വർത്തമാനം പറയുന്നത് അവസാനിപ്പിച്ചില്ലെങ്കിൽ, ജനം തിരിച്ചടിക്കും. കേരള പോലീസിനെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ കേരളം ചരിത്രം കുറിച്ചിരിക്കുകയാണ്. 2016 മുതൽ 2024 ഓഗസ്റ്റ് വരെ പോലീസിൽ 4817 സ്ഥിരം തസ്തികകളും 855 താൽക്കാലിക തസ്തികകളും സൃഷ്ടിച്ച ഭരണകൂടമാണ് എൽ.ഡി.എഫ്. സർക്കാർ. 2016 ജൂൺ മുതൽ 2024 ജൂൺ വരെ പി.എസ്.സി. മുഖേന പോലീസ് വകുപ്പിൽ 20,014 എണ്ണം നിയമനങ്ങളാണ് കേരളത്തിൽ നടത്തിയിട്ടുള്ളത്. നിങ്ങളുടെ കാലത്ത് എന്തായിരുന്നു അവസ്ഥ; പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ പുതുതായി 37 പോലീസ് സ്റ്റേഷനുകളാണ് ആരംഭിച്ചത്. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ക്രമസമാധാന പരിപാലനത്തിന് എത്ര ദേശീയ പുരസ്കാരങ്ങളാണ് കേരളത്തിന് നേടാൻ കഴിഞ്ഞത്; ഇപ്പോൾ പ്രതിപക്ഷത്തിന്, സർക്കാരിനെതിരെ സമരം ചെയ്യാൻ ഒരു വിഷയവുമില്ല. കഴിഞ്ഞ ദിവസം മുസ്ലീം ലീഗിന്റെ സമുന്നതനായ ഒരു നേതാവ് മലപ്പുറത്ത് ഒരു ജില്ലാകമ്മിറ്റിയിൽ പ്രസംഗിച്ചതെന്താണ്? സമരത്തിന് ആഹ്വാനം

ചെയ്തപ്പോൾ, എന്തിനാണ് സമരം ചെയ്യുന്നതെന്ന് അണികൾ ചോദിച്ചു. അദ്ദേഹം നൽകിയ മറുപടിയെന്താണെന്ന് അറിയാമോ; മഴ പെയ്താൽ വെള്ളക്കെട്ടിന് മുമ്പിൽ ലീഗിന്റെ കൊടിയും പിടിച്ച് സർക്കാരിനെതിരെ സമരം ചെയ്യണമെന്നാണ്. മഴ പെയ്തില്ലെങ്കിൽ വരൾച്ചയുടെ പേരിൽ സമരം ചെയ്യണം. ഇത് രണ്ടുമില്ലെങ്കിൽ, ആശുപത്രികളുടെ മുന്നിൽ പോയി സമരം ചെയ്യണം. ഇങ്ങനെ വിഷയ ദാരിദ്ര്യത്തിൽ ഉഴലുന്ന ഒരു പ്രതിപക്ഷത്തെ കേരള ചരിത്രത്തിൽ ഇതിനുമുമ്പ് കണ്ടിട്ടുണ്ടാകില്ല. ഇതാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെ ഭരണനേട്ടം. ഇവർക്ക് സമരം ചെയ്യാൻ പോലും വിഷയങ്ങളില്ല. നിയമസഭയിൽ ആഭ്യന്തര വകുപ്പിനെതിരെ പറയാൻ ഒന്നുമില്ല. നല്ല ഭരണം നടത്തുന്നതിനെ പിന്തുണയ്ക്കുകയാണ് പ്രതിപക്ഷം ചെയ്യേണ്ടത്. നല്ലതിനെ അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം. എന്തിനെയും എതിർത്താൽ ജനങ്ങൾ തിരിച്ചടിക്കും. അത് നിങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ; മൂന്നാം ഭരണത്തിലേക്ക് കടക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ അസൂയയോടും അത്ഭുതത്തോടുമാണ് നിങ്ങൾ നോക്കിക്കാണുന്നത്. അതാണ് യാഥാർത്ഥ്യം. നിങ്ങളുടെ ബോഡി ലംഗ്വേജ് കാണുമ്പോൾതന്നെ അത്

മനസ്സിലാകും. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ, ഇത്രയും ദുർബലമായൊരു പ്രതിപക്ഷത്തെ കേരള ചരിത്രത്തിൽ കണ്ടിട്ടില്ല. എന്തുകൊണ്ടാണ്? ഇത് കേരള പോലീസിന്റെ മികവിന്റെ തെളിവാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഒരു കവിത ചൊല്ലിക്കൊണ്ട് പ്രസംഗം ആരംഭിക്കാം.

'നമുക്ക് കാവലായി നില്ക്കേണ്ട കാക്കികൾ,

അരുതായ്മകൾക്കൊപ്പമായതെന്തേ...

തട്ടിപ്പുകാരുടെ കേന്ദ്രമായി കേരളം

ഗുണ്ടകൾക്കൊക്കെ സുരക്ഷിത താവളം

ദൈവത്തിൻ നാടിത് മാഫിയ ഹബ്ബായി,

ലഹരിയിൽ മുങ്ങി അമർന്നിന്ന് കേരളം..

മതദ്വേഷ ജോർജ്ജുമാർ വാഴുന്ന കേരളം,

സർക്കാരിതെന്തോന്ന് നോക്കിനിൽപ്പൂ..'

മി. സ്പീക്കർ: ഇത് ആരെഴുതിയ കവിതയാണ്?

ശ്രീ. ടി. വി. ഇബ്രാഹിം: എന്റെയൊരു സ്നേഹിതന്റെ കവിതയാണിത്. ഒ.എൻ.വി. കുറുപ്പിന്റെ ചില വരികൾകൂടി സൂചിപ്പിക്കാം.

'എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ

എന്നേക്കുമായ് അസ്തമിച്ചു പോയ്

ഇനി നമ്മിലോരാളിന്റെ നിദ്രയ്ക്കു മറ്റെയാൾ

കണ്ണിമ ചിമ്മാതെ കാവൽ നിന്നീടണം....'

ഈ രീതിയിലേക്ക് കേരളം മാറിക്കഴിഞ്ഞു. പോലീസ്, 'ജനങ്ങളുടെ കാവൽക്കാർ' എന്നതിൽനിന്ന് 'അധികാരത്തിന്റെ കാവൽക്കാർ' എന്ന നിലയിലേക്ക് മാറിയിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

1980-ൽ ഇ. കെ. നായനാർ സർക്കാരിന്റെ പോലീസിന്റെ വെടിയേറ്റ് മരിച്ച, ഞങ്ങളുടെ മൂന്ന് സഹോദരങ്ങളുടെ രക്തസാക്ഷിത്വത്തിന്റെ 45 വർഷം

തികയുകയാണ്. മജീദ്, റഹ്മാൻ, കുഞ്ഞിപ്പ എന്നിവരുടെ പാവന സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ തുടങ്ങുന്നു. 'മൃദു ഭാവേ ദൃഢ കൃത്യേ' എന്ന സംസ്കൃത വാക്യമാണ് നമ്മുടെ പോലീസ് സേനയുടെ ആപ്തവാക്യം. മൃദുവായ പെരുമാറ്റവും അതോടൊപ്പം ദൃഢമായ പ്രവർത്തനവുമെന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പക്ഷെ ഇന്ന് എന്തുകൊണ്ടാണ് പോലീസ് ഈ രീതിയിലാകുന്നത് എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതാണ്. പോലീസിന് നിരവധി പരിമിതികളുണ്ട്. കേരളത്തിൽ അമ്പതിനായിരം പോലീസുദ്യോഗസ്ഥരാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നാണ് പറയുന്നത്. അതിൽ പകുതിയോളം പോലീസുകാർ മാത്രമാണ് പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്നത്. ജനങ്ങളുമായി എപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നത് അവരാണ്. പോലീസ് സ്റ്റേഷനിലേക്ക് ജനങ്ങൾക്ക് നിർഭയമായി കയറിച്ചെല്ലാൻ കഴിയാത്ത അവസ്ഥാവിശേഷത്തിലേക്ക് പോലീസുകാരുടെ പെരുമാറ്റരീതിയും സമീപനവും മാറ്റിയിട്ടുണ്ടെങ്കിൽ, അവരിൽ രൂപാന്തരപ്പെട്ടിട്ടുള്ള അവരുടെമേലുള്ള മാനസികസമ്മർദമാണ് അതിനുകാരണം. പോലീസുകാരെ

ആ രീതിയിലേക്ക് മാറ്റിയിട്ടുള്ളതിൽ ഇവിടെയുള്ള ഭരണകൂടത്തിനാണ് ഒന്നാമത്തെ ഉത്തരവാദിത്തം. ക്രമസമാധാനപാലനവും കുറ്റാന്വേഷണവും പോലീസ് സ്റ്റേഷനിൽ നടപ്പാക്കേണ്ടതുണ്ട്. പക്ഷെ അതിന് പാകമായി പോലീസ് സ്റ്റേഷനിൽ പോലീസുകാരുടെ അംഗസംഖ്യയുണ്ടോ എന്നതാണ് ഏറ്റവും പ്രധാന വിഷയം. പോലീസുകാർ ഇന്നനുഭവിക്കുന്ന ആത്മസംഘർഷവും ആത്യന്തികമായി പോലീസ് സ്റ്റേഷനിൽ നീതിതേടി എത്തുന്നവരോട് അവർ കാണിക്കുന്ന മോശമായ പെരുമാറ്റത്തിനും ഇതെല്ലാം കാരണമാകുന്നു. അതുകൊണ്ട് പോലീസ് സേനയിൽ അംഗബലം വർധിപ്പിക്കേണ്ടതുണ്ട്. റാങ്ക് ലിസ്റ്റിൽനിന്ന് കൂടുതൽ പേരെ പോലീസിലേയ്ക്ക് നിയമിക്കണം. പോലീസിന്റെ മേലുള്ള രാഷ്ട്രീയമായ നിയന്ത്രണം ഇല്ലാതാക്കണം. കാലിൽ ചങ്ങലയിട്ട് ചാടാൻ പറഞ്ഞാൽ ചാടാനാകുമോ; ഒരിക്കലും കഴിയില്ല. ഇവിടെ ശക്തമായ രാഷ്ട്രീയ നിയന്ത്രണം നൽകിയശേഷം, പോലീസുകാരോട് നീതി ചെയ്യണമെന്ന് പറഞ്ഞാൽ ഒരിക്കലും നീതിപൂർവമായി കാര്യങ്ങൾ ചെയ്യാൻ അവർക്ക് കഴിയില്ല. പ്രതിപക്ഷം രണ്ട് തവണ, മയക്കുമരുന്നുമായി ബന്ധപ്പെട്ട വിഷയം, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി

അവതരിപ്പിച്ചു. രണ്ട് തവണയും ബോധവല്ക്കരണവും ക്ലാസുകളും സുവിശേഷ പ്രസംഗങ്ങളെക്കുറിച്ചുമാണ് സംസാരിച്ചത്. എന്നാൽ കഴിഞ്ഞ ദിവസവും ഈ വിഷയം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ടപ്പോൾ, എന്നും ഈ സുവിശേഷപ്രസംഗവുമായി പോകാനാകില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചിരുന്നു. നിങ്ങളുടെ ഭാഗത്തുനിന്ന് ശക്തമായ നടപടി ആവശ്യമാണ്. ഞങ്ങളല്ല, നിങ്ങളാണ് നടപടി സ്വീകരിക്കേണ്ടത്. ഇത്തരത്തിൽ ശക്തമായ ഒരു ചർച്ച കേരളമാകെ ഏറ്റെടുത്തപ്പോൾ പോലീസ് മാറിയല്ലോ; പോലീസിന് മാറാൻ കഴിഞ്ഞു. മയക്കുമരുന്നിന്റെ അതിശക്തമായ വ്യാപനത്തിന് തടയിടാൻ പോലീസിന് സാധ്യമായിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. പോലീസ് ആ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ, റാഗിങ്ങിന്റെ വിഷയത്തിൽ രാഷ്ട്രീയമായ ഇടപെടൽ ഇല്ലാതാകുമ്പോൾ, ശക്തമായ നടപടികളുമായി പോലീസ് മുന്നോട്ടുപോകുന്നു. അതുകൊണ്ട് പോലീസ് മാറിക്കൊണ്ടിരിക്കുന്നു എന്നുതന്നെ പറയുകയാണ്. ഇടതുപക്ഷത്തിന്റെ എം.എൽ.എ. ആയിരുന്ന ശ്രീ. പി. വി. അൻവർ കഴിഞ്ഞ

കുറച്ച് മാസങ്ങളായി ഉയർത്തിയ വിവാദം നമുക്കെല്ലാവർക്കുമറിയാം. അദ്ദേഹം അന്ന് പറഞ്ഞ കാര്യം ഇപ്പോൾ എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. കാലിക്കറ്റ് എയർപോർട്ടിൽ സ്വർണ്ണം കടത്തിവരുന്നുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽപ്പോയി ദേശീയ മാധ്യമങ്ങളോട് ശരിവയ്ക്കുന്ന വിധത്തിൽ..., അതെല്ലാം രാഷ്ട്രവിരുദ്ധ പ്രവർത്തനത്തിനാണ് ഈ പണമെല്ലാം ഉപയോഗിക്കുന്നതെന്നരീതിയിൽ വളരെ മോശമായ പരാമർശം അദ്ദേഹം നടത്തിയത് നമുക്കെല്ലാവർക്കുമറിയാം. അതിന്റെ പേരിൽ ശക്തമായ ദുരുദ്ദേശം ഉണ്ടായിരുന്നെന്നും നമുക്കറിയാം. പക്ഷെ അന്ന് ശ്രീ. പി. വി. അൻവർ ഉന്നയിച്ച വിഷയം തീർച്ചയായും കേരളം ഇന്ന് ചർച്ച ചെയ്യേണ്ടതുണ്ട്. ചർച്ചയ്ക്കുശേഷം ആ രീതിയിലുള്ള സ്വർണ്ണ കള്ളക്കടത്ത് പിന്നീട് പിടിച്ചില്ലല്ലോ; എന്തുകൊണ്ട് പിടിക്കുന്നില്ല? കസ്റ്റംസും പോലീസും തമ്മിലുള്ള nexus-ആയിരുന്നു അതിനുകാരണമെന്ന് സമീപകാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ നാലുമാസമായി അങ്ങനെ കാണുന്നില്ല. അതുപോലെതന്നെ പോലീസിൽ വർഗ്ഗീയതയുടെ സ്വാധീനമുണ്ട്. ആർ.എസ്.എസ്.-മായി പോലീസ് സന്ധിചെയ്യുന്നു. ആർ.എസ്.എസ്. മേധാവികളുമായി എ.ഡി.ജി.പി.

സംസാരിക്കുന്നു. ഇക്കാര്യങ്ങൾ അന്ന് ശ്രീ. പി. വി. അൻവർ പറഞ്ഞപ്പോൾ ഡോ. കെ. ടി. ജലീൽ അതിനെ ശരിവയ്ക്കുകയും അടുത്തമാസം ഞാനും കുറച്ചുകാര്യങ്ങൾ തുറന്നുപറയാൻ പോകുകയാണെന്ന് പറഞ്ഞു. ജനങ്ങൾ ആകാംക്ഷയോടുകൂടി കേൾക്കാൻ കാത്തുനിന്നു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണുരുട്ടിയതുകൊണ്ടായിരിക്കണം ഡോ. കെ. ടി. ജലീൽ വാലും ചുരുട്ടി ഓടുന്ന ചിത്രമാണ് 2-ാം തീയതി കണ്ടത്. ആകാംക്ഷപൂർവം നോക്കിനിന്ന ജനങ്ങളോട് ഞാൻ തമാശയ്ക്കാണ് പറഞ്ഞതെന്നും എനിക്കും മാധ്യമങ്ങളോട് തമാശയാകാമല്ലോയെന്നുമുള്ള രീതിയിലാണ് പ്രസംഗിച്ചത്. ഞാൻ ആ വിഷയത്തിലേയ്ക്കല്ല പോകുന്നത്. ഡോ. കെ. ടി. ജലീൽ ഓഫർ കൊടുത്തതാണോ എന്നാണ് ശ്രീ. എൻ. ഷംസുദ്ദീന്റെ അഭിപ്രായം, ഏതെങ്കിലുമാകട്ടെ; ഓഫർ ആണോ അല്ലയോയെന്നും അതല്ല കണ്ണുരുട്ടിയിട്ടാണോ പേടിച്ചുപോയതെന്നുമുള്ളകാര്യങ്ങൾ അദ്ദേഹം തന്നെ പറയട്ടെ. മലപ്പുറം എസ്.പി.-യുടെ ഔദ്യോഗിക വസതിയിൽനിന്നും മരം മുറിച്ച് കടത്തിയെന്നത് അന്ന് അൻവർ ഉയർത്തിയ വിഷയമാണ്. മാമി എന്ന ആളുടെ തിരോധാനത്തിൽ ഇപ്പോഴും അന്വേഷണം തുടരുന്നു, പണ്ട് രാജൻ

കേസിനെക്കുറിച്ചും നമ്മൾ കേട്ടിട്ടുണ്ട്. അതിന് സമാനമായിട്ടുള്ള മാമിയുടെ തിരോധാനം ഇപ്പോഴും ചർച്ച ചെയ്യുകയല്ലേ; ഇതിലൊന്നും പരിഹാരം കാണാൻ പോലീസിന് കഴിഞ്ഞിട്ടില്ല. ആഭ്യന്തര വകുപ്പിനുകീഴിലുള്ള മലപ്പുറം, എം.എസ്.പി. സ്കൂളിലെ അധ്യാപക നിയമനങ്ങളിൽപോലും അഴിമതി നടക്കുന്നു. ഞാൻ വളരെ ഗൗരവമായി പറയുകയാണ് പോലീസ് നിയന്ത്രിക്കുന്ന എം.എസ്.പി.-യിൽ കുട്ടികളുടെ പ്രവേശനത്തിനുപോലും ഡൊണേഷൻ വാങ്ങുന്ന അഴിമതി കേന്ദ്രമായി മാറിയിട്ടുണ്ട്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേനയാണ് കേരള പോലീസെന്ന് പൊതുവെ അംഗീകരിക്കപ്പെട്ട കാര്യമാണ്. 65 വർഷംകൊണ്ട് സ്വയം പര്യാപ്തതയിൽ ഏറെ മുന്നേറാൻ കേരള പോലീസിന് കഴിഞ്ഞു. കുറ്റാന്വേഷണ മികവുകൊണ്ടും സാങ്കേതിക വൈദഗ്ധ്യം കൊണ്ടും ഈ രണ്ട് മേഖലകളിലും സ്വയംപര്യാപ്തത കൈവരിക്കാൻ കേരള പോലീസിന് കഴിഞ്ഞുവെന്നുള്ളതാണ് വാസ്തവം. കേരളത്തിലെ മതനിരപേക്ഷ സമൂഹത്തിന്

സംരക്ഷണം ഉറപ്പാക്കാൻ ഈ സർക്കാർ പോലീസിനെ ഫലപ്രദമായി ഉപയോഗിച്ചു. വർഗ്ഗീയ സംഘർഷങ്ങൾ ഒന്നുംതന്നെ കഴിഞ്ഞ എട്ടരവർഷത്തിനിടെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ലെന്നത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. ആർക്കും ഏതുസമയത്തും ആശ്രയിക്കാവുന്ന, പ്രശ്നപരിഹാരത്തിനായി നിർഭയം കടന്നുചെല്ലാവുന്ന ഇടങ്ങളായി പോലീസ് സ്റ്റേഷനുകൾ മാറി. സംസ്ഥാനത്തെ ബഹുഭൂരിപക്ഷം പോലീസ് സ്റ്റേഷനുകളും വനിത-വയോജന-ശിശുസൗഹൃദ സ്റ്റേഷനുകളായി മാറി. സാമ്രാജ്യത്വ ഭരണകാലത്തെ മനോഭാവത്തിൽനിന്നും വലിയ മാറ്റങ്ങളുണ്ടായി. ഒരു ജനകീയ സേനയെന്ന നിലയിലേക്കുള്ള കേരള പോലീസിന്റെ പരിവർത്തനമാണ് നമുക്ക് കാണാൻ കഴിയുന്നത്. കുറ്റാന്വേഷണ മികവിൽ കേരള പോലീസിന് പകരം വയ്ക്കാൻ രാജ്യത്ത് മറ്റൊരു സേനയുമില്ല. ഒരിക്കലും തെളിയില്ലെന്ന് കരുതിയ നിരവധി കേസുകൾ കേരള പോലീസ് തെളിയിച്ചു. സംസ്ഥാനത്തിനകത്ത് മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിൽ പോയിവരെ പ്രതികളെ പിടികൂടുകയാണ്. കുറ്റാന്വേഷണത്തിൽ ആധുനിക സാങ്കേതികവിദ്യ ഏറ്റവും നന്നായി പ്രയോജനപ്പെടുത്തുന്ന സേന കേരള പോലീസിന്റേതാണ്. ഇന്റർനെറ്റും സൈബർ

കണക്ടിവിറ്റിയും ഇല്ലാത്ത ഒരു പോലീസ് സ്റ്റേഷനും കേരളത്തിലില്ല. ഭീകരാക്രമണത്തിന് ഉപയോഗിക്കുന്ന ഡ്രോണുകളെ നിശ്ചലമാക്കാനുള്ള തനത് സാങ്കേതിക വിദ്യപോലും കേരള പോലീസിന് സ്വന്തമാണ്. സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ രംഗത്ത് കേരള പോലീസ് ആർജ്ജിച്ച മികവ് അഭിനന്ദനാർഹമാണ്. ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് കേരള പോലീസ് ശ്രദ്ധേയമായ നടപടികളാണ് സ്വീകരിക്കുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ ചില പ്രത്യേകതകൾ കാണേണ്ടതുണ്ട്. രണ്ട് പതിറ്റാണ്ടായി മനുഷ്യസ്വഭാവത്തിൽ അക്ഷമയും എടുത്തുചാട്ടവും വർധിച്ചിട്ടുണ്ട്. അതുപോലെ സോഷ്യൽ ഡിസ്കണക്ഷൻ വലിയതോതിൽ സംഭവിക്കുകയാണ്. അതിനുള്ള പ്രധാന കാരണം 'ഡിജിറ്റൽ വിപ്ലവം' തന്നെയാണ്. മുമ്പ് ചെറുപ്പക്കാർക്ക് സന്തോഷം ലഭിക്കാനുള്ള പ്രധാനമാർഗം സൗഹൃദങ്ങളായിരുന്നു. സുഹൃത്തുക്കളുമായി നേരിട്ട് കാണാൻ, ഇടപഴകാൻ, യാത്രചെയ്യാനൊക്കെ കഴിഞ്ഞിരുന്നു. ഇന്ന് അവർ തേടുന്നതും നേടുന്നതും ഡിജിറ്റൽ ഉപകരണങ്ങളിലൂടെയാണ്. ഡിജിറ്റൽ ലോകത്ത് എത്രയോ മണിക്കൂറുകൾ സന്തോഷത്തോടുകൂടി ചെലവഴിക്കാനാകുന്നതുമൂലം ഒരു വ്യക്തി

സമൂഹത്തിൽനിന്നും അകലുകയാണ്. ഒപ്പം സഹജീവികളുടെ വൈകാരിക അവസ്ഥകൾ മനസ്സിലാക്കാനും അതിനനുസരിച്ച് പ്രതികരിക്കാനും കഴിയാത്ത മാനസികാവസ്ഥയിലേക്ക് എത്തിപ്പെടുകയും ചെയ്യുന്നു. ഡിജിറ്റൽ ഉപകരണങ്ങൾ അമിതമായി ഉപയോഗിക്കുന്നതുമൂലം രൂപപ്പെടുന്ന എടുത്തുചാട്ടസ്വഭാവം അപകടകരമാണ്. ആഗ്രഹങ്ങൾ തോന്നുന്നതിനും അത് സഫലമാക്കുന്നതിനും തമ്മിലുള്ള ഇടവേള ഇല്ലാതാകുകയാണ്. ഭക്ഷണം ഓർഡർ ചെയ്താൽ, സിനിമ കാണണമെന്ന് ആഗ്രഹിച്ചാൽ, പ്രണയം തോന്നിയാൽ എല്ലാം വേഗത്തിൽ നിറവേറ്റണമെന്ന ചിന്തയാണ് ഇപ്പോൾ ഉയർന്നുവരുന്നത്. പണ്ട് മനസ്സിൽ ഇത്തരം ആഗ്രഹങ്ങൾ തോന്നിയാൽ നിറവേറ്റുന്നതിന് സമയദൈർഘ്യമുണ്ടായിരുന്നു. ഈ ദൈർഘ്യത്തിനിടയിൽ ആഗ്രഹം സാധ്യമാകാം, ആകാതെയും ഇരിക്കാം. എന്തുതന്നെയായാലും പൊരുത്തപ്പെടാൻ മനസ്സിന് കഴിഞ്ഞിരുന്നു. ആഗ്രഹം നിറവേറ്റിയില്ലെങ്കിലും മറ്റേതെങ്കിലും കാര്യങ്ങൾ ചെയ്ത് സന്തോഷം കണ്ടെത്താൻ മനസ്സ് പാകപ്പെട്ടിരുന്നു. ഇപ്പോൾ എല്ലാം ഇൻസ്റ്റന്റ് ആയപ്പോൾ എന്ത് ആഗ്രഹം ഉണ്ടെങ്കിലും രണ്ട് ക്ലിക് നൽകിയാൽ നടപ്പാകണമെന്ന് ആഗ്രഹിക്കുന്നു. നടക്കുകയോ

നടക്കാതിരിക്കുകയോ ചെയ്താൽ..., ചെയ്യാനാകുമോയെന്ന ന്യായമായ സാധ്യതപോലും പൊരുത്തപ്പെടാൻ തലച്ചോറിന് സമയം ലഭിക്കുന്നില്ല. ആഗ്രഹങ്ങൾ നിഷേധിക്കുമ്പോൾ എടുത്തുചാടിയുള്ള പ്രതികരണങ്ങൾ ഉണ്ടാകുന്നു. മറ്റുള്ളവരെ ഉപദ്രവിക്കാനോ കൊല്ലാനോ അവനെത്തന്നെ ഇല്ലാതാക്കാനോ ഒരുമ്പെടുന്ന സ്ഥിതിയിലേക്ക് എത്തുകയാണ്. ഇതാണ് ഞെട്ടിപ്പിക്കുന്ന കൊലപാതകങ്ങൾക്കും സമാന സംഭവങ്ങൾക്കും ഹേതുവാകുന്ന പശ്ചാത്തലങ്ങളിൽ ഒന്നാമത്തേത്. ഇതോടൊപ്പം ലഹരിയുടെ ഉപയോഗം കൂടിയാകുമ്പോൾ ആത്മനിയന്ത്രണത്തിന്റെ മസ്തിഷ്ക കേന്ദ്രങ്ങൾ തകരാറിലാകുകയാണ്. വീടുകളിലെ അന്തരീക്ഷത്തിൽ വന്ന മാറ്റങ്ങളും ഗൗരവത്തോടുകൂടി കാണണം. കുട്ടികൾ കൗമാരത്തിലേക്കെത്തുമ്പോൾ മാതാപിതാക്കൾ അവരിൽനിന്നും മാനസികമായി അകലുകയാണ്. വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ നിർവഹിക്കുന്നതോടൊപ്പംതന്നെ വൈകാരിക ആവശ്യങ്ങൾകൂടി നിറവേറ്റേണ്ടത് തങ്ങളുടെ ഉത്തരവാദിത്വമാണെന്നത് പല രക്ഷിതാക്കളും മനസ്സിലാക്കുന്നില്ല. അങ്ങനെ വരുമ്പോൾ കുട്ടികൾ ഡിജിറ്റൽ ലോകത്ത് ബന്ധങ്ങളോ സൗഹൃദങ്ങളോ

കണ്ടെത്തി അതിലേക്ക് പോകും. അത് ലഹരിയുടെ വഴിയാകാം, അല്ലെങ്കിൽ അനാരോഗ്യകരമായ മറ്റ് വഴികളാകാം. ‘ No’ എന്ന ഉത്തരം സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് നമ്മുടെ യുവത്വം എത്തിയിരിക്കുന്നു. പ്രതിവിധി മൂന്ന് വിധത്തിലാകണം. വീടുകളിൽനിന്നും ആരംഭിക്കാവുന്നതാണ് ഒന്നാമത്തെ കാര്യം, വീടുകളിൽ ഒരു മണിക്കൂറെങ്കിലും മക്കളോടൊപ്പം ചെലവഴിക്കാനും അവരെ കേൾക്കാനും മാതാപിതാക്കൾ തയാറാകണം. ഉപദേശിക്കാനുള്ള സമയം ആകരുത് അത്. കുട്ടികൾക്ക് പറയാനുള്ള ആശങ്കകൾ ശ്രദ്ധാപൂർവം കേൾക്കാൻ കഴിയണം. തങ്ങളെ കേൾക്കുന്നില്ലെന്ന പരാതി ചെറുപ്പക്കാർക്കുണ്ട്. ക്ഷമയോടെ കേട്ട് വേണ്ട നിർദേശങ്ങൾ നൽകുകയാണ് വേണ്ടത്. ലഹരിവസ്തുക്കൾ, ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവമൂലം ഉണ്ടാകുന്ന പെരുമാറ്റപ്രശ്നങ്ങളെക്കുറിച്ച് സ്കൂൾതലത്തിൽതന്നെ കുട്ടികൾക്ക് അവബോധമുണ്ടാകണം. അമിത ഉപയോഗം തലച്ചോറിന്റെ പ്രവർത്തനത്തെ ബാധിക്കുകയും പെരുമാറ്റ വൈകല്യങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്ന് ബോധ്യപ്പെടുത്തണം. വിദ്യാലയങ്ങളിൽ 'Life skills Education' ആവശ്യമാണ്. ജീവിതത്തിലെ പുതുമയുള്ള സന്ദർഭങ്ങളും പ്രയാസമുള്ള സന്ദർഭങ്ങളും തരണം

ചെയ്യാൻ വ്യക്തി ആർജിക്കേണ്ട കഴിവുകളാണത്. അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. അതിനൊരു ഗ്രേഡിങ് നൽകുന്നതും നല്ലതാണ്. പൊതുവെ മൂന്ന് കാര്യങ്ങളിൽ സാക്ഷരത വേണം. മാനസികാരോഗ്യ സാക്ഷരത, നിയമ സാക്ഷരത, സൈബർ സാക്ഷരത കൂടാതെ അതിനാവശ്യമായിട്ടുള്ള ബോധവൽക്കരണവും അനിവാര്യമാണ്. കേരള പോലീസിന്റെ നേതൃത്വത്തിൽ സാമൂഹ്യ പ്രസക്തിയുള്ള പദ്ധതികളെ ഒരു കുടക്കീഴിൽ ഇരുത്തികൊണ്ട് "Social Policing Division" (SPD) രൂപീകരിച്ചത് അഭിനന്ദനാർഹമാണ്. പോലീസ് സ്റ്റേഷനുകളിൽ 'THUNA' എന്ന് പറയുന്ന പുതിയ സംവിധാനമെത്തി. പരാതികൾ പരിഹരിക്കാൻ വേണ്ടിയുള്ള സംവിധാനമാണ്. ജനമൈത്രി പോലീസ്, എസ്.പി.സി. (Student Police Cadet Project) തുടങ്ങിയ മാതൃകാപരമായ പദ്ധതികൾ രാജ്യത്തിന് മാതൃകയാണ്. ജനമൈത്രിയുടെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതിയാണ് 'സുരക്ഷിത ചാത്തന്നൂർ'. ഈ പദ്ധതി 09-03-2017-ലെ C7A37601/2017PHQ സർക്കുലർ പ്രകാരം ഡി.ജി.പി.-യുടെ നിർദേശപ്രകാരം ആരംഭിച്ച പദ്ധതിയാണ്. 'സുരക്ഷിത ചാത്തന്നൂർ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജനമൈത്രി

പോലീസിന്റെ മറ്റൊരു രൂപമാണ്. നൂറ് കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. അവിടെ ജനകീയ പട്രോളിങ് സംവിധാനമാണ് ഉദ്ദേശിക്കുന്നത്. 140 വാർഡുകളിൽനിന്നും മൂന്ന് വാർഡുകളെ ഓരോ ബീറ്റുകളാക്കി തിരിച്ചുകൊണ്ട് ഒരു വാർഡിൽനിന്ന് പോലീസ് സെലക്ട് ചെയ്യുന്ന പത്ത് സന്നദ്ധ പ്രവർത്തകർക്ക് ട്രെയിനിങ് നൽകി എല്ലാ ദിവസവും രണ്ട് വോളന്റിയേഴ്സിനെ പട്രോളിങ്ങിന് നിയോഗിക്കുന്ന സംവിധാനമാണ്. കൊല്ലം സിറ്റി പൊലീസ് കമ്മീഷണർക്കാണ് അതിന്റെ ചുമതല നൽകിയിരിക്കുന്നത്. അതിന്റെ നടപടികൾ വേഗത്തിൽ നടന്നുവന്നപ്പോഴാണ് കോവിഡ് വന്നത്. വളരെ സന്തോഷത്തോടുകൂടി പറയട്ടെ, അന്ന് കൊല്ലം റൂറൽ എസ്.പി. ആയിരുന്ന ശ്രീ. ഹരിശങ്കർ ഐ.പി.എസ്., അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു പോലീസ് സ്റ്റേഷൻ എന്റെ നിയോജക മണ്ഡലത്തിന്റെ പരിധിയിലായിരുന്നു. അദ്ദേഹം ആ സർക്കുലർ കണ്ടശേഷം അദ്ദേഹത്തിന്റെ പരിധിയിലുള്ള പോലീസ് സ്റ്റേഷനിൽ നടപ്പാക്കുവാൻവേണ്ടി 'ഫ്രണ്ട് ഓഫ് പോലീസ്' എന്ന് പറയുന്ന പദ്ധതിക്ക് രൂപം നൽകുകയും യൂണിഫോം ഉൾപ്പെടെ ട്രെയിനിങ് നൽകി ഹാന്റ്ബുക്ക് തയാറാക്കുകയും ചെയ്തു. ആ പദ്ധതിക്കുവേണ്ടി വോളന്റിയേഴ്സിനെ സെലക്ട് ചെയ്ത് നടപ്പാക്കുന്ന

ഘട്ടത്തിലെത്തിയപ്പോഴാണ് കോവിഡ് വന്നത്. ഡി.ജി.പി.-യുടെ സർക്കുലർ പ്രകാരം സംസ്ഥാനത്ത് മാതൃകാപരമായി നടപ്പാക്കുവാൻ കഴിയുന്ന പദ്ധതിയായാണ് അദ്ദേഹം വിശേഷിപ്പിച്ചത്. 'ഫ്രണ്ട് ഓഫ് പോലീസ്' പദ്ധതി ഏതാണ്ട് ഒരു മണ്ഡലത്തിലെ ഒരു വാർഡിൽനിന്നും പത്തുപേരെ വീതം...., 1400-ലധികം ആളുകളെ പോലീസിന് നിരീക്ഷിക്കാൻവേണ്ടിയാണ്. ആക്ഷനല്ല, observation മാത്രമാണ് ആ വോളന്റീയേഴ്സ് ചെയ്യുന്നത്. എല്ലാദിവസവും രാത്രികാല പട്രോളിങ്ങുണ്ട്, പോലീസ് ട്രെയിനിങ്ങും യൂണിഫോമും നൽകുന്നു. ആ ട്രെയിനിങ് പ്രോഗ്രാമിലൂടെ വാർത്തെടുക്കുന്ന നിർദേശങ്ങൾക്ക് അനുസരിച്ചുള്ള പട്രോളിങ് സംവിധാനമായിരിക്കും നടപ്പാക്കുന്നത്. ആ പദ്ധതി നടപ്പാക്കുന്നതിന് ഞാൻ വീണ്ടും അപേക്ഷ നൽകിയെങ്കിലും ലോക്ഡൗൺ പ്രഖ്യാപിച്ചതുകൊണ്ട് നടപ്പാക്കാൻ കഴിഞ്ഞില്ല. ജനമൈത്രി പോലീസിന്റെ ഭാഗമായി പ്രസ്തുത പദ്ധതി നടപ്പാക്കാൻവേണ്ടി ഡി.ജി.പി.-ക്ക് വീണ്ടും കത്തുനൽകിയിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ ഭാഗമായുള്ള പദ്ധതിയുടെ രണ്ടാം ഘട്ടമായി എക്സൈസ് വകുപ്പിനെയും മോട്ടോർ വാഹന വകുപ്പിനെയും ഈ സംവിധാനത്തെയും ഉപയോഗപ്പെടുത്തിക്കൊണ്ട് അപകടരഹിതമായ

പ്രദേശമാക്കുന്നതിനും, ലഹരിക്കെതിരെയുള്ള നിരീക്ഷണം നടത്തുന്നതിനും പുതിയ സംവിധാനത്തെ രൂപപ്പെടുത്താനും കഴിയും. അത്തരത്തിൽ 'ഫ്രണ്ട്സ് ഓഫ് പോലീസ്' പദ്ധതി നടപ്പാക്കുന്നതിനായി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനിലും ക്യൂ.ആർ. കോഡ് സംവിധാനത്തിലൂടെ ജനങ്ങൾക്ക് പോലീസ് സേവനങ്ങളെക്കുറിച്ചുള്ള പരാതികൾ അറിയിക്കുന്നതിനായി  ഏർപ്പെടുത്തിയതാണ് 'തുണ' പദ്ധതി. പോലീസ് സ്റ്റേഷനിലെ സേവനങ്ങളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് പാരാതി സമർപ്പിക്കാൻ സാധിക്കും. നിലവിൽ പോലീസ് സ്റ്റേഷൻ അടിസ്ഥാനമാക്കി  ആരംഭിച്ചിട്ടുള്ളതെങ്കിലും, അടുത്ത ഘട്ടത്തിൽ ഓരോ പോലീസ് ഉദ്യോഗസ്ഥന്റെയും സേവനങ്ങളെ സംബന്ധിച്ച് ജനാധിപത്യ സംവിധാനത്തിലൂടെ അവരെ വിലയിരുത്താനും, മാർക്ക് ഇടാനുമുള്ള അവകാശം ജനങ്ങൾക്ക് ലഭിക്കുന്ന നിലയിലേയ്ക്ക് മാറ്റി കൊണ്ടുവരണം. 'സർ, എന്റെ സേവനം നന്നായിരുന്നോ'? നന്നായിരുന്നുവെങ്കിൽ അഭിപ്രായം രേഖപ്പെടുത്തണമെന്നുമുള്ള സമീപനം ചില പ്രൊഫഷണൽ ബാങ്കുകളിലെ ജീവനക്കാർ പ്രയോഗിക്കുന്ന രീതിയാണ്. ഇത്തരത്തിലുള്ള ഹൈജീനിക്

സർവീസ് കൾച്ചറിലേയ്ക്ക് നമ്മുടെ പോലീസ് സംവിധാനത്തെ കൊണ്ടുപോകുന്നതിന്റെ ആദ്യ പടിയാണ് ഈ ക്യൂ.ആർ. കോഡ് സംവിധാനം. ഇതിലൂടെ പോലീസ് സേവനങ്ങളെ വിലയിരുത്താനും, പൊതുജനങ്ങൾക്ക് അതിനെക്കുറിച്ച് അറിയിക്കാനും സാധിക്കുന്നു. അത്തരത്തിലുള്ള മികവാർന്ന പ്രവർത്തനങ്ങളിലൂടെയും ലോകത്തിനുതന്നെ മാതൃകയായ നിരവധി പ്രവർത്തനങ്ങളിലൂടെയും അന്വേഷണ മികവിന്റെ പ്രതീകമായി പോലീസ് മാറുകയാണ്. തൃശ്ശൂർ ടൗൺ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1612/24 എന്ന കേസിന്റെ ഹിസ്റ്ററി പരിശോധിച്ചാൽ, കുന്നമംഗലം, ഓച്ചിറ, പാറശ്ശാല, വളപട്ടണം, മണ്ണഞ്ചേരി എന്നീ പോലീസ് സ്റ്റേഷനുകളിലെ ഈ ക്രൈമുകളെല്ലാം എങ്ങനെയാണ് കൈകാര്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മികവിന്റെ പര്യായമായി, രാജ്യത്തെ മറ്റ് സംസ്ഥാനത്തെ പോലീസിന് മാതൃകയായ പ്രവർത്തനം നടത്തുന്നവരായി ഈ പോലീസ് സേനയെ നമുക്ക് കാണാൻ സാധിക്കും. അത്തരത്തിൽ മാതൃകപരമായി പ്രവർത്തിക്കുന്നതിന് നേതൃത്വം നൽകുന്ന ഈ അഭ്യന്തര വകുപ്പിനെ അഭിനന്ദിക്കുന്നു. ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ഡോ. കെ. ടി. ജലീൽ: സർ, "വോ സമാന ഖതം ഹോഗയ, അബി ഇദർ അണ്ടർവേൾഡ് നഹി ഹേ, വോ അണ്ടർവേൾഡ് കേരള മേം ഹേ". 'ഗജകേസരിയോഗം' എന്ന സിനിമയിൽ ആനയെ അനുസരിപ്പിക്കാൻ ഇന്നസെന്റിനെയും കെ.പി.എസ്.സി. ലളിതയെയും നമ്മുടെ സഭയിലെ അംഗം കൂടിയായ ശ്രീ. എം. മുകേഷ് ഹിന്ദി പഠിപ്പിക്കുന്നുണ്ട്. അദ്ദേഹം പഠിപ്പിച്ചുകൊടുത്ത ഹിന്ദിയിലെ വാചകങ്ങളല്ല ഞാനിവിടെ പറഞ്ഞത്. എതാനും ദിവസങ്ങൾക്ക് മുമ്പ് ഈ സഭയിൽ മുഴങ്ങിയ ഒരു ശബ്ദമായിരുന്നു അത്. ആരായിരുന്നു അത് ഉയർത്തിയത്? ബഹുമാനപ്പെട്ട പ്രതിപക്ഷ നിരയിലെ എനിക്ക് ഏറെ സ്നേഹവും ബഹുമാനവുമുള്ള വ്യക്തിയായ ശ്രീ. എൻ. എ. നെല്ലിക്കുന്നാണ്. അദ്ദേഹം ബോംബെയിൽ ചെന്ന് ആളുകളോട് ചോദിച്ചു, ഇവിടെ ഇപ്പോൾ അധോലോകം ഒന്നുമില്ലേ? അപ്പോൾ അവർ നൽകിയ മറുപടിയാണ് അദ്ദേഹമിവിടെ പറഞ്ഞത്. "വോ സമാന ഖതം ഹോഗയ, അബി ഇദർ അണ്ടർവേൾഡ് നഹി ഹേ, വോ അണ്ടർവേൾഡ് കേരള മേം ഹേ". 'ഇവിടെ ഇപ്പോൾ അണ്ടർവേൾഡ് ഒന്നുമില്ല, അധോലോകക്കാരെല്ലാം

ഇപ്പോൾ കേരളത്തിലേയ്ക്ക് പോലിട്ടുണ്ട്.' സത്യത്തിൽ, ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ പ്രസ്താവന കേട്ടപ്പോൾ, അദ്ദേഹം കളവ് പറയുന്ന ഒരാളല്ല, എന്തെങ്കിലും വസ്തുതയില്ലാതിരിക്കില്ല എന്ന് കരുതി. അന്ന് വൈകുന്നേരം അടുത്ത ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഞാൻ കാസർഗോഡ് പോയി. അവിടെയെത്തി പത്രം നോക്കുമ്പോഴാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതിന്റെ സത്യാവസ്ഥ എനിക്ക് ബോധ്യമായത്. നിധി ശേഖരം അന്വേഷിച്ച് കിണറ്റിലിറങ്ങി കുഴിച്ചതിന്റെ പേരിൽ മൊഗ്രാൽപുത്തൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റും മുസ്ലീംലീഗ് നേതാവുമായ ശ്രീ. മുജീബ് കമ്പാറിനെയും സംഘത്തെയും പോലീസ് അറസ്റ്റ് ചെയ്തു എന്ന വാർത്തയാണ് എനിക്ക് വായിക്കാൻ സാധിച്ചത്. അപ്പോൾ ആരോക്കെയോ ഇങ്ങോട്ട് വന്നിട്ടുണ്ടെന്ന് ശ്രീ. എൻ. എ. നെല്ലിക്കുന്നിന് സത്യത്തിൽ വിവരം കിട്ടിയിരുന്നു. പക്ഷേ വന്നവർ ആരായിരുന്നുവെന്ന് കാസർഗോഡ് ചെന്ന് പത്രം നോക്കിയപ്പോഴാണ് എനിക്ക് മനസ്സിലായത്. ശ്രീ. മുജീബ് കമ്പാർ, പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള കിണറ്റിലാണ് ഇറങ്ങിയത്. കിണറ്റിലിറങ്ങി അണ്ടർ വേൾഡിനെ പിടിക്കുകയെന്ന കാര്യം ഒരു പക്ഷേ ലോകചരിത്രത്തിൽ

ഇവിടെ മാത്രം നടന്നിട്ടുള്ള സംഭവമാണ്. ഇതാണ് ഈ സർക്കാരിന് എതിരെയുള്ള ജൽപനങ്ങളുടെ നിജസ്ഥിതിയെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. സംസ്ഥാനത്തെ പോലീസിനെ സംബന്ധിച്ച് പറയുമ്പോൾ നമ്മുടെ രാജ്യത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. എന്താണ് യു.പി.-യിലെ അവസ്ഥ? ഒരു കൊല്ലം ആയിരം ആളുകൾ എന്ന നിലയിൽ, കഴിഞ്ഞ 10 കൊല്ലമായി പതിനായിരത്തിലധികം ആളുകളെയാണ് എൻകൗണ്ടറിൽ അവിടെ കൊന്നത്. സമാജ്‌വാദി പാർട്ടി (എസ്.പി.) -യുടെ 5 മുസ്ലീം എം.എൽ.എ.-മാർ ജയിലിലാണ്. ഒരു എം.എൽ.എ. ജയിലിൽ വച്ചാണ് മരിച്ചത്. മുൻ എം.പി.-യും നാല് തവണ എം.എൽ.എ.-യുമായ ശ്രീ. ആതിഖ് അഹമ്മദിനെ പട്ടാപ്പകൽ എല്ലാ ക്യാമറ കണ്ണുകളും നോക്കിനിൽക്കെയാണ് അതിക്രൂരമായി വെടിവച്ചുകൊന്നത്. അദ്ദേഹത്തിന്റെ മകനെ വെടിവച്ചു കൊന്നു, മൂത്ത ആൺ മക്കളെ ജയിലിൽ അടച്ചു, രണ്ട് ചെറിയ മക്കളെ ജുവനൈൽ ഹോമിലേക്ക് അയച്ചു. അദ്ദേഹത്തിന്റെ ഭാര്യയെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചു. അവർക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. ഇന്നും അവരെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. ഡൽഹിയിലെ സമരത്തിൽ പങ്കെടുക്കാൻ പോയ സമയത്ത്

യു.പി.-യിൽ നിന്നൊരാൾ എന്നോട് പറഞ്ഞത്, ശ്രീ. അതിഖ് അഹമ്മദിന്റെ ഭാര്യയെ ഇതിനകം തന്നെ കഥ കഴിച്ചിട്ടുണ്ടാകുമെന്നാണ്. മഹാരാഷ്ട്രയിലെ ബജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സമാജ്‌വാദി പാർട്ടിയിലെ എം.എൽ.എ. ശ്രീ. അബു അസിം ആസ്മി, ഔറംഗസേബിന്റെ ഭരണകാലത്ത് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഒരു പ്രസ്താവന നടത്തി. അതിന്റെ പേരിൽ ഒരു സെഷനിൽനിന്ന് അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. "അബു അസിം ആസ്മിനെ നിങ്ങൾ ഇങ്ങോട്ട് വിടുക, ഞാൻ കാണിച്ചു തരാം എന്നാണ് ശ്രീ. യോഗി ആദിത്യനാഥ് പറഞ്ഞത്. ഈ രാജ്യത്തെ സ്ഥിതിയെന്താണ്; ഈ രാജ്യത്തുള്ള പോലീസിന്റെ സ്ഥിതിയെന്താണ്; ഇതൊക്കെ ചെയ്യുന്ന സംസ്ഥാനത്തിന്, അല്ലെങ്കിൽ നമ്മുടെ രാജ്യത്തുള്ള വിവിധ സംസ്ഥാനങ്ങൾക്ക് ഇതിനെക്കുറിച്ചൊക്കെ എന്താണ് പറയാനുള്ളത്? രാജസ്ഥാനിൽ ഒരാളെ റെയ്ഡ് നടത്തി പിടിക്കാൻ ചെന്ന പോലീസ് ഒരു പിഞ്ച് കുഞ്ഞിനെ ചവിട്ടി കൊന്നു. ആരെങ്കിലും ചോദിച്ചോ; മുഖ്യ പ്രതിപക്ഷ കക്ഷിയായ കോൺഗ്രസ് നേതാക്കൾ ആ വീട് സന്ദർശിച്ചോ; മുസ്ലീംലീഗിന് മൂന്നാല് എം.പി.-മാർ ഉണ്ടായിട്ടും ആരെങ്കിലും ഒരാളെ രാജസ്ഥാനിലേയ്ക്ക്

പറഞ്ഞയച്ചോ? നിങ്ങൾ ലിബറലുകൾ, മത വിരുദ്ധർ എന്നൊക്കെ ആക്ഷേപിക്കുന്ന സി.പി.ഐ.(എം.)-ന്റെ അഖിലേന്ത്യാ പോളിറ്റ് ബ്യൂറോ അംഗം ശ്രീമതി വൃന്ദാ കാരാട്ട് അവിടെ പോയി ആ സഹോദരിയെ സമാശ്വസിപ്പിച്ചു. ആ ഉമ്മയുടെ കണ്ണീരൊപ്പി. ആരായിരുന്നു ഔറംഗസേബ്? രാജ്യത്ത് ഏറ്റവും അധികകാലം ഭരിച്ച ഭരണാധികാരിയും നാൽപ്പത്തി ഒൻപതര കൊല്ലം തുടർച്ചയായി ഇന്ത്യ ഭരിച്ച ചക്രവർത്തിയുമായിരുന്നു അദ്ദേഹം. ആ ചക്രവർത്തിയുടെ കാലത്തുണ്ടായ സാമ്പത്തിക പുരോഗതിയെ സംബന്ധിച്ച് ബജറ്റ് ചർച്ചയിൽ ഒരു പരാമർശം നടത്തിയതിനാണ് രാജ്യദ്രോഹിയെന്ന് ശ്രീ. അബു അസിം ആസ്മിയെ വിളിച്ചത്. നമ്മുടെ രാജ്യത്ത് പതിനായിരക്കണക്കിന് മുസ്ലിം ചെറുപ്പക്കാർ എല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളെന്നോ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളെന്നോ വ്യത്യാസമില്ലാതെ അനന്തമായി വിചാരണ പോലും നേരിടാൻ സാധിക്കാതെ, വിചാരണ തടവുകരായി കഴിയുന്നത്. ഈ ഇന്ത്യ മഹാരാജ്യത്ത് കേരളത്തിൽ അങ്ങനെ ഒരാളെ നിങ്ങൾക്ക് കാണിച്ചുതരാൻ സാധിക്കുമോ? നമ്മുടെ സംസ്ഥാനത്ത് ചില നിസാരകാര്യങ്ങൾ

പർവ്വതീകരിച്ചുകൊണ്ട്, ചില ക്ഷുദ്രശക്തികൾ വർഗീയമായി ധ്രുവീകരണത്തിന് ശ്രമിക്കുന്നത്. ഇവിടെ വർഗീയ കലാപമുണ്ടായിട്ടുണ്ടോ? ഇവിടെ ഏതെങ്കിലും മത വിഭാഗത്തിന്റെ ഉത്സവം നടക്കുമ്പോൾ മറ്റൊരു മതവിഭാഗത്തിന്റെ ആരാധനാലയങ്ങൾ മറച്ച് കെട്ടിയിട്ടുണ്ടോ? എതാനും ദിവസങ്ങൾക്ക് മുമ്പല്ലേ പൊങ്കാല നടന്നത്; ആ പൊങ്കാല മഹോത്സവത്തിൽ പങ്കെടുത്തുകൊണ്ട് എല്ലാ വിഭാഗം ആളുകളും സഹകരിച്ചില്ലേ; പാളയം പള്ളിയുടെ വാതിലുകൾ അതിനായി തുറന്ന് കൊടുത്തില്ലേ? പൊങ്കാലയിൽ പങ്കെടുക്കാൻ വന്നവർക്ക് ചർച്ചിൽ വച്ച് സദ്യയും, പാളയം പള്ളിയിൽ വച്ച് ബിരിയാണിയും കൊടുത്തില്ലേ? അതാണ് കേരളത്തിന്റെ സംസ്കാരം. രാത്രിസമയം പാളയം പരിസരത്ത് പോയി നോക്കിയാൽ പാളയം പള്ളി, മസ്ജിദ്, തൊട്ടടുത്തുള്ള ക്ഷേത്രം എന്നീ മൂന്ന് ആരാധനാലയങ്ങളുടെയും മുകളിൽ അതിമനോഹരമായ രീതിയിൽ ഒരേ ലൈറ്റുകളാണ് പ്രകാശിക്കുന്നതെന്ന് കാണാം. ഒരേ നിറമുള്ള ലൈറ്റുകളാൽ ഈ മൂന്ന് ആരാധനാലയങ്ങളും പ്രകാശിച്ചുനിൽക്കണമെന്ന് തീരുമാനിക്കുന്നതും അതനുസരിച്ചുള്ള നിർദേശങ്ങൾ നൽകുന്നതിന്റെയും പിന്നിൽ പ്രവർത്തിക്കുന്നവർ ആരാണ്? അതാണ് കേരളം, അങ്ങനെയൊരു

സർക്കാരാണ് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനവും ഇതരസംസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണ്; വർഗീയമായുള്ള ഏതെങ്കിലും ചേരിതിരിവ് ഈ നാട്ടിലുണ്ടോ; എൽ.ഡി.എഫ്. ഭരിച്ച ഏതെങ്കിലും ഒരു ഘട്ടത്തിൽ ഈ നാട്ടിൽ വർഗീയകലാപം നടന്നിട്ടുണ്ടോ? മാറാട്, പൂന്തുറ, ചാല എന്നിവിടങ്ങളിലെ കലാപങ്ങളും പാലക്കാട് സിറാജുന്നീസയുടെ വെടിവയ്പ്പും നടന്നത് എന്നാണെന്നും അന്ന് ആരായിരുന്നു മുഖ്യമന്ത്രിയെന്നും നമുക്കറിയാമല്ലോ. ഫണം വിടർത്തുന്ന അതിശക്തമായ വർഗീയശക്തികൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് രംഗപ്രവേശം ചെയ്യുമ്പോൾ എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ഇവരൊക്കെ എവിടെ ഏതുമാളത്തിലാണ് ഒളിച്ചിരിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയത്തിന്റെ നേതൃത്വത്തിലുള്ള സർക്കാരും പോലീസും അവരെ പുറത്തിറങ്ങാൻ സമ്മതിക്കില്ല, ഏത് മതവിഭാഗത്തിൽപ്പെട്ട വർഗീയതയായാലും ഒരു തരത്തിലുള്ള വർഗീയതയോടും സന്ധി ചെയ്യുകയുമില്ല. അതിന്റെ ഏറ്റക്കുറച്ചിലുകൾ ഏതെങ്കിലും തുലാസിൽ തൂക്കിയിട്ട് കാര്യങ്ങൾ തീരുമാനിക്കാമെന്ന് ശ്രീ. പിണറായി വിജയൻ ഒരു ഘട്ടത്തിലും പറഞ്ഞിട്ടില്ല.

ഈ രാജ്യത്ത് ജനങ്ങൾ തമ്മിലുള്ള ഐക്യം തകർക്കുന്ന എല്ലാ ഛിദ്രശക്തികൾക്കുമെതിരായി അദ്ദേഹം നിലപാട് സ്വീകരിച്ചതുകൊണ്ടാണ് യു.ഡി.എഫ്. കാലത്ത് ഫണമുയർത്തി ആടുന്ന പല പാമ്പുകളും എൽ.ഡി.എഫ്. വരുമ്പോൾ മാളത്തിലേക്ക് പോകുന്നത്. അവരൊക്കെ മരിച്ചുപോയവരല്ല, ഈ നാട്ടിൽ എന്നെങ്കിലും യു.ഡി.എഫ്. അധികാരത്തിലെത്തുന്ന ഒരു നാളുണ്ടെങ്കിൽ അവരൊക്കെ വീണ്ടും എഴുന്നേൽക്കുകയും പുറത്തുവരികയും ചെയ്യും. അല്ലാതെ എൽ.ഡി.എഫ്. ഭരിക്കുന്ന ഒരു സമയത്തും അവരാരും പുറത്തുവരില്ല. ബോധപൂർവം ആസൂത്രിതമായി കളമശ്ശേരിയിൽ ഒരു വലിയ കലാപത്തിന് ശ്രമിച്ചു. കളമശ്ശേരിയിലെ ബോംബ് സ്ഫോടനത്തിന്റെ പേരിൽ ഇവിടെ രണ്ടുസമുദായങ്ങൾ തമ്മിൽ വലിയ അകൽച്ച ഉണ്ടാകുമായിരുന്നു. നേരിട്ടുള്ള ഒരു ഏറ്റുമുട്ടലിലേക്കുവരെ കാര്യങ്ങൾ എത്തുമോയെന്ന് നമ്മൾ ഭയപ്പെട്ടു. ആ സമയത്ത് എത്രമാത്രം ദ്രുതഗതിയിലാണ് കേരള പോലീസ് ഉണർന്നുപ്രവർത്തിച്ചത്. കുറ്റവാളികളെ പിടികൂടുകയും സത്യാവസ്ഥ പുറത്തുകൊണ്ടുവരികയും ചെയ്തപ്പോഴല്ലേ കേരളം സമാശ്വാസത്തോടുകൂടി നെടുവീർപ്പിട്ടത്.

ലഹരിക്കെതിരെയുള്ള പോരാട്ടം നമ്മുടെ സംസ്ഥാനത്ത് ശക്തിപ്പെടുകയാണ്. കഴിഞ്ഞ വർഷം പിടിക്കപ്പെട്ട ലഹരി കേസുകളിലെ 98 ശതമാനവും ശിക്ഷിക്കപ്പെടുകയും, ശിക്ഷയിൽനിന്നും ഒഴിവാക്കപ്പെട്ടത് 2 ശതമാനം മാത്രവുമാണ്. ഇന്ത്യാ മഹാരാജ്യത്ത് നാർക്കോട്ടിക്സിനെതിരെയുള്ള യുദ്ധത്തിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുള്ള ലഹരിവേട്ടയും അതിൽ ശിക്ഷിക്കപ്പെട്ട ആളുകളുടെ എണ്ണവും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പിടിക്കപ്പെട്ടിട്ടുള്ള ആളുകളും അവിടെ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണവും നിങ്ങൾ പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 2021 മുതൽ 2024 വരെയുള്ള നാലുവർഷങ്ങൾക്കിടയിൽ 15193 കേസുകളാണ് ഇവിടെ രജിസ്റ്റർ ചെയ്തത്. അതിൽ 98 ശതമാനവും ശിക്ഷിക്കപ്പെട്ടു. ലഹരിവേട്ടയിൽ കേരളം ഒന്നാംസ്ഥാനത്താണ് നിൽക്കുന്നത്. ഈ അവസരം ആരുടെയെങ്കിലും പേരിൽ പരസ്പരം പഴി ചാരാനുള്ളതല്ല. അങ്ങനെ പഴി ചാരുകയാണെങ്കിൽ പരസ്പരം നമുക്ക് അങ്ങോട്ടുമിങ്ങോട്ടും പഴി ചാരാം. പണക്കൊതിയന്മാരായ ആളുകളും പണം സമ്പാദിക്കാൻ ലക്ഷ്യമിട്ടിറങ്ങിയ ആളുകളും ഏതുപാർട്ടിക്കാരായാലും

അവരുടെ കൈയ്യിൽ വിലങ്ങ് വയ്ക്കണം. ഇവിടെ എസ്.എഫ്.ഐ.-യെക്കുറിച്ചും കമ്മ്യൂണിസ്റ്റുകാരെക്കുറിച്ചും പറയുകയുണ്ടായി, ലിബറലുകളും കമ്മ്യൂണിസ്റ്റുകാരുമാണ് ഈ പ്രശ്നങ്ങളുടെ കാരണമെന്നും ചില പ്രചരണങ്ങൾ നടക്കുന്നുണ്ട്. ഈ സഭയിൽ ഏതുപക്ഷത്താണെങ്കിലും ലിബറലുകളാണ് കൂടുതലായുള്ളത്. ലിബറലെന്നുപറയുന്ന ആളുകൾ സ്വന്തം വ്യക്തിജീവിതത്തിൽ പുലർത്തുന്ന സംശുദ്ധിയും ലിബറലുകളല്ലാത്ത ഞാനടക്കമുള്ളവർ പുലർത്തുന്ന സംശുദ്ധിയും താരതമ്യം ചെയ്തുനോക്കൂ. ലഹരിക്കെതിരായി ശക്തമായ പോരാട്ടമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ കാര്യങ്ങൾ നീങ്ങുന്നുവെന്നുള്ളതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനവുമുണ്ട്. ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. സംസ്ഥാനത്ത് ഒരു ഭരണമില്ലാത്ത അവസ്ഥയാണ്, ഇത്രയും നിറം കെട്ടത്തിയ ഒരു ധനകാര്യ വകുപ്പും അതിന്റെ പ്രവർത്തനവും ഞങ്ങൾ ആദ്യമായാണ് കാണുന്നത്. ഐ.എ.എസ്. ഉദ്യോഗസ്ഥർ

മതാധിഷ്ഠിതമായ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളുണ്ടാക്കുകയും, മറ്റൊരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ ചീഫ് സെക്രട്ടറിക്ക് നോട്ടീസ് അയയ്ക്കുകയും പോലീസ് തലപ്പത്തുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥൻ ആർ.എസ്.എസ്. മേധാവിയുമായി കൂടികാഴ്ച നടത്തി ഉപദേശം തേടുകയും, ഐ.പി.എസ് . തലങ്ങളിൽ ചേരിപ്പോര് രൂക്ഷമാകുകയും ഐ.എ.എസ് . ഉദ്യോഗസ്ഥർ കേന്ദ്ര സർവീസിലേക്ക് ചേക്കേറാൻ കാത്തുനിൽക്കുകയും സിവിൽ സർവീസ് ബോർഡിന്റെ ഉത്തരവുകളോ ശിപാർശകളോ അംഗീകരിക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് CAT-ൽ പോയി (Central Administrative Tribunal) മുഖ്യമന്ത്രി നൽകിയ ട്രാൻസ്ഫർ ഓർഡറിന് ഐ.എ.എസ്. ഉദ്യോഗസ്ഥർ സ്റ്റേ വാങ്ങുകയും ചെയ്യുന്നു.

ഇന്നത്തെ പത്രമൊന്ന് വായിക്കണം, 'നടക്കുന്നില്ല ഒന്നും' എന്ന് കേരളത്തിലെ മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയോട് പറഞ്ഞതാണ് . ഞാൻ പറയുന്ന തീരുമാനങ്ങളും തന്റെ യോഗ തീരുമാനങ്ങൾപോലും കേരളത്തിൽ നടപ്പാകുന്നില്ല. 'മോന്തായം വളഞ്ഞാൽ കഴുക്കോലും വളയും', സംസ്ഥാനത്ത് സർക്കാരിന്റെ ജീർണത ഉദ്യോഗസ്ഥരിലേക്കും

പടർന്നുപിടിച്ചിരിക്കുന്നുവെന്നതാണ് ഇതിലൂടെ കാണാൻ സാധിക്കുന്നത് . ലഹരിമാഫിയയും ഗുണ്ടകളും കേരളത്തിന്റെ സാമൂഹിക ജീവിതത്തെ താറുമാറാക്കിയിരിക്കുന്നു. പ്രതികൾക്ക് കണ്ണുമടച്ച് ജാമ്യം നൽകുന്ന ന്യായാധിപന്മാരും ഗുണ്ടകൾക്കും ക്രിമിനലുകൾക്കും സംരക്ഷണം നൽകുന്ന സർക്കാരും ഈ നാടിനെ അരാജകത്വത്തിലേക്ക് എത്തിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടിനെ ചെകുത്താന്റെ നാടായി മാറ്റാൻ ഈ ഭരണകൂടം ശ്രമിക്കുകയാണ് . കൊടും ക്രിമിനലുകൾക്ക് വേഗതയിൽ പരോൾ, ജാമ്യം, പോലീസ് പ്രോസിക്യൂഷൻ തുടങ്ങിയവയ്ക്ക് ഒത്താശ ചെയ്തുകൊടുത്തുകൊണ്ട് നാട്ടിൽ ക്രിമിനലുകൾ വിലസുന്ന ഒരു സുവർണ കാലഘട്ടമാണ് . നെന്മാറയിലെ കൊലപാതകം, ഭാസ്കര കാരണവരുടെ കൊലക്കേസ് പ്രതിയെ ജയിൽമുക്തനാക്കാൻ കാബിനറ്റ് എടുക്കുന്ന തീരുമാനങ്ങളും വാട്ട്സ് ആപ്പ് മെസേജുകളും ഇന്ന് കേരളത്തിന്റെ ക്രമസമാധാനം പരിപൂർണമായി തകർന്നിരിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളാണ് .

ജനമൈത്രി പോലീസ് ആരംഭിച്ചത് കോടിയേരി ബാലകൃഷ്ണന്റെ കാലത്തായിരുന്നു. യു.ഡി.എഫ് .-ന്റെ കാലത്ത് ഈ ജനമൈത്രി പോലീസിനെ

മുന്നോട്ടുകൊണ്ടുപോയെങ്കിലും കഴിഞ്ഞ 10 വർഷക്കാലമായി ജനമൈത്രി പോലീസിനെ ഇല്ലാതാക്കി ജനവിരുദ്ധ പോലീസ് ആക്കിമാറ്റാൻ ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് ശ്രമിച്ചുവെന്നുള്ളതാണ് സത്യം. ഇന്ന് പോലീസിൽ രണ്ടുതരം നയമാണുള്ളത്, സി.പി.ഐ.(എം.)-കാർക്ക് ഒരു നയവും മറ്റുള്ളവർക്ക് വേറൊരു നയവും. വഞ്ചിയൂരിൽ സി.പി.ഐ.(എം.) സമ്മേളനത്തിനായി റോഡ് അടച്ച് സ്റ്റേജ് കെട്ടി യോഗം നടത്തിയാൽ പോലീസ് ഒന്നും ചെയ്യില്ല, പാവപ്പെട്ട ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനുമുമ്പിൽ പെരുമഴയിൽ ടാർപോളിൻ കെട്ടിയപ്പോൾത്തന്നെ അഴിച്ചുമാറ്റി. ഇവിടെ എന്ത് നിയമമാണ്? പോലീസിനെ പരിപൂർണമായി രാഷ്ട്രീയവൽക്കരിച്ചിരിക്കുകയാണ് . വയനാട്ടിലെ ജില്ലാ സെക്രട്ടറി യോഗത്തിൽ പരസ്യമായി മൈക്കിലൂടെ സർക്കിൾ ഇൻസ്പെക്ടറെ നാളെ സ്ഥലം മാറ്റുമെന്ന് പ്രസംഗിക്കുകയും അടുത്ത ദിവസം അദ്ദേഹത്തെ ഇടുക്കിയിലേക്ക് സ്ഥലം മാറ്റുകയും ചെയ്തു. കൊല്ലും കൊലയും പീഡനവും പിടിച്ചുപറിയുമില്ലാത്ത ഒരു ദിവസം പോലുമില്ല. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ 70 കൊലപാതകങ്ങളാണ് കേരളത്തിലുണ്ടായത്. പോലീസും ഭരണസംവിധാനവും

നിഷ്ക്രിയമാണ്, വർഗീയ ശക്തികൾ അഴിഞ്ഞാടുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ പറയുകയുണ്ടായി. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ ചെറുമകനെ മണിക്കൂറുകളാണ് നെയ്യാറ്റിൻകരയിലെ ആർ.എസ്.എസ്.-കാർ തടഞ്ഞുനിർത്തിയത്. ഇതിൽ ആർ.എസ്.എസ്.-കാരായ പ്രതികളെ നിങ്ങൾ സ്റ്റേഷൻ ജാമ്യത്തിൽ പറഞ്ഞുവിടുകയാണ് ചെയ്തത്. പത്തനംതിട്ടയിൽ വിവാഹ സൽക്കാരത്തിൽ പങ്കെടുത്ത സംഘത്തിനുനേരെ പോലീസ് നടത്തിയ നിന്ദ്യവും ക്രൂരവുമായ ദൃശ്യങ്ങൾ നമ്മൾ കണ്ടതല്ലേ, തൃശ്ശൂരിൽ തളിക്കുളം സ്വദേശിയായ പതിനാറുകാരന് ക്രൂരമായ ലോക്കപ്പ് മർദനമേറ്റതും അമ്പലമേട് പോലീസ് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരനെ ക്രൂരമായി മർദിച്ചതും അതുപോലെ കുണ്ടറയിലെ തോംസൺ എന്ന സൈനികൻ മരിക്കാനിടയായതും പോലീസിന്റെ ക്രൂരമായ മർദനംമൂലമാണ്. പറയാനാണെങ്കിൽ ധാരാളം ഇൻസ്റ്റൻസുകൾ എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കാനുണ്ട്. ഇതെല്ലാം പോലീസന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന തെറ്റുകളാണ്. കേരള പോലീസ് ഇന്ത്യയിലെ ഏറ്റവും മികച്ച പോലീസാണെന്ന് ഞാനാവർത്തിച്ചു പറയുന്നു.

പക്ഷേ ആ പോലീസിലെ സമർത്ഥരായ ഉദ്യോഗസ്ഥരെ നിങ്ങൾ മൂലയ്ക്കിരുത്തുന്നു. ഏറാന്മൂളികളെയും ഇരിക്കാൻ പറഞ്ഞാൽ കിടക്കുന്ന ഉദ്യോഗസ്ഥരെയും നിങ്ങൾ പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ പോസ്റ്റ് ചെയ്യുമ്പോഴാണ് ഇവിടെ ക്രമസമാധാനനില തകരുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാൻ ഞാനാഗ്രഹിക്കുന്നു. എട്ടുകൊല്ലത്തിനകം സമ്മർദ്ദംമൂലം 130 പോലീസുകാരാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത്. രാഷ്ട്രീയ സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യാൻ കഴിയാതെവരുമ്പോൾആത്മഹത്യ ചെയ്തു പോകുന്നതാണ്. രാജിവച്ചു പോയവർപോലും പോലീസിലുണ്ടെന്നതാണ് വാസ്തവം. ഇതാണോ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന പോലീസ് സംവിധാനം; കേരളം ഭരിക്കുന്നത് ഞങ്ങളാണെന്നും കളിച്ചാൽ തലശ്ശേരി സ്റ്റേഷനിൽ ഉണ്ടാവുകയില്ലെന്നും സി.പി.ഐ.(എം.) ഗുണ്ടകൾ ഭീഷണിപ്പെടുത്തിയത് അങ്ങയുടെ നിയോജകമണ്ഡലത്തിലാണ്; ഉത്സവത്തിനു നടന്ന ഒരു സംഭവമാണിത്. ആ നടപടി അവർ അക്ഷരംപ്രതി പാലിച്ചു. ആ രണ്ട് പോലീസ് ഉദ്യോഗസ്ഥരെ മണിക്കൂറുകൾക്കകം തലശ്ശേരി പോലീസ്

സ്റ്റേഷനിൽനിന്നും മാറ്റുകയുണ്ടായി. എഫ്.ഐ.ആർ.-ൽ എഴുതിവച്ച വാചകമാണ് ഞാൻ വായിച്ചത്. ഇതാണോ പോലീസ് നയം; കേന്ദ്ര ധനകാര്യമന്ത്രി ശ്രീമതി നിർമല സീതാരാമനെ മുഖ്യമന്ത്രി കണ്ടത് ഞങ്ങൾ വിമർശിച്ചുവെന്ന് ശ്രീ. ആന്റണി രാജു സഭയിൽ പറയുകയുണ്ടായി. കേരളത്തിന്റെ മുഖ്യമന്ത്രിമാർ ഇതിനുമുൻപും കേന്ദ്രമന്ത്രിമാരെയും സീനിയർ ഉദ്യോഗസ്ഥരെയും വന്നുകാണാറുണ്ട്. അതൊക്കെ ഔദ്യോഗികമായ നടപടിയാണ്. ഞങ്ങൾ വിമർശിച്ചത് എന്തുകൊണ്ടാണ്; പി.ആർ.ഡി.-യുടെ പത്രക്കുറിപ്പ് ഞാൻ വായിക്കാം, "കേന്ദ്ര ധനവകുപ്പുമന്ത്രി നിർമല സീതാരാമൻ ന്യൂഡൽഹിയിൽ കേരള ഹൗസിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ. വി. തോമസ് തുടങ്ങിയവർ കൂടിക്കാഴ്ച നടത്തി. ബുധനാഴ്ച രാവിലെ ഒൻപതരയോടെ ആയിരുന്നു. അനൗദ്യോഗിക സന്ദർശനമായിരുന്നു. കേന്ദ്രമന്ത്രിയുടെ കൂടിക്കാഴ്ചയ്ക്കുശേഷം പ്രഭാത ഭക്ഷണവും കഴിച്ചാണ് കേന്ദ്രമന്ത്രി മടങ്ങിയത്". എന്ത് അനൗദ്യോഗിക സന്ദർശനമാണ് കേരളത്തിന്റെ മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയുമായി അവിടെ നടത്തിയതെന്ന്

നമുക്കറിയണ്ടേ; അതും ഗവർണറുടെ സാന്നിധ്യത്തിൽ. ഗവർണർ നല്ല മനുഷ്യനാണ്. പക്ഷേ ഗവർണർക്ക് ഒരു രാഷ്ട്രീയമുണ്ട്. ഇന്ത്യയിലെ ഗവർണർമാർ എപ്പോഴും ആ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്നുണ്ട്. കേരളത്തിലെ മുഖ്യമന്ത്രി പറയണം, മി. ചീഫ് മിനിസ്റ്റർ, നിങ്ങൾ പറയണം. എന്താണ് നിങ്ങൾ കേന്ദ്ര ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്തത്; പി.ആർ.ഡി.-യുടെ പത്രക്കുറിപ്പിൽ അത് പരാമർശിക്കുന്നില്ല. ധനകാര്യ വകുപ്പിന്റെയും കോർപ്പറേറ്റ് അഫയേഴ്സിന്റെയും മന്ത്രിയായ ശ്രീമതി നിർമല സീതാരാമനുമായി നിങ്ങൾ എന്ത് അനൗദ്യോഗിക ചർച്ചയാണ് നടത്തിയത്; അത് കേരളത്തിലെ ജനങ്ങൾക്ക് അറിയാനുള്ള അവകാശമുണ്ട്. ഞാൻ പാർലമെന്റ് അംഗമായിരുന്ന വ്യക്തിയാണ്. സർവ്വശ്രീ. എ. കെ. ആന്റണിയും കെ. കരുണാകരനും മന്ത്രിമാരായിരുന്നപ്പോൾ ഞങ്ങളുടെ പാർട്ടിയിലെ മന്ത്രിമാർ കേന്ദ്രമന്ത്രിമാരായപ്പോഴാണ് അവർ വന്ന് കാണുന്നത്. എന്നാൽ ബി.ജെ.പി.-യിലെ മൂന്നാംസ്ഥാനം വഹിക്കുന്ന ധനകാര്യമന്ത്രി കേരളത്തിന്റെ മുഖ്യമന്ത്രിയെ കേരള ഹൗസിൽവന്ന് കാണണമെങ്കിൽ, അനൗദ്യോഗിക സന്ദർശനം നടത്തുമ്പോൾ അതിനകത്ത് രാഷ്ട്രീയം കാണുന്നതിൽ എന്താണ് തെറ്റ്;

അതിനകത്ത് കേരളത്തിലെ ഗവർണർ ഒരു പാലമായി പ്രവർത്തിക്കുന്നുവെന്ന് ഞങ്ങൾ പറഞ്ഞാൽ അതിൽ തെറ്റുപറയാൻ സാധിക്കുമോ; ഇന്ത്യയിലെ ഗവർണർമാർ ഇന്ന് കളിക്കുന്ന രാഷ്ട്രീയം ചെറുതല്ല.

ഇന്ന് രാജ്ഭവന് മുന്നിൽ സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാരിന് എതിരായി ഒരു സത്യാഗ്രഹം നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് കഴിഞ്ഞ പത്ത് വർഷത്തിനിടെ കേന്ദ്ര സർക്കാരിനെതിരെയോ പ്രധാനമന്ത്രിക്കെതിരെയോ ആഭ്യന്തരമന്ത്രിക്കെതിരെയോ ഒരക്ഷരം പറഞ്ഞിട്ടുണ്ടോ; അവരുടെ നയങ്ങളെ അങ്ങ് വിമർശിച്ചിട്ടുണ്ടോ; ഇപ്പോൾ അങ്ങേയ്ക്ക് കൂടുതൽ സൗകര്യമായി. ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ഫാസിസ്റ്റല്ലെന്ന് 2016 മുതൽ എഴുതുന്ന ശ്രീ. പ്രകാശ് കാരാട്ടിന്റെ ലൈൻ അങ്ങയുടെ ലൈനായി മാറുന്നു. സീതാറാം യെച്ചൂരി ഉണ്ടായിരുന്നെങ്കിൽ ഈ ലൈൻ അംഗീകരിക്കില്ലായിരുന്നു. ഇന്ന് ദേശീയതലത്തിൽ ഇന്ത്യ മുന്നണിയോടൊപ്പം നിൽക്കുന്നുവെന്ന് അഭിമാനിക്കുന്ന നിങ്ങൾ കേരളത്തിൽ ബി.ജെ.പി.-യുമായി കൈകോർത്തുപിടിക്കാൻ ശ്രമിക്കുന്നതിന്റെ റിഹേഴ്സലാണ് ഡൽഹിയിൽ

നടന്നതെന്ന് പറയേണ്ടിയിരിക്കുന്നു. ആ റിഹേഴ്സൽ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. ബി.ജെ.പി.-യുമായി കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ 69 സീറ്റുകളിൽ ധാരണയുണ്ടാക്കി തുടർഭരണമുണ്ടാക്കിയ നിങ്ങൾ ആ സാഹചര്യം ഇനിയുമുണ്ടാക്കാമെന്ന് വിചാരിക്കേണ്ട. കേരളത്തിലെ ജനങ്ങൾ വിഡ്ഢികളല്ല എന്ന് തെളിയിക്കാൻ പോകുകയാണ്. മി. ചീഫ് മിനിസ്റ്റർ, അങ്ങ് പറയണം കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ അക്രമങ്ങളും കൊലപാതകങ്ങളും നടന്ന കാലഘട്ടമുണ്ടായിട്ടുണ്ടോ; വർഗ്ഗീയകലാപമുണ്ടായി എന്ന് ഡോ. കെ. ടി. ജലീൽ പറഞ്ഞു. ഞങ്ങളുടെ ഭരണകാലത്ത് വർഗ്ഗീയകലാപമുണ്ടായിരുന്നോ; ഞങ്ങളുടെ കാലത്തും ഇവിടെ പാളയം പള്ളിയുണ്ടായിരുന്നു, ഞങ്ങളുടെ കാലത്തും ഇവിടെ തൊട്ടടുത്ത് ഗണപതി ക്ഷേത്രമുണ്ടായിരുന്നു. ഞങ്ങളുടെ കാലത്തും അപ്പുറത്ത് പള്ളിയുണ്ടായിരുന്നു (..ബഹളം..) കേരളത്തിലെ ജനങ്ങളുടെ മതേതരബോധവും, മതേതര വിശ്വാസവും, മതനിരപേക്ഷതയും കൊണ്ടാണ് കേരളത്തിൽ വർഗ്ഗീയകലാപം ഉണ്ടാകാതിരിക്കുന്നത്. അത് വളർത്തിയെടുത്തത് യു.ഡി.എഫ്.-ഉം ഇന്ത്യൻ നാഷണൽ കോൺഗ്രസും

തന്നെയാണെന്നുള്ള കാര്യത്തിൽ തർക്കം വേണ്ട. നമ്മുടെ നാട്ടിലെ പാവപ്പെട്ട ചെറുപ്പക്കാരുടെ കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സി.പി.ഒ. നിയമനം സംബന്ധിച്ച് ഞാൻ മുഖ്യമന്ത്രിയോട് നേരിട്ട് സംസാരിച്ച വിഷയമാണ്. സി.പി.ഒ.-മാരുടെ നിയമനത്തിൽ പകുതിപോലും നടത്തുന്നില്ല. റാങ്ക് ലിസ്റ്റിൽ വരുന്ന ചെറുപ്പക്കാർ കാത്തുനിൽക്കുന്നു. കൂടാതെ വനിതാ കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റും നിയമത്തിന് കാത്തുകിടക്കുന്നു. അവരുടെ കാര്യത്തിൽ നല്ല സമീപനം അങ്ങ് സ്വീകരിക്കണ്ടേ? വനിതാ എസ്.ഐ.-മാരുടെ നിയമനത്തിലും താമസമുണ്ട്. റാങ്ക് ലിസ്റ്റിൽ പേരുവന്നിട്ടും ഒരു വർഷം മാത്രം റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന സാഹചര്യത്തിൽ അവരിൽ കുറെപ്പേരെയെങ്കിലും നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. കേരളം കണ്ട ഏറ്റവും ദുർബലമായ ആഭ്യന്തരവകുപ്പിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ രമേശ് ചെന്നിത്തല വളരെ ശക്തമായി ചില കാര്യങ്ങൾ അവസാനം പറഞ്ഞുവല്ലോ; അതിൽനിന്ന് ആരംഭിക്കാമെന്ന് ഞാൻ കരുതുന്നു. നമ്മുടെ ഈ കാലം

ഫാസിസ്റ്റ് കാലമാണെന്ന് പറയണം, എന്നാൽ അങ്ങനെ പറയുന്നില്ലെന്നും സി.പി.ഐ.(എം.) അതിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നുവെന്നും അദ്ദേഹം ഇവിടെ പറഞ്ഞു. നമ്മുടെ രാജ്യം പല ഘട്ടങ്ങളിലൂടെ കടന്നുവന്നതല്ലേ; അതിൽ ഏറ്റവും പ്രധാനമായ ഒരു കാലം, അല്ലെങ്കിൽ ജീവിക്കുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായ ഒരു വശം, ജീവിക്കാനുള്ള അവകാശമാണ്. ജീവിക്കാൻ അവകാശമില്ലാതാകുന്നത് ഏത് ഘട്ടത്തിലാണ്; ഒരു ജനാധിപത്യ വ്യവസ്ഥയിൽ അതുണ്ടാകില്ല. സാധാരണനിലയിൽ ഹിറ്റ്ലറുടെ ഫാസിസത്തിന്റെ ഘട്ടത്തിലാണല്ലോ അതുണ്ടായത്. അവിടെ മാർക്സിസവും ഫാസിസവും ജർമനിയിലും ഇറ്റലിയിലും നടപ്പാകുമ്പോൾ എന്തായിരുന്നു സംഭവിച്ചതെന്ന് എല്ലാവർക്കും അറിയാമല്ലോ; ഞാൻ അതിന്റെ ചരിത്രത്തിലേക്ക് പോകുന്നില്ല. ജീവിക്കാനുള്ള അവകാശമടക്കമുള്ള മൗലികാവകാശങ്ങളെല്ലാം എടുത്തുകളഞ്ഞ ഒരു കാലം ഇന്ത്യയിലുണ്ടായിരുന്നില്ലേ; അതായിരുന്നു അടിയന്തരാവസ്ഥക്കാലം. അക്കാലത്തെ സി.പി.ഐ.(എം.) എന്താണ് വിശേഷിപ്പിച്ചതെന്ന് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അറിയുമോ; 'അമിതാധികാരവാഴ്ചയുടെ കാലം'. എപ്പോഴും

കൃത്യമായ അപഗ്രഥനത്തിനുശേഷമാണ് ഞങ്ങൾ ഓരോ പദങ്ങളും ഉപയോഗിക്കുന്നത്. അതിന്റെ ഭാഗമായാണ് അന്നത്തെ ഭരണത്തെ അമിതാധികാരവാഴ്ച എന്ന് ഞങ്ങൾ വിശേഷിപ്പിച്ചത്. ഫാസിസത്തിന്റേതായ ഒട്ടേറെ സ്വഭാവവിശേഷങ്ങൾ ആ ഭരണത്തിലുണ്ടായിരുന്നില്ലേ; അന്നത്തെ കഥകളൊന്നും ഞാൻ പറയേണ്ടല്ലോ; എന്തെല്ലാം കാര്യങ്ങൾ നടന്നിരുന്നു. അതാണ് സി.പി.ഐ.(എം.)-ന്റെ രീതി. അതിന്റെ ഭാഗമായി ഈ കാലത്തെ വിലയിരുത്തി ഞങ്ങൾ പറഞ്ഞിട്ടുണ്ട്, ഫാസിസ്റ്റ് പ്രവണതയുള്ള ആർ.എസ്.എസ്. നയിക്കുന്ന ബി.ജെ.പി.-യുടെ ഗവൺമെന്റ്; അത് ഞങ്ങളുടെ കൃത്യമായ വിലയിരുത്തലാണ്.

62 സീറ്റിൽ ധാരണയുണ്ടാക്കി എന്ന് പറഞ്ഞത് പണ്ട് നിങ്ങളുണ്ടാക്കിയ ധാരണയെക്കാൾ കൂടുതൽ സീറ്റ് ഞങ്ങൾ ധാരണയുണ്ടാക്കി എന്ന് ആക്ഷേപിക്കാനായിരിക്കും എന്നാണ് ധരിക്കേണ്ടത്. 43 സീറ്റിൽ, നിങ്ങൾ ഞങ്ങളുമായി ധാരണയുണ്ടാക്കിയതിന്റെ ഭാഗമായല്ലേ അധികാരത്തിലിരിക്കുന്നതെന്ന് നിങ്ങളുടെ മുഖത്തുനോക്കിയാണ് ആർ.എസ്.എസ്. നേതാവ് ചോദിച്ചത്. അക്കാര്യം ഓർമ്മ വേണം. ഞങ്ങൾ

അത്തരം രാഷ്ട്രീയ നെറികേട് കാണിക്കുന്നവരല്ല. അത്തരം രാഷ്ട്രീയ നെറികേടിന്റെ ആവശ്യവും ഞങ്ങൾക്കില്ല. അത്തരം കാര്യങ്ങളിൽ ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഇവിടെ ശ്രീമതി നിർമ്മല സീതാരാമനെ കണ്ടതുമായി ബന്ധപ്പെട്ട് എന്തോ വല്ലാത്തൊരു സംഭവം നടന്നുവെന്ന മട്ടിലാണ് ബഹുമാന്യനായ രമേശ് ചെന്നിത്തല പ്രതികരിച്ചത്. ഗവർണറുടെ പാലം കടന്നിട്ടാണ് ചെന്നതെന്ന് പറഞ്ഞിരുന്നു. അതിന്റെ കാര്യം ഞാൻ ആദ്യം പറയാം. എനിക്ക് അവിടെ പാർട്ടി മീറ്റിങ് ഉണ്ടായിരുന്നു. ഗവർണർ എല്ലാ എം.പി.-മാർക്കുമൊരു അത്താഴവിരുന്ന് കൊടുക്കുന്നുണ്ടെന്ന് നേരത്തെതന്നെ എന്നോട് പറഞ്ഞിരുന്നു. ഞാൻ പങ്കെടുക്കില്ലെന്ന് അദ്ദേഹത്തെ അറിയിച്ചിരുന്നു. അത് തീയതി ഓർത്തുകൊണ്ടല്ല, ഡൽഹിയിലുള്ള പരിപാടിക്ക് ഞാൻ ഉണ്ടാകില്ലെന്ന ധാരണയിൽ പറഞ്ഞതാണ്. പക്ഷേ, ഞാൻ സഞ്ചരിക്കുന്ന അതേ വിമാനത്തിലാണ് ആ പരിപാടിക്ക് അദ്ദേഹവും പോകുന്നത്. പിറ്റേദിവസമാണ് ഗവർണറുടെ പരിപാടി. അന്നുതന്നെയാണ് എനിക്കും അവിടെ പി.ബി. മീറ്റിങ്ങുള്ളത്. രാത്രിയിലെ ഫ്ലൈറ്റിനാണ് ഇവിടെനിന്നും ഡൽഹിയിലേക്ക് പോയത്.

ഞങ്ങൾ രണ്ടുപേരും അടുത്തടുത്തിരുന്നപ്പോൾ നാളെയാണ് ആ പരിപാടിയെന്നും നിങ്ങൾ വരുമോയെന്നും ഗവർണർ ചോദിച്ചു. യാദൃച്ഛികമാണല്ലോ ഇത്, ഞാൻ ആ ദിവസം അവിടെയുണ്ടല്ലോ, എന്തായാലും വരാമെന്ന് അദ്ദേഹത്തോട് ഞാനും പറഞ്ഞു. അങ്ങനെയാണ് ആ പരിപാടിയിൽ പോയത്. എം.പി.-മാരൊക്കെ അതിൽ പങ്കെടുത്തിരുന്നു. ഗവർണറുടെ പരിപാടിയാണ് ഞാനുംകൂടി അവിടെ ഇരുന്നുവെന്ന് മാത്രം. അങ്ങനെ ഇരുന്ന കൂട്ടത്തിൽ, നാളെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയൊരു ബ്രേക്ക്ഫാസ്റ്റിന് വരുന്നുണ്ടെന്നും അങ്ങേയ്ക്കും വരാൻ പറ്റുമെങ്കിൽ സൗകര്യമായിരുന്നെന്നും ഞാൻ ഗവർണറോട് പറഞ്ഞു. വരാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. അദ്ദേഹം ഇട്ട പാലത്തിലൂടെ ഞാൻ അങ്ങോട്ട് പോയതല്ല, ഇങ്ങനെയൊക്കെ നടന്നപ്പോൾ അദ്ദേഹത്തോട് സംസാരിച്ചു, അദ്ദേഹം വന്നു. എല്ലാവർക്കുമറിയാവുന്നതുപോലെ, ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെതന്നെ എനിക്ക് എന്റേതായ രാഷ്ട്രീയവും ഗവർണർക്ക് അദ്ദേഹത്തിന്റേതായ രാഷ്ട്രീയവും ശ്രീമതി നിർമ്മല സീതാരാമന് അവരുടേതായ രാഷ്ട്രീയവുമുണ്ട്. അതുകൊണ്ട് രാഷ്ട്രീയമുള്ള വ്യക്തിത്വങ്ങൾ

തമ്മിൽ കണ്ടാൽ രാഷ്ട്രീയത്തിന് അപ്പോൾത്തന്നെ ഉരുകിപ്പോകുന്ന അവസ്ഥയൊന്നും വരില്ല. അവിടെ ഞങ്ങൾ പൊതുവായ കാര്യങ്ങളാണ് സംസാരിച്ചത്. പൊതുവായ കാര്യങ്ങൾ സംസാരിക്കുമ്പോൾ അത് ഏതെങ്കിലും തരത്തിൽ നമ്മുടെ നാടിന് എതിരായിട്ടുള്ളതല്ല, നാടിന്റെ ഒരുപാട് പ്രശ്നങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു. അതിൽ കേരളത്തിന്റെ കാര്യങ്ങളിൽ ചില ഗൗരവമായ അഭിപ്രായങ്ങൾ ശ്രീമതി നിർമ്മല സീതാരാമനും പ്രകടിപ്പിച്ചു. അങ്ങനെ തീർത്തും സൗഹൃദ സംഭാഷണം മാത്രമായിരുന്നു അത്. മറ്റ് തരത്തിലുള്ള ഏതെങ്കിലുമൊരു നിവേദനം കൊടുക്കലോ അതിനുള്ള അവസരമാക്കി ആ ബ്രേക്ക്ഫാസ്റ്റ് മീറ്റിങ് മാറ്റുകയോ അല്ല ഞാൻ ചെയ്തത്. അത് വെറുമൊരു ബ്രേക്ക്ഫാസ്റ്റ് മീറ്റിങ് മാത്രമായിരുന്നു. അതാണ് അതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

ഇവിടെ നടന്ന ചർച്ചയിൽ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുവിൽ നല്ല നിലയ്ക്കുള്ള അഭിപ്രായ പ്രകടനങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. അതിൽ എല്ലാവരും കഴിയാവുന്നത്ര ശരിയായ നിലപാട് സ്വീകരിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇത്തരം ചർച്ചകളൊക്കെ വരുമ്പോൾ

പോലീസിനെതിരെയൊക്കെ വലിയ കടന്നാക്രമണങ്ങൾ വരാറുണ്ട്. അങ്ങനെയൊരു കടന്നാക്രമണത്തിന്റെ ചിത്രമല്ല പൊതുവേ നമ്മൾ കണ്ടത്. സാധാരണനിലയ്ക്ക് വല്ലാതെ കടന്നാക്രമണം വരാനിടയുണ്ടെന്ന് കരുതുന്ന ആളുകൾ തന്നെ വളരെ നല്ല രീതിയിൽ സംസാരിക്കുന്നതായാണ് കണ്ടത്. ഇവിടെ പോലീസിലെ എണ്ണത്തിന്റെ കുറവിനെപ്പറ്റിയും ഡീസൽ അടിക്കാനായും മറ്റും നേരിടുന്ന ചില സാമ്പത്തിക വിഷമങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞിട്ടുണ്ട്. അതൊക്കെ വസ്തുതാപരമായ കാര്യങ്ങളാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ തന്നെയാണ് സർക്കാർ നടപടികൾ സ്വീകരിച്ചുപോകുന്നത്. അതുപോലെ ദുർഗുണപരിഹാര പാഠശാലയുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യത്തിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക എന്നതുതന്നെയാണ് നേരത്തെ മുതൽ പ്രധാനമായി ലക്ഷ്യമിട്ടിരുന്നത്. ഇതിനായി മുമ്പ് ചില ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ചില പോരായ്മകളുണ്ടെന്നത് ശരിയാണ്. അത് നല്ല രീതിയിൽ ഇടപെട്ട് പരിഹരിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതുപോലുള്ള ഒട്ടേറെ

കാര്യങ്ങളാണ് ഇവിടെ പോലീസുമായി ബന്ധപ്പെട്ട് പരാമർശിക്കുകയുണ്ടായത്. ഫോറൻസിക് സയൻസ് ലാബുകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 56-ഉം ഈ സർക്കാരിന്റെ കാലത്ത് 28-ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ കാലതാമസമുണ്ടാകുന്നുവെന്നത് ശരിയാണ്. അക്കാര്യത്തിൽ ഉചിതമായ നടപടികൾതന്നെ സ്വീകരിക്കുന്നതാണ്.

ജയിലിൽ കിടക്കുന്ന ആളുകൾക്ക് പരോൾ അനുവദിക്കുന്ന വിഷയത്തിൽ കോവിഡ് കാലവും കൂട്ടി പറഞ്ഞാൽ അത് കുറച്ച് അധിക ദിവസമായി തോന്നും. കാരണം കോവിഡ് കാലത്ത് 655 ദിവസംവരെ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദേശപ്രകാരംതന്നെ അവധി അനുവദിച്ചിരുന്നു. അപ്പോൾ സാധാരണഗതിയിൽ അതുംകൂടി കൂട്ടിയാൽ അതൊരു വലിയ കാലയളവായി തോന്നും. അത് പ്രത്യേക കാലമായിരുന്നു. ആ പ്രത്യേക കാലത്തിന് ഏതെങ്കിലുമൊരു പ്രത്യേക കേസിൽപ്പെട്ടവർക്കുമാത്രം പരോൾ ഇല്ല എന്ന നിലപാട് സർക്കാർ എടുത്തിട്ടില്ല. പൊതുവിൽ ആ ആനുകൂല്യം എല്ലാവർക്കും ലഭിച്ചിട്ടുണ്ട്.

മയക്കുമരുന്നുകളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക വിങ് പോലീസിൽ വേണമെന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. അതിൽ "ഓപ്പറേഷൻ ഡി-ഹണ്ട്" എന്ന പേരിലൊരു സ്പെഷ്യൽ ഡ്രൈവ് ഇപ്പോൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-ക്കാണ് അതിന്റെ ചുമതല. കാര്യക്ഷമമായി അത് പ്രവർത്തിക്കുന്നുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങളും ശക്തമായ രീതിയിൽതന്നെ നടത്തിവരികയാണ്. അതെല്ലാം കൂടുതൽ ഫലപ്രദമായി നടക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്നുതന്നെയാണ് ആലോചിക്കുന്നത്.

സ്വർണ്ണക്കടത്തിനെക്കുറിച്ച് ഇപ്പോഴും എന്തോ പറയുന്നതായി കേട്ടു. കരിപ്പൂർ വിമാനത്താവളത്തിൽ ഈ വർഷം ഫെബ്രുവരി 28 വരെയുള്ള കണക്കുപ്രകാരം അനധികൃതമായി കടത്തിയ 5.062 കിലോഗ്രാം സ്വർണ്ണമാണ് പിടിച്ചെടുത്തത്. ഇക്കാര്യത്തിൽ മൂന്ന് കേസുകളിലായി 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഇതേ കാലയളവിൽ എട്ട് കേസുകളിലായി 10 പേരെ അറസ്റ്റ് ചെയ്യുകയും 3.383 കിലോഗ്രാം സ്വർണ്ണം

കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. പോലീസിൽ വളരെ ശാന്തമായ അന്തരീക്ഷമാണ് ഇപ്പോൾ പൊതുവിലുള്ളത്. മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തല ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഐ.പി.എസ്. തലപ്പത്ത് വല്ലാത്ത ചേരിപ്പോര് കേരളം കണ്ടിരുന്നത്. അന്ന് ഡി.ജി.പി. റാങ്കിലായിരുന്ന ശ്രീ. എം. എൻ. കൃഷ്ണമൂർത്തി. അദ്ദേഹത്തിന്റെ ഫോൺ എസ്.പി. ചോർത്തിയെന്ന പ്രശ്നം ആ ഘട്ടത്തിലായിരുന്നു ഉയർന്നുവന്നത്. മാത്രമല്ല, രണ്ട് ഡി.ജി.പി.-മാർ പരസ്യമായി ഫേസ്ബുക്കിലൂടെ ഐ.പി.എസ്. ചട്ടം ഓർമ്മിപ്പിച്ച് പോരടിച്ചതും അതേ കാലത്തായിരുന്നു. പേരൊക്കെ അദ്ദേഹത്തിന് ഓർമ്മയുള്ളതുകൊണ്ട് ഞാൻ വീണ്ടും പറയുന്നില്ലെന്നുമാത്രം. കോപ്പിയടിച്ചതിന് ഒരു ഐ.ജി.-യെ പിടിച്ചതും ഓർമ്മയുണ്ടാകുമല്ലോ; 1995 മാർച്ച് 22-ന് പുറത്തിറങ്ങിയ പത്രങ്ങളുടെ മുൻപേജിൽ ഒരു വാർത്തയുണ്ടായിരുന്നു. അത് പോലീസ് ആസ്ഥാനവളപ്പിൽ സ്ഥിതിചെയ്യുന്ന ഫോറൻസിക് ലാബിൽ തീപിടിച്ചുവെന്നും സുപ്രധാനമായ കേസ് ഫയലുകൾ കത്തിപോയെന്നുമായിരുന്നു പ്രസ്തുത വാർത്ത. അന്നത്തെ ഡി.ജി.പി.-യും ഫോറൻസിക് ഡയറക്ടറും

ആരോപണവിധേയരായ ടി കേസ് പിന്നീട് തേഞ്ഞുമാഞ്ഞ് പോവുകയും ചെയ്തു. ഇതൊന്നും ഇപ്പോഴില്ല. ഇപ്പോൾ മികച്ചനിലയിൽത്തന്നെയാണ് പോലീസ് തലപ്പത്ത് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തുതന്നെ കേരളം ഒരു മാതൃകാ സംസ്ഥാനമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ഇത് വികസന നേട്ടങ്ങൾ, ക്ഷേമനടപടികൾ, സമൂഹോന്മുഖമായ നിയമനിർമ്മാണങ്ങൾ ഇത്തരം കാര്യങ്ങളിൽ മാത്രമല്ല, സമൂഹത്തിന്റെ പൊതുസ്ഥിതിയുടെ കാര്യത്തിലും മാതൃകാപരമാണ്. ക്രമസമാധാനത്തിന്റെ കാര്യം മുതൽ സാമുദായികമായ സഹോദര്യത്തിൽവരെ മുൻകൈ സ്ഥാനം കേരളത്തിനുണ്ട്. വർഗീയ സംഘർഷമൊന്നുമില്ലാത്തൊരു നാടാണ് കേരളമെന്നുള്ളത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ജനപ്രതിഷേധങ്ങൾക്കുനേർക്ക് ഒരുതരത്തിലുമുള്ള ഒരു വെടിവയ്പുപോലുമുണ്ടാകാത്ത നാട് എന്നുവേണമെങ്കിൽ സൂചിപ്പിക്കാം. എല്ലാതലത്തിലും സമാധാനം പുലരുന്നൊരു നാടായിട്ടാണ് കേരളത്തെ പൊതുവെ കാണുന്നത്. എന്തുകൊണ്ടാണിത് ഇങ്ങനെയാകുന്നത്? ഇവിടെ നേരത്തെ ചിലർ ചൂണ്ടിക്കാണിച്ചതുപോലെ, വർഗീയസ്പർധ വളർത്താൻ

ശ്രമിക്കുന്നവരും അതിനുവേണ്ടി ഉപചാപങ്ങൾ നടത്തുന്നവരും ഇവിടെയില്ലേ; ക്രമസമാധാനം തകർത്ത് സ്വൈര്യജീവിതം തകർക്കാൻ ശ്രമിക്കുന്ന ദുഷ്ടശക്തികൾ നമ്മുടെ നാട്ടിലില്ലേ; എന്നാൽ അതൊക്കെയുണ്ടെങ്കിലും അതൊന്നും അനുവദിക്കില്ലെന്ന് ഉറപ്പുവരുത്തുന്ന ഛിദ്രശക്തികളെ തലപൊക്കാൻ അനുവദിക്കാത്തൊരു ഭരണസംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതാണ് നമ്മുടെ നാടിനെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഇപ്പോൾ നിലനിർത്തുന്നത്. രാഷ്ട്രീയം മാറുമ്പോൾ സാമൂഹിക ജീവിതത്തിലും ചില മാറ്റങ്ങൾ വരുന്നുണ്ട്. സമാധാനത്തിലേക്കും ശാന്തിയിലേക്കും മാറിയ കേരളത്തെയാണ് കഴിഞ്ഞ ഒൻപത് വർഷമായി കേരളം മാത്രമല്ല, കേരളത്തിന് പുറത്തുള്ളവരും കണ്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ വിവിധ വർഗീയ ശക്തികളിൽ, ആ വർഗീയ ശക്തികൾക്ക് തരാതരം പോലെ വഴങ്ങി കൊടുക്കുന്നതും അവരുടെ ആനുകൂല്യത്തിൽ അധികാരം നിലനിർത്തുന്നതുമായ ഭരണമല്ല കേരളത്തിലുള്ളത്. അതിന് കുറച്ചൊരു ആത്മധൈര്യം വേണം. കാരണം, അവരുടേതായ എന്തെങ്കിലും ഓശാരം പറ്റാക്കാതിരിക്കണം. വർഗീയ വിധ്വംസക പ്രവർത്തനങ്ങൾ ഏത്

ശക്തിയുടെ ഭാഗത്തുനിന്നായാലും ഉരുക്കുമുഷ്ടിയോടെ നേരിടാൻ കേരളത്തിന് കഴിയുന്നുണ്ട്. അങ്ങനെ വരുമ്പോൾ നിങ്ങൾ ഞങ്ങളുടെ ശക്തികൊണ്ട് അധികാരത്തിൽ വന്നവരല്ലേ; ഇനിയും നിങ്ങൾക്ക് അധികാരത്തിൽ വരേണ്ടതല്ലേ; അതുകൊണ്ട് പിടിച്ചുവച്ച ഞങ്ങളുടെ ആളെ വിട്ടേക്കൂ എന്നുപറയാൻ ഒരു വർഗീയശക്തിക്കും ഇന്ന് കേരളത്തിൽ കഴിയില്ല. എന്നുപറഞ്ഞാൽ, ഈ ഭരണത്തോട് അങ്ങനെയൊരു കല്പന നടത്താൻ കഴിവുള്ള ഒരു വർഗീയശക്തിയും കേരളത്തിലില്ല. ഒമ്പത് കൊല്ലത്തിനുമുമ്പുള്ള സ്ഥിതിയെന്തായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. അതാണ് വ്യത്യാസം. എന്തിനാണ് വ്യത്യാസം വന്നത്? പോലീസിന് ന്യായയുക്തമായും നിയമപരമായും ചട്ടങ്ങൾക്കനുസൃതമായും പ്രവർത്തിക്കാനുള്ള അനുവാദം പൂർണ്ണമായി ലഭിച്ചുവെന്നതാണ് വന്ന വ്യത്യാസം. ജനങ്ങൾക്കും രാജ്യത്തിനും പൊതുവെ ഇതറിയാം. അതുകൊണ്ടുതന്നെ കേരളം ഇക്കാര്യത്തിലൊരു മാതൃകാ സംസ്ഥാനമായി നിലനിൽക്കുകയാണ്. ഇവിടെ പ്രതിപക്ഷം സങ്കുചിത രാഷ്ട്രീയ ലക്ഷ്യത്തോടെ ചില പ്രചരണങ്ങൾ നടത്തുന്നുവെന്നത് വസ്തുതയാണ്. അത് എല്ലാ ഘട്ടത്തിലും ആ രീതിതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. പക്ഷേ,

ഇപ്പോൾ ഒരു വ്യത്യാസം വന്നിട്ടുണ്ട്. അതെവിടെയും വിലപ്പോകുന്നില്ല. പോലീസ് മനുഷ്യത്വരഹിതമായി, കിരാതമായി പ്രവർത്തിക്കുന്നുവെന്ന് പ്രചരിപ്പിച്ചാൽ പോലീസിന്റെ ഭാഗത്തുനിന്നുള്ള മനുഷ്യത്വരാഹിത്യം കേരളത്തിലെവിടെയും ആർക്കും കാണാനാവുന്നില്ല. ഏതെങ്കിലും അപഭ്രംശമുണ്ടായെങ്കിൽ അതിൽ ശക്തമായ നടപടിയെടുത്തുപോകുന്നതായും കേരളം അനുഭവത്തിലൂടെ മനസ്സിലാക്കുന്നുണ്ട്. മനുഷ്യത്വരാഹിത്യം ഈയിടെ ഒരിടത്ത് കണ്ടല്ലോ; വെളുപ്പാൻകാലത്ത് ഒരു വീട്ടിലേക്ക് ഇരച്ചുകയറിയ പോലീസ് ഒരുമാസം മാത്രം പ്രായമുള്ള ഒരു പെൺകുഞ്ഞിനെ ചവിട്ടി ഞെരിച്ച് കൊലപ്പെടുത്തിയ ദാരുണ സംഭവമാണല്ലോ നേരത്തെ ബഹുമാന്യനായ ശ്രീ. കെ. ടി. ജലീൽ പരാമർശിച്ചത്. രാജസ്ഥാനിലാണ് ഈ സംഭവം നടന്നത്. അമ്മയ്ക്കൊപ്പം കിടന്നുറങ്ങുകയായിരുന്ന പിഞ്ചുകുഞ്ഞിനെ ചവിട്ടി ഞെരിച്ച് കൊലപ്പെടുത്തിയത്. ആ സംഭവത്തിൽ ശരിയായ പ്രതിഷേധം ഉയർത്തികൊണ്ടുവരാൻ കോൺഗ്രസിന് കഴിഞ്ഞോ; കോൺഗ്രസ് എന്നുപറയുന്നത് അവിടത്തെ പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടിയാണല്ലോ; ഡൽഹിയിൽനിന്ന് ഈ സ്ഥലത്തെത്താൻ അധികസമയമൊന്നും വേണ്ടല്ലോ,

രണ്ടുമൂന്ന് മണിക്കൂർ യാത്ര ചെയ്താൽ മതിയാകും. രാജ്യം ശ്രദ്ധിക്കുന്ന തരത്തിൽ ഏതെങ്കിലും ഒരു പ്രധാനപ്പെട്ട നേതാവിന്റെ സന്ദർശനം കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് അവിടെയുണ്ടായോ; എവിടെയാണ് മനുഷ്യത്വം? രാജ്യചരിത്രത്തിൽ പോലീസ് വീട്ടിൽ കയറി പിഞ്ചുകുഞ്ഞിനെ ചവട്ടിയരച്ച് കൊല്ലുന്നു. അവിടം സന്ദർശിച്ച സി.പി.ഐ.(എം.) പോളിറ്റ്ബ്യൂറോ അംഗം ശ്രീമതി ബൃന്ദ കാരാട്ടിനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. ദേശീയതലത്തിലെ ഏതെങ്കിലുമൊരു പ്രധാനപ്പെട്ടയാൾ അവിടെപോയി ഞങ്ങളുടെ വികാരവും സഹാനുഭൂതിയും അവരോട് പ്രകടിപ്പിച്ചുവെന്ന് പറയാൻ കോൺഗ്രസിന് കഴിയുമോ? ഇവിടെ നാം വെറൊരു ചിത്രം കാണണം. പിഞ്ചുകുഞ്ഞിനെ ചവിട്ടിക്കൊല്ലുന്ന ചിത്രമാണ് രാജസ്ഥാനിൽ കണ്ടതെങ്കിൽ കേരളത്തിൽ പന്ത്രണ്ട് ദിവസം മാത്രം പ്രായമായ ഒരു പിഞ്ചുകുഞ്ഞ്, നവജാത ശിശു, ആ കുഞ്ഞിനെ മുലപ്പാൽ നൽകി സംരക്ഷിച്ചത് നമ്മുടെ ഒരു വനിതാ പോലീസാണ് എന്നത് ഓർക്കണം. കുഞ്ഞിന്റെ അമ്മയുടെ അറിവോ സമ്മതമോ ഇല്ലാതെ ഭർത്താവും ഭർതൃമാതാവും കൂടിച്ചേർന്ന് കുഞ്ഞിനെ കടത്തിക്കൊണ്ടുപോയതായിരുന്നു. പാൽ കിട്ടാതെ കുഞ്ഞിന്റെ ജീവൻ

അപകടത്തിലാവുകയായിരുന്നു. അത് മനസ്സിലാക്കിയ കേരളാ പോലീസിന്റെ സമയോചിതവും മനുഷ്യത്വപരവുമായ ഇടപെടൽ കൊണ്ടുമാത്രമാണ് ആ കുഞ്ഞിന് തുടർന്ന് ജീവിക്കാനായത്. മനുഷ്യത്വമുള്ള ആർക്കെങ്കിലും ഇത് കണ്ടില്ലെന്ന് നടിക്കാനാകുമോ? മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയിരിക്കുന്നു. എന്തെങ്കിലും വ്യത്യാസമുണ്ടോ? ഇപ്പോഴും പഴയ സ്ഥിതി തന്നെ. നിരന്തരം സംഘർഷമാണ്. കഴിഞ്ഞയാഴ്ച തെലുങ്കാനയിൽ സർക്കാരിനെ വിമർശിച്ച് ഒരു കർഷകൻ സംസാരിച്ചത് വലിയ കുറ്റമായി കണ്ട്, സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്തെന്ന് പറഞ്ഞ് രണ്ട് വനിതാ പത്രപ്രവർത്തകരെ അറസ്റ്റുചെയ്ത് കൊണ്ടുപോയത്. അവരെക്കുറിച്ച് അവിടത്തെ മുഖ്യമന്ത്രി പറഞ്ഞത് ഇന്നത്തെ പത്രങ്ങളിൽ വന്നിട്ടുണ്ട്. അത് ബഹുമാന്യനായ രമേശ് ചെന്നിത്തല കണ്ടിരിക്കുമെന്നാണ് തോന്നുന്നത്. എന്താണെന്ന് കണ്ടില്ലെങ്കിൽ ഇനിയെങ്കിലും നോക്കുന്നത് നല്ലതാണ്. ഞാൻ ഏതായാലും ആ ഭാഗം പറയുന്നില്ല. ഇതൊക്കെ ചെയ്യുന്നവരുടെ ആൾക്കാരും നേതൃത്വത്തിൽ ഇരിക്കുന്നവരുമൊക്കെയാണ് ഇവിടെ ഇരിക്കുന്നതെന്ന് നാം കാണണം. അവരാണ് നമ്മുടെ ക്രമസമാധാനത്തെക്കുറിച്ച് മോശമായ

രീതിയിൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നത്. ഞാൻ ആവർത്തിക്കുന്നില്ല, നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത നേരത്തെ ഡോ. കെ. ടി. ജലീൽ പറയുകയുണ്ടായി. അത് ഹോളി ആഘോഷവുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ആറ്റുകാൽ പൊങ്കാലയുടെ ഉത്സവത്തിന്റെ പ്രശ്നങ്ങളാണ്. അതാണ് നമ്മുടെ നാടിന്റെ അവസ്ഥ. മറ്റ് സ്ഥലങ്ങളിൽ പശുവിന്റെ സംരക്ഷണം എന്ന് പറഞ്ഞുകൊണ്ട് ചെറുപ്പക്കാരനെ പിടിച്ചുകൊണ്ടുപോകുന്നു. എന്തെല്ലാമാണ് സംഭവിക്കുന്നത്? രാജ്യത്ത് ഇപ്പോൾ ഹോളി ആഘോഷിച്ചല്ലോ; അത് ആഘോഷിക്കാൻ വിസമ്മതിച്ച ഒരു ചെറുപ്പക്കാരനെ രാജസ്ഥാനിൽ ബി.ജെ.പി.-ക്കാർ തല്ലിക്കൊന്നുവെന്ന വാർത്ത വന്നു. ആ ചെറുപ്പക്കാരൻ റവന്യൂ ഓഫീസർ പരീക്ഷയ്ക്കുവേണ്ടി തയ്യാറെടുക്കാൻ ലൈബ്രറിയിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതേ രാജസ്ഥാനിലാണ് പണ്ട് പഹലുഖാന് സംഭവിച്ചത് ഈ ദുരന്തമായിരുന്നുവെന്ന് നമ്മൾ ഓർക്കണം. അത് പശു സംരക്ഷണത്തിന്റെ പേരിലായിരുന്നു. ഹോളിയിലേയ്ക്ക് വന്നാൽ യു.പി.-യിലെ പല മസ്ജിദുകളും ടാർപ്പാളിൻ കെട്ടിമറയ്ക്കുന്ന നിലയാണുണ്ടായത്. അതാണ് നേരത്തെ ഡോ. കെ. ടി. ജലീൽ പരാമർശിച്ച കേരളത്തിന്റെ വ്യത്യാസം.

ബി.ജെ.പി. ഭരിക്കുന്ന യു.പി.-യിലാണ് കൻവർ യാത്രയുടെ പാതയിലുള്ള വഴിയോര കച്ചവടക്കാർ തങ്ങളുടെ തിരിച്ചറിയൽ രേഖ പ്രദർശിപ്പിക്കണമെന്ന് അവിടത്തെ അധികാരികൾ ഉത്തരവിറക്കിയത്. അത് ബി.ജെ.പി.-യാണ് ചെയ്തത്. ഹിമാചൽ പ്രദേശിൽ കോൺഗ്രസ്സാണ് ഭരിക്കുന്നത്. പക്ഷെ അവിടെയും സമാനമായൊരു നീക്കം ഉണ്ടായില്ലേ; ഇവിടെ അങ്ങനെ എന്തെങ്കിലും ഏതെങ്കിലും ഘട്ടത്തിലുണ്ടായോ; എന്തിനാണ് ഇത്തരത്തിൽ തങ്ങളുടെ ഐഡന്റിറ്റി കാർഡ് പ്രദർശിപ്പിക്കാൻ നിർദേശിക്കുന്നത്? ജാതിയും മതവും തിരിച്ചറിയാനാണത്. വർഗ്ഗീയശക്തികൾ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചാൽ അവർക്കെതിരെ എന്തുനിലപാടാണ് എൽ.ഡി.എഫ്. സർക്കാരും ആഭ്യന്തര വകുപ്പും സ്വീകരിക്കുക എന്നത് ചില ഘട്ടത്തിൽ ഇവിടെ തെളിഞ്ഞിട്ടുണ്ട്. വാട്സ്ആപ്പ് ഹർത്താലിന്റെയും മറ്റുംഘട്ടത്തിൽ നാം അത് കണ്ടതാണ്. നമ്മുടെ ദക്ഷിണേന്ത്യ പല കാര്യങ്ങളിലും വ്യത്യസ്തമായി നിൽക്കുന്നുവെന്നാണല്ലോ നാം കാണാറുള്ളത്. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഒന്നിലാണ് ഇക്കഴിഞ്ഞ ദിവസം ഒരു ദളിത് വിദ്യാർഥിയുടെ വിരലുകൾ അരിയുന്ന സംഭവമുണ്ടായത്. ആ കുട്ടി പരീക്ഷ

എഴുതാൻ പോകുകയായിരുന്നു. എന്തായിരുന്നു കാര്യം; ആ കുട്ടി കബഡി കളിച്ചിരുന്നു. മേൽജാതിക്കാരെന്ന് സ്വയംകരുതുന്ന മറ്റൊരു കുട്ടിയെ ഈ കുട്ടി പരാജയപ്പെടുത്തി. അതാണ് ഇത്തരമൊരു നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചത്. അവിടെത്തന്നെയാണ് വിളവെടുപ്പിന് തയ്യാറായിരുന്ന കൃഷി നശിപ്പിച്ചത്. എന്തായിരുന്നു കാര്യം? ദളിതർ ഇറക്കിയ കൃഷിയായിരുന്നു അത്. ആ കൃഷിക്ക് നല്ല വിളവ് കിട്ടിയത് ചിലർക്ക് ദഹിച്ചില്ല. അതാണ് അവിടെ സംഭവിച്ചത്. കേരളം വ്യത്യസ്തമായി നിൽക്കുന്നത് ഇത്തരം കാര്യങ്ങളിലാണ്. ഇത് ഇല്ലെന്ന് ആരുപറഞ്ഞാലും അത് ജനങ്ങൾ അംഗീകരിക്കില്ല. നമ്മുടെ മികച്ച സാമൂഹ്യ അന്തരീക്ഷമാണ്. അതിനെ സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന നിലപാട് സ്വീകരിക്കുന്ന സംസ്ഥാന സർക്കാർ. അതങ്ങനെ അല്ലെന്ന് എത്ര പറഞ്ഞാലും, ആര് പറഞ്ഞാലും വസ്തുതകൾ വസ്തുതകളായി തന്നെ നിലനിൽക്കുമെന്നത് നാം കാണേണ്ടതായിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നമ്മുടെ സമൂഹം ഇപ്പോൾ വലിയതോതിൽ ചർച്ച ചെയ്യുന്നൊരു ഘട്ടമാണ്. കഴിഞ്ഞ ചില കാലങ്ങളിലായി വലിയ രീതിയിൽ ഇന്ത്യയിലേയ്ക്ക് മയക്കുമരുന്നുകൾ

വരുന്നുണ്ട്. 2023 മെയ് മാസത്തിലാണ് അറേബ്യൻ കടലിൽ കൊച്ചി തീരത്തോടുചേർന്ന് ഏതാണ്ട് 2500 കിലോഗ്രാം മയക്കുമരുന്ന് പിടികൂടിയത്. 2024 ഫെബ്രുവരിയിലാണ് ഗുജറാത്ത് തീരത്തോട് ചേർന്ന് 3300 കിലോഗ്രാം മയക്കുമരുന്ന് പിടികൂടിയത്. ഏതാനും മാസങ്ങൾക്ക് മുമ്പ് 2024 നവംബറിലാണ് ബംഗാൾ ഉൾക്കടലിൽ ആൻഡമാൻ തീരത്തോടുചേർന്ന് ഏതാണ്ട് 6000 കിലോഗ്രാം മയക്കുമരുന്ന് പിടികൂടിയത്. ഇതൊക്കെ എന്താണ് വ്യക്തമാക്കുന്നത്? കടലിലൂടെ ചില ദിക്കുകളിൽനിന്ന് നമ്മുടെ രാജ്യത്തേയ്ക്ക് മയക്കുമരുന്ന് നിർബാധം വരുന്നു. ഇതിനുപിന്നിൽ അന്താരാഷ്ട്ര മാഫിയകളുണ്ട്. വിമാനത്തിലൂടെയും കപ്പലിലൂടെയുമാണ് മയക്കുമരുന്ന് ഇന്ത്യയിലേയ്ക്കെത്തുന്നത്. ഇതുൾപ്പെടെയുള്ള നിയമവിരുദ്ധ ഉൽപ്പന്നങ്ങൾ തടയേണ്ടത് ആരുടെ ഉത്തരവാദിത്വമാണ്; അക്കാര്യത്തിൽ പലപ്പോഴും നിശബ്ദത പാലിക്കുന്നത് എന്താണ്; പ്രതിപക്ഷം അത്തരം കാര്യങ്ങൾ ശക്തമായി ഉന്നയിക്കേണ്ടത് തന്നെയല്ലേ? അന്താരാഷ്ട്ര മയക്കുമരുന്ന് മാഫിയയും ഇവിടെയുള്ള ചില വൻ രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പ് ഫണ്ടും തമ്മിൽ വലിയ ബന്ധമുണ്ട് എന്നത് നാം കാണണം. കപ്പലിലും

വിമാനത്തിലും വൻതോതിൽ മയക്കുമരുന്ന് വന്ന് ഇറങ്ങുന്നത് അറിഞ്ഞില്ല എന്ന് രാജ്യരക്ഷാ ചുമതല കൂടിയുള്ള ഭരണാധികാരികൾക്ക് പറയാനാകുമോ? ഏതായാലും കേരളത്തിലെ പോലീസും എക്സൈസും മറ്റ് സംവിധാനങ്ങളും ഇക്കാര്യത്തിൽ മാതൃകാപരമായ ഇടപെടലുകലാണ് നടത്തുന്നത്. സമീപകാലത്തുണ്ടായ ചില ഉദാഹരണങ്ങളെടുത്താൽ, ഒരു മയക്കുമരുന്ന് കേസിലെ പ്രതിയ്ക്ക് ജാമ്യം അനുവദിച്ചത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽപോയി റദ്ദുചെയ്യിച്ച് അയാളെ തമിഴ്നാട്ടിൽപ്പോയി അതിസാഹസികമായി അറസ്റ്റ് ചെയ്തു. അതുപോലെ മറ്റൊരു പ്രതിയെ ഡൽഹിയിൽ പോയാണ് കേരള പോലീസ് അറസ്റ്റു ചെയ്തത്. ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ ചരിത്രത്തിലെ ഏറ്റവും വലിയ മയക്കുമരുന്നു വേട്ട നടന്നത് കേരള പോലീസ് മഞ്ചേരിയിൽനിന്നും അറസ്റ്റുചെയ്ത പ്രതികളിൽനിന്നുള്ള ലീഡ് ഉപയോഗിച്ചാണ്. നൂറുകോടി രൂപയുടെ രാസലഹരിയാണ് ആൻഡമാനിലെ ജങ്കാറിൽ കേരള പോലീസ് കണ്ടെത്തിയത്. കേരളം കണ്ട ഏറ്റവും വലിയ അന്തർസംസ്ഥാന ലഹരിക്കടത്ത് തലവനെ ഒഡീഷയിൽനിന്നുമാണ് പിടികൂടിയത്.

ഹൈദരാബാദിലെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന മയക്കുമരുന്ന് നിർമ്മാണശാലയുടെ ഉടമയായ ശതകോടീശ്വരനെ അറസ്റ്റ് ചെയ്തത് കേരള പോലീസാണ്. അന്താരാഷ്ട്ര ലഹരിമാഫിയയിലെ കണ്ണികളായ ടാൻസാനിയക്കാരെ അറസ്റ്റുചെയ്തതും കേരള പോലീസാണ്. എന്താണ് ഇതൊക്കെ സൂചിപ്പിക്കുന്നത്? ഒരു പ്രത്യേക രാഷ്ട്രീയം അന്താരാഷ്ട്ര മയക്കുമരുന്ന് കള്ളക്കടത്തിനു നേർക്ക് കണ്ണടച്ചിരിക്കുന്നു; മറ്റൊരു രാഷ്ട്രീയം അതിനെ ഇഞ്ചിനിഞ്ചിന് നേരിടുന്നു. ഇതല്ലേ ഇതിലൂടെ വ്യക്തമാകുന്നത്? മയക്കുമരുന്നു കേസുകളിൽ ഇന്ത്യയിൽ ഏറ്റവുമധികം കൺവിക്ഷൻ റേറ്റുള്ളത് കേരളത്തിലാണ്. ദേശീയ ശരാശരി 78 ശതമാനമായിരിക്കുമ്പോൾ കേരളത്തിലിത് 99 ശതമാനത്തോളമാണ്. തമിഴ്നാട്ടിൽ 82 ശതമാനവും തെലങ്കാനയിലും ആന്ധ്രയിലും ഇത് 25 ശതമാനത്തിനടുത്തുമാണ്. ക്രമസമാധാനവും നിയമവ്യവസ്ഥയും ഉറപ്പുവരുത്തേണ്ട കേരളത്തിലെ സംവിധാനങ്ങൾ എത്ര കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുന്നതാണ് ഇതൊക്കെ. ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന യു.ഡി.എഫ്. മുമ്പ് അധികാരത്തിലുണ്ടായിരുന്ന ഘട്ടത്തിൽ എന്തായിരുന്നു

സ്ഥിതി എന്നാണ് ഇവിടെ ഓർക്കേണ്ടത്. യു.ഡി.എഫ്-ന്റെ അവസാനഘട്ടത്തിൽ നടന്ന നാടിനെ ഞെട്ടിച്ച ജിഷ കൊലപാതക കേസ് തെളിവില്ലാതെ കുഴഞ്ഞുമറിഞ്ഞിരുന്ന ഘട്ടത്തിലാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. ശാസ്ത്രീയ തെളിവുകളുടെ ഫലത്തിൽ കുറ്റവാളികളെ ശിക്ഷിച്ചത് എല്ലാവർക്കും ഓർമ്മയുള്ള കാര്യമാണ്. ചെരുപ്പ് മരത്തിൽ കെട്ടിത്തൂക്കിയത് ആരായിരുന്നു; ആരുടെ കാലത്താണ് പ്രതിയെ പിടിച്ചത് എന്നെല്ലാം ഓർക്കുന്നത് നല്ലതായിരിക്കും. ഇവിടെ എൽ.ഡി.എഫ്. ഭരണത്തിൽ കേസന്വേഷണത്തിന്റെ കാര്യത്തിൽ കേരള പോലീസ് രാജ്യത്തിനാകെ മാതൃകയാണ്. എന്നാലതേസമയം പോലീസ് ഉദ്യോഗസ്ഥർ പ്രതിയാകുന്ന കേസുകളിൽ മുഖം നോക്കാതെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. എട്ടു വർഷത്തിനുള്ളിൽ 108 പോലീസ് ഉദ്യോഗസ്ഥരെയാണ് സർവീസിൽനിന്നും പിരിച്ചുവിട്ടത്. പോലീസിന്റെ സമസ്ത തലങ്ങളും പൂർണ്ണമായും ശുദ്ധവും സുതാര്യവുമാകുന്നുയെന്ന് ഉറപ്പാക്കുന്ന ഇത്തരം നടപടികൾ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? പോലീസ് തെറ്റു ചെയ്താൽ, അത് നമ്മുടെ പോലീസല്ലേ, നമുക്ക് വേണ്ടിയല്ലേ എന്നമട്ടിൽ ന്യായീകരിച്ച് സംരക്ഷിക്കുന്ന

സംസ്കാരം ഈ സർക്കാർ മാറ്റിയെടുത്തു. എന്നിട്ടും ഇതൊന്നും കണ്ടില്ലെന്നു നടിച്ചുകൊണ്ട് സർക്കാരിനെതിരെ വ്യാജ ആരോപണം ഉന്നയിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

ഒരു കുടം ടാറും ഒരു കുറ്റിച്ചൂലുമായി നിൽക്കുന്ന ഒരാളെക്കുറിച്ച് ഈ സഭയിൽതന്നെ അംഗമായിരുന്ന കവി കടമ്മനിട്ട രാമകൃഷ്ണൻ എഴുതിയിട്ടുണ്ട്. ടാറും ചൂലുമായി തെരുവിൽ ഇറങ്ങി നിൽക്കുന്നത് എന്തിനാ? കുളിച്ച് വൃത്തിയായി നടക്കുന്ന ആരുടെയെങ്കിലും മുഖത്ത് കരിപൂശാൻ. ഇങ്ങനെ കരിപൂശാൻ നിൽക്കുന്നവൻ അതേ കരിയിൽ കുളിച്ചുനിൽക്കുന്ന ചിത്രമാണ് ഇവിടത്തെ പശ്ചാത്തലത്തിൽ ഇടയ്ക്കിടെ ഓർമ്മവരാറുള്ളത്. കുളിച്ചു വന്നവന്റെ മുഖത്തേയ്ക്ക് തെറിപ്പിക്കാൻ നോക്കുന്ന ടാറത്രയും അത് നിറച്ചുവന്നവന്റെ മുഖത്തുതന്നെ തുടരെ വീഴുക, അതാണ് ഇപ്പോൾ തുടർച്ചയായി കാണുന്നത്. ഇങ്ങനെ ഒരു ചിത്രം ഓർമ്മവരാൻ കാരണം കഴിഞ്ഞ ഒമ്പത് വർഷത്തോളമായി എൽ.ഡി.എഫ്. സർക്കാരിനെതിരായി ഉയർത്തുന്ന ആരോപണങ്ങളാണ്. ആരോപണങ്ങളുടെ കരിമ്പുക ഉയർത്തി സർക്കാരിനെ അപകീർത്തിപ്പെടുത്താൻ നോക്കുകയാണ്. സത്യത്തിന്റെ കാറ്റും വെളിച്ചവും

ഇരമ്പിയെത്തുമ്പോൾ ആ പുകക്കരി ആകെ അകന്നുപോകുകയാണ്. ഈ സർക്കാർ കൂടുതൽ തിളക്കത്തോടെ, പത്തരമാറ്റ് ശക്തിയോടെ വിളങ്ങി നിൽക്കുകയാണ്. സത്യത്തിന്റെ വെളിച്ചം പടരുന്ന മുറയ്ക്ക് ഈ കരിമ്പുകയാകെ ആരോപണം ഉന്നയിച്ചവരുടെ മുഖത്ത് മാറാത്ത കറകളായി പതിഞ്ഞുനിൽക്കുകയാണ്. ഇതല്ലേ തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഇതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നിരത്താൻ കഴിയും. എന്നാൽ എല്ലാം ഇവിടെ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തിന് ചെയ്യാമായിരുന്ന ഒരു നല്ലകാര്യമുണ്ട്. തങ്ങൾക്ക് പറ്റിയ തെറ്റ് തുറന്ന് സമ്മതിച്ച് പരസ്യമായി ഒരു ഖേദപ്രകടനം ഈ സഭയിലൂടെ സംസ്ഥാനത്തെ ജനങ്ങളോട് നടത്തുന്നത് നല്ലതായിരുന്നു. മിനിമം അത്രയെങ്കിലും ചെയ്താലേ ജനമധ്യത്തിൽ അല്പമെങ്കിലും വിശ്വാസ്യതയുണ്ടാകുവെന്നെങ്കിലും തിരിച്ചറിയണമായിരുന്നു. ഞങ്ങളിതാ ഇനിയൊരു ക്ലീൻ സ്ലേറ്റിൽ തുടങ്ങുന്നു എന്നുപറഞ്ഞിരുന്നെങ്കിൽ ഇനി പറയുന്നതിനെയെങ്കിലും ജനങ്ങൾ കുറച്ചൊക്കെ വിശ്വസിക്കുമായിരുന്നു. വിശ്വാസ്യത വീണ്ടെടുക്കുക എന്നത് നിങ്ങളുടെ അജണ്ടയിലില്ല.

അതുകൊണ്ടുതന്നെ തെറ്റ് ഏറ്റുപറയാൻ നിങ്ങൾക്ക് മനസ്സുമുണ്ടാകില്ല. അത് അങ്ങനെ നടക്കട്ടെ, നിങ്ങൾ എന്തൊക്കെയാ ഇക്കാലത്ത് പറഞ്ഞിരുന്നത്? വാളയാറിനെക്കുറിച്ചും എ.കെ.ജി സെന്റർ ആക്രമണത്തിന്റെ പേരിലുണ്ടായ കഥയും ആരും ഇപ്പോൾ പറയുന്നില്ലല്ലോ. സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമം തീ ഇട്ടതിന്റെ പേരിൽ എന്തെല്ലാം കഥകളാണ് നിങ്ങൾ പറഞ്ഞിരുന്നത്. ഇങ്ങനെ ഏതെല്ലാം തരത്തിലുള്ള ആരോപണങ്ങളാണ് ഉന്നയിക്കാൻ ശ്രമിച്ചിരുന്നത്. ചില കാര്യങ്ങൾ കോടതിയിലേയ്ക്ക് കൊണ്ടുപോയിരുന്നു. കോടതി അടിസ്ഥാനരഹിതമെന്ന് മുദ്രയടിച്ച് ആക്ഷേപങ്ങൾ ചവറ്റുകൊട്ടയിലേയ്ക്ക് എറിയുകയും ചെയ്തു. വാളയാർ കേസിന്റെ കാര്യമെടുത്താൽ, ഈ സർക്കാരിനെ അപകീർത്തിപ്പെടുത്താൻ എന്തൊക്കെയായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷം ചെയ്തിരുന്നത്. സംസ്ഥാന പോലീസിന്റെ അന്വേഷണം വിശ്വാസ്യയോഗ്യമല്ലെന്നും സി.ബി.ഐ വരണമെന്നും പറഞ്ഞു. ഒരാളെ തോളിലേറ്റി നടന്ന് സ്ഥാനാർഥിയാക്കി. എൽ.ഡി.എഫ്.-നെ തോൽപ്പിക്കാൻ കേരളത്തിലാകെ കൊണ്ടുനടന്ന് പ്രസംഗിപ്പിച്ചു. ഒടുവിൽ സി.ബി.ഐ. വന്നു. അതിന് കേരള സർക്കാർ

സഹകരിക്കുകയും ചെയ്തു. ഒടുവിൽ എന്തുണ്ടായി? കഴിഞ്ഞ ദിവസം ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കുറേ കാര്യങ്ങൾ ഇവിടെ അതുമായി ബന്ധപ്പെട്ട് പറഞ്ഞതുകൊണ്ട് ഞാനത് വീണ്ടും ആവർത്തിക്കുന്നില്ല. നിങ്ങൾ കൊണ്ടുനടന്നയാൾ തന്നെയാണ് പ്രതി എന്നാണ് ഇപ്പോൾ വന്നിട്ടുള്ളത്. എ.കെ.ജി സെന്റർ ആക്രമണത്തിന്റെ കാര്യമെടുത്താൽ എന്താണ് കോൺഗ്രസ്സ് പ്രചരിപ്പിച്ചിരുന്നത്. സി.പി.ഐ.(എം) രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി സ്വന്തം ഓഫീസ് ആക്രമിച്ചിട്ട് തങ്ങളെ ആക്ഷേപിക്കുന്നുയെന്നായിരുന്നു. ഇക്കാര്യം കോൺഗ്രസ്സ് ആസൂത്രണം ചെയ്തു, തെളിവ് നശിപ്പിച്ചു, അന്വേഷണം വഴിതെറ്റിക്കാൻ ശ്രമിച്ചു. ഇതെല്ലാം ചെയ്തിരുന്നു. ഒടുവിൽ പ്രതികളെ പിടികൂടിയപ്പോൾ അയാൾ കോൺഗ്രസ്സിന്റെ സംസ്ഥാന നേതാക്കളുടെ സന്തതസഹചാരി. ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയിൽനിന്നും പ്രതീക്ഷിക്കാൻ കഴിയുന്നതാണോ ഇത്? സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമം തീ വച്ച കേസിൽ, അന്ന് ബി.ജെ.പി.-യുടെ ഒപ്പംനിന്നുകൊണ്ട് കോൺഗ്രസ്സ് പ്രചരിപ്പിച്ചത് സി.പി.ഐ.(എം) പ്രവർത്തകരാണ് ഇതു ചെയ്തതെന്നായിരുന്നു. ഒടുവിൽ സംഘപരിവാറുകാർ

അറസ്റ്റിലായി. പ്രചരിപ്പിച്ചത് തെറ്റായിപ്പോയി എന്ന് ഏതെങ്കിലും ഘട്ടത്തിൽ നിങ്ങൾ പറഞ്ഞോ? ബി.ജെ.പി.-ക്കാരുമായി ചേർന്നുനിന്ന് സി.പി.ഐ.(എം)-നെതിരെ പ്രചരണം അഴിച്ചുവിട്ടതിനെക്കുറിച്ച് സൂചിപ്പിച്ചല്ലോ? സാന്ദർഭികമായി ഒട്ടേറെ കാര്യങ്ങൾ പരാമർശിക്കാനുണ്ടെങ്കിലും അതിലേക്കൊന്നും ഈ ഘട്ടത്തിൽ കൂടുതലായി ഞാൻ കടന്നുപോകുന്നില്ല. ഇവിടെ ഓർക്കേണ്ട ഒരു കാര്യം; രണ്ട് സമീപകാല സംഭവങ്ങളെടുക്കാം. ഈയിടെ ഒരേ ദിവസം രണ്ട് കോടതി വിധികൾ വന്നു. ഒന്ന് കൽക്കട്ടയിലെ ആർ. ജി. കർ കേസിൽ. മറ്റൊന്ന് കേരളത്തിലെ ഷാരോൺ കേസിൽ. കൽക്കട്ട കേസിൽ നീതി ലഭ്യമായില്ലായെന്ന മുറവിളി ഉയർന്നു. ഷാരോൺ കേസിൽ നീതി നടപ്പായിയെന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. ആർ. ജി. കർ കേസിൽ തെളിവുകൾ ബോധ്യപ്പെടുത്തുംവിധം കണ്ടെത്തി നിരത്തുന്നതിൽ പ്രോസിക്യൂഷന് വീഴ്ച വന്നതാണ് കുറ്റവാളിക്ക് വധശിക്ഷ നൽകാതിരുന്നതിന് കാരണമെന്ന് വിമർശനം ഉയർന്നു. അതേസമയം ശാസ്ത്രീയമായ അന്വേഷണത്തിലൂടെ ഏറെ സങ്കീർണ്ണമായ ഷാരോൺ കേസിൽ തെളിവുകൾ കണ്ടെത്തി അവതരിപ്പിച്ച് കുറ്റവാളിക്ക് അർഹമായ ശിക്ഷ

വാങ്ങികൊടുക്കുന്നതിന് കോടതിതന്നെ കേരള പോലീസിനെ അഭിനന്ദിക്കുന്നു. ഇതാണ് വ്യത്യാസം. നിർഭാഗ്യവശാൽ നമ്മുടെ പ്രതിപക്ഷത്തിന് ദഹിക്കാത്ത വ്യത്യാസം.

പോലീസ് രാജ് എന്ന ആരോപണം പ്രതിപക്ഷം ഉന്നയിക്കുന്നുണ്ടല്ലോ? അതൊക്കെ പഴയ ചില ഓർമ്മകൾ വച്ചുകൊണ്ടുമാത്രം പറയുന്ന കാര്യങ്ങളാണ്. കേസന്വേഷണത്തിൽ മാത്രമല്ല, ക്രമസമാധാനത്തിലും സേവനകാര്യത്തിലും നമ്മൾ മാതൃകയാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കഴിഞ്ഞ ശബരിമല തീർഥാടന കാലം. ശബരിമല തീർഥാടനത്തെ ഈ വർഷം എല്ലാവരും വലിയതോതിൽ മുക്തകണ്ഠം പ്രശംസിക്കുന്നതാണ് നാം കാണുന്നത്. നിങ്ങൾ പലരും അവിടെ പോയി തീർഥാടകരായി അങ്ങനെ ഏർപ്പെടുത്തിയ സൗകര്യങ്ങൾ അനുഭവിച്ചവരാണ് എന്നുള്ളതുകൊണ്ട് കൂടുതലായി ഞാനതിലേക്ക് കടക്കുന്നില്ല. ഉത്തർപ്രദേശിൽ ഇതേ ഘട്ടത്തിൽ കുംഭമേള നടന്നല്ലോ? യു.പി.-യിലെ മുഴുവൻ പോലീസിനെയും അവിടെ വിന്യസിച്ചു. പതിനായിരം കോടി രൂപ നീക്കിവച്ചു. എന്നിട്ടും ദുരന്തവാർത്ത നമുക്ക് അവിടെ നിന്ന് കേൾക്കേണ്ടി വന്നു. ഇവിടെയോ? ഒരു പ്രശ്നവുമില്ലാതെ,

ഒരു ആക്ഷേപവുമില്ലാതെ ഗംഭീരമായി തീർഥാടനം പൂർത്തിയാക്കിയതിന്റെ വിജയവാർത്തയും. അത്ര പണമൊന്നും നമുക്കുണ്ടായിരുന്നില്ല. എല്ലാ പോലീസിനെയും അവിടെ വിനിയോഗിക്കാൻ പറ്റുമായിരുന്നുമില്ല. എന്നിട്ടും പഴുതടച്ച് ഒരു പരാതിയും ഉണ്ടാവാത്തവിധം നാം ശബരിമല തീർഥാടനം ഉജ്ജ്വല വിജയമാക്കി. അതിൽ മറ്റുള്ളവരോടൊപ്പം പോലീസും ആഭ്യന്തര വകുപ്പും വലിയ പങ്ക് വഹിക്കുകയുണ്ടായി.

എൽ.ഡി.എഫ്. സർക്കാരിനെ പൊതുസമൂഹത്തിൽ താറടിച്ചു കാട്ടാനായി വലിയ തോതിലുള്ള ആരോപണങ്ങളുടെ പെരുമഴ സൃഷ്ടിക്കാൻ  പ്രതിപക്ഷവും ഒരു വിഭാഗം മാധ്യമങ്ങളും വൃഥാ ശ്രമിച്ചുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. ഒരു ആരോപണം ഉന്നയിക്കുക, അതിൽ വസ്തുതയില്ലായെന്ന് കാണുമ്പോൾ അതിൽ നിന്ന് ഒളിച്ചോടുക, തൊട്ടുപിന്നാലെ മറ്റൊരു ആരോപണവുമായി രംഗപ്രവേശം ചെയ്യുക, ഇതിനെക്കുറിച്ചൊക്കെ ഇല്ലാത്ത ഉപകഥകൾ സൃഷ്ടിച്ച് ചർച്ച നടത്തുക. ഈ അപഹാസ്യമായ പതിവാണ് തുടർന്ന് വരുന്നത്. നിങ്ങളുടെ ആരോപണങ്ങൾക്ക് പിന്നിൽ പബ്ലിക് ഇന്ററസ്റ്റല്ല പബ്ലിസിറ്റി ഇന്ററസ്റ്റാണെന്ന് പരാമർശിച്ചത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. അത്

ഓർക്കേണ്ട ഒരു കാര്യമാണ്. ഹൈക്കോടതിയിൽ നിന്നുവന്ന ഇത്തരം ഒരു പരാമർശം മറ്റാരെയെങ്കിലും കുറിച്ചാണ് ഉയർന്നു വന്നതെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്ന് നിങ്ങൾ ആലോചിച്ചുനോക്കൂ. അതും നിങ്ങൾ ആലോചിച്ചാൽ മതി. ചീറ്റിപ്പോയ യു.ഡി.എഫ്.-ന്റെ നനഞ്ഞ പടക്കങ്ങളുടെ ഒരു നീണ്ടനിര തന്നെയുണ്ട്. ജനാഭിലാഷത്തിനൊത്ത് പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെതിരെ പറയാൻ ഒന്നും കിട്ടാതെ വന്ന പ്രതിപക്ഷം വ്യാജവാർത്തകളുണ്ടാക്കി പുകമറ സൃഷ്ടിക്കാൻ പറ്റുമോയെന്നാണ് നോക്കുന്നത്. എൽ.ഡി.എഫ്-നെതിരെ കിട്ടുന്ന നിസ്സാരകാര്യം പോലും വലിയ വാർത്തയാക്കാൻ വെമ്പൽകൊള്ളുന്ന കേരളത്തിലെ ചില മാധ്യമങ്ങളുടെ അകമഴിഞ്ഞ സഹായം യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും നല്ല നിലയിൽ കിട്ടുന്നുവെന്നതും നാം കാണുന്ന കാര്യമാണ്. അത്തരം ഉദാഹരണങ്ങൾ ഉണ്ടെങ്കിലും ആ ഉദാഹരണങ്ങളിലേക്ക് ഇപ്പോൾ ഞാൻ അധികമായി കടന്നുപോകുന്നില്ല. നമ്മുടെ സംസ്ഥാനത്ത് അഴിമതിയോട് 'സീറോ ടോളറൻസ്' എന്ന സർക്കാർ നയം പിന്തുടർന്ന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പൊതുജനങ്ങൾക്ക് വേഗത്തിലുള്ളതും

അഴിമതിരഹിതവുമായ സേവനങ്ങളാണ് നൽകി വരുന്നത്. കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥരെ കുടുക്കാൻ വി.എ.സി.ബി.-യുടെ എല്ലാ യൂണിറ്റുകളെയും ഊർജ്ജസ്വലമാക്കി 'ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഓപ്പറേഷൻ സ്പോട്ട് ട്രാപ്പിന്റെ ഫലമായി 2025 ജനുവരിയിലും ഫെബ്രുവരിയിലുമായി പതിനെട്ടോളം അഴിമതിക്കാരായ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്യുകയും പതിനേഴ് കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. വിജിലൻസ് വകുപ്പിന്റെ ചരിത്രത്തിൽ ഒരു മാസത്തിനുള്ളിൽ ഏറ്റവും കൂടുതൽ ട്രാപ്പ് കേസുകളും അറസ്റ്റും നടക്കുന്നത് ഇതാദ്യമാണ്. എല്ലാ ഓഫീസുകളിലും വിവരദാതാക്കളുടെ ഒരു ശൃംഖല വികസിപ്പിച്ചെടുക്കുകയും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നിരീക്ഷിക്കുകയും, കൈക്കൂലി ആവശ്യപ്പെടുന്നതിനെതിരെ പരാതി നൽകാൻ സാധാരണക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വകുപ്പുകൾക്കുള്ളിലെ അഴിമതികളും ക്രമക്കേടുകളും കണ്ടെത്തി നടപടി സ്വീകരിക്കേണ്ടത് പ്രധാനമാണ്. ഇതിന്റെ ഭാഗമായി ഇന്റേണൽ വിജിലൻസ് ശക്തിപ്പെടുത്തേണ്ടതുണ്ട്. നിലവിലെ സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തി ആഭ്യന്തര വിജിലൻസ്

സെല്ലുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗതമായി അടഞ്ഞ ഇടങ്ങളായി കരുതപ്പെടുന്ന ജയിലുകളെ ക്രിയാത്മകമാക്കി മാറ്റിയെന്നതാണ് സർക്കാരിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്. കേരളത്തിലെ ജയിലുകൾ ഇന്ന് കേവലം കുറ്റകൃത്യങ്ങൾ ചെയ്തവരെ പാർപ്പിക്കുന്ന ഇടങ്ങൾ മാത്രമല്ല. കേരളത്തിലെ ജയിലുകളിലെ അന്തേവാസികളുടെ ക്ഷേമം മെച്ചപ്പെടുന്നതിനും അവരുടെ മാനസിക പരിവർത്തനം, പുനരധിവാസം എന്നിവയ്ക്ക് സഹായം നൽകുന്നതിനുമായി പുതുതായി രൂപീകരിച്ച മുഖ്യമന്ത്രി അധ്യക്ഷനായ ജയിൽ ഉപദേശക സമിതി രാജ്യത്തിനുതന്നെ മാതൃകയാണ്. ജയിലുകളിലെ തിരക്ക് കുറയ്ക്കുന്നതിനുള്ള നിർണ്ണായക നിർദേശങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ അടിയന്തരമായി നടപ്പിലാക്കാൻ കഴിയുന്നവയും അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതടക്കമുള്ള പദ്ധതികളും ഉൾപ്പെടുന്നുണ്ട്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. തെറ്റുതിരുത്തൽ

പ്രക്രിയ കേവലം ഭരണകൂടത്തിന്റേയും ജയിൽ ഉദ്യോഗസ്ഥരുടേയും മാത്രം ചുമതലയല്ലായെന്നും പൊതുസമൂഹത്തിന് ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാനാകുമെന്നും ബോധ്യപ്പെടുത്താൻ ഈ സമിതിക്ക് സാധിക്കുന്നുണ്ട്. ജയിൽ അന്തേവാസികളുടെ സംശുദ്ധീകരണത്തിനും സന്മാർഗ്ഗീകരണത്തിനുമൊപ്പം ശിക്ഷ കഴിഞ്ഞ് അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ലഭിക്കുന്നതിനായുള്ള തൊഴിൽ പരിശീലനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞ വിവിധ സംരംഭങ്ങൾ വഴി അന്തേവാസികൾക്ക് വരുമാനം ലഭിക്കുന്നുവെന്നു മാത്രമല്ല, ചെറുതല്ലാത്ത തുക സർക്കാർ ഖജനാവിലേക്കും ലഭിക്കുന്നുണ്ട്. അത് അവരുടെ ഉന്നമനത്തിനും സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമായാണ് വിനിയോഗിക്കുക. വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ നിന്നുള്ള വരുമാനത്തിന്റെ 50 ശതമാനം പ്രിസൺ ഡെവലപ്മെന്റ് ഫണ്ടിലേക്കാണ് വിനിയോഗിക്കുന്നത്. അന്തേവാസികൾക്ക് മാനസിക ചികിത്സാ സൗകര്യങ്ങളും കൗൺസലിങ് സേവനങ്ങളും കാലോചിതവും സമഗ്രവുമാക്കും. അന്തേവാസികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമുള്ള

സാഹചര്യങ്ങൾ വിപുലമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പുരോഗമനോന്മുഖമായ സമൂഹത്തിന് ചേർന്ന വിധത്തിൽ ജയിലുകളുടെ പ്രവർത്തനം പരിഷ്ക്കരിക്കുന്ന കാര്യത്തിൽ സർക്കാർ അതീവ ശ്രദ്ധയാണ് നൽകി വരുന്നത്. നിരവധി കാര്യങ്ങൾ പറയാനുള്ളതുകൊണ്ട് ചിലത് ഇപ്പോഴത്തെ കാലത്ത് വേണ്ടെന്ന് വയ്ക്കുന്നതാണ്.

ഫയർഫോഴ്സിന്റെ പ്രവർത്തനം എല്ലാതരത്തിലും കാര്യക്ഷമമായി നടക്കുന്ന ഒരു ഘട്ടമാണിത്. ദുരന്തഘട്ടങ്ങളിലൊക്കെ അതുമായി ബന്ധപ്പെട്ട് എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റാൻ ഫയർഫോഴ്സിന് കഴിഞ്ഞുവെന്നുള്ളതാണ് വസ്തുത. ഫയർഫോഴ്സിനെ ആധുനികവത്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്പോൾ യുവതികൾ ഉൾക്കൊള്ളുന്ന നല്ല രീതിയിലുള്ള ഒരു സ്കൂബാ ടീം തന്നെ ഫയർഫോഴ്സിന് ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെതന്നെ ആദ്യത്തെ സംഭവമാണിത്. കൂടുതൽ ശക്തമായ രീതിയിൽ ഫയർഫോഴ്സിനെ ഒരുക്കാനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. അച്ചടിയും സ്റ്റേഷനറിയും വകുപ്പുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതികവിദ്യയുടെ വികാസത്തിനനുസരിച്ച്

സർക്കാർ പ്രസ്സുകളെ നവീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബജറ്റ് വിഹിതത്തിന് പുറമെ കിഫ്ബി മുഖേന 100 കോടി രൂപ വിനിയോഗിച്ച് ആവശ്യമായ ആധുനികവത്കരണത്തിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം സെൻട്രൽ പ്രസ്സും മണ്ണന്തല ഗവൺമെന്റ് പ്രസ്സും ആധുനികവത്കരിക്കാനുള്ള നടപടികളാണ് സ്വീകരിക്കുക. ഇതിനുള്ള ഡി.പി.ആർ. തയ്യാറാക്കാൻ നിർവഹണ ഏജൻസിയായ വാപ്കോസിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

സാമൂഹികമായ പ്രശ്നങ്ങൾ, ഇടപെടലുകൾ ആവശ്യമായ വിഷയങ്ങൾ തുടങ്ങിയവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിന്മേൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ ജനങ്ങളെ അറിയിക്കുകയെന്ന നിലയിൽ സർക്കാരിനും ജനങ്ങൾക്കുമിടയിലുള്ള ഒരു പാലമായാണ് വിവര -പൊതുജന സമ്പർക്ക വകുപ്പ് പ്രവർത്തിച്ചുവരുന്നത്. ഇപ്രകാരം ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും ജനാഭിലാഷം നിറവേറ്റുന്ന തരത്തിൽ ഭരണനിർവഹണം സാധ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം താലൂക്ക് തലം വരെ ഫലപ്രദമായി നടന്നുവരികയാണ്. അച്ചടി-ദൃശ്യ-ശ്രവ്യ-

നവ മാധ്യമങ്ങൾ മുഖേന ജനങ്ങളുമായി നിരന്തര സമ്പർക്കമാണ് വകുപ്പ് പുലർത്തിവരുന്നത്. സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കുന്നതിനും അതിന്റെ ഗുണഫലങ്ങൾ അവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് വിവര -പൊതുജന സമ്പർക്ക വകുപ്പ് നടത്തുന്നത്. ആധുനിക ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ, എ.ഐ, നെറ്റ്‌വർക്ക് സാങ്കേതികവിദ്യകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലവും ശക്തവുമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സി.പി.ഒ.-മാരുടെ റാങ്ക് ലിസ്റ്റിൽ കൂടുതൽ ആളുകളെ നിയമിച്ചിട്ടുണ്ടെന്ന് അങ്ങ് സബ്ജക്ട് കമ്മിറ്റിയിൽവച്ച് എന്നോട് സൂചിപ്പിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽനിന്നും 27% മാത്രമാണ് നിയമനം നടന്നത്. രണ്ടുമാസത്തിനകം ടി റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാൻ പോകുകയാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ചെറുപ്പക്കാരായ ഉദ്യോഗാർത്ഥികൾക്ക് ജോലിക്കുള്ള സാധ്യതയുണ്ടോയെന്ന് പരിശോധിക്കുകയും കുറേ ആളുകൾക്കുകൂടി ജോലി ലഭ്യമാക്കാനുള്ള അവസരം ഉണ്ടാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: പൊതുവെ എല്ലാ റാങ്ക് ലിസ്റ്റുകളോടും അനുഭാവപൂർണമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഏപ്രിൽ ആണ് സി.പി.ഒ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്യുമെന്ന ഉറപ്പാണ് ഞാനിപ്പോൾ നൽകുന്നത്.

ദുരന്തനിവാരണ വകുപ്പുമായി ബന്ധപ്പെട്ട് സവിശേഷമായ ഭൂപ്രകൃതികൊണ്ടും കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ മൂലവും വിവിധ തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്നുണ്ട്. ഇത് കണക്കിലെടുത്ത് ദുരന്തങ്ങളെ നേരിടുന്നതിന് ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനുള്ള കവചം ഈ അടുത്തകാലത്ത് പ്രവർത്തനമാരംഭിച്ചു. വയനാട്ടിലെ മേപ്പാടി ഉരുൾപൊട്ടലിനെ തുടർന്ന് അടിയന്തര രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും കഴിഞ്ഞു. സമാനതകളില്ലാത്ത രക്ഷാ-ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനമാണ്

അവിടെ നടത്തിയത്. പുനരധിവാസത്തിനായുള്ള ടൗൺഷിപ്പിന്റെ നിർമ്മാണത്തിന് ഈ മാസം തന്നെ തുടക്കം കുറിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ ദുരന്തനിവാരണ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതാണ്. ദുരന്തനിവാരണത്തെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിന് നിരവധി ബോധവത്കരണ പരിശീലന പരിപാടികൾ നടത്തിവരികയാണ്. 26 വകുപ്പുകളിൽ വകുപ്പുതല ദുരന്തനിവാരണ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കും. വിവിധ വകുപ്പുകളിൽ ദുരന്ത നിവാരണത്തിനായി വെർച്വൽ കേഡർ സൃഷ്ടിച്ചിട്ടുണ്ട്. ഇവർക്ക് ആവശ്യമായ പരിശീലനവും ഇതോടൊപ്പം നൽകുന്നതാണ്. എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും സ്കൂൾ ദുരന്ത നിവാരണ പദ്ധതി ഈ വർഷം പൂർത്തീകരിക്കും. മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വരെയുള്ള എല്ലാ ആശുപത്രികളും ആശുപത്രി ദുരന്ത നിവാരണ പദ്ധതിയും തയ്യാറാക്കും. ദുരന്ത നിവാരണ സാക്ഷരത യജ്ഞത്തിന്റെ ഭാഗമായി കുടുംബശ്രീയുമായി സഹകരിച്ച് എല്ലാ അയൽക്കൂട്ടങ്ങൾക്കും പരിശീലനം നൽകാനും ഉദ്ദേശിക്കുന്നു.

ഇതോടൊപ്പം ആപതാമിത്ര, സിവിൽ ഡിഫെൻസ്, സന്നദ്ധ സേന എന്നിവയുടെ പ്രവർത്തനവും വിപുലീകരിക്കും. ഇതുപോലെയുള്ള കാര്യങ്ങളാണ് ഈ വകുപ്പുകളുമായി ബന്ധപ്പെട്ട് പറയാനുള്ളത്. എന്നാൽ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ സംസ്ഥാനത്ത് നിരവധി കാര്യങ്ങളാണ് ഈ ഘട്ടത്തിൽ നിർവഹിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ നാലാം വാർഷിക ഘട്ടം അടുത്തുവരികയാണ്. നാലാം വാർഷികം നല്ല രീതിയിൽ ആചരിക്കാനും പൊതുജനങ്ങളിലേക്കാകെ ഇത്തരം കാര്യങ്ങളെത്തിക്കാനും കഴിയേണ്ടതുണ്ട്. അക്കാര്യത്തിൽ നിങ്ങളുടെ എല്ലാ സഹകരണവും ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബജറ്റ് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## ധനാഭ്യർഥന നമ്പർ XII
## പോലീസ്

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, പി. ഉബൈദുള്ള, ശ്രീമതി. കെ.കെ.രമ, എൻ. എ.

നെല്ലിക്കുന്ന്, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, എ. പി. അനിൽ കുമാർ, സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, സജീവ് ജോസഫ്, അൻവർ സാദത്ത്, പി. സി. വിഷ്ണുനാഥ്, കെ. ബാബു (തൃപ്പൂണിത്തുറ), എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, മാത്യു കുഴൽനാടൻ, സി. ആർ. മഹേഷ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, രാഹുൽ മാങ്കൂട്ടത്തിൽ, ചാണ്ടി ഉമ്മൻ എന്നീ അംഗങ്ങൾ പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകയ്ക്കുനേരെ അഞ്ചാം

കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി. സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദെലീമ

16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
26. ശ്രീ. ലിന്റോ ജോസഫ്
27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. കെ. പ്രേംകുമാർ

46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള
63. ശ്രീ. കെ. വി. സുമേഷ്
64. ശ്രീ. പി. പി. സുമോദ്
65. ശ്രീ. പി. എസ്. സുപാൽ
66. ശ്രീ. തോമസ് കെ. തോമസ്
67. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. എം. വിൻസെന്റ്
25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XIII**

**ജയിലുകൾ**

മി. സ്പീക്കർ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, രാഹുൽ മാങ്കൂട്ടത്തിൽ, എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ അഞ്ചാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു

7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി. സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദെലീമ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
26. ശ്രീ. ലിന്റോ ജോസഫ്
27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. കെ. പ്രേംകുമാർ
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള
63. ശ്രീ. കെ. വി. സുമേഷ്
64. ശ്രീ. പി. പി. സുമോദ്
65. ശ്രീ. പി. എസ്. സുപാൽ
66. ശ്രീ. തോമസ് കെ. തോമസ്

67. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ

21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. എം. വിൻസെന്റ്
25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV
## സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും

മി. സ്പീക്കർ: സർവ്വശ്രീ മോൻസ് ജോസഫ്, പി. അബ്ദുൽ ഹമീദ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, കെ. പി. എ. മജീദ്, യു. എ. ലത്തീഫ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), റോജി എം. ജോൺ,

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി. സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദെലീമ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി

25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
26. ശ്രീ. ലിന്റോ ജോസഫ്
27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. കെ. പ്രേംകുമാർ
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ

55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള
63. ശ്രീ. കെ. വി. സുമേഷ്
64. ശ്രീ. പി. പി. സുമോദ്
65. ശ്രീ. പി. എസ്. സുപാൽ
66. ശ്രീ. തോമസ് കെ. തോമസ്
67. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. എം. വിൻസെന്റ്
25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIII
## വാർത്താവിതരണവും പ്രചരണവും

മി. സ്പീക്കർ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, സണ്ണി ജോസഫ്, ചാണ്ടി ഉമ്മൻ, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ

പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി. സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ

15. ശ്രീമതി ദെലീമ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
26. ശ്രീ. ലിന്റോ ജോസഫ്
27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ

45. ശ്രീ. കെ. പ്രേംകുമാർ
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള
63. ശ്രീ. കെ. വി. സുമേഷ്
64. ശ്രീ. പി. പി. സുമോദ്
65. ശ്രീ. പി. എസ്. സുപാൽ
66. ശ്രീ. തോമസ് കെ. തോമസ്
67. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. എം. വിൻസെന്റ്
25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXVI**
**പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്**

മി. സ്പീക്കർ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, നജീബ് കാന്തപുരം, കെ. പി. എ. മജീദ്, എൻ.എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, യു. എ. ലത്തീഫ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ഐ. സി. ബാലകൃഷ്ണൻ, എ. പി. അനിൽ കുമാർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എന്നീ അംഗങ്ങൾ പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി. സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദെലീമ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
26. ശ്രീ. ലിന്റോ ജോസഫ്
27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ

35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. കെ. പ്രേംകുമാർ
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള
63. ശ്രീ. കെ. വി. സുമേഷ്
64. ശ്രീ. പി. പി. സുമോദ്

65. ശ്രീ. പി. എസ്. സുപാൽ
66. ശ്രീ. തോമസ് കെ. തോമസ്
67. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല

19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. എം. വിൻസെന്റ്
25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.31-ന് പിരിഞ്ഞു.)

* * * * * * * *